# KERALA PRIVATE COLLEGE TEACHER

AKPCTA

100TH

ISSUE SPECIAL

100-ാം
ലക്കം
സ്പെഷ്യൽ
1991

## പത്രാധിപസമിതി:

അംഗങ്ങൾ :

ജോർജ് സെബാസ്റ്റ്യൻ
ടി. എൻ. രാമൻ പിള്ള
പി. ജി. ചന്ദ്രശേഖരൻ നായർ
ഡോ. കെ. ബി. പവിത്രൻ
വി. രാജേന്ദ്രൻ
ജോണി കെ. ജോൺ
ജോർജ്

*എഡിറ്റർ :*

വി. എൻ. മുരളി

*മാനേജിംഗ് എഡിറ്റർ :*

കെ. പി. ദിവാകരൻ നായർ

# ഉള്ളടക്കം


മുഖക്കുറിപ്പ്

ഒരു ചെറിയ മരണത്തെപ്പറ്റി 1
ഉമാശങ്കർ ജോഷി വിവ: ഒ. എൻ. വി.

ഉപരിവിദ്യാഭ്യാസരംഗത്തെ കൊളോണിയൽ അപചയം 3
പി. ഗോവിന്ദപ്പിള്ള

ഭാരതീയം: പ്രൊഫ. വി. മധുസൂദനൻ നായർ 5

സേവന വ്യവസ്ഥകൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ 8
പ്രൊഫ. ആർ. ആർ. സി. നായർ

രാക്കുറിപ്പുകൾ: നെല്ലിക്കൽ മുരളീധരൻ 12

ഏകീകൃത സർവ്വകലാശാലാനിയമം 13
ജനാധിപത്യ സ്വയംഭരണത്തിനെതിര്: ടി. എൻ. രാമൻപിള്ള

ഹോം വർക്ക്: ശ്രീവരാഹം ബാലകൃഷ്ണൻ 15

സാമൂഹ്യരംഗത്തെ കടമകൾ 16
പ്രൊഫ. ടി. കെ. ജി. നായർ

ഇന്ത്യൻ സാമ്പത്തിക പ്രതിസന്ധിയും അന്തർദേശീയ 17
നാണയനിധി വായ്പയും: ഡോ. ജേക്കബ് ഈപ്പൻ

ചരിത്രപഠനത്തിന്റെ അനിവാര്യത 35
ഡോ. ധർമ്മരാജ് അടാട്ട്

നിഷേധത്തിന്റെ സന്ദേശം 43
പ്രൊഫ. ജെ. പത്മകുമാരി

ഇന്ത്യൻ സാമ്പത്തിക പ്രതിസന്ധിക്കൊരു മുഖവുര 49
പ്രൊഫ. തോമസ് ജോർജ് ചെറിയത്ത്

വരപ്രസാദം: അമൃത 61

Is Science class neutral: S. Sidharthan 65

ആഗസ്റ്റിലെ ചിന്തകൾ: പരുത്തിപ്പള്ളി കൃഷ്ണൻകുട്ടി 71

Soviet Developments—A setback to India 73
K. Vijayakrishnan

Flowers: B. Salim 75

ആരംഭം: ടി. ഗിരിജ 77

അക്ഷരം: പി. നാരായണൻകുട്ടി 79

എ. കെ. പി. സി. ടി. എ. യ്ക്ക് ഒരു വിദ്യാഭ്യാസരേഖ 89
പ്രൊഫ. മാമൻവർക്കി

സാന്ദീപനി: എസ്. വി. വേണുഗോപൻ നായർ 93

# എ. കെ. പി. സി. ടി. എ.

## പ്രവർത്തക സമിതി: 1991–'92

| | | |
|---|---|---|
| ടി. ജോർജ് സെബാസ്റ്റ്യൻ | : | പ്രസിഡൻറ് |
| ടി. എ. ഉഷാകുമാരി | : | വൈസ് പ്രസിഡൻറ് |
| ടി. എൻ. രാമൻപിള്ള | : | ജനറൽ സെക്രട്ടറി |
| പി. ജി. ചന്ദ്രശേഖരൻനായർ | : | ട്രഷറർ |
| പി. ഹരിദാസൻ | : | സെക്രട്ടറി |
| പി. ജെ. ഫിലിപ്പ് | : | സെക്രട്ടറി |
| സി. ജെ. ശിവശങ്കരൻ | : | സെക്രട്ടറി |
| വി. നാരായണൻകുട്ടി | : | |
| പി. നരേന്ദ്രൻ | : | |
| എസ്. വിശ്വനാഥൻ | : | |
| ജി. മാധവൻ നായർ | : | |
| കെ. ദാമോദരൻ | : | |
| ജോയി കുളവേലിൽ | : | |
| എൻ. ബേബി | : | |
| ജെ. ചന്ദ്ര | : | |
| ഇ. ദാമോദരൻ | : | |

### ജില്ലാ സെക്രട്ടറിമാർ :

| | | |
|---|---|---|
| ആർ. മോഹൻകുമാർ | : | തിരുവനന്തപുരം |
| എ. പ്രതാപചന്ദ്രൻ നായർ | : | കൊല്ലം |
| പി. രവീന്ദ്രനാഥൻ നായർ | : | ആലപ്പുഴ |
| പി. ജെ. പത്രോസ് | : | പത്തനംതിട്ട |
| കെ. ജെ. ജോൺ | : | കോട്ടയം, ഇടുക്കി |
| ഡി. സലിംകുമാർ | : | എറണാകുളം |
| എം. മുരളീധരൻ | : | തൃശൂർ |
| കെ. ആർ. മോഹൻദാസ് | : | പാലക്കാട് |
| എ. ശിവരാമൻ | : | മലപ്പുറം |
| വി. രാജഗോപാൽ | : | കോഴിക്കോട്, വയനാട് |
| ബി.കെ.എം.എച്ച്. അൻസാരി | : | കണ്ണൂർ, കാസർഗോഡ് |

# അഭിമാനത്തോടെ 100-ാം ലക്കം

പ്രസിദ്ധീകരണങ്ങൾ ഏറെയുള്ളതാണ് നമ്മുടെനാട്. പക്ഷെ സത്യംപറയുവാനും പണിയെടുക്കുന്നവൻെറ പക്ഷം ചേർന്നുനില്ക്കുവാനും തയ്യാറാകുന്ന എത്ര പ്രസിദ്ധീകരണങ്ങൾ നമുക്കുണ്ട്? വ്യവസായികൾ അവരുടെ താല്പര്യം സംരക്ഷിക്കാൻ നടത്തുന്നവയാണ് ഒട്ടുമിക്കവയും. അവർക്കു സ്വീകാര്യമായ രീതിയിൽ ഏതുവാർത്തയേയും വളയ്ക്കാനും ഒടിയ്ക്കാനും ഉള്ള വൈഭവം ഈ പ്രസിദ്ധീകരണങ്ങൾ കാണിക്കാറുണ്ട്. തൊഴിലെടുക്കുന്നവരുടെ ആവശ്യങ്ങളും അവകാശങ്ങളും ഒരിക്കലും പരിഗണിക്കാറേയില്ല. ന്യായമായ സമരങ്ങളെല്ലാം അവരുടെ കണ്ണിൽ വലിയ പാതകങ്ങളാണ്. നിലനില്പിനു വേണ്ടി സമരം ചെയ്യേണ്ടിവരുന്ന ജീവനക്കാരനും വീട്ടിൽ വരുത്തി വായിക്കുന്നത് അവൻെറ സമരത്തിനെതിരേ എഴുതുന്ന ഇത്തരം പത്രങ്ങളായിരിക്കും. ഇതാണ് സാഹചര്യം. ഈ അവസ്ഥയിൽ സംഘടനകളുടെ മുഖപത്രങ്ങൾക്ക് പ്രസക്തിയേറുന്നു.

'എ. കെ. പി. സി. ടി. എ. ബുള്ളററിൻ' ആരംഭിക്കുന്നത് 1974 ൽ ആണ്. ബുള്ളററിൻ, ജേർണൽ എന്നീ പേരുകളിൽ ഈ മാസിക കുറച്ചുകാലം പ്രസിദ്ധീകരിച്ചു. 1979 ൽ രജിസ്ട്രേഷൻ ലഭിച്ചു. അങ്ങിനെ 'കേരള പ്രൈവററ് കോളേജ് ടീച്ചർ' എന്നപേരിൽ 1979 ആഗസ്ററു മുതൽ പ്രസിദ്ധീകരിച്ചുതുടങ്ങി. ബുള്ളററിൻെറ ലക്ഷ്യത്തെപ്പററി ആദ്യലക്കത്തിൽ തന്നെ ആമുഖമായി ഇങ്ങിനെ പറഞ്ഞിരുന്നു:

The function of this Bullettin is three fold :

- ☐ to voice the grievances and demands of the teaching community of the higher levels of our educational set up ;
- ☐ to give a true picture of the struggles waged by that community ; and
- ☐ to stimulate purposeful thinking and meaningful discussion on problems of educational reconstruction and cultural revolution.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അഭിമാനമുണ്ട്. കോളേജധ്യാപകരുടെ അവകാശസമരങ്ങളിൽ മുന്നണിപ്പോരാളിയായി ഈ പ്രസിദ്ധീകരണം നിലകൊണ്ടു. 1974 ൽ ബുള്ളററിന്റെ ആദ്യലക്കം പുറത്തിറങ്ങിയപ്പോൾ അതിൽ ചേർത്തിരുന്ന അവകാശപത്രിക നോക്കുക:

(1) യു. ജി. സി. നിർദ്ദേശിച്ച 700—1600 ശമ്പളസ്കെയിൽ 1.4-'71 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ നടപ്പിലാക്കുക.

(2) 'സ്റ്റാഫ് പാറേറൺ, വർക്ക് ലോഡ്' തുടങ്ങിയ കാര്യങ്ങളിൽ യൂണിവേഴ്സിററികൾ കോളേജധ്യാപകരുടെ അഭിപ്രായമാരാഞ്ഞ് തീരുമാനമെടുക്കുക.

(3) യൂണിവേഴ്സിററികളുടെ ശുപാർശകളെ ആസ്പദമാക്കി റിട്ടയർമെൻറാനുകൂല്യങ്ങൾ നടപ്പിലാക്കുക.

(4) യഥാക്രമം 12-ം 15-ം കൊല്ലത്തെ ലക്ചറർ സർവ്വീസിന് രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ് നോൺ കേഡർ പ്രൊഫസർ സ്ഥാനം നല്കുക.

(5) ജൂനിയർ ലക്ചറന്മാരുടെ പ്രൊമോഷൻ സംബന്ധിച്ച പുതിയ കല്പനയ്ക്ക് 26.4-'72 മുതൽക്ക് പൂർവ്വകാല പ്രാബല്യം നല്കുക.

ഇത്തരത്തിൽ 18 ആവശ്യങ്ങളാണ് അന്ന് ഉന്നയിച്ചിരുന്നത്. അന്നത്തെ നമ്മുടെ ആവശ്യങ്ങളും ഇപ്പോഴത്തെ നേട്ടങ്ങളും വിലയിരുത്തുമ്പോഴാണ് എ. കെ. പി. സി. ടി. എ. നടത്തിയ സമരങ്ങളുടെ പ്രാധാന്യം വ്യക്തമാവുക. സേവനവേതനരംഗത്ത് വളരെദൂരം മുന്നോട്ടുപോകാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ വിദ്യാഭ്യാസ—സാംസ്കാരിക രംഗങ്ങളിലെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം വിലയിരുത്താനും ജേർണൽ പരിശ്രമിച്ചു. ഇത്തരത്തിലുള്ള ഒരു ലേഖനമെങ്കിലും ഓരോ ലക്കത്തിലും ഉൾപ്പെടുത്തിയിരുന്നു. ജേർണൽ വിശേഷാൽ പതിപ്പുകളും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടവയാണ്. വിദ്യാഭ്യാസരംഗം ഒരു ഒററപ്പെട്ട തുരുത്തല്ലെന്നും രാജ്യത്തിന്റെ രാഷ്ട്രീയ വ്യവസ്ഥയുമായിത്തന്നെ ബന്ധപ്പെട്ടിരിക്കുന്നുവെന്നുമുള്ള തത്വം അധ്യാപകരിലെത്തിക്കാൻ ജേർണലിന് കഴിഞ്ഞിട്ടുണ്ട്.

സംഘടനയും പ്രസിദ്ധീകരണവും ഇക്കാലങ്ങളിൽ നിരവധി പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. സംഘടനയ്ക്കു പുറത്തുനിന്നുമാത്രമല്ല അകത്തും കുഴപ്പങ്ങൾ കുത്തിപ്പൊക്കാൻ ശ്രമമുണ്ടായി. ഒരിക്കൽ 'എ. കെ. പി. സി. ടി. എ.' എന്ന പേരുതന്നെ ചില സ്ഥാപിതമോഹികൾ തട്ടിയെടുക്കാൻ ശ്രമിച്ചു. പരിഹാസ്യരായ അവർക്ക് ഒടുവിൽ ആ പാഴ്ശ്രമം ഉപേക്ഷിക്കേണ്ടിവന്നു. ഇന്ന് നേട്ടങ്ങളുടെ പരമ്പരകളുമായി കോളേജധ്യാപകരംഗത്തെ ഏററവും വലിയ സംഘടനയായി എ. കെ. പി. സി. ടി. എ. നിലകൊള്ളുന്നു. സംഘടനയുടെ ജേർണലായ 'കേരള പ്രൈവററ് കോളേജ് ടീച്ചർ' മാത്രമാണ് ഈ രംഗത്തുള്ള ഒരേ ഒരു പ്രസിദ്ധീകരണം.

നേട്ടങ്ങളിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ ഇന്നു നമ്മൾ വലിയ വെല്ലുവിളിയെ നേരിടുകയാണ്. ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ പേരിൽ യൂണിവേഴ്സിററികളുടെ ജനാധിപത്യ സ്വയംഭരണത്തിന്മേൽ കൈവയ്ക്കാനാണ് കേരളസർക്കാർ ഒരുമ്പെട്ടിരിക്കുന്നത്. മാനേജുമെൻറുകൾക്ക് ഭരണപങ്കാളിത്തമുള്ള ഇപ്പോഴത്തെ സർക്കാരിന്, അധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് നിയന്ത്രണം വരുത്തിയ യൂണിവേഴ്സിററി നിയമത്തിലെ 64, 63 വകുപ്പുകൾ സഹിക്കാനാവുന്നില്ല. അധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും വൻതോതിൽ കോഴയും മററ് അഴിമതികളും നിലനില്ക്കുന്ന കേരളത്തിൽ ആട്ടോണമസ് കോളേജുകൾ ആരംഭിച്ച് അഴിമതി വ്യാപിപ്പിക്കണം—ഈ ഒരു സാഹചര്യത്തിനെതിരേ എ. കെ. പി. സി. ടി. എ. പോരാട്ടം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിൽ പങ്കുചേരാൻ എല്ലാ അധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ജേർണലിന്റെ ഈ 100-ാം ലക്കം വിശേഷാൽപ്പതിപ്പായി പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവർക്കും ഞങ്ങൾ നന്ദിപറയുന്നു. എഴുത്തുകാർ, പരസ്യങ്ങൾ തന്നു സഹായിച്ചവർ, കേരളത്തിന്റെ നാനാഭാഗത്തുനിന്നും പരസ്യം ശേഖരിച്ചയച്ചുതന്ന സംഘടനാ പ്രവർത്തകർ—എല്ലാവർക്കും ആത്മാർത്ഥമായ നന്ദി. ജേർണലിന്റെ ബഹുഭൂരിപക്ഷം ലക്കങ്ങളും അച്ചടിച്ചത് ചെമ്പക പ്രസ്സിലാണ്. അവർതന്നെ നൂറാം ലക്കവും തയ്യാറാക്കിയിരിക്കുന്നു. ഈ സഹകരണത്തിന് ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു.

—പത്രാധിപസമിതി

ഉമാശങ്കർ ജോഷി

# ഒരു ചെറിയ മരണത്തെപ്പററി


വിവ: ഒ. എൻ. വി. കുറുപ്പ്

ആരുണ്ട് കുഞ്ഞേ, നിന്നെ—
    യോർത്തു നൊമ്പരം കൊള്ളാൻ?
ആരുണ്ടല്ലെങ്കിലൊന്നു
    തേങ്ങുവാൻ, വിലപിക്കാൻ?
എങ്കിലുമവരെല്ലാം
    കരഞ്ഞു; മുറപോലെ
നിൻ മുത്തശ്ശിയും കേണു!
    പെൺകുഞ്ഞേ, നീ പോയതിൽ
സന്തോഷമാവാമവർ—
    ക്കുള്ളിലെങ്കിലും! —നിന്റെ
സ്വന്തമമ്മയോ കാണാ—
    ക്കണ്ണുനീരോടേ നിന്നു!
പിന്നെ നിന്നയൽക്കാർ, നിൻ
    മരണമന്വേഷിച്ചു

വന്നവർ പരോക്ഷമീ
ദുഃഖത്തിൽ കരയാനോ!
അത്രമേൽ ചെറിയൊരു
മരണത്തിനെച്ചൊല്ലി
ദുഃഖിപ്പാനെന്തേ? ഞാനു—
മങ്ങനെ നിനച്ചുപോയ്!
പതിവിൻപടി, യെന്നാൽ
നമ്മളീ കരംകൊണ്ടു
നീടിലം താങ്ങി വില—
പിക്കും പോലിരിക്കുന്നു!
പിന്നെ, നിൻ ജഡം, കുഞ്ഞേ,
ചുമലിലെടുത്തിവർ
മന്ദപാദരായ് നട—
ന്നീടവേ, യരികത്തെ
വീടിൻെറ മട്ടുപ്പാവിൽ
നിൻ കൊച്ചുചങ്ങാതിയു—
ണ്ടേതുമേ മിണ്ടാതെ നി—
ന്നുററുനോക്കുന്നീക്കാഴ്ച!
കളിയെന്തിത്? മുതിർ—
ന്നോരുടെ ചുമലേറി
മിഴിയും പൂട്ടി മലർ—
ന്നങ്ങനെ കിടക്കുന്നു!
ഇതുപോൽ മലർന്നൊന്നു
കിടക്കാനവളും തൻ
ഇരുകൈകളുമറി—
യാതപ്പോാം നിവർത്തുന്നു!
നിന്നെയുമെടുത്തിവർ
മന്ദപാദരായ് വീണ്ടും
മുന്നോട്ടു നടക്കുമ്പോാം
നിൻ കൊച്ചുചങ്ങാതിയോ
കരഞ്ഞാർക്കുന്നൂപൊടു—
ന്നനെ, യാനില്പിൽത്തന്നെ
കരങ്ങാം രണ്ടും നീട്ടി,
കൈവിട്ടുപോകും നിന്നോ—
ടൊത്തുചേരുവാൻ മുന്നോ—
ട്ടായുംപോൽ വിളിപ്പൂ! നിൻ—
നഷ്ടത്തിലീ ഭൂമിയിൽ
ദുഃഖിക്കുമൊരേയൊരാാം!
കരയാനല്ലാവന്ന
തിവിടെ ഞാനെന്നാലു—
മറിയാതറിയാതെൻ
കണ്ണുകാം നിറയുന്നു!




പ്രൊഫ. ടി. ജോർജ്ജ് സെബാസ്റ്റ്യൻ
പ്രസിഡൻറ്, എ. കെ. പി. സി. ടി. എ.




പ്രൊഫ. ടി. എൻ. രാമൻ പിള്ള
ജനറൽ സെക്രട്ടറി, എ. കെ. പി. സി. ടി. എ.




പ്രൊഫ. ടി. എ. ഉഷാകുമാരി
വൈസ് പ്രസിഡൻറ്, എ. കെ. പി. സി. ടി. എ.




പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ
ട്രഷറർ, എ. കെ. പി. സി. ടി. എ.



പ്രൊഫ. സി. ജെ. ശിവശങ്കരൻ
സെക്രട്ടറി, എ. കെ. പി. സി. ടി. എ.




പ്രൊഫ. പി. ജെ. ഫിലിപ്പ്
സെക്രട്ടറി, എ. കെ. പി. സി. ടി. എ.




പ്രൊഫ. പി. ഹരിദാസൻ
സെക്രട്ടറി, എ. കെ. പി. സി. ടി. എ.


## ജില്ലാ സെക്രട്ടറിമാർ




പ്രൊഫ. ടി. കെ. എം. എച്ച്. അൻസാരി
കണ്ണൂർ കാസർകോട്.



പ്രൊഫ. വി. രാജഗോപാൽ
കോഴിക്കോട്-വയനാട്.



പ്രൊഫ. എ. ശിവരാമൻ
മലപ്പുറം.




പ്രൊഫ. കെ. ആർ. മോഹൻദാസ്
പാലക്കാട്.


# ജില്ലാ സെക്രട്ടറിമാർ




പ്രൊഫ. എം. മുരളീധരൻ
തൃശൂർ.




പ്രൊഫ. ഡി. സലിംകുമാർ
എറണാകുളം.




പ്രൊഫ. കെ. ജെ. ജോൺ
കോട്ടയം-ഇടുക്കി.




പ്രൊഫ. പി. രവീന്ദ്രനാഥൻ നായർ
ആലപ്പുഴ.



പ്രൊഫ. പി. ജെ പത്രോസ്
പത്തനംതിട്ട.




പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ
കൊല്ലം




പ്രൊഫ. ആർ. മോഹൻകുമാർ
തിരുവനന്തപുരം.




പ്രൊഫ. എസ്. വിശ്വനാഥൻ
സെക്രട്ടറി, AIFUCTO, പ്രവർത്തകസമിതി അംഗം.




പ്രൊഫ. വി. നാരായണൻകുട്ടി
പ്രവർത്തകസമിതി അംഗം.




പ്രൊഫ. ജി. മാധവൻ നായർ
പ്രവർത്തകസമിതി അംഗം




പ്രൊഫ. ഇ. ദാമോദരൻ
പ്രവർത്തകസമിതി അംഗം.



പ്രൊഫ. ജോയ് കുളവേലി
സിൻറിക്കേററ് മെംബർ, മഹാത്മാഗാന്ധി യൂണിവേഴ്സിററി, പ്രവർത്തകസമിതി അംഗം.



പ്രൊഫ. കെ. ദാമോദരൻ
സിൻറിക്കേററ് മെംബർ,
കാലിക്കററ് യൂണിവേഴ്സിററി,
പ്രവർത്തകസമിതി അംഗം.



പ്രൊഫ. പി. നരേന്ദ്രൻ
പ്രവർത്തകസമിതി അംഗം.

പി. ഗോവിന്ദപ്പിള്ള

# ഉപരിവിദ്യാഭ്യാസരംഗത്തെ കൊളോണിയൽ അപചയം

വിദ്യാഭ്യാസരംഗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിനുള്ള സവിശേഷ സ്ഥാനം സുവിദിതമാണ്. സാക്ഷരതാ ശതമാനത്തിൽ പണ്ടേ കേരളം മുന്നിലായിരുന്നു—1990—'91 ലെ 'അക്ഷര കേരളം'' പദ്ധതിയോടെ സമ്പൂർണ്ണ സാക്ഷരത നേടിയ ഏക സംസ്ഥാനമായി നമ്മുടേത്. വിദ്യാലയങ്ങളുടെ എണ്ണം, വിദ്യാർത്ഥി—വിദ്യാർത്ഥിനികളുടെ പ്രവേശനനിരക്ക്, വിദ്യാഭ്യാസരംഗത്തെ പ്രതിശീർഷ വ്യയം, സ്ത്രീപുരുഷാനുപാതം എന്നിങ്ങനെ ഏതു മാനദണ്ഡം വെച്ചളന്നാലും നമ്മെ പിന്നിലാക്കാൻ മററൊരു സംസ്ഥാനമില്ല.

സ്ത്രീകളുടെ വിദ്യാഭ്യാസനിരക്ക് പുരുഷന്മാരുടെ വിദ്യാഭ്യാസനിരക്കിനടുത്തെങ്കിലും എത്തിക്കാൻ പല സംസ്ഥാനങ്ങളും പാടുപെടുമ്പോൾ, കേരളം ആ ലക്ഷ്യത്തിലെത്തിയിട്ട് നാളേറെക്കഴിഞ്ഞു. പൊതുജനസംഖ്യയിൽ സ്ത്രീകൾക്കുള്ള മുൻതൂക്കം കോളേജുപ്രവേശനത്തിൽപ്പോലും പ്രതിഫലിക്കുന്നു. പട്ടിക I കാണുക.

പട്ടിക I

**കോളേജുകളിലെ പ്രവേശനം 1987—'88**

| തലം | ആൺ | പെൺ | ആകെ |
|---|---|---|---|
| ബിരുദപൂർവ്വം | 1,01,464 | 1,02,845 | 2,04,309 |
| ബിരുദം | 51,200 | 61791 | 1,12,991 |
| ബിരുദാനന്തരം | 4,433 | 4,836 | 9,269 |
| ആകെ | 1,57,097 | 1,68,672 | 3,26,569 |

കേരളം രൂപംകൊണ്ട 1956-ൽ നമുക്കൊരു സർവ്വകലാശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ കൊച്ചിയിലെ ശാസ്ത്ര സാങ്കേതിക സർവകലാശാലയും തൃശൂരെ കാർഷിക സർവകലാശാലയുമുൾപ്പെടെ അഞ്ചുസർവകലാശാലകളാണുള്ളത്. ആർട്സ്-സയൻസ് കോളേജുകളുടെ എണ്ണം 28-ൽ നിന്ന് 172 ആയി പെരുകി. എഞ്ചിനീയറിംഗ്, കൃഷി, നിയമം, അധ്യാപനം, വൈദ്യം തുടങ്ങിയ പ്രൊഫഷണൽ മേഖലകളിൽ 50 ൽ താഴെ കോളേജുകളുണ്ട്. ആർട്സും സയൻസും കോളേജുകളിൽ 132-ം സ്വകാര്യ മേഖലയിലാണ്. സർക്കാർവക വെറും 40.

ഈ മഹത്വമെല്ലാം ഇവിടെ വിവരിച്ചത് ഉപരിവിദ്യാഭ്യാസരംഗത്തെ നമ്മുടെ നേട്ടങ്ങളെ ചൊല്ലി ജയഭേരി അടിക്കാനല്ല. ഗണത്തിലുള്ള ഈ മേന്മ ഗുണത്തിൽ പ്രതിഫലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടാനാണ്.

II

സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പരമ്പരാഗതവും ആധുനികവും ആയ അടിസ്ഥാന ധാരണകളിലൊന്നാണ് ബിരുദപൂർവ്വപഠനവും ബിരുദപഠനവും ആയിരിക്കരുത് സർവ്വകലാശാലകളുടെ മുഖ്യപരിഗണന എന്നത്. അറിഞ്ഞുകഴിഞ്ഞതും അറിയപ്പെടേണ്ടതുമായവയുടെ അതിർത്തിരേഖകളിൽ വർത്തിക്കുന്ന സർവകലാശാലകൾ അറിവിന്റെ ശേഖരത്തിലേയ്ക്ക് പുതിയ മുതൽക്കൂട്ടുകൾ ഉണ്ടാക്കിക്കൊണ്ട് അറിഞ്ഞുകഴിഞ്ഞവയുടെ അതിർത്തികൾ അനുക്രമം വികസിപ്പിച്ചുകൊണ്ടിരിക്കണം. ഗവേഷണത്തിലും ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും സർവകലാശാലകൾ ശ്രദ്ധ കൂടുതൽ പതിപ്പിക്കണമെന്നർത്ഥം. അങ്ങിനെയാണോ ഇപ്പോഴത്തെ അവസ്ഥ? ഇന്ത്യയൊട്ടുക്കുതന്നെ ഇക്കാര്യത്തിൽ സർവകലാശാലകൾ പിന്നോക്കാവസ്ഥയിലാണെന്നും ഇപ്പോഴും ഇവിടെ ബിരുദപൂർവ്വ വിദ്യാർത്ഥികളെ സൃഷ്ടിച്ചുവിടുന്നതിലാണ് അവയുടെ ശേഷിയാകെ ചെലവാകുന്നതെന്നും പല പഠനാന്വേഷണസംഘങ്ങൾ വസ്തുതകൾനിരത്തി തെളിയിച്ചിട്ടുണ്ട്. ഇതിൽ ഏററവും ദയനീയമായ വസ്തുത ഇന്ത്യൻ സർവ്വകലാശാലകളുടെ പൊതുവെ പരിതാപകരമായ ഈ സ്ഥിതിയിൽ, അതിലും പരിതാപകരമാണ് കേരളത്തിന്റെ സ്ഥിതി എന്നതാണ്. 1950-51 മുതൽ 1981-82 വരെയുള്ള കണക്ക് പട്ടിക II ൽ കാണുക.

## പട്ടിക II
## ഉന്നതവിദ്യാഭ്യാസം: വിദ്യാർഥികളുടെ ഘട്ടാധിഷ്ഠിത കണക്ക്

| വർഷം | ബിരുദം—ബിരുദപൂർവ്വം | | ബിരുദാനന്തരം | | ഗവേഷണം | |
|---|---|---|---|---|---|---|
| | എണ്ണം | ശത:മാ: | എണ്ണം | ശത:മാ: | എണ്ണം | ശത:മാ: |
| 1950-51 | 1,45,339 | 83.7 | 19,992 | 11.5 | 1,434 | 0.83 |
| 1960-61 | 4,71,658 | 84.7 | 58,908 | 10.6 | 5,083 | 0.91 |
| 1970-71 | 17,46,090 | 89.4 | 1,61,182 | 8.2 | 43,311 | 0.68 |
| 1980-81 | 24,01,458 | 87.2 | 2,73,337 | 9.9 | 32,171 | 1.20 |
| 1981-82 | 25,88,759 | 87.7 | 2,85,897 | 9.7 | 34.588 | 1.20 |

ഈ പട്ടികപ്രകാരം 1950-51 ൽ ബിരുദപൂർവ്വവിദ്യാർഥികളുടെ (പ്രീഡിഗ്രിയും ഡിഗ്രിയും) ശതമാനം 83.7 ആയിരുന്നത് 1981-82 ൽ 87.7 ശതമാനമായി വർധിച്ചു. ഈ കാലയളവിൽ ഗവേഷണങ്ങൾക്കും വിശേഷവൽക്കരണത്തിനും ഊന്നൽ നല്കുന്ന ബിരുദാനന്തരപഠനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനം 11.5 ശതമാനത്തിൽ നിന്നും 9.7 ആയി കുറഞ്ഞിരിക്കുകയാണ്. ബിരുദാനന്തരത്തിന് ശേഷമുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനത്തിൽ നേരിയ ഒരു ഉയർച്ചമാത്രം —0.83 ശതമാനത്തിൽ നിന്ന് 1.2 ശതമാനം വരെ. വിദ്യാർത്ഥികളുടെ കേവലസംഖ്യയിൽ വന്നിട്ടുള്ള വർധനവുകൂടി കണക്കിലെടുത്താൽ ഈ നേരിയവ്യത്യാസം തികച്ചും നിസ്സാരമാണെന്നുകാണാം.

ഇതെല്ലാം അഖിലേന്ത്യാ കണക്ക്. കേരളത്തിലെ സ്ഥിതി ഇതിലും മോശം. കുറെനാൾമുമ്പ് ഉപരിവിദ്യാഭ്യാസ മേഖലയിലെ അധ്യാപകരേയും അവരുടെ സേവനവേതന വ്യവസ്ഥകളേയും കുറിച്ചന്വേഷിച്ച് റിപ്പോർട്ടുചെയ്യാൻ ഇന്ത്യാഗവൺമെൻറിൻെറ കീഴിൽ ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഡൽഹി സർവകലാശാലാ വൈസ് ചാൻസ്ലർ ആയിരുന്ന മുനിസ്റാസ ഉൾപ്പെടെ പല പ്രമുഖന്മാരും പങ്കെടുത്ത ആ കമ്മീഷൻ ഈ പ്രശ്നം ആഴത്തിൽ പരിശോധിക്കുകയുണ്ടായി. ബിരുദാനന്തര—ഗവേഷണതലത്തിൽ ഇന്ത്യയിലെ ഏററവും താഴ്ന്നപടിയിൽ കിടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം—എന്ന് അധ്യാപക കമ്മിഷൻ 1984 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ബിരുദാനന്തര-ഗവേഷണ നിലവാരം നിർണയിക്കുവാൻ അവർ ഇന്ത്യയിലെ 77 നാഷണൽ സാമ്പിൾ സർവെ (എൻ. എസ്. എസ്.) മേഖലകളെ മൂന്നായി തിരിച്ചു. മൊത്തം സർവകലാശാലാ വിദ്യാർത്ഥികളിൽ 10 ശതമാനത്തിൽതാഴെ ബിരുദാനന്തര ഗവേഷണം നടത്തുന്ന മേഖലകൾ, 10 നും 15നും ഇടയ്ക്കു ശതമാനം ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മേഖലകൾ, 15 ശതമാനത്തിൽ ഏറെയുള്ള മേഖലകൾ എന്നിങ്ങനെയാണ് മൂന്നു മേഖലകൾ തരംതിരിച്ചത്. അതിൽ കേരളം 10ൽ താഴെയുള്ള ഏററവും മോശപ്പെട്ട മേഖലയിലാണ് എന്നവർ കണ്ടു. തമിഴ്നാടും ഉത്തർപ്രദേശവും മഹാരാഷ്ട്രവുംപോലും കേരളത്തേക്കാൾ മെച്ചമാണ് ഇക്കാര്യത്തിൽ.

### III

ഇതുപോലൊരു ദൗർബല്യം വിവിധ വിഷയങ്ങൾ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ ശതമാനക്കണക്കെടുക്കുമ്പോഴും കാണാം. ശാസ്ത്രസാങ്കേതിക വിഷയങ്ങൾ എടുത്തു പഠിക്കുന്നവരുടെ ശതമാനം 'ഹുമാനിററിസ്' (മാനവികം) എന്ന വിഭാഗത്തിൽപെട്ടവരുടേതിന് ഒപ്പം പുരോഗമിക്കുന്നില്ല.

ഈ രണ്ടുസ്വഭാവങ്ങളും കൊളോണിയൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവതന്നെ. ബ്രിട്ടീഷുകാർ ഇവിടെ ആധുനിക വിദ്യാഭ്യാസം ആരംഭിച്ചത് ഇന്ത്യക്കാരെ ശാസ്ത്രജ്ഞന്മാരും സാങ്കേതിക വിദഗ്ദ്ധരും ഭരണാധികാരികളുമായി വളർത്താനായിരുന്നില്ലല്ലോ. അവരുടെ ലക്ഷ്യം ചെലവുകുറഞ്ഞ് ഉദ്യോഗമണ്ഡലങ്ങളിലും വ്യവസായ-വ്യാപാര സ്ഥാപനങ്ങളിലും കീഴ ജീവനക്കാരെ പരിശീലിപ്പിച്ചെടുക്കുക എന്നതായിരുന്നു. അതുകൊണ്ട് കൊളോണിയൽ വിദ്യാഭ്യാസ വ്യവസ്ഥയിൽ ഗവേഷണത്തിനും ശാസ്ത്ര സാങ്കേതിക വിദ്യകൾക്കും താരതമ്യേന അപ്രധാനസ്ഥാനമേ ഉണ്ടായിരുന്നുള്ളു. സ്വാതന്ത്ര്യം ലഭിച്ച് 44വർഷം പിന്നിട്ടിട്ടും ഉപരിവിദ്യാഭ്യാസരംഗത്ത് വലിയ പരിഷ്കാരങ്ങളുണ്ടായിട്ടും അടിസ്ഥാനസ്വഭാവം മാറിയിട്ടില്ലെന്നാണ് ഈ വസ്തുതകൾ വെളിവാക്കുന്നത്.

ഭരണം ഇന്ത്യക്കാരുടേതായെങ്കിലും പുതിയ ഭരണാധികാരികൾ പഴയ ശൈലി തുടരുന്നുവെന്നർഥം.

പുതിയ മന്ത്രിസഭ ഉന്നതവിദ്യാഭ്യാസരംഗത്തെ ചില പരിഷ്കാരങ്ങളെക്കുറിച്ചൊക്കെ പറഞ്ഞുകേൾക്കുന്നുണ്ട്. പക്ഷെ അവയൊന്നും ഈ അപചയത്തെ ബാധിക്കുന്നവയല്ല. അതാണ് ദുഃഖകരം. □

വി. മധുസൂദനൻനായർ

# ഭാരതീയം

മകനേ, ഇതിന്ത്യയുടെ ഭൂപടം,
വിന്ധ്യയുടെ വയർ പിളർന്നൊഴുകും
വിലാപവേഗം പോലെ
വരകൾ വരകൾ നദികൾ, പരമ്പരകളറ്റവർ,
മുണ്ഡിതശിരസ്കരാം കാവിമൺപുറ്റുകൾ,
ചവിട്ടടി മറിക്കും പരിഷ്കാരരഥ്യകൾ,
ചിരിച്ചതി വിരിക്കും മഹാനഗരയക്ഷികൾ,
ആൾപ്പിടിയർ ചീറിവരുമാകാശപാതകൾ,
ആൾപ്പണം കായ്ക്കും പുകക്കുഴലുകൾ, പൊന്നു-
കാണിക്കവഞ്ചിതൻ വാപിളർന്നമരുന്ന
ക്രയശേഷി വർദ്ധിച്ച വിശ്വാസമേടകൾ,
പല നിറക്കൂറുകൾ പല നാടുകൾ, ഇട-
യ്ക്കില പൊഴിഞ്ഞെല്ലിച്ച ജീവിതക്കാടുകൾ.
മകനേ, ഇതിന്ത്യയുടെ ഭൂപടം!
വര തരം പോലെ വരയ്ക്കണം, ഇന്ത്യയെ-
ന്നൊരു പേരു തലയിൽക്കുറിക്കണം, ചുറ്റിനും
കടൽനീലയും കുന്നിനെല്ലുകയും ചാർത്തണം,
വടിവിതൊത്താൽ നിന്റെ പടവുകൾ ശോഭനം,
കൂടിയ 'മാർ'ക്കിനീ ഭൂപടം വില്ക്കിൽ നീ
കൂട്ടത്തിലേറ്റം മിടുക്കൻ, 'അഭ്യസ്തനാം
ഇന്ത്യ'നെന്നല്ലോ നിനക്കുപേർ (നാമൊരു
പേരിന്നുപോലും കടപ്പെട്ടിരിപ്പവർ
പേരിനും പേരെച്ചമായ നാലക്ഷര-
ക്കൂറിനും നമ്മെപ്പണയം കൊടുപ്പവർ!)
"ഭാരതമെന്റെ രാജ്യം, ഏതു ഭാരതനു-
മെൻ സോദരൻ" പുസ്തകക്കുറി കൊറിപ്പു നീ
ആണ്ടേയ്ക്കൊരിക്കൽ ഒരോഗസ്റ്റ് പതിനഞ്ചി-
നരുമയായ് നുണയുന്ന മധുരമോ ഭാരതം?
വർഷപ്പരീക്ഷയ്ക്കു വേഗം വരയ്ക്കുന്ന
വർണ്ണമേളം കൊണ്ട വരയിലോ ഭാരതം?
വരകൾക്കു താഴെയൊരു കുഞ്ഞിൻ വിശപ്പും
വഴികുഴയുമൊരു തെരുവുപെണ്ണിന്റെ നഗ്നതയും
ഉഴവുചാൽ വെള്ളം നുണയ്ക്കുമ്പൊഴടിയേറ്റു
കുഴകാലിലോടുന്ന മാടിന്റെ മിഴികളും
വിഷവിഷാണം കോർക്കുമുയിരിൻ പിടച്ചിലും.

കൊടുകൃപാണം രാകുമുന്മാദഭക്തിയും
വാതുവച്ചാടുന്ന വർഗ്ഗങ്ങളും പണ-
ത്തോടൊത്തു നാളുന്ന ധർമ്മവും കണ്ടുവോ?

ഇവിടെയെങ്ങാണു നിൻ സോദരൻ, വേർപ്പിന്റെ
കവിതയാൽ നിന്നെ നിറച്ചുമൂട്ടുന്നവൻ.
ഇവിടെയെന്താണു നിൻ സോദരൻ, പെററിട്ട
തിരുവയർപോലും തിരിഞ്ഞു നോക്കാത്തവൻ-
ഇവിടെയാരാണു നിൻ സോദരൻ, നീറുന്ന
നാട്ടിടയിൽ വേർപ്പുപാടങ്ങളിൽത്തേടുക
നാഗരാവങ്ങൾക്കിടയ്ക്കും തിരക്കുക

നാടുവാഴും ലോകമാളികയിൽ നോക്കുക
അന്ധവിശ്വാസഹോമപ്പുകയിൽ വേവുന്നൊ-
രമ്പലപ്രാവുകളോടു ചോദിക്കുക
ആർത്തിപ്പെരും പാമ്പു ചുററിവിഴുങ്ങുന്നൊ-
രമ്പിളിപ്പൂം പിറയോടു ചോദിക്കുക
ഉത്തരദക്ഷിണാവർത്തങ്ങൾ ചുററുന്നൊ-
രുഷ്ണപ്രവാഹങ്ങളോടു ചോദിക്കുക

കുഞ്ഞിന്റെ കുമ്പിവേവാററാതെയാററുകാ-
ലമ്മയ്ക്കു നേർച്ചക്കുടം കമിഴ്ത്തുന്നവർ
പലിശക്കടംകൊണ്ടു കാശിനാൽ കാശിക്കു
തീർത്ഥാടനം ചെയ്തു പുണ്യം പെറുന്നവർ
പലിശയാൽ മുതലിന്നു ഗോപുരം കെട്ടുവോർ
കുലിശമന്ത്രം രാജ്യതന്ത്രമായ് മാററുവോർ
പലവഴിയുഴച്ചിട്ടുമന്നമില്ലാത്തവർ
വിലയററ പ്രാണനും തീരുവകൊടുപ്പവർ
തെഴിൽ മഴയ്ക്കുഴലുന്ന ചാതകക്കുരലുകൾ
മഴനിഴൽ കാട്ടിക്കരച്ചിൽ കേട്ടാടുവോർ
ജാതകശാപം ചുമന്നുമരിക്കുവോർ
ജാതകമഷ്ടിക്കുവേണ്ടിത്തിരുത്തുവോർ
ദുഃസ്വപ്നമുറിയിൽത്തളച്ചിടപ്പെട്ടതാം
നിസ്വതാമൂർത്തികൾ, നിരാധാരജീവികൾ
കണ്ണിലെണ്ണയ്ക്കും വകയററുപോയവർ
നഞ്ചു തിന്നാനും വരുതിയില്ലാത്തവർ
സത്യം മറയ്ക്കുന്ന തീവിഴുങ്ങിപ്പക്ഷി
കൊത്തിക്കരിയ്ക്കു മുടന്തടിപ്പൂവുകൾ
'നാരിയെപ്പൂജിപ്പതെങ്ങെങ്ങു ദേവതാ-
രാമ'മെന്നശരീരികേൾക്കെ, നിശ്വസ്തയായ്,
നാണമേ വിററിട്ടു ദേവതയാകുവാൻ
നാണയം നേടുന്ന ഭാരതശുദ്ധികൾ
കുഞ്ഞിന്റെ നാവിൽക്കറുപ്പും പുരട്ടി
മയക്കിക്കിടത്തിയിട്ടന്യന്റെ തോട്ടത്തിൽ
നാലണക്കൂലിക്കു കങ്കാണിമാളത്തി-
ലൂഴം തിരക്കുന്ന ഭാരതമാതാക്കൾ,
'എന്റെ നാ'ടെന്നഭിമാനമായ്ച്ചൊല്ലുവാൻ
സ്വന്തമായൊന്നുമില്ലാത്തവർ—വിശ്വാസ

വള്ളിയിൽക്കെട്ടിയീ ദുർബലാത്മാക്കളെ
തങ്ങളിൽക്കൊല്ലിച്ചു തൻതടമുറപ്പിക്കു—
മല്പദൈവങ്ങൾ തീതുപ്പുന്ന ദുർഭൂമി,
ദുഷ്കാലധൂളി നശിപ്പിച്ച ദണ്ഡകം.

മകനേ, ഇതിന്ത്യയുടെ നേർപടം, വരകൾക്കു-
മകമേ പതയ്ക്കുന്ന ഹൃദയമേ ഭാരതം
വരവള്ളി മെല്ലെപ്പിടിച്ചു നാമടിവാര
വേരുകളിലേയ്ക്കൂർന്നു നേർമ്മയിൽച്ചെല്ലണം
വേരുകൾ വെള്ളം കുടിച്ചതീരത്തല്പ—
നേരം മിനക്കെട്ടിരിക്കാൻ ശ്രമിക്കണം
ആരോ കളഞ്ഞൊരു വഴിച്ചൂട്ടുകററയിൽ
കാലം മയങ്ങുന്ന കനലുകാണുന്നുവോ
കനലൂതിയൂതിത്തെളിക്കവേയതിനുള്ളി—
ലൊരു ജരിതകാലം പിടഞ്ഞെണീല്ക്കുന്നുവോ
മണ്ണിൻ കരൾ തെളിഞ്ഞൂറിനില്ക്കുന്നൊരീ
കണ്ണീർ ജലം കോരി നീ മുഖം കഴുകുക.
കാൺക നീ പടവുകളതിന്നു താഴേ, ചരിത
കാവ്യമാടുന്നു കഥാസരിത്സൗമ്യകം
ഒരുടഞ്ഞ മൺഭരണിയിൽ നിന്റെ മുത്തച്ഛ—
നൊരുപാടു കഥകൾ കുറിച്ചിരിക്കുന്നു
ഒരു വാക്ശരക്കോലിനാൽ നിന്റെ മുത്തച്ഛ—
നൊരു ബ്രഹ്മവൃത്തം തുളച്ചിരിക്കുന്നു
'എന്തുമേ ഞാ'നെന്നു കണ്ടറിഞ്ഞോരാത്മ-
സംദർശനത്തിനീ ധർമ്മാധാരം സാക്ഷി
വിശ്വമൊരു വിത്തിൽ മയങ്ങിയുണരുന്നെന്ന
സത്യബോധത്തിനീയാൽമരം സാക്ഷി, സുഖ-
തൃഷ്ണാശമത്തിനിത്തീർത്ഥങ്ങളേ സാക്ഷി
വർണ്ണഗർവക്ഷയത്തിന്നഗ്നിയേ സാക്ഷി
ഉണ്ണാതിരിക്കുന്ന പക്ഷിയ്ക്കൊരുരുളയായ്
തന്നെക്കൊടുപ്പതിന്നീയക്ഷരം സാക്ഷി
ദുഃഖമാം ഭിക്ഷ, തിരിച്ചുനൽകാൻ സർവ—
സൗഖ്യം, ഹിതം—ബോധ ചന്ദ്രോദയം സാക്ഷി

മകനേ ഇതിന്ത്യയുടെ മാർത്തടം, ഹിമപുഷ്പ-
മുടിതൊട്ടു കാൽമുനമ്പോളം ചുരക്കുന്ന
വിശ്വരക്ഷയ്ക്കായ്ത്തുടിക്കുമീ മാറിൽ നി—
ന്നൊരു സ്വരജ്വാലയായ് നീയുയിർക്ക
ഒരു തുടിത്താളവുമെടുത്തുകൊൾക
നിറകതിർപ്പീലിവേലേററുകൊൾക
ഭൂഹൃദയരേഖകൾ കുറിച്ചുകൊൾക
ഭ്രമണചക്രങ്ങൾ കടന്നുകൊൾക
മൂവുലകുചുററിനീ പോരികീയമ്മതൻ
പൂമടിയിലേക്കോടിവന്നുദയമാവുക!

□

പ്രൊഫ. ആർ. ആർ. സി. നായർ

# സേവന വ്യവസ്ഥകൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ

സേവനവ്യവസ്ഥകൾക്ക് വേണ്ടിയുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകൻെറ സമരകഥ നൂറ്റാണ്ടോളം ദീർഘിച്ചതാണ്. അദ്ധ്യാപകരെ തോന്നുമ്പോൾ നിയമിക്കുവാനും, തോന്നുമ്പോൾ പിരിച്ചുവിടാനും കുത്തകാധികാരമുള്ള, സൃഷ്ടി സ്ഥിതിസംഹാരശക്തികളുള്ള മാനേജ്മെണ്ടുകൾ സമൂഹം ശ്രേഷ്ഠമായ പദവി നൽകി ബഹുമാനിക്കുന്ന അദ്ധ്യാപകനെ തങ്ങളുടെ അടിമയായിട്ടാണ് ഇന്നോളം കണക്കാക്കിട്ടുള്ളത്. ഇവിടത്തെ വിദ്യാഭ്യാസ രംഗമാകെ ചൂഴ്ന്നിറങ്ങിനിൽക്കുന്ന ഈ വിഷവേരുകൾ പിഴുതെറിയപ്പെടാത്ത കാലത്തോളം സേവനഭദ്രത എന്നത് അവരുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വെറും ആകാശകുസുമം തന്നെയായിരിക്കും. A. K. P. C. T. A. യുടെ നിരന്തരമായ ജാഗ്രവത്തായ പ്രവർത്തനങ്ങൾ മൂലം പഴയപോലെ അദ്ധ്യാപകനെ ഇട്ട് കൊട്ടയാട്ടുവാൻ ഇന്നിവർക്ക് കഴിയുന്നില്ല എന്നത് സത്യം തന്നെ. പക്ഷെ, ആത്യന്തികമായി ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണമെങ്കിൽ ഇടത്തട്ടുകാരായ മാനേജ്മെണ്ടുകൾ ഇല്ലാതാകുന്ന ഒരു വിദ്യാഭ്യാസ സംവിധാനം ഉണ്ടായേ തീരൂ എന്നതു അവിതർക്കിതമായ വസ്തുതയാണ്.

വളരെ അദ്ധ്യാപകർ വർഷങ്ങളോളം ജോലി ചെയ്താലും താല്ക്കാലിക ജീവനക്കാരായി കഴിഞ്ഞുകൂടേണ്ടി വന്നിട്ടുണ്ട്. അക്കാലങ്ങളിൽ താല്ക്കാലിക ജീവനക്കാരെ എന്ത് കുററവുമാരോപിച്ച് ഏത് നിമിഷത്തിലും പിരിച്ചുവിടുവാൻ മാനേജുമെണ്ടുകൾക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. ജോലി സ്ഥിരതയില്ലാത്ത ഒരു 'പെർമെനൻറലി ടെംപററി' വിഭാഗം തന്നെ ഉണ്ടായിരുന്നു മിഷ്യനറി സ്ഥാപനങ്ങൾ നടത്തുന്ന പല കോളേജുകളിലും. അദ്ധ്യാപികമാരുടെ കാര്യം കുറെ കൂടി ദയനീയമായിരുന്നു. അവർ വിവാഹിതരായാൽ ജോലി നഷ്ടപ്പെടുമെന്ന ഒരു സ്ഥിതി വിശേഷം ഈ നാട്ടിൽ ഉണ്ടായിരുന്നു! ഗർഭവതികളാവുമെന്നും അവർക്ക് പ്രസവാവധി നൽകേണ്ടി വരുമെന്നുമുള്ള 'ആശങ്ക'യാൽ അവരെ നിഷ്ക്കരുണം പിരിച്ചുവിട്ട മാനേജ്മെണ്ടുകളുണ്ട്. മാതൃത്വത്തെ മാനിക്കാൻ മാനേജർമാർ തയ്യാറില്ലായിരുന്നു! ചെങ്ങന്നൂർ ക്രിസ്ററ്യൻ കോളേജിലെ സൂസൻ കോശി ഈ ക്രൂരതയ്ക്കു വിധേയയായ ഒരു അദ്ധ്യാപികയാണ്. കേരളത്തിലെ പ്രശസ്ത വനിതാ കോളേജുകളായ സെൻറ് തെരേസാസ്, സെൻറ് മേരീസ് എന്നിവയിലും ഇതേ സ്ഥിതി വിശേഷം തന്നെ നിലവിലിരുന്നു. ഇരുപതാം നൂററാണ്ടിൽ ഒരു പരിഷ്കൃത സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഉന്നത ബിരുദ ധാരിണികളായ നമ്മുടെ സഹോദരിമാർക്ക് ഈ കാട്ടുനീതിയുടെ ഇരകളാകേണ്ടിവന്നു എന്ന വസ്തുത സംസ്ക്കാരമുള്ള ഏത് കേരളീയനേയും ലജ്ജിപ്പിക്കുന്ന ഒന്നാണ്. ഈ ധിക്കാരത്തിനും അധികാര ഗർവ്വിനുമെതിരായി നിയമ സംരക്ഷണം ആവശ്യപ്പെടാൻ നമുക്ക് മാർഗ്ഗങ്ങളില്ലായിരുന്നു. നിയമത്തസംരക്ഷണം എന്നൊന്ന് നമുക്ക് ഉണ്ടായിരുന്നില്ല. കോടതികളിൽ എത്തിയ പരാതികൾ സ്വകാര്യ കോളേജ് മേനേജ്മെണ്ടുകളുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ വേലക്കാരുടേതിൽ കൂടുതലായി ഒരു നിയമ പദവിയും ഇല്ല എന്ന അടിസ്ഥാനത്തിൽ തള്ളിക്കളയപ്പെട്ടു. നിസ്സഹായരായി മേനേജർമാരുടെ ക്രൂരതാണ്ഡവങ്ങൾക്കിരയായി കഴിഞ്ഞുവന്ന പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹം സംഘടിക്കുകയും അവകാശങ്ങൾക്കുവേണ്ടി പടപൊരുതുന്ന ഒരു പ്രസ്ഥാനത്തിൽ നില ഉറപ്പിക്കുകയും ചെയ്തതോടെയാണ് ഇവിടത്തെ കോളേജ് മേധാവികളുടെ ദർപ്പവും നിരങ്കുശമായ അദ്ധ്യാപക മർദ്ദനവും ഒട്ടൊന്ന് ശമിച്ചത്.

സേവന ഭദ്രതയ്ക്കുവേണ്ടി നാം നടത്തിയ പോരാട്ടങ്ങൾ അനേകങ്ങളാണ്. അഖില കേരള അടിസ്ഥാനത്തിൽ നടത്തിയ സമര പ്രസ്ഥാനങ്ങൾക്കു പുറമെ, ഒററപ്പെട്ട കോളേജുകളിൽ ബന്ധപ്പെട്ട മാനേജ്മെണ്ടുകൾക്കെതിരെ A. K P.C.T.A. യുടെ കൊടിക്കീഴിൽ അദ്ധ്യാപകർ നടത്തിയ ധീരമായ ചെറുത്തുനിൽപും ത്യാഗോജ്വലമായ സമരങ്ങളും നമ്മുടെ അവശതകളെക്കുറിച്ച് സമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിന്ന് സഹായിച്ചു. 1963.ൽ തൃശ്ശൂർ കേരളവർമ്മ കോളേജിലും 1966-ൽ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലും പ്രൻസിപ്പാൾമാരെ അതത് മേനേജ്മെണ്ടുകൾ കെട്ടിച്ചമച്ച കാരണങ്ങൾ ഉണ്ടാക്കിപിരിച്ചുവിട്ടു. കേരളവർമ്മയിലെ പ്രശ്നം ഹൈക്കോടതിയിലെത്തിയെങ്കിലും നിയമത്തിൻെറ കരിമ്പാറക്കെട്ടുകളിൽ ചെന്നടിച്ച് ആ കേസ് തകർന്നുപോയി. ഗുരുവായൂരപ്പനിൽ A.K.P.C.T.A. യുടെ നേതൃത്വത്തിൽ ആവേശകരമായ സമരം നടന്നു. കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹമാകെ ഒന്നിച്ചണിനിരന്നുകൊണ്ട്

ആ അനീതിക്കെതിരെ പോരാടി. പ്രിൻസിപ്പാൾ ശ്രീ. മാധവൻ നമ്പ്യാരെ ന്യായമായ ഒരു കാരണവുമില്ലാതെ പിരിച്ചുവിട്ട മാനേജ്മെണ്ടിൻ്റെ അദ്ധ്യാപക വിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ആ കോളേജിലെ വർഗ്ഗബോധമുള്ള ഒരു വിഭാഗം അദ്ധ്യാപകർ അന്ന് A.K.P.C.T.A. യുടെ സംസ്ഥാന ജോയൻ്റ് സെക്രട്ടറിയായിരുന്ന പ്രൊഫ. ഐ. ജി. ഭാസ്കരപ്പണിക്കരുടെ നേതൃത്വത്തിൽ സമരമാരംഭിച്ചു. അന്യായമായി 'പിരിച്ചുവിട്ട പ്രിൻസിപ്പൽ ശ്രീ. നമ്പ്യാരെ നിരുപാധികം തിരിച്ചെടുപ്പിക്കുന്നതിനായി പ്രൊഫ: ഐ. ജി. ബി യുൾപ്പെടെ അഞ്ച് ധീരസത്യാഗ്രഹികൾ മരണം വരെ ഉപവാസം ആരംഭിച്ചു. സേവനഭദ്രതയ്ക്കുവേണ്ടി A. K. P. C. T. A. പ്രവർത്തകർ തങ്ങളുടെ ജീവൻതന്നെ ബലികഴിക്കാൻ തയ്യാറായ ആ ധീരസംരംഭം നമ്മുടെ സമര പ്രസ്ഥാനത്തിൽ നവ ചൈതന്യം വിതറിയ ഒന്നായിരുന്നു. പ്രശ്നം ഒത്തുതീർപ്പിലെത്തിയില്ലെങ്കിൽ അഖില കേരള അടിസ്ഥാനത്തിൽ പ്രത്യക്ഷ സമരമാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് അസോസിയേഷൻ മുന്നറിയിപ്പു നൽകി. നമ്മുടെ അഞ്ചു സമരനേതാക്കളുടെ ജീവൻ ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും അനുദിനം അപകടത്തിലായിരുന്നപ്പോൾ ഗുരുതരമായ ഒരു സ്ഥിതി വിശേഷം തന്നെ കോഴിക്കോട് സംജാതമായി. ആഡ്വൈസർ രാഘവാചാരി പ്രശ്നത്തിൽ ഇടപെടുകയും, ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും ചെയ്തു. ശ്രീ. നമ്പ്യാർക്കെതിരായി ഉന്നയിക്കപ്പെട്ട 'ആരോപണങ്ങളെപ്പററി അന്വേഷിച്ച് റിപ്പോർട്ട ചെയ്യുവാൻ ശ്രീ. ഗംഗാധരൻ തമ്പിയെ ഏകാംഗകമ്മീഷനായി നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. മാധവൻ നമ്പ്യാർ പിരിച്ചു വിടലിന് ഇരയാകത്തക്കവണ്ണം ഒരു കുററവും ചെയ്തിട്ടില്ലെന്ന് പ്രസ്താവിച്ചിരുന്നു. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തമ്പി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുമെന്ന് സമ്മതിച്ചിരുന്നമാനേജ്മെണ്ട് വിസമ്മതിച്ചു. പ്രൈവററ് കോളേജ് അദ്ധ്യാപകൻ്റെ നിലനിൽപിനു നേരെ മുഴങ്ങിയ ഈ വെല്ലുവിളിയെ നാം നേരിടുകതന്നെ ചെയ്തു. വീണ്ടും പ്രത്യക്ഷസമര പരിപാടിയിലേക്ക് തന്നെ നാം നീങ്ങി. കോഴിക്കോട് കലക്ടറേററിന്ന് മുമ്പിൽ നമ്മുടെ സമരഭടന്മാർ സൂചനാ സത്യാഗ്രഹങ്ങളും, തിരുവനന്തപുരത്ത് സെക്രട്ടറിയേററിന്നു മുമ്പിൽ കൂട്ടസത്യാഗ്രഹവും പ്രകടനവും നടത്തി. അനുകൂലമായ പ്രതികരണങ്ങൾ എന്നിട്ടും ഉണ്ടാകാതെ വന്നപ്പോൾ മരണം വരെ ഉപവസിക്കുമെന്ന പ്രതിജ്ഞയുമായി അഞ്ച് സന്നദ്ധസേനാനികൾ സെക്രട്ടറിയേററ് നടയിൽ നിരാഹാര സമരമാരംഭിച്ചു. മുമ്പെങ്ങുമില്ലാത്തവിധം നമ്മുടെ പ്രശ്നങ്ങളിലേക്ക് ജനശ്രദ്ധയാകർഷിച്ചു ഈ സമരം. അവസാനം മാധവൻ നമ്പ്യർ പ്രശ്നത്തിൽ തമ്പിക്കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ പരമാവധി ശ്രമിക്കുമെന്നും, പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് നിയമാധിഷ്ഠിതസേവന വ്യവസ്ഥകൾ നൽകുന്ന വകുപ്പുകൾ കേരള യൂണിവേഴ്സിററി നിയമത്തിൽ ഉൾപ്പെടുത്തുവാനും ഭേദഗതി ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കു മെന്നും 1967 ഏപ്രിൽ 1-ന് ഈ എം. എസ്. ഗവർമ്മെണ്ടിൻ്റെ ഉറപ്പിൻ്റെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കപ്പെട്ടു.

സേവനഭദ്രതയില്ലാത്ത അദ്ധ്യാപകൻ്റെ ദയനീയ നില, ഗുരുവായൂരപ്പൻ കോളേജിലെ സംഭവം കൂടുതൽ വ്യക്തമാക്കി. കേരളാ യൂണിവേഴ്സിററി നിയമത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തി പുതിയൊരുനിയമം നിർമ്മിക്കണമെന്ന പൊതുജനാഭിപ്രായം സൃഷ്ടിക്കുവാൻ നമുക്കു കഴിഞ്ഞു. 1969—ൽ പുറത്തുവന്ന കേരള യൂണിവേഴ്സിററി നിയത്തിൽ പ്രൈവററ് കോളേജ് അദ്ധ്യാപകരെ സംബന്ധിക്കുന്ന ഒരു പ്രത്യേക അദ്ധ്യായം തന്നെ എഴുതിച്ചേർക്കുവാൻ അധികാരികൾ ഒരുങ്ങിയെന്നത് ഈ വിഷയത്തിൽ നാം നടത്തിയ നിരന്തരസമരങ്ങളുടെ വിജയത്തെ സൂചിപ്പിക്കുന്നതാണ്.

യൂണിവേഴ്സിററി ബില്ലിൻ്റെ സിലക്ട്കമ്മററി മുമ്പാകെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നാം തെളിവുകൾ കൊടുത്തു. നിയമ വിദഗ്ദ്ധന്മാരിൽ നിന്ന് A. K .P. C. T. A. സമാഹരിച്ച വിദഗ്ദ്ധോപദേശങ്ങൾ അവരുടെ മുമ്പിൽ ഹാജരാക്കി. നമ്മുടെ നിർദേശങ്ങൾ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനായി A. K. P. C. T. A. യുടെ ബാനറിൽ നാം രംഗത്തിറങ്ങി. സ്വകാര്യകോളേജ് അദ്ധ്യാപകൻ്റെ സേവന വ്യവസ്ഥകൾ വ്യക്തമായി ഉൾക്കൊള്ളുന്ന ഒരു അദ്ധ്യായംതന്നെ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്ന നമ്മുടെ ആവശ്യത്തിന്ന് അനുകൂല്യമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിന് 1968 ജനുവരി 21-ാം തീയതി തിരുവനന്തപുരത്തുവച്ച് ഒരു കൺവെൻഷൻ വിളിച്ചുകൂട്ടുകയും 3000-ൽപരം അദ്ധ്യാപകർ പങ്കെടുത്ത ഒരു ഉശിരൻ പ്രകടനം നടത്തുകയും ചെയ്തു. കൺവെൻഷൻ്റെ തീരുമാനമനുസരിച്ച് 12-2-68 മുതൽ 7 ദിവസം നീണ്ടുനിന്ന ഒരു പൊതു പണിമുടക്ക് സമരം നാം നടത്തി. ഇതിനു മുമ്പൊരിക്കലും കേരളത്തിൽ കോളേജ് അദ്ധ്യാപകർ പണിമുടക്കിയ സംഭവം ഉണ്ടായിട്ടില്ല. സ്വന്തംനിലനില്പിൻ്റെ ഭാഗമായ ഒരു ധർമ്മസമരമെന്ന നിലയിൽ അഭൂതപൂർവ്വമായ ആവേശത്തോടും ത്യാഗമനസ്ഥിതിയോടും കൂടി A. K P C. T. A. യുടെ ആഹ്വാനം ചെവികൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകർ വിദ്യാലയങ്ങൾ വിട്ടിറങ്ങി. കേരളത്തിൻ്റെ സാംസ്കാരിക മനസ്സാക്ഷി സ്തംഭിച്ചുനിന്ന നിമിഷങ്ങളായിരുന്നു അവ. ജോലി സ്ഥിരതയില്ലാത്ത പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ പ്രശ്നം എത്രമേൽ തീവ്രതരമാണെന്നും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ എത്രകണ്ട് ദയനീയമാണെന്നും നമ്മുടെ നാട്ടിലെ പുരോഗമന ശക്തികളെയും നല്ലവരായ ജനങ്ങളെയും ഈ പണിമുടക്കു സമരം ബോദ്ധ്യപ്പെടുത്തി. ബൃഹസ്പതിയുടെ പിൻഗാമികളായ അദ്ധ്യാപകർക്ക് വീട്ടുവേലക്കാരൻ്റെ സേവന സ്ഥിരത പോലുമില്ലെന്ന വസ്തുത അവരെ വേദനിപ്പിച്ചു. ഇന്നാട്ടിലെ പ്രബുദ്ധരായ ജനനേതാക്കളും സാംസ്ക്കാരിക നായകരും പത്രങ്ങളും നമ്മുടെ സമരത്തെ അനുഭാവപൂർവ്വം വീക്ഷിക്കുകയും നമുക്കനുകൂലമായ പ്രസ്താവനകളും മുഖ പ്രസംഗങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തു

കയും ചെയ്തു. പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ ഈ ജീവൽപ്രശ്നം സാമൂഹ്യ പുരോഗതിക്കു തന്നെ തടസ്സം നില്ക്കുന്ന ഒന്നാണെന്ന് കണ്ടറിഞ്ഞ തൊഴിലാളി പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും നമ്മുടെ പിന്നിൽ അണി നിരന്നു. അജയ്യമായ ഒരു സംഘടിത ശക്തിയായി നിലകൊണ്ട നമ്മുടെ ശബ്ദം അർഹിക്കുന്ന ഗൌരവത്തോടെതന്നെ അന്നത്തെ ഗവർമ്മെണ്ട് ചെവികൊണ്ടു. സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന ഒത്തു തീർപ്പു സംഭാഷണങ്ങളുടെ ഫലമായി അദ്ധ്യാപകന് നിയമാധിഷ്ഠിത സേവന ഭദ്രതയും മെച്ചപ്പെട്ട സേവന വ്യവസ്ഥകളും ഉറപ്പുവരുത്തുന്ന വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് യൂണിവേഴ്സിററി നിയമം പാസ്സാക്കാമെന്ന് ഗവർമ്മെണ്ട് ഉറപ്പുതന്നു. സിലക്ട് കമ്മററി നമ്മുടെ ആവശ്യങ്ങളായ യൂണിവേഴ്സിററി ഭരണസമതികൾ പുനഃ സംഘടിപ്പിക്കുന്നതിനുവേണ്ട വ്യവസ്ഥകളും, ഇന്ത്യയിലെ മററു യൂണിവേഴ്സിററി നിയമങ്ങളിൽ നിന്ന് വിഭിന്നമായി പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ സേവന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച ഒരു പ്രത്യേക അദ്ധ്യായവും (൮-ാം അദ്ധ്യായം) ബില്ലിൽ ചേർത്തുകൊണ്ട് ശുപാർശകളയച്ചു. നമ്മുടെ സംഘടനയുടെ ചരിത്രത്തിലാദ്യമായി നാം നടത്തിയ പണിമുടക്കു സമരത്തിന്റെ വിജയ വൈജയന്തിയായി ഈ അദ്ധ്യായം യൂണിവേഴ്സിററി ബില്ലിൽ സ്ഥലം പിടിച്ചു.

കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ നമ്മുടെ വർഗ്ഗശത്രുക്കൾ വിഷം ചീററി രംഗത്തെത്തി. കൊല്ലും കൊലയും കലാധികാരവുമുള്ള ഇക്കൂട്ടർ മതവികാരങ്ങളും വർഗ്ഗീയതയും ഇളക്കിവിട്ടുകൊണ്ട് പുതിയ ബില്ലിനെ നഖശിഖാന്തം എതിർത്തു. പുതിയ ബില്ലിലെ വ്യവസ്ഥകൾ അദ്ധ്യാപകർക്ക് ഗുണം ചെയ്യുന്നവയല്ലെന്ന പ്രചരണം മാനേജ്മെണ്ടുകളുടെ പിണിയാളുകളായ ഒരു പററം പ്രിൻസിപ്പാൾമാരുടെ ഒരു കടലാസ്സുംഘടനയും മാനേജർമാരുടെ പാദസേവ ജീവിത വ്രതമായി കണക്കാക്കീട്ടുള്ള ചില അദ്ധ്യാപകരും അഴിച്ചുവിട്ടു. കാലഗതി കാണാൻ കൂട്ടാക്കാത്ത ചില ദിനപത്രങ്ങളും മററ് പരിവർത്തന വിരോധികളും കൂടി ആകപ്പാടെ അന്തരീക്ഷം വീണ്ടും കലുഷിതമാക്കി. പ്രചണ്ഡമായ ഈ പ്രചാരണ കോലാഹലങ്ങളുടെ മുമ്പിൽ, കേരളരാഷ്ട്രീയ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഗവർമ്മെണ്ട് വഴങ്ങിയേക്കുമെന്ന ഭയം നമ്മെ വീണ്ടും ആശങ്കാകുലരാക്കി. നമ്മുടെ സംഘടിത ശക്തി ഒന്നു കൊണ്ടുമാത്രമേ ഈ പിന്തിരിപ്പൻ ശക്തികളെ തളച്ചു നിർത്താനാവൂ എന്ന് ബോദ്ധ്യം വന്നതിനാൽ 1968 ഒക്ടോബറിൽ തിരുവനന്തപുരത്തുവെച്ച് ഒരു സ്പെഷ്യൽ കൺവെൻഷനും പ്രകടനവും നാം സംഘടിപ്പിച്ചു. കൺവെൻഷന്റെ നിർദ്ദേശമനുസരിച്ച് സിലക്ട് കമ്മിററി റിപ്പോർട്ട് പരിഗണനയ്ക്ക് എടുത്ത നിയമസഭയുടെ മുമ്പിൽ പതിനേഴു ദിവസങ്ങളോളം നമ്മുടെ സന്നദ്ധ ഭടന്മാർ സത്യാഗ്രഹമനുഷ്ഠിച്ചു. സെലക്ട് കമ്മററി, റിപ്പോർട്ട് ചെയ്ത വിധത്തിൽ തന്നെ യൂണിവേഴ്സിററി നിയമം പാസ്സാക്കി എടുക്കണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ട് ആയിരക്കണക്കിന് അദ്ധ്യാപകർ ഒപ്പിട്ട ഭീമഹർജി നിയമസഭാസ്പീക്കർക്ക് സമർപ്പിച്ചു. നമ്മുടെ ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടായിക്കാണുവാൻ ഉള്ള അദമ്യമായ ആഗ്രഹാഭിനിവേശത്താൽ പ്രചോദിതരായി ഏഴ് സന്നദ്ധസേനാനികൾ വേണ്ടിവന്നാൽ മരണം വരെ ഉപവസിക്കുന്നതിന് തയ്യാറായി രംഗത്തുണ്ടായിരുന്നു. ഭരണകക്ഷിയുടെ ഏകോപന സമിതി യോഗത്തിന്റെ മുമ്പിൽ നിമിഷവേഗത്തിൽ സംഘടിപ്പിച്ച ഒരു ഉശിരൻ പ്രകടനം നാം കാഴ്ചവെച്ചു. സിലക്ട് കമ്മററി റിപ്പോർട്ടിൽ സാരമായ മാററങ്ങൾ വരുത്താതെ ബിൽ പാസ്സാക്കുകയാണെങ്കിൽ കോളേജുകൾ അടച്ചിടുമെന്ന് വളരെ ലാഘവബുദ്ധിയോടുകൂടി മാനേജർമാർ മുഴക്കിയ ഭീഷണിയെ നേരിടാൻവേണ്ടി വിവിധ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടേയും സെനറേറർസ് ഫോറത്തിന്റെയും, പ്രൈവററ് കോളേജ് മിനിസ്ററീരിയൽ സ്ററാഫ് ഫെഡറേഷന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സംയുക്ത സമരസമിതി രൂപീകരിച്ച്, കോളേജുകൾ സുഗമമായി പ്രവർത്തിക്കുവാൻ വേണ്ട സന്നാഹങ്ങളുമായി നാം സുസജ്ജരായിനിന്നു. ഇങ്ങിനെ നാം പുലർത്തിയിരുന്ന ജാഗ്രതയുടേയും പ്രവർത്തനങ്ങളുടേയും ഫലമായി സുപ്രധാനമായ എട്ടാം അദ്ധ്യായം അതേപടി നിലനിർത്തിക്കൊണ്ടും യൂണിവേഴ്സിററി ഭരണ സമിതികളിൽ ന്യായമായ അദ്ധ്യാപക പ്രാതിനിധ്യം അനുവദിച്ചുകൊണ്ടും പുതിയ യൂണിവേഴ്സിററി ബിൽ നിയമസഭ പാസ്സാക്കി. പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ അവകാശ രേഖയായി വിശേഷിക്കപ്പെട്ട, ഉന്നതവിദ്യാഭ്യാസ രംഗത്ത് വിപ്ളവകരമായ ഫലങ്ങൾ ഉളവാക്കമായിരുന്ന ഈ ബിൽ പാസ്സാക്കാൻ മുൻകൈ എടുത്ത അന്നത്തെ ഗവർമ്മെണ്ടിന്റെ ക്രാന്തദർശിത്വത്തേയും, ഇക്കാര്യത്തിൽ പ്രബുദ്ധമായ ഒരു നിലപാടെടുത്ത അന്നത്തെ പ്രതിപക്ഷത്തേയും, സെലക്ട് കമ്മററി അംഗങ്ങളുടെ ദീർഘവീക്ഷണത്തേയും കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ കൃതജ്ഞതാപൂർവ്വം സ്മരിക്കുമെന്നതിൽ സംശയമില്ല.

വിധി വൈപരീത്യമെന്നല്ലാതെ മറെറന്തുപറയാൻ? ഭഗീരഥപ്രയത്നം ചെയ്ത നാം നേടിയെടുത്ത 1969-ലെ ആക്ടിലെ കാതലായ പല വകുപ്പുകളും ഭരണഘടനയുടെ കുന്തമുനകളേററ് ദുർമൃതിയടഞ്ഞ കഥ പിൽക്കാല ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

തങ്ങൾ ഇതുവരെ നിർബാധം നടത്തിപ്പോന്നിരുന്ന അദ്ധ്യാപക ചൂഷണത്തിനും, മർദ്ദനത്തിനും വിലങ്ങുതടിയായേക്കാവുന്ന ചില വകുപ്പുകൾ അടങ്ങിയ യൂണിവേഴ്സിററി നിയമം സർവ്വശക്തിയും എടുത്തെതിർത്തിട്ടും കേരള നിയമസഭ പാസ്സാക്കിയപ്പോൾ ഇന്നാട്ടിലെ പ്രൈവററ് കോളേജ് മേനേജ്മെണ്ടുകൾ അടിയേററ പാമ്പിനെപ്പോലെ പ്രതികാരസന്നദ്ധമായി. അദ്ധ്യാപകർക്ക് ഇന്നോളം കൈവരാത്ത സേവന ഭദ്രത ഈ നിയമത്തിലൂടെ ലഭിക്കുമെന്ന പ്രതീക്ഷയിൽ A. K. P. C. T. A. യുടെ ആഹ്വാനമനുസരിച്ച് കേരള യൂണിവേഴ്സിററി ബില്ലിനു ജീവൻ നൽകാൻ എന്തു വില കൊടുത്തും രംഗത്തിറങ്ങുകയും കോളേജദ്ധ്യാപക ചരിത്രത്തിൽ ആദ്യമായി പണിമുടക്കുകയും ചെയ്ത അദ്ധ്യാപകരെ ഒരു പാഠം പഠിപ്പിക്കുവാനെന്നോണം വ്യാപകമായ തോതിൽ

പിരിച്ചുവിടലുകൾ ആരംഭിച്ചു. 1967 വരെ നാം നടത്തിയ സമരപ്രസ്ഥാനങ്ങളെല്ലാം പരോക്ഷമായി മാനേജരെ സഹായിക്കുന്നവയായിരിന്നു. ഇത്തരത്തിലുള്ള നമ്മുടെ സമരങ്ങളിൽ ശമ്പളവർദ്ധനവും ക്ഷാമബത്താ വർദ്ധനവുമായിരുന്നുവല്ലോ പ്രധാന ആവശ്യങ്ങൾ. ഗവർമെണ്ട് ഇവ അനുവദിച്ചപ്പോഴൊക്കെ അതിന്റെ മെച്ചം അദ്ധ്യാപകന്മാരേക്കാൾ കൂടുതൽ കിട്ടിയത് മേനേജർക്കാണ്. വർദ്ധിച്ച ഗ്രാൻറ് അവർക്ക് ലഭിച്ചു. പലപ്പോഴും അദ്ധ്യാപകന് മുഴുവൻ ശമ്പള വർദ്ധനയും നൽകിയതുമില്ല. പക്ഷെ, 1968-ൽ നാം നടത്തിയ പൊതുപണിമുടക്കും മററു സമരങ്ങളും അവയുടെ പ്രത്യക്ഷഫലമായ യൂണിവേഴ്സിററി നിയമവും മാനേജർമാരുടെ സ്ഥാപിത താല്പര്യങ്ങളിൽ കനത്ത ആഘാതങ്ങൾ ഏല്പിക്കുകതന്നെ ചെയ്തു.

1967-68 അദ്ധ്യയന വർഷത്തിന്റെ അവസാനം കേരളത്തിൽ അങ്ങോളമിങ്ങോളം ആരംഭിച്ച പിരിച്ചു വിടൽ എന്ന സംഹാരപ്രക്രിയയുടെ കരിനിഴലോടെയാണ് 1968-'69 അദ്ധ്യയന വർഷം ആരംഭിച്ചത്. സംഘടനയുടെ പല ഘടകങ്ങളിലും ഇതിനെതിരായ പ്രതികരണം വേണ്ടത്ര ആവേശപൂർണ്ണമായിരുന്നില്ല. എന്നാൽ A. K. P. C. T. A. ക്ക് ജന്മം നൽകിയ S. N. കോളേജ് ഈ വെല്ലുവിളി നേരിടുക തന്നെ ചെയ്തു. ഏററവും ശക്തമായ ഒരു കോർപ്പറേററ് മാനേജ്മെണ്ടിനേയും, അവരുടെ രണ്ടാം നിരയായി പ്രവർത്തിച്ച ഒരു സംഘം ഗുണ്ടകളെയും നേരിട്ടുകൊണ്ട് സംഘടനാബോധമുള്ള ഒരു അദ്ധ്യാപക വിഭാഗം A. K. P. C. T. A. യുടെ നേതൃത്വത്തിൽ നടത്തിയ ആ ഐതിഹാസികസമരം 60 ദിവസം നീണ്ടുനിന്നു. ബഹുജനങ്ങളുടേയും സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടേയും നിരന്തരസഹായവും, അദ്ധ്യാപകരുടെ പതറാത്ത നിശ്ചയ ദാർഢ്യവും മൂലം പിരിച്ചുവിടപ്പെട്ട പ്രൊബേഷണറി അദ്ധ്യാപകരിൽ 36 പേരെയും ഉഗ്രശാസനനായിരുന്ന മുൻ മുഖ്യമന്ത്രി ആർ ശങ്കറിനെക്കൊണ്ട് തിരിച്ചെടുപ്പിക്കുവാൻ സാധിച്ചത് നമ്മുടെ സംഘടനയുടെ ചരിത്രത്തിൽ ഉജ്ജ്വലമായ ഒരു നേട്ടമാണ്. മററദ്ധ്യാപകർക്ക് ഗവ: ഇൻറർ ട് ദേവസ്വംബോർഡ് കോളജിൽ നിയമനം നല്കി. ഭീഷണിക്കും പ്രലോഭനങ്ങൾക്കും ഗുണ്ടാധിപത്യത്തിനും മുമ്പിൽ തല കുനിക്കാതെ നിന്ന S. N കോളജ് അദ്ധ്യാപകരും അസാധാരണമായ മനസ്സാന്നിദ്ധ്യത്തോടെ ഉറച്ചു നിന്ന അദ്ധ്യാപികമാരും കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യപക പ്രസ്ഥാനത്തിന്റെ നിത്യരോമാഞ്ചങ്ങളാണ്.

എസ്. എൻ. കോളേജ് അദ്ധ്യാപകരുടെ ഐക്യദാർഢ്യവും, സംഘടനയിലുള്ള അചഞ്ചലമായ വിശ്വാസവും വിളിച്ചറിയിച്ച ഈ ധീരസമരത്തിന്റെ പരിസമാപ്തി മാനേജ്മെണ്ടിന്ന് അപമാനകരമായ വിധത്തിലായിരുന്നു. തൽക്കാലം പത്തിമടങ്ങിയ അവരുടെ അധികാര ദർപ്പം അദ്ധ്യാപക സമരത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന നേതാക്കളെയും പ്രവർത്തകരെയും തെരഞ്ഞുപിടിച്ച് വേട്ടയാടുവാൻ പാടുനോക്കിയിരുന്നു. സമരത്തിനുശേഷം അവരെ കൂട്ടത്തോടെ സ്ഥലം മാററി. ഈ സമരത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലും അതിനു മുമ്പും പുരോഗന മുഖം മൂടിയണിഞ്ഞ എസ് എൻ മേനേജ്മെണ്ടിന്റെ അഴിമതികളെ പൊതുജനസമക്ഷം കൊണ്ടു വരുന്നതിൽ പ്രധാന പങ്കുവഹിച്ച ശ്രീ എൻ. രാജശേഖരൻ നായരോട് മാനേജ്മെണ്ടിന് പ്രത്യേക പക തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തെ കൊല്ലം കോളജിൽ നിന്ന് ചേർത്തല കോളേജിലേക്കാണ് സ്ഥലം മാററിയത്. രാജശേഖരൻനായരെ ദ്രോഹിക്കുന്നതിലൂടെ മാനേജ്മെണ്ടിന്റെ നല്ലപിള്ളയാകാൻ അവസരം പാർത്തു നിന്ന ഒരു പ്രിൻസിപ്പളായിരുന്നു അവിടെ ഉണ്ടായിരുന്നത്. എസ്. എൻ കോളേജ് അദ്ധ്യാപകരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സംഘടിത ശക്തി ഒരുക്കുന്നതിൽ വ്യാപൃതനായ രാജശേഖരൻനായരെ ഏററവും നീചവും ഹീനവുമായ വിധത്തിൽ തേജോവധം ചെയ്യുവാനും സ്വഭാവഹത്യപോലും നടത്തുവാനും വിദ്യാഭ്യാസം കൊണ്ട് സ്വതന്ത്രരാവാനും, സംഘടനകൊണ്ട് ശക്തരാകാനും, ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി കഴിഞ്ഞിരുന്ന ജനലക്ഷങ്ങളോട് ആഹ്വാനം ചെയ്ത മഹാപുരുഷന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഒരു മാനേജ്മെണ്ട് വ്യഗ്രത കാട്ടി എന്നത് ഒരു വിരോധാഭാസമായിതോന്നാം. 'ഒരു ജാതി, ഒരു മതം' എന്ന വിശ്വാത്തരസൂക്തം ഉദ്ഘോഷിച്ച ആ ചരിത്രപുരുഷന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ ശ്രീ രാജശേഖരൻനായരുടെ നേതൃത്വത്തിൽ തഴച്ചു വളർന്ന അദ്ധ്യാപകസമൂഹത്തിന്റെ സംഘടിത പ്രതിഷേധത്തെ ജാതിചിന്തയെ ഉപയോഗിച്ച് നേരിടാൻ ശ്രമിച്ചു. രാജശേഖരൻനായരെ 'സംഹരിക്കുവാൻ, കൊതിപൂണ്ട് നിന്ന മാനേജ്മെണ്ട് കള്ളക്കേസുകളുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണ പ്രഹസനം നടത്തി 1970 മാർച്ച് 4-ാം തീയതി അദ്ദേഹത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. നിയമത്തെ സംരക്ഷണമില്ലാത്ത നമ്മുടെ ദുരവസ്ഥയിൽ അദ്ദേഹത്തിന് നീതി പീഠങ്ങളിൽ നിന്ന് നീതി ലഭിച്ചില്ല. തനിക്കും തന്റെ സഹപ്രവർത്തകർക്കും മാന്യമായ സേവനവ്യവസ്ഥകളും, മററാനുകൂല്യങ്ങളും വേണമെന്ന ശ്രേഷ്ഠ വികാരത്താൽ പ്രചോദിതനായി അനീതിക്കും അധർമ്മത്തിനുമെതിരായി നടത്തിയ സമരത്തിൽ തന്റെ തൊഴിൽ നഷ്ടപ്പെട്ട അദ്ദേഹത്തെ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹം വിസ്മരിച്ചില്ല. പ്രൈവററ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന് കരുത്തേററിയ ശ്രീ. രാജശേഖരൻ നായർക്ക് നിയമത്തിലൂടെ പരിരക്ഷ നൽകാൻ സാധിക്കാതെ വന്നപ്പോൾ നാം അമ്പത്തി ആറായിരത്തിലധികം വരുന്ന തുക പിരിച്ചുനൽകി.

ഏതാണ്ട് ഇതേ കാലത്തുതന്നെ കോട്ടയം ബസേലിയസ്, കൊല്ലം ഫാത്തിമ മാത, കാലടി ശ്രീ ശങ്കര, കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്, കോട്ടയം സി. എം. എസ്., കോലഞ്ചേരി സെൻറ് പീറേറഴ്സ് എന്നീ കോളേജുകളിൽ പിരിച്ചുവടലിനെതിരായും സേവനഭദ്രതയ്ക്കു വേണ്ടിയും പണിമുടക്ക് ഉൾപ്പെടെയുള്ള പ്രത്യക്ഷ സമരങ്ങൾ നടക്കുകയുണ്ടായി. ഇതിൽ കൊല്ലം ഫാത്തിമ മാതായിലെ പ്രശ്നം ഒരു അഖില കേരള പണിമുടക്കു സമരത്തിനുതന്നെ വഴിവെച്ചു. പതിനാലുപേരുള്ള ഒരു ചെറിയൂണിററായിരുന്നിട്ടും, അദ്ധ്യാപകരെ പിരിച്ചു വിടുന്നതിൽ പണ്ടുമുതലേ ചരിത്രം സൃഷ്ടിച്ച അതിശക്തമായ ഒരു മാനേജ്-

(ശേഷം 83-ാം പേജിൽ)

നെല്ലിക്കൽ മുരളീധരൻ

# രാക്കുറിപ്പുകൾ

രാത്രിയാണ്; പെരുവഴിയി-
ലജ്ഞാതപാന്ഥന്റെ
വ്യർത്ഥചരണം നിലയ്ക്കുന്നു
ഇലവിൽനിന്നും പറ-
ന്നകലുന്ന പക്ഷിതൻ
ചിറകിന്റെ തേങ്ങൽ തോരുന്നു
പകലരങ്ങാട്ടം കഴിഞ്ഞു
കോമാളികൾ
കടവാ തുറന്നുറങ്ങുന്നു
ഇടയന്റെ കപട പ്രഭാഷണം
മലമുകളി-
ലിരവിലും നീണ്ടുപോകുന്നു
മാലാഖയെക്കാത്തെരിഞ്ഞ
തിരികെട്ടുപുൽ-
മാടങ്ങളഴലുചിക്കുന്നു
തുടലിൽ കിടന്നുകൊ-
ണ്ടീ ശുനകയാമങ്ങൾ
നരകനിഴൽ കണ്ടുമോങ്ങുന്നു
പാതവക്കിൽ പഴ
മ്പായിൽ ഞാനേകാകി,
പാഴുറക്കം തെറുക്കുന്നു!

മിഴികളുടെ തീരം
കരിഞ്ഞ വനമാകുന്നു;
വനമിതിൽ നിർവാസിതൻ
കബന്ധന്റെ കൈ-
നിഴലിലൊറ്റയ്ക്കിരിക്കുന്നു
ചുറ്റുമെരിപന്തങ്ങൾ
ഇരുളലകൾ കടയുന്നു;
രക്തം ചുരത്തുന്ന
കാട്ടുകള്ളിമതൻ
കൂത്തമ്പലം തെളിയുന്നു
കൂത്തമ്പലത്തിൽ വന-
രാജപരിവാരങ്ങൾ
കോട്ടുവാ കീറി നില്ക്കുന്നു
ബദ്ധമജയൂഥം മുടന്തുന്ന
മുന്നിലൊരു
ബുദ്ധരൂപം മുടന്തുന്നു
ഇതുമരണമല്ലെന്ന മന്ത്ര-
മസിധാരപോൽ
ശ്രുതി പിളർന്നാഴ്ന്നിറങ്ങുന്നു!

ഇരുളിലൊരു പഴയ
മൺകുജയെന്നോണമെൻ
ഹൃദയമൊഴിഞ്ഞിരിക്കുന്നു
കാറ്റിന്റെ കത്തുന്ന
ചുണ്ടിലിപ്പോൾ ജല-
പ്രാർത്ഥനകൾ ബാക്കിയാകുന്നു.... □

# ഏകീകൃത സർവ്വകലാശാലാനിയമം ജനാധിപത്യസ്വയംഭരണത്തിനെതിര്

ടി. എൻ. രാമൻപിള്ള

ഇന്ന് നിലവിലുള്ള കേരള കാലിക്കററ് സർവ്വകലാശാലാ നിയമങ്ങളെ ആകെ തകിടം മറിക്കുന്ന രീതിയിൽ ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരാൻ സർക്കാർ ധൃതിപിടിച്ചു നീക്കം ആരംഭിച്ചിരിക്കുന്നു. കേരളാ-കാലിക്കററ് സർവ്വകലാശാലകൾക്ക് ഇന്നുള്ള നിയമം കോത്താരി കമ്മിററി (മോഡൽ ആക്ട് കമ്മിററി) വിഭാവന ചെയ്ത രൂപത്തിലുള്ളതാണ്. ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം എന്നതായിരിക്കണം സർവ്വകലാശാലാ നിയമങ്ങളുടെ അന്തഃസത്ത എന്നതാണ് മോഡൽ ആക്ട് കമ്മിററി ശുപാർശ. സെനററ് (കോർട്ട്) അക്കാഡമീഷ്യൻസിന്റേയും സമൂഹത്തിലെ വിവിധവിഭാഗം ജനങ്ങളുടേയും ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്ന സമിതി ആയിരിക്കണം. ചുരുക്കത്തിൽ സെനററ് എന്നത് സമൂഹത്തിന്റെ ഒരു ക്രോസ് സെക്ഷൻ ആകണം: അതോടൊപ്പം പരമാധികാര സഭയും ആയിരിക്കണം. അതുകൊണ്ടാണ് സെനററ് അദ്ധ്യാപകർ, രജിസ്റ്റേഡ് ഗ്രാഡുവേററ്സ്, ട്രേഡ് യൂണിയൻസ്, ലോക്കൽ ബോഡീസ്, എം. എൽ. എ. മാർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസവിചക്ഷണൻമാർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ആൾക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതി ആയിരിക്കണം എന്നു നിശ്ചയിച്ചത്. സെനററിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതി ആയിരിക്കണം സിൻഡിക്കേററ്; എങ്കിൽ മാത്രമേ സിൻഡിക്കേററിന് സെനററിനോട് വിധേയത്വമുണ്ടാകുകയുള്ളു. സിൻഡിക്കേററിൽ അദ്ധ്യാപകരുടേയും അദ്ധ്യാപകേതരരുടേയും സംഖ്യ തുല്യമായിരിക്കണം.

സർവ്വകലാശാലയുടെ പ്രധാന ഉദ്ദേശലക്ഷ്യം രാഷ്ട്രത്തിന്റെ പൂർണ്ണമായ വികാസത്തിനാവശ്യമായ സംഭാവനകൾ നൽകുക എന്നതാണ്. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി സമൂഹത്തിന്റെ വികസനത്തിന് ഉപകരിക്കുന്ന രീതിയിൽ ഗവേഷണം നടത്തുക. കോഴ്സുകൾ ആരംഭിക്കുക തുടങ്ങിയവ ആയിരിക്കണം സർവ്വകലാശാലയുടെ ലക്ഷ്യം. ദന്തഗോപുരവാസികളായ അക്കാഡമിഷ്യൻസ് മാത്രമാണ് സർവ്വകലാശാല ഭരണസമിതികളിൽ ഉള്ളത് എങ്കിൽ അവരുടെ നിക്ഷിപ്ത താൽപര്യം മാത്രമായിരിക്കും കണക്കിലെടുക്കുക. ഈ വിഭാഗത്തിന് സമൂഹത്തിനോടുള്ള ബന്ധവും പരിമിതമായിരിക്കും. അതുകൊണ്ടാണ് സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്നതിന് വിവിധ ജനവിഭാഗങ്ങളുമായി നിരന്തര ബന്ധമുള്ള ആൾക്കാർ കൂടി സർവ്വകലാശാല ഭരണസമിതികളിൽ ഉണ്ടായിരിക്കണമെന്ന് കോത്താരി കമ്മിററി നിർദ്ദേശിച്ചത്. അക്കാഡമിഷ്യൻസിന്റെ പ്രാഗത്ഭ്യവും സമൂഹത്തിലെ വിവിധജന വിഭാഗങ്ങളുടെ ആശയാഭിലാഷങ്ങളും കോർത്തിണക്കി സമൂഹത്തിന്റെ പൂർണ്ണമായ വികാസത്തിനാവശ്യമായ പ്രവർത്തനം നടത്തുന്നതിനുവേണ്ടിയാണ് സർവ്വകലാശാലാ ഭരണസമിതികളിൽ ഈ രണ്ടു വിഭാഗത്തിന്റേയും പ്രതിനിധികൾ ഉണ്ടാകണം എന്ന് നിശ്ചയിച്ചത്.

പൂർണ്ണമായും തെരഞ്ഞെടുക്കപ്പെട്ട സമിതികളായിരിക്കണം സർവ്വകലാശാലാ ഭരണം നിർവ്വഹിക്കേണ്ടത് എന്നായിരുന്നു കോത്താരി കമ്മിററി ശുപാർശ. എന്നാൽ അതിനുശേഷം വന്ന ഗജേന്ദ്ര ഗാഡ്ക്കർ കമ്മിഷൻ നിർദ്ദേശിച്ചത്, തെരഞ്ഞെടുപ്പിനോടൊപ്പം പരിമിതമായ തോതിൽ നോമിനേഷൻ കൂടി നടത്തണമെന്നാണ്. കാരണം പ്രഗത്ഭമതികൾ പലപ്പോഴും തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ വിമുഖരായിരിക്കും. അവരെക്കൂടി ഉൾക്കൊള്ളുന്നതായിരിക്കണം സർവ്വകലാശാലയുടെ പരമാധികാര സഭ.

ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും കണക്കിലെടുത്തുകൊണ്ടാണ് കേരളാ (1974), കാലിക്കററ് (1975) സർവ്വകലാശാലാ നിയമങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. മാത്രമല്ല ഇന്ത്യയിലാദ്യമായി വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ ഭരണസമിതികളിൽ പ്രാതിനിധ്യം നൽകിയതും കേരളാ കാലിക്കററ് സർവ്വകലാശാലാ നിയമങ്ങൾ മൂലമാണ്.

ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരുന്നതിന് ഉയർത്തിയിരിക്കുന്ന പ്രധാന വാദങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഒരേ തീയതിയിൽ മൂന്നു സർവ്വകലാശാലകളിലും പരീക്ഷകൾ നടത്തുക.
2. ഒരേ തീയതിയിൽ പരീക്ഷാഫലം പ്രഖ്യാപിക്കുക.
3. യൂ. ജി. സി. നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ മാററങ്ങൾ വരുത്തുക.

ഇതിലാദ്യത്തെ രണ്ടു കാര്യങ്ങളും നടപ്പിലാക്കുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനം ഫലപ്രദമായി ഉപയോഗിച്ചാൽ മാത്രം മതി. നിലവിലുള്ള ഐ. യൂ. സി. സി. (ഇൻറർ യൂണിവേഴ്സിററി കൺസൾട്ടേററീവ് കൗൺസിൽ) വഴി ഈ കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നതാണ്. ഐ. യു. സി. സി. യിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും വൈസ് ചാൻസലറൻമാരും രജിസ്ട്രാർമാരും അംഗങ്ങളാണ്. ഈ സമിതിയിലെ

അംഗങ്ങൾ കൂടിയാലോചിച്ച് തീരുമാനമെടുത്ത് ഒരേ തീയതിയിൽ പരീക്ഷകൾ നടത്തുന്നതിനും, ഫലപ്രഖ്യാപനം നടത്തുന്നതിനും കഴിയുന്നതാണ്. അതിന് ഒരേകീകൃത സർവ്വകലാശാലാ നിയമം ആവശ്യമാണെന്ന് പറയുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയാത്തതാണ്.

1982-ലാണ് യു. ജി. സി. നിയമം ഭേദഗതി ചെയ്തത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾക്ക് നോമിനേറ്റഡ് ഭരണസമിതികളായിരിക്കണം എന്ന് നിഷ്കർഷയുണ്ടായത്. അതും 1982-നു ശേഷം നിലവിൽ വന്ന സർവ്വകലാശാലകൾക്ക് മാത്രം മതിതാനും. അതിനു മുൻപ് നിലവിൽ വന്ന സർവ്വകലാശാലകൾക്ക് അവ രൂപീകരിക്കപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ തുടരുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. അങ്ങനെയുള്ള സർവ്വകലാശാലകൾക്ക് അർഹതപ്പെട്ട ഗ്രാന്റ് നിഷേധിക്കുകയോ മറ്റു നിബന്ധനകൾ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നതല്ല. യു. ജി. സി. ഭേദഗതി നിയമത്തിൽ സർവ്വകലാശാലകൾക്ക് നോമിനേറ്റഡ് സിൻഡിക്കേറ്റും ഉപദേശക സ്വഭാവം മാത്രമുള്ള സെനറ്റും ആയിരിക്കണം എന്ന നിബന്ധന വന്നതുതന്നെ ഗവേണൻസ് ഓഫ് സെൻട്രൽ യൂണിവേഴ്സിറ്റീസിനെപ്പറ്റി പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട മാധുരീഷാ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ആ റിപ്പോർട്ടിൽ തന്നെ ഇതൊരു പരീക്ഷണമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഏകീകൃത സരവ്വകലാശാലാ നിയമം കൊണ്ടുവരുന്നത് യു. ജി. സി. നിബന്ധനകൾ പാലിക്കാനാണ് എന്നുള്ള വാദവും ബാലിശമാണെന്ന് വ്യക്തമാണ്. അതോടൊപ്പം, യു. ജി. സി. നിബന്ധനയുടെ പേരിൽ നോമിനേറ്റഡ് സിൻഡിക്കേറ്റും ഉപദേശക സ്വഭാവം മാത്രമുള്ള സെനറ്റും ഉൾക്കൊള്ളുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സ്ഥിതി, തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റും പരമാധികാര സ്വഭാവമുള്ള തെരഞ്ഞെടുക്കപ്പെട്ട സെനറ്റും ഉൾക്കൊള്ളുന്ന കേരളാ, കാലിക്കറ്റ് യൂണിവേഴ്സിറ്റികളുടെ സമിതികളേക്കാൾ ഒട്ടും മെച്ചമല്ല എന്നുള്ള കാര്യം കൂടി ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ഏകീകൃത സർവ്വകലാശാലാ നിയമം വന്നാൽ ഉണ്ടാകാവുന്ന മറ്റൊരു വലിയ അപകടം അദ്ധ്യാപകർ കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലമായി നേടിയെടുത്ത നിയമാധിഷ്ഠിത സേവന ഭദ്രത തുടങ്ങിയ അവകാശങ്ങൾ ഒറ്റയടിക്ക് ഇല്ലാതാക്കുക എന്നുള്ളതാണ്. ഇന്ന് നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളിൽ സ്വകാര്യ കോളേജധ്യാപകർക്ക് സേവന ഭദ്രത ഉറപ്പു വരുത്തിയിട്ടുണ്ട്. മാനേജർമാർക്ക് തന്നിഷ്ടംപോലെ ഒരധ്യാപകനേയും പിരിച്ചുവിടാൻ കഴിയില്ല. ശിക്ഷണ നടപടികൾ എന്തെങ്കിലുമെടുക്കണമെങ്കിൽതന്നെ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിമാത്രമേ പാടുള്ളു താനും. ഒരധ്യാപകൻ പന്ത്രണ്ടുമാസം സർവ്വീസ് പൂർത്തിയാക്കിയാൽ മാനേജർ സ്ഥിരപ്പെടുത്തിയില്ലെങ്കിൽ പോലും ഓട്ടോമാറ്റിക്കായി സ്ഥിരപ്പെടുന്ന നിയമവ്യവസ്ഥ ഇന്ന് നിലവിലുണ്ട്. അതുപോലെതന്നെ ഒരു ദിവസമെങ്കിലും ജോലി ചെയ്ത ഒരധ്യാപകന് ആ കോളേജിൽ വേക്കൻസി ഇല്ലാതെ വന്നു വെളിയിൽ പോകേണ്ടിവന്നാൽ പിന്നീടുണ്ടാകുന്ന ആദ്യത്തെ വേക്കൻസിയിൽ തന്നെ പുനർനിയമനം ലഭിക്കുന്നതിനുള്ള നിയമവ്യവസ്ഥയുണ്ട്. കോർപ്പറേറ്റു മാനേജുമെന്റുകളുടെ കീഴിലുള്ള അദ്ധ്യാപകരെ മാനേജർമാരുടെ നുകത്തിൻ കീഴിൽ നിന്നും മോചിപ്പിച്ച് സ്വതന്ത്രരാക്കിയ നിയമ വ്യവസ്ഥ, കേരളാ, കാലിക്കറ്റ് സർവ്വകലാശാലാ നിയങ്ങളിലെ 64-ാം വകുപ്പും മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമത്തിലെ 68-ാം വകുപ്പും, ഇന്ന് നിലനിൽക്കുന്നു. ഇവയെല്ലാം യൂണിവേഴ്സിറ്റി ആക്ടുകളിൽ നിന്നും മാറ്റി സബോർഡിനേറ്റ് ലെജിസ്ലേഷനായ സ്റ്റാറ്റ്യൂട്ട്സിൽ കൊണ്ടുവരുന്നതിനുള്ള നീക്കവും ആരംഭിച്ചിരിക്കുന്നു. ആക്ടിനുള്ള പരീക്ഷ ഒരിക്കലും സബോർഡിനേറ്റ് ലെജിസ്ലേഷനുണ്ടാവില്ല. മാത്രമല്ല ആക്ടിലെ വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ അത് നിയമസഭയിൽകൂടി മാത്രമേ കഴിയൂ. അതേ സമയം സ്റ്റാറ്റ്യൂട്ട്സ് ആണെങ്കിൽ സർവ്വകലാശാലകൾക്ക് എളുപ്പത്തിൽ മാറ്റം വരുത്താൻ കഴിയും. സർവ്വകലാശാല ഭരണസമിതികൾ നോമിനേറ്റഡ് ആകുമ്പോൾ ഭരണത്തിൽ വരുന്നവർക്ക് അവരുടെ ഇഷ്ടാനുസരണം നമ്മുടെ സേവന വ്യവസ്ഥകൾ മാറ്റിമറിക്കുവാൻ കഴിയും. ഈ സ്ഥിതിവിശേഷം ഏറ്റവും കൂടുതൽ അപകടം പതിയിരിക്കുന്ന ഒന്നാണ്. കൂടാതെ ഇൻട്രാ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനുണ്ടാക്കിയിരിക്കുന്ന വ്യവസ്ഥകൾ (ഇപ്പോൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കയാണ്) ഇല്ലായ്മ ചെയ്യുന്നതിനുള്ള നീക്കവും ഇതോടൊപ്പം കാണേണ്ടിയിരിക്കുന്നു.

ഏകീകൃത നിയമം കൊണ്ടുവരുന്നതോടൊപ്പം ഹയർ എഡ്യുക്കേഷൻ കൗൺസിൽ എന്ന ഒരു ഉന്നതാധികാരസമിതിയും രൂപീകരിക്കുവാൻ സർക്കാർ നീക്കമാരംഭിച്ചിരിക്കുന്നു. ഈ സമിതിയും നോമിനേറ്റഡ് അംഗങ്ങൾ മാത്രമുൾക്കൊള്ളുന്നതായിരിക്കും. ഈ സമിതിയാണ് സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ് നിശ്ചയിക്കുക, എന്തൊക്കെ കോഴ്സുകൾ തുടങ്ങണം. അവ എവിടെയൊക്കെ ആയിരിക്കണം എന്നു നിശ്ചയിക്കുക തുടങ്ങിയ ഉന്നത വിദ്യാഭ്യാസരംഗത്തെ മുഴുവൻ കാര്യങ്ങളും തീരുമാനിക്കുന്നത്. ചുരുക്കത്തിൽ സർവ്വകലാശാലകളെ ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റായി തരംതാഴ്ത്തുന്ന നടപടിയായിരിക്കും പ്രായോഗികമായുണ്ടാകുക. ഇതോടൊപ്പം കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള നീക്കവും സർക്കാർ ഭാഗത്തുനിന്നാരംഭിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ പരീക്ഷിച്ച് പരാജയമടഞ്ഞതാണ് ഓട്ടോണമസ് കോളേജുകൾ. കേരളത്തെ സംബന്ധിച്ചിടത്തോളം അതിശക്തരായ കോളേജ് മാനേജർമാരുടെ കൈകളിലേക്ക് ഓട്ടോണമസ് കോളേജുകളും കൂടി കൊടുത്താലത്തെ കഥ എന്തായിരിക്കും. കോളേജുകൾക്കു നൽകുന്ന സ്വയംഭരണം കോളേജുകളിലെ അക്കാദമിക്സിനാവില്ല, മറിച്ച് മാനേജ്മെന്റുകൾക്കായിരിക്കും. ഓട്ടോണമസ് കോളേജുകൾക്കു തങ്ങൾക്കിഷ്ടപ്പെട്ട കോഴ്സുകൾക്ക് രൂപം നൽകാനുള്ള അവകാശമുണ്ട്. സിലബസ് നിശ്ചയിക്കുക, പരീക്ഷ നടത്തുക, ഫലം പ്രഖ്യാപിക്കുക, ഡിഗ്രി നൽ

കഥ

# ഹോംവർക്ക്

## ശ്രീവരാഹം ബാലകൃഷ്ണൻ

ഇന്നുമുതൽ ഞാനൊരു നല്ല കുട്ടിയായിരിക്കും. മമ്മിയേയും ഡാഡിയേയും അനുസരിക്കും. ടീച്ചർ പറയുന്ന ഹോംവർക്ക് തെറ്റിക്കാതെ ചെയ്യും.

കുട്ടി എഴുത്തുനിർത്തി, ബുക്കിൽനിന്നും തലനിവർത്തി അച്ഛന്റെ നേരേനോക്കി. മേശപ്പുറത്ത് ബുക്ക്ഷെൽഫിൽ ചാരിവച്ചിരുന്ന കണ്ണാടിയിൽ പതനിറഞ്ഞുനിന്ന അച്ഛന്റെ മുഖത്തിന്റെ പാതികണ്ടപ്പോൾ അവനു ചിരിക്കാൻ തോന്നി.

മുഖം തിരിച്ച് ഗൗരവഭാവത്തിൽ അച്ഛൻ ചോദിച്ചു:

'എഴുതിയോ?'

അവൻ തലയാട്ടി.

'ഉം. വായിക്ക്.'

അവൻ വായിച്ചു. കവിൾത്തടത്തിൽ ബ്ലെയ്ഡ് ഓടിക്കുന്നതിനിടയിൽ അച്ഛൻ പറഞ്ഞു: 'ഇനി ഞാൻ കുസൃതിയൊന്നും കാട്ടുകയില്ല.'

കുട്ടി സംശയിച്ചുനോക്കി അനങ്ങാതിരുന്നു.

'ഉം. എഴുത്.' സ്വരമുയർത്തി അച്ഛൻ പറഞ്ഞു.

കുട്ടി എഴുതി. ഇനിഞാൻ കുസൃതിയൊന്നും കാട്ടുകയില്ല.

ബുക്കടച്ചുവച്ച് അവൻ എഴുന്നേല്ക്കാൻ ഭാവിച്ചു.

അച്ഛൻ തടഞ്ഞു 'നില്ക്കു നില്ക്ക്! എണീറ്റോടാൻ വരട്ടെ. പത്തുപ്രാവശ്യം എഴുതികാണിക്ക്'

അറച്ചറച്ച് കുട്ടി പറഞ്ഞു: 'ഹോംവർക്ക് ചെയ്യാനുള്ള ബുക്കാണ്.'

'ഇന്ന് ഇതാണു ഹോംവർക്ക്.'

കുട്ടി നിലത്തു പടിഞ്ഞിരുന്ന് എഴുതാൻ തുടങ്ങി.

വൈകിട്ട് ടീച്ചർ വരാനുള്ള സമയമായി. അച്ഛൻ മേശക്കടുത്തിരുന്ന് നരച്ചമുടി കറുപ്പിക്കുകയായിരുന്നു. കരിപുരണ്ട ആ കൈകൾ കണ്ടപ്പോൾ അവന് അറപ്പുതോന്നി.

അകത്തുനിന്നും വേലക്കാരിയുടെ കരച്ചിൽകേട്ടു. അമ്മ ആ പാവത്തിനെ തല്ലിയാട്ടുന്നരംഗം കുട്ടി മനസ്സിൽ കണ്ടു.

ടീച്ചറെന്താണു വരാത്തത്? ഗേറ്റിൽതന്നെ മിഴിയർപ്പിച്ച് കുട്ടി കാത്തിരുന്നു.

കോപാവേശംപൂണ്ട മുഖവുമായി അമ്മ വരാന്തയിലേക്കു കടന്നുവന്നു.

'എന്തെടാ കരിങ്കള്ളനെപ്പോലെ?' കാരണമില്ലാതെ അമ്മ ആക്രോശിച്ചു. 'വല്ലതുമെടുത്തു വായിച്ചു കൂടേ?'

'ടീച്ചർ വരാറായി.' കുട്ടി മെല്ലെ പറഞ്ഞു.

'ഇല്ലില്ല. ടീച്ചർ വരില്ല. മാസംതോറും നൂറുരൂപാ എണ്ണിക്കൊടുക്കാൻ കള്ളനോട്ടടിയൊന്നുമില്ല ഇവിടെ. ഇന്നുമുതൽ ഡാഡിയാണു നിന്റെ ടീച്ചർ. വല്യ കോളേജിലെ സാറല്ലേ!'

അമ്മ നിലം ചവിട്ടിക്കുലുക്കി അകത്തേക്കു പാഞ്ഞു.

അച്ഛന്റെ മുഖം താണു. കുട്ടിയുടെ മനസ്സിടിഞ്ഞു.

അകത്തുനിന്നും വേലക്കാരിയുടെ കരച്ചിലും അമ്മയുടെ അട്ടഹാസവും ഉയർന്നുകേട്ടു.

കുട്ടി, അമ്മയും അച്ഛനും കാണാതെ, ഹോംവർക്ക് ബുക്കിലെ താളുകൾകീറി തുണ്ടുതുണ്ടായി പറത്തി. □

---

കുക തുടങ്ങിയ എല്ലാകാര്യങ്ങളും ഈ കോളേജുകൾ തന്നെയായിരിക്കും ചെയ്യുക. അങ്ങനെ വരുമ്പോൾ മാനേജ്മെന്റുകൾക്ക് തങ്ങളിഷ്ടപ്പെടുന്നവർക്ക് ഇഷ്ടപ്പെട്ട രീതിയിൽ ഉയർന്ന മാർക്കുകളും സ്ഥാനങ്ങളും നൽകുന്നതിനുള്ള സാഹചര്യം നിലവിൽ വരുകയും അതുപയോഗിക്കപ്പെടുകയും ചെയ്യും. ഇപ്രകാരം ഉന്നത വിദ്യാഭ്യാസമേഖലയെ അഴിമതിയുടേയും അരാജകത്വത്തിന്റേയും മൂർദ്ധന്യത്തിലെത്തിക്കുന്ന സ്ഥിതിവിശേഷമായിരിക്കും ഉണ്ടാകുക. അതോടൊപ്പം മാനേജ്മെന്റുകൾക്ക് ഇഷ്ടപ്പെടാത്ത അദ്ധ്യാപകരെ ഒഴിവാക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും കോഴ്സ്—റീസ്ട്രക്ച്ചറിംഗ് ഒരുപാധിയായി മാറും. ചുരുക്കത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പുരോഗതിയുണ്ടാകുന്നതിനുപകരം കൂടുതൽ കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തുകയായിരിക്കും ഇതുകൊണ്ടുണ്ടാകുക.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സംഭവിക്കാവുന്ന ഈ അപകടങ്ങളെ പൂർണ്ണമായും ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനുള്ള ശ്രമത്തിൽ മുഴുവൻ ജനാധിപത്യവിശ്വാസികളും തങ്ങളുടെ കടമ നിർവ്വഹിക്കേണ്ടതാണ്. □

പ്രൊഫ. ടി. കെ. ജി. നായർ,

# സാമൂഹ്യരംഗത്തെ കടമകൾ

ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ തന്നെ കേരളീയ സമൂഹത്തിന്റെ നേതൃത്വം അദ്ധ്യാപകരുടേതായിരുന്നു. സ്വാതന്ത്ര്യ സമരനായകൻമാർക്കേതാണ്ടെല്ലാവർക്കും അദ്ധ്യാപകവൃത്തിയുടേതായ ഒരു ഭൂതകാലമുണ്ടായിരുന്നു എന്നുള്ളത് കേവലം യാദൃശ്ചികമായിരുന്നില്ല. സമൂഹത്തിനു നേതൃത്വം നൽകേണ്ട ബാദ്ധ്യത അന്നത്തെ അദ്ധ്യാപകപ്രസ്ഥാനത്തിന്റെ നേതാക്കന്മാർ സ്വയം ഏറ്റെടുക്കുകയായിരുന്നു. അന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും മുൻപന്തിയിൽ അദ്ധ്യാപകരോ മുൻ അദ്ധ്യാപപരോ ആണ് ഉണ്ടായിരുന്നത്. രാഷ്ട്രീയ പാർട്ടികളുടെ മാത്രമല്ല എല്ലാ സാമൂഹ്യ കലാസാംസ്കാരിക പ്രസ്ഥാനങ്ങളുടേയും നേതൃത്വം അക്കാലത്ത് അദ്ധ്യാപകർക്കായിരുന്നു. എ. കെ. പി. സി. റ്റി. എ. പ്രവർത്തകരുടെ സാമൂഹ്യ കടമയെക്കുറിച്ചു പറയുമ്പോൾ ഈ സ്വാതന്ത്ര്യപൂർവ്വകാലഘട്ടമാണ് നമുക്ക് മാതൃകയാവേണ്ടതെന്നു തോന്നുന്നു.


രണ്ടു വ്യാഴവട്ടകാലം മുൻപുവരെ കോളേജദ്ധ്യാപകന് മുണ്ടുമുറുക്കിയുടുക്കേണ്ട സ്ഥിതിയുണ്ടായിരുന്നെങ്കിലും സമൂഹത്തിൽ ഇന്നത്തേക്കാളുയർന്ന മാന്യതയുണ്ടായിരുന്നതായി അനുഭവസ്ഥർ തന്നെ പറഞ്ഞുകേട്ടിട്ടുണ്ട്. 1960 കളിൽ കേരളീയ സമൂഹത്തിനുണ്ടായ മാററം മുൻപറഞ്ഞ മാന്യതയ്ക്കു ഇടിവു വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ സമൂഹത്തിലെ പൊതുവായ പ്രശ്നങ്ങളിൽ ശ്രദ്ധിക്കാതെ സ്വന്തം താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള പ്രക്ഷോഭ സമരങ്ങളിൽമാത്രം ഒതുങ്ങിനിന്നതും കോളേജദ്ധ്യാപക സമൂഹത്തിന്റെ മാന്യതയ്ക്ക് കളങ്കം ചാർത്തിയിട്ടുണ്ട്. സംഘടനയുടെ അന്നത്തെ നേതൃത്വത്തിന്റെ കാഴ്ചപ്പാടും അത്തരത്തിലുള്ളതായിരുന്നു. നമ്മുടെ സേവനവേതന ഭദ്രതയ്ക്കപ്പുറം മറെറാന്നിനെക്കുറിച്ചും അന്നു ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനൊരുമാററം ഉണ്ടായത് 1970 കളുടെ അവസാനത്തോടെയാണ്. സംഘടനാ നേതൃത്വത്തിലുണ്ടായ മാററങ്ങളും പിൻനോക്കികളായ കുറെ അദ്ധ്യാപകർ സംഘടനയോടു വിടപറഞ്ഞതും ശരിയായ നയം ആവിഷ്കരിക്കാൻ നമ്മെ സഹായിച്ചു. തൊഴിലാളി വർഗ്ഗത്തിന്റെയാകെ സഹകരണത്തോടെ അവരോട് ചേർന്നുള്ള സമര പ്രവർത്തനങ്ങളിലൂടെ നമ്മുടെ ആവശ്യങ്ങൾ അംഗീകരിപ്പിക്കാനുള്ള സമരങ്ങളിൽ നാം ഏർപ്പെടാൻ ആരംഭിച്ചു. ഇതിൽനിന്നും ഒരുപടികൂടി കടന്ന് തൊഴിലാളി വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ നമ്മുടെകൂടി പ്രശ്നങ്ങളാണെന്ന് മനസ്സിലാക്കുകയും അവരോടൊപ്പം നിന്ന് പോരാടിയാൽ മാത്രമേ നമുക്ക് നിലനിൽപുള്ളൂ എന്ന കണ്ടെത്തലിന്റെ കാലഘട്ടമായിരുന്നു എൺപതുകൾ.

തുടർന്നിനി നാം എങ്ങോട്ടാണ് നീങ്ങേണ്ടത്? തൊഴിലെടുത്തു ജീവിക്കുന്ന സമൂഹത്തിലെ ഭൂരിപക്ഷത്തിന്റെ മാത്രമല്ല മുഴുവൻ സമൂഹത്തിന്റെയും നേതൃത്വത്തിലേക്കു വരിക എന്നുള്ളതാവണം ഓരോ സംഘടനാ പ്രവർത്തകന്റെയും ലക്ഷ്യം. ഇതിനു നാം അനുവർത്തിക്കേണ്ട കടമകൾ എന്തൊക്കെയാണെന്നു പരിശോധിക്കാം.

പ്രാഥമികവും പരമപ്രധാനവുമായുള്ളത് ഓരോ അദ്ധ്യാപകനും അദ്ധ്യാപകൻ എന്നുള്ള നിലയിൽ അവന്റെ പ്രവർത്തനം കുററമററതാക്കുക എന്നതാണ്. സംഘടനക്ക് കഴിഞ്ഞ കാലങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുക്കാൻ കഴിയാത്ത ഒന്നാണിത്. എന്നു മാത്രവുമല്ല അപൂർവ്വം സന്ദർഭങ്ങളിലെങ്കിലും കൃത്യവിലോപത്തിനും അച്ചടക്കരാഹിത്യത്തിനും നാം കൂട്ടുനിന്നിട്ടില്ലേ എന്നും സ്വയം വിമർശനപരമായി പരിശോധിക്കേണ്ടതാണ്. ഇതിനു പൂർണ്ണമായും നമ്മെ കുററപ്പെടുത്താനും കഴിയില്ല. സ്വകാര്യ മാനേജർമാർ തങ്ങൾക്കു കിട്ടുന്ന ഏതവസരവും അദ്ധ്യാപകർക്കെതിരെ പൊതുവിലും സംഘടനാ പ്രവർത്തകർക്കെതിരെ പ്രത്യേകിച്ചും ഉപയോഗിക്കുവാൻ കച്ചകെട്ടി കണ്ണിലെണ്ണ ഒഴിച്ചിരിക്കുന്ന അവസരത്തിൽ ന്യായമായ കാരണങ്ങൾ ഉണ്ടായിട്ടായാൽപോലും അദ്ധ്യാപകനെതിരെ ശിക്ഷണ നടപടികളുമായി മുന്നോട്ടുപോകാൻ മാനേജർമാരെ അനുവദിച്ചാൽ ഈ സ്വാതന്ത്ര്യം മാനേജർമാർ ദുരുപയോഗം ചെയ്ത് സംഘടനയെ ആകെ തകർക്കുമെന്ന സ്ഥിതിയായിരുന്നല്ലോ നിലവിലിരുന്നത്. ഇതൊക്കെയാണെങ്കിലും ഇത് ഒരു വളരെ ദുഷിച്ച പ്രവണതയ്ക്ക് വിത്തുപാകി എന്നുള്ളതാണ് സത്യം. ഇന്നിപ്പോൾ സ്ഥിതിയാകെ മാറിയിരിക്കുന്നു. മാനേജ്മെൻറിന്റെ പല്ലുകൾ മുന്നേപ്പോലെ ഫലിക്കില്ലെന്നായിരിക്കുന്നു. അതനുസരിച്ച് നമ്മളും നമ്മുടെ ശൈലിയിൽ മാററം വരുത്തിയില്ലെങ്കിൽ സമൂഹത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങി നമുക്കതു ചെയ്യേണ്ടിവരും. കൃത്യവിലോപവും അച്ചടക്കലംഘനവും സംഘടനയുടെ നയമല്ല എന്നു പ്രഖ്യാപിക്കാനുള്ള ആർജ്ജവവും ഈ തെററുകൾ ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത നമുക്കില്ലെന്നു തുറന്നു പറയാനുള്ള തന്റേടവും നമുക്കുണ്ടാവണം.

യു. ജി. സി. പദ്ധതിയുടെ ആനുകൂല്യങ്ങൾ നമുക്ക് ലഭിച്ചുതുടങ്ങി


(ശേഷം 87-ാം പേജിൽ)



സർവ്വകലാശാലകളുടെ ജനാധിപത്യ–സ്വയംഭരണം
സംരക്ഷിക്കുക.
(1991 സെപ്തം: 24ന് നടത്തിയ അസംബ്ളിമാർച്ച്)



ധർണ സ: വി. എസ്. അച്യുതാനന്ദൻ
ഉത്ഘാടനം ചെയ്യുന്നു.



മുൻ വിദ്യാഭ്യാസമന്ത്രി ശ്രീ. കെ. ചന്ദ്രശേഖരൻ ധർണ്ണയെ
അഭിസംബോധന ചെയ്യുന്നു.



പ്രൊഫ. മീനാക്ഷിതമ്പാൻ
സംസാരിക്കുന്നു.




[illegible]




## എ. കെ. പി. സി. ടി. എ.
## പ്രവർത്തകക്യാമ്പ്–അടൂർ
## 1991 ആഗ: 10, 11



[illegible]



[illegible]




സ. പത്മലോചനൻ



പ്രൊഫ. പി. രവീന്ദ്രനാഥ്



പ്രൊഫ. പി. ജെ. ഫിലിപ്പ്



[illegible]



[illegible]



[illegible]



[illegible]




'തുല്യ ജോലിക്ക് തുല്യ വേതനം' ആവശ്യപ്പെട്ടുകൊണ്ട് 1961 ൽ എ. കെ. പി സി. ടി. എ. യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുനടത്തിയ പ്രകടനം.



''സമരം ചെയ്യാൻ തയ്യാർ''
—''പാരിററി''ക്കു വേണ്ടിയുള്ള
സമരത്തിനനുകൂലമായി
കോട്ടയം കൺവൻഷനിൽ
പ്രതിനിധികൾ വോട്ടു ചെയ്യുന്നു.




പ്രൊഫ. എം. പി. പോൾ
പ്രൈവററ് കോളേജദ്ധ്യാപകരുടെ പ്രതിഷേധശബ്ദം ആദ്യം ഉയർത്തിയത് പ്രൊഫ. പോൾ ആയിരുന്നു.




1963 ലെ കൊല്ലം കൺവൻഷനിൽ പ്രസീഡൻറ്
പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ





''തുല്യജോലിക്ക് തുല്യവേതനം—ഇത്
നിഷേധിക്കാനാകുമോ?''
കോട്ടയം കൺവൻഷനിൽ (1964)

ഡോ. ജേക്കബ് ഈപ്പൻ

# ഇന്ത്യൻ സാമ്പത്തിക പ്രതിസന്ധിയും അന്തർദേശീയ നാണയനിധി വായ്പയും

ഇന്ത്യ ഇന്നു കടുത്ത സാമ്പത്തികപ്രതിസന്ധിയിൽ എത്തിനിൽക്കുകയാണ്. കേന്ദ്ര ധനകാര്യമന്ത്രി ഡോ. മൻമോഹൻ സിംഗ് 1990-ലെ സാമ്പത്തിക സർവ്വെ പാർലമെൻറിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞ വാക്കുകളാണ് ഞാൻ ഇവിടെ ഉദ്ധരിക്കുന്നത്:

"The Indian economy is passing through a very difficult stage due to continued pressure on balance of payments, large budget deficits and double digit inflation."

ഈ വാക്കുകൾ നമ്മുടെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം മനസ്സിലാക്കാൻ ഉപകരിക്കുന്നതാണ്. നമ്മുടെ വിദേശ വ്യാപാരകമ്മിയും, ആഭ്യന്തര സാമ്പത്തിക വളർച്ചയും തമ്മിൽ ഒരു പൊരുത്തവുമില്ലാത്ത രീതിയിൽ മുന്നോട്ടുപോവുകയാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചശേഷം ഇതുവരെയും ഇത്ര ഭീമമായ ഒരു പ്രതിസന്ധി നേരിടേണ്ടി വന്നിട്ടില്ല. നമ്മുടെ ഫിസ്കൽ ഘടനയിൽ ഇത്രകടുത്ത ഒരു പരീക്ഷണം ഇതിനുമുൻപുണ്ടായിട്ടില്ല. കയററുമതി വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. അതേ അവസരത്തിൽതന്നെ രാജ്യം കടുത്ത വ്യാപാരക്കമ്മിയെ അഭിമുഖീകരിക്കേണ്ടി വന്നിരിക്കുകയാണ്. ഇറക്കുമതി കയററുമതിയുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ വർദ്ധിച്ചു എന്നതാണ് ഇതിനുള്ള മുഖ്യ കാരണം. കേന്ദ്ര സർക്കാരിൻെറയും, സംസ്ഥാന സർക്കാരുകളുടെയും റവന്യൂ ചെലവുകൾ റവന്യൂ വരുമാനവുമായി യാതൊരു പൊരുത്തവുമില്ലാത്ത രീതിയിൽ വളർന്നു പന്തലിച്ചു. കേന്ദ്ര സർക്കാർ ചെലവാക്കുന്ന ഓരോ രൂപയുടെയും 70 പൈസ മാത്രമാണ് അവർ സ്വരൂപിക്കുന്നത്. ബാക്കി 30 പൈസ കടമായിട്ടും, മററിനത്തിലുമാണ് കണ്ടെത്തുന്നത്. താങ്ങാനാവാത്ത പദ്ധതിയിതര ചെലവുകൾക്കുവേണ്ടി രാജ്യത്തിനകത്തു നിന്നും, പുറത്തു നിന്നും കടമെടുക്കേണ്ടിവന്നു. ഇതിൻെറ പലിശ അടയ്ക്കുന്നതിനു മാത്രമായി റവന്യൂ ചെലവുകളുടെ 22 ശതമാനത്തോളം നീക്കിവെയ്ക്കേണ്ടി വരുന്നു. പദ്ധിതിയിതര ചെലവുകൾ യാതൊരു സാമ്പത്തിക വിശദീകരണവും നൽകാൻ കഴിയാത്ത രീതിയിൽ നിയന്ത്രണാതീതമായി വർദ്ധിച്ചു. ഈ ചെലവുകളെല്ലാം തന്നെ രാജ്യത്തിൻെറ പൊതു താല്പര്യം സംരക്ഷിക്കാനോ, സാമ്പത്തിക നേട്ടങ്ങൾ നേടാനോ വേണ്ടിയുള്ളതായിരുന്നില്ല. മറിച്ച് രാഷ്ട്രീയ ലക്ഷ്യങ്ങൾ മാത്രം ലാക്കാക്കിയുള്ളവയായിരുന്നു.

## സമാന്തര സമ്പദ്ഘടന

ഇത്തരത്തിലുള്ള ഒരു സാമ്പത്തിക പ്രതിസന്ധിയോടൊപ്പം നമ്മുടെ സമ്പദ്ഘടന മറെറാരു വെല്ലുവിളിയെയും നേരിടുകയാണ്; അതായത്

വസ്ത്രങ്ങളിൽ
വർണ്ണങ്ങളുടെ സംഗീതം

ഡിസൈൻസ്
ടെക്സ്റ്റയിൽ
ഷോറൂം

മഞ്ചേരി & നിലമ്പൂർ

*Best Compliments From*

**HOTEL RELAX**

**INDUSTRIAL ESTATE ROAD,**
**MANJERI, 6643**

***With best compliments***

***from***

**A Well Wisher**

ഒരു സമാന്തര സമ്പദ്ഘടന. വർഷംതോറും 20,000കോടി രൂപയുടെ ക്രയ വിക്രയങ്ങൾ ഈ സമാന്തരസമ്പദ്ഘടന വഴി നടക്കുന്നുണ്ട്. ഇതിന്റെ മൊത്തത്തിലുള്ളപ്രവർത്തനം ഇന്ന് വളരെ ശക്തിയാർജ്ജിച്ചു വന്നിട്ടുണ്ട്. ഇതിനെതിരായി പ്രവർത്തിക്കാൻ കേന്ദ്രത്തിലെ ഒരു സർക്കാരും തയ്യാറായിട്ടില്ല എന്നതാണ് വാസ്തവം. നമ്മുടെ നികുതി പിരിവ് ജി. ഡി. പി. (ഗ്രോസ്സ് ഡൊമസ്സ്റ്റിക് പ്രോഡക്ട്) യുടെ 17 ശതമാനം മാത്രമേയുള്ളൂ ഇതിന് മുഖ്യകാരണം ഈ സമാന്തര സമ്പദ്ഘടനയിലുണ്ടായ വളർച്ചയാണ് ഇതിനെ നേരിടുന്നതിനായുള്ള ഒരു രാഷ്ട്രീയ ഇച്ഛാശക്തി ഇതുവരെയും കേന്ദ്രം ഭരിച്ചിരുന്ന ഒരു രാഷ്ട്രീയ പാർട്ടിയും കാണിച്ചിട്ടില്ല.

നമ്മുടെ ഭക്ഷ്യോല്പാദനം 178 ദശലക്ഷം ടണ്ണായി ഉയർന്നിട്ടും, വ്യാവസായിക വളർച്ച 8 ശതമാനമായി വർദ്ധിച്ചിട്ടും, കയററുമതിയിൽ 17 ശതമാനം വളർച്ചയുണ്ടായിട്ടും സാധാരണ ജനങ്ങൾക്ക് ഏററവും കുറഞ്ഞ ആവശ്യത്തിനുള്ള ഭക്ഷ്യ വസ്തുക്കൾപോലും ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ജനങ്ങളിൽ 1/3 ശതമാനം ഇന്നും ദാരിദ്രരേഖയ്ക്ക് താഴെയാണ് കഴിയുന്നത്. 1985-86ൽ 8763 കോടി രൂപയുടെ വ്യാപാരകമ്മിയുണ്ടായി. ഈ കമ്മി വീണ്ടും ഇപ്പോൾ വർദ്ധിച്ച് 10,644 കോടി രൂപയായി ഉയർന്നിരിക്കുന്നു. ഇതെല്ലാം നികത്താൻ വൻതോതിൽ വിദേശ-സ്വകാര്യ വായ്പകൾ എടുക്കാൻ നാം നിർബന്ധിതരായി. 1980-ൽസ്വകാര്യ-വിദേശ വായ്പകൾ 2 ബില്യൺ ഡോളർ ആയിരുന്നത് 1988-ൽ 18.6 ബില്യൺ ഡോളർ ആയി ഉയർന്നു. ഇതിന്റെ പലിശയിനത്തിൽ 1980-ൽ 503 ദശലക്ഷം ഡോളർ കൊടുക്കേണ്ടി വന്നിരുന്നത് 1989-ൽ 2600 ദശലക്ഷം ഡോളർ ആയി വർദ്ധിച്ചു.

1991 ജനുവവരി മദ്ധ്യത്തിൽ നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് റിസർവ് 10 ദിവസത്തെ ഇറക്കുമതിക്ക് മാത്രം പര്യാപ്തമാകുന്നതായിഅവശേഷിച്ചു. അത്രത്തോളം കടുത്ത ഒരു സാമ്പത്തിക പ്രതിസന്ധിയാണ് നാംഇന്ന് നേരിടുന്നത്. നമ്മുടെ വിദേശ വ്യാപാര കമ്മി കഴിഞ്ഞ ഏതാനും ചില വർഷങ്ങളിൽ ഉണ്ടായവയൊഴിച്ച് ബാക്കി എല്ലാ വർഷങ്ങളിലും വർദ്ധിച്ചു വരികയായിരുന്നു. ഇറക്കുമതി ക്രമാതീതമായി വർദ്ധിച്ചപ്പോൾ കയററുമതിയിൽ ഉണ്ടായ വർദ്ധനവ് നേരിയ തോതിൽ മാത്രമുള്ളതായിരുന്നു. കഴിഞ്ഞ 5 വർഷങ്ങളായി 1985-86 മുതൽ വ്യാപാരകമ്മി വൻതോതിൽ അവശേഷിക്കുകയായിരുന്നു. 1990-91 ആയപ്പോൾ അത് 10644കോടി രൂപയായി വർദ്ധിച്ചു.

### പട്ടിക 1

### ഇൻഡ്യയുടെ വ്യാപാരകമ്മി

| വർഷം | | കമ്മി (രൂപ കോടിക്കണക്കിൽ) |
|---|---|---|
| 1985-86 | — | 8,763 |
| 1986-87 | — | 7,644 |
| 1987-88 | — | 6,570 |
| 1988-89 | — | 8,004 |
| 1989-90 | — | 7,735 |
| 1990-91 (താൽക്കാലിക കണക്ക്) | - | 10644 |

ഇത്ര കടുത്തസാമ്പത്തിക പ്രതിസന്ധികാരണമാണ് 1991 ജനുവരിമാസത്തിൽ അന്തർദേശീയ നാണയനിധി(ഐ. എം. എഫ്)യിൽനിന്ന് 1.8 ബില്യൻഡോളർകോംപെൻസേററിആൻഡ് കൊൺടിജൻസി ഫിനാൻസിങ്ഫെസിലിററി (സി. സി. എഫ് എഫ്) വഴി എടുക്കാൻ നാം നിർബന്ധിതരായത്. ഈ വ്യാപാരകമ്മിമൂലമുള്ള പ്രതിസന്ധിയോടൊപ്പം മററൊരു പ്രതിസന്ധിയും ഉളവായി. വിദേശ ഇൻന്ത്യാക്കാർ ഇൻഡ്യയിലുള്ള അവരുടെ ഡോളർ നിക്ഷേപങ്ങൾ 3 വർഷത്തെ കാലാവധി കഴിഞ്ഞതോടുകൂടി പിൻവലിച്ചതുമൂലമുളവായതാണ് ഈ പ്രതിസന്ധി. ഇത് കേന്ദ്രസർക്കാരിനെ വീണ്ടും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചു. ഈ അവസരത്തിലാണ് റിസർവ്ബാങ്ക് ഓഫ് ഇൻഡ്യ (ആർ. ബി. ഐ) ഇറക്കുമതികൾക്കെതിരെ പല വിലക്കുകളും കല്പിക്കാൻ തുടങ്ങിയത്. ഇതുകൊണ്ടൊന്നും പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ല.

## ഐ എം എഫ് വായ്പ

നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് റിസർവിന്റെ കുറവുമൂലമോ, 71 ബില്യൺ ഡോളറിന്റെ വിദേശവായ്പാമൂലമോ ഉളവായിട്ടുള്ളതല്ല ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി. 6.5 ബില്യൺ ഡോളറിന്റെ ഹ്രസ്വകാല വായ്പാമൂലവും, വിദേശ ഇൻഡ്യക്കാരുടെ പക്കൽ നിന്നും വൻതോതിൽ പലിശ കൊടുത്ത് സ്വരൂപിച്ചിട്ടുള്ള ഏകദേശം 10 ബില്യൺ ഡോളറിന്റെ വായ്പയുമാണ് ഇന്നത്തെ പ്രതിസന്ധി ഇത്രവേഗം വളരെ മൂർച്ഛരിക്കുനുള്ള പ്രധാന കാരണം. ഇത്ര കടുത്ത പ്രതിസന്ധികൾ അഭിമുഖീകരിക്കാൻ നമ്മുടെ സമ്പദ്ഘടനയ്ക്ക് ഇന്നത്തെ അവസ്ഥയിൽ കഴിയുകയില്ല എന്നതാണ് വാസ്തവം. ഈ യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുന്നത് ശരിയായിരിക്കുകയില്ല. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനായാണ് കേന്ദ്രസർക്കാർ പിച്ചച്ചട്ടിയുമായി 5 മുതൽ 7 ബില്യൺ ഡോളർവരെ ഐ. എം. എഫ്-ൽ നിന്നു വായ്പഎടുക്കാൻ ഇറങ്ങിത്തിരിക്കുന്നത്. വായ്പ കിട്ടണമെങ്കിൽ കേന്ദ്രസർക്കാർ ചില വ്യവസ്ഥകൾ അംഗീകരിക്കണം, എന്ന ഐ. എം. എഫ്ന്റെ നിർദ്ദേശം പലതും കേന്ദ്രസർക്കാർ ഘട്ടം ഘട്ടമായി നടപ്പിലാക്കിക്കഴിഞ്ഞു. വിനിമയനിരക്കിലുള്ള വ്യത്യാസം, വ്യവസായ നയത്തിലുള്ള പുതിയ മാർഗ്ഗരേഖകൾ, ലിബിറലൈസേഷൻ, സ്വകാര്യവല്ക്കരണം മുതലായ നടപടികൾ കേന്ദ്രസർക്കാർ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞു ഇനിയും മററുചില വ്യവസ്ഥകൾ കൂടി കേന്ദ്രസർക്കാർ നടപ്പിലാക്കാൻ സമ്മതിച്ചിട്ടുള്ളതായി ചിലകേന്ദ്രങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മേൽവിവരിച്ച സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഈ രാജ്യത്തെകൊണ്ടെത്തിച്ചതിന്റെ മുഖ്യകാരണങ്ങളെക്കു

Best Compliments From:

# KORAMBAYIL CLOTH MART

MANJERI

Central Bazar

Ph: 6237

Our Sister Concerns:

Korambayil Saree Kendra A/c manjeri

Korambayil Fancy & Fibres manjeri

Korambayil Tourist Home manjeri

Naveen Garments A/c manjeri

*With Best Compliments*

## ZAMEER AGENCIES

Thrikkodithanam

Changanacherry

With Best compliments

## Aroma Binding Unit

*Athirampuzha*

KOTTAYAM

റിച്ച് നമുക്ക് പരിശോധിക്കാം. ഈ പ്രതിസന്ധി ഉടനെ ഉടലെടുത്തതല്ല. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി നാം നടപ്പിലാക്കികൊണ്ടിരുന്ന സാമ്പത്തിക നയങ്ങളുടെ പരിണതഫലമാണ് എന്ന് മനസ്സിലാക്കാൻയാതൊരു പ്രയാസവുമില്ല. 1980 മുതൽ നടപ്പിൽ വരുത്തിവന്നിരുന്നതും, 1985-86 ആയപ്പോൾ അതിന്റെ ആക്കം കൂട്ടിയതുകൊണ്ടും ഉളവായിട്ടുള്ള പ്രത്യാഘാതങ്ങളാണ് ഈ പ്രതിസന്ധിക്ക് മൂർച്ചകൂട്ടിയത്. നമ്മുടെ സംപദ്ഘടനയിലെ ഫിസ്ക്കൽ ഇംബാലൻസ് ഈ അടുത്ത കാലങ്ങളിലായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ അസന്തുലിതാവസ്ഥ 78-79 മുതൽ പ്രകടമായി കാണാൻ കഴിയും. കേന്ദ്ര സർക്കാരിന്റേത് 1951-52 മുതൽ 1377-78 കാലഘട്ടംവരെ (1958-59, 1971-72ാ വർഷങ്ങളൊഴിച്ച് ബാക്കി എല്ലാവർഷങ്ങളിലും മിച്ച ബഡ്ജററായിരുന്നു. എന്നാൽ 1979.80 കാലഘട്ടം മുതൽഇന്നുവരെകമ്മി ബഡ്ജററാണ് കേന്ദ്രസർക്കാർ അവതരിപ്പിക്കുന്നത്. 1979-80 ലെ ബഡ്ജററിലെ കമ്മി ജി. ഡി. പി. യുടെ 0.61 ശതമാനം ആയിരുന്നു. ഇപ്പോൾ അത് 3 ശതമാനം ആയി വർദ്ധിച്ചു.

## ഫിസ്ക്കൽ കമ്മി

ഫിസ്ക്കൽകമ്മി എന്ന പദപ്രയോഗം 1991-92-ൽ ധനകാര്യമന്ത്രി യശ്വന്തസിൻഹ അവതരിപ്പിച്ച ഇടക്കാല ബഡ്ജററിലാണ് ആദ്യമായി സ്ഥാനം പിടിച്ചത്. ഇത് ഒരു പുതിയ ആശയമല്ല. പലരാജ്യങ്ങളിലെ ബഡ്ജററുകളിലും ഈ പദം ഉപയോഗിക്കപ്പെടുന്നുണ്ട്. ഇൻഡ്യൻ ബഡ്ജററിൽ ആദ്യമായിട്ടാണെന്നുമാത്രം. ഐ. എം. എഫിന്റെ നിർദ്ദേശങ്ങളിൽ ഒന്നാണ് ഫിസ്കൽ കമ്മി ഇന്നത്തെ 8,5 ശതമാനത്തിൽ നിന്ന് 6.5 ശതമാനമായി കുറയ്ക്കണമെന്നത്. അതുകൊണ്ട് ഈ പദപ്രയോഗം പ്രത്യേകം ശ്രദ്ധേയമായിട്ടുണ്ട്. 1991-92 ലെ ഡോ. മൻമോഹൻസിംഗിന്റെ ബഡ്ജററിൽ ഫിസ്ക്കൽകമ്മി കുറയ്ക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അങ്ങനെ കഴിഞ്ഞ ബഡ്ജററിലെ 45,600 കോടി രൂപയിൽ നിന്ന് 37,727 കോടിരൂപയായി ഫിസ്ക്കൽ കമ്മികുറഞ്ഞു. എന്താണീ ഫിസ്ക്കൽ കമ്മി? റവന്യൂവരവ് + വായ്പയിൽനിന്നുള്ള തിരിച്ചടയ്ക്കൽ + മററു വരുമാനങ്ങൾ, മൊത്തം ചെലവുകൾ അതായത് കടവും, മററു ബാദ്ധ്യതകളും + റവന്യൂ കമ്മി. ഇതാണ് ഫിസ്ക്കൽ കമ്മിയുടെ പൊരുൾ. ഇത് ബഡ്ജററ് കമ്മിയെക്കാൾ വളരെ വലിയ തുകയാണ്. ഇതിൽനിന്നും കേന്ദ്രസർക്കാർ എത്രമാത്രം കടബാദ്ധ്യതകൾ ഉപയോഗിച്ചാണ് മൊത്തം ചെലവുകൾ നടന്നുന്നത് എന്ന് മനസ്സിലാക്കാം. ഈ ഫിസ്കൽ കമ്മി വർഷംതോറും വർദ്ധിച്ചുവരികയാണ്. 1980-81- ൽ ഫിസ്കൽ കമ്മി ജി. ഡി. പി.യുടെ 6.9 ശതമാനം ആയിരുന്നത് 1990-91 ആയപ്പോൾ 9 ശതമാനം ആയി വർദ്ധിച്ചു. താഴെ കൊടുത്തിരിക്കുന്ന പട്ടിക നോക്കുക

### പട്ടിക 2

### കേന്ദ്ര സർക്കാരിന്റെ കമ്മി

(രൂപ കോടിക്കണക്കിൽ)

| വർഷം | ഫിസ്കൽകമ്മി | റവന്യൂകമ്മി |
|---|---|---|
| 1980.81 | 8887 | 2037 |
| 1981.82 | 8667 | 384 |
| 1982-83 | 12509 | 1308 |
| 1983-84 | 13933 | 2540 |
| 1984-85 | 17783 | 4224 |
| 1985-86 | 24406 | 5889 |
| 1986-87 | 27876 | 7776 |
| 1987-88 | 28273 | 9137 |
| 1988.89 | 32008 | 10515 |
| 1989-90 | 38630 | 11912 |
| 1990-91 | 45600 | 17585 |

## ആഭ്യന്തര–വിദേശകടം

1980 കാലഘട്ടത്തിൽ ആഭ്യന്തരകടം വൻതോതിൽ വർദ്ധിക്കുവാൻ തുടങ്ങി. 1980-81-ൽ ആകെ ബാദ്ധ്യതയുടെ 27 ശതമാനം ആയിരുന്നു അത്. 1990.91 ആയപ്പോഴേയ്ക്കും 47.5 ശതമാനം ആയി ഉയർന്നു. 7-ാം പഞ്ചവൽസര പദ്ധതികാലത്ത് ഇത് നേരേഇരട്ടിയാകുകയാണുണ്ടായത്. ഇതുമൂലം കേന്ദ്രസർക്കാരിന്റെ ചെലവിനങ്ങളിൽ പലിശ കൊടുക്കുക എന്നത് ഒരുവലിയ ഇനമായിത്തീർന്നു, അതായത് 23ശതമാനം. ഈ ചെലവുകളുടെ സിംഹഭാഗവും പദ്ധതിയിതര കാര്യങ്ങൾക്കായി ചെലവാക്കേണ്ടി വന്നു എന്നതാണ് ഇതിൽ ഏററവും വലിയ അപകടകരമായ സംഗതി. ഈകാലയളവിൽ പദ്ധതിയിതര ചെലവുകൾ19 ശതമാനം കണ്ടുവർദ്ധിച്ചു. പദ്ധതി ചെലവുകളിലാകട്ടെ 13 ശതമാനം വർദ്ധനവേ ഉണ്ടായിട്ടുള്ളൂ. പലിശകൂടുതൽകൊടുത്ത്കൂടുതൽപണം സ്വരൂപിക്കേണ്ട സ്ഥിതിവിശേഷമാണ് സർക്കാരിനുണ്ടായത്. പ്രോവിഡൻറ്ഫണ്ടിൽ നിന്നുംകടപ്പത്രങ്ങളിൽ നിന്നും ഇപ്രകാരം കടമെടുക്കേണ്ടി വന്നതു കൊണ്ടാണ് ഇത്രഭീമമായ തുക പലിശയിനത്തിൽപൊയ്ക്കൊണ്ടിരിക്കുന്നത്. ഈസ്ഥിതിവിശേഷം നമ്മുടെ സമ്പദ്ഘടനയിൽ പല പ്രത്യാഘാതങ്ങളും സൃഷ്ടിച്ചു. സർക്കാരിന്റെ അമിതമായതോതിലുള്ള കടമെടുക്കൽ കാരണം സ്വകാര്യമേഖലയ്ക്ക് മുതൽമുടക്ക്പണത്തിന്റെ ലഭ്യതകുറഞ്ഞു. പദ്ധതിയിതര ചെലവുകളുടെ ആധിക്യംകാരണം കേന്ദ്രസർക്കാരിന്റെ മൂലധന മുതൽ മുടക്കുംകുറഞ്ഞു. 1980-ൽ 19 ശതമാനം ആയിരുന്ന ഇത് 1989-90-ൽ 3.7 ശതമാനംആയി കുറഞ്ഞു. പദ്ധതിയിതര ചെലവുകളിലുണ്ടായ വർദ്ധനവു മൂലം പണപ്പെരുപ്പം വർദ്ധിച്ചു. കടമെടുക്കുന്ന പണത്തെ ഉൽപ്പാദന മേഖലയിലേക്ക് വിനിയോഗിക്കാത്തതുകാരണം പണപ്പെരുപ്പം ഉണ്ടാവുക സ്വാഭാവികമാണ്. 1950-51ൽ ഇൻഡ്യയുടെ ആഭ്യന്തര കടം 31.62 ശതമാനം ആയിരുന്നത് 1988-89-ൽ 57.87 ശതമാനം ആയി വർദ്ധിച്ചു. വിദേശ

*Best Compliments from*

# RAGAM AGENCIES

**OOTY ROAD,**
MANJERI-676121

Phone : 6734

Approved Dealers of:

T. V. Sets : Weston, Bush, Teltronix, Onida Dynora
Refrigerator : Allwin, Kelvinator. Philco
Mixi : Johnson, Maharaja, Sumeet, singer. Braun, Govel.
Stabiliser : V-Guard. Vigil, Veetron, Fender, Kidson.
Authorised Stockist Philco.

## Malabar Arts College

**Nilambur Road, Manjeri**
Phone : 6765, 6622

Classes: M. A English, History,
M.Com
B.A English, History,
P D C III & IV groups-parallel.
Tuition for all Subjects
SSLC Sept & March.
Spoken English. Different batches at convenient time slots.

The best of its kind in Malabar

With Best Compliments from

## *SARANYA JWELLERY*

MAITHANAM
**VARKALA**

## The Kilimanoor Co-Operative Agricultural Development Bank Ltd. No. T. 316,

*KILIMANOOR.*

*Phone : 341*

**Sub Office : Varkala : 2113**
**Attingal**
Branch : Nedumangad,

Advancing Long Term Loans for Agricultural Development purposes. Viz. Levelling, Bunding, Farm House, reclamation of land etc. Also advance Loan for individual artisan, Craftsman, handicraftsman small enterpreneurs under Non-Farm activities.

J. SUKUMARAN, Secretary.

A. ALIHASSAN President.

കടം 1950-51-ൽ 0.33 ശതമാനം ആയിരുന്നത് 1988-89ൽ 6.45 ശതമാനം ആയി വർദ്ധിച്ചു. അങ്ങനെ ആകെ കടം 1950-51-ൽ 31.95 ശതമാനം ആയിരുന്നത് 88-89-ൽ 64.32 ശതമാനം ആയി ഉയർന്നു. പട്ടിക നോക്കുക.

## പട്ടിക-3

### ഇൻഡ്യയുടെ പൊതുകടം (ജി. ഡി. പി. യുടെ ശതമാനത്തിൽ)

| | 1950-51 | 1970-75 | 1980-85 | 1988-89 |
|---|---|---|---|---|
| ആഭ്യന്തര കടം | 31.62 | 35.77 | 43.63 | 57.87 |
| വിദേശ കടം | 0.33 | 14.09 | 7.66 | 6.45 |
| ആകെ കടം | 31.95 | 49.86 | 51.29 | 64.32 |

അവലംബം ; ഇൻഡ്യൻ എക്കണോമിക്സ് സ്ററാററിസ്ററിക്സ്.

ഒരു നിയന്ത്രണവുമില്ലാതെയാണ് നമ്മുടെ ആഭ്യന്തര-വിദേശ കടങ്ങളുടെ പോക്ക്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്ന് ഇൻഡ്യാഗവൺമെൻറിനു കൊടുക്കുന്ന വായ്പാ പദ്ധതിയനുസരിച്ചുള്ള തുകയിലും ഗണ്യമായ വർദ്ധനവാണുണ്ടായത്. ഉദാഹരണത്തിന് 1988-89-ൽ 9335 കോടി രൂപയായിരുന്നത് 1989-90-ൽ 15000 കോടി രൂപയായി ഉയർന്നു. ഇത് വായ്പ കമ്പോളത്തിൽ സാരമായ മാററങ്ങളുണ്ടാക്കി. ഒരു വികസ്വര രാജ്യത്തിന് കൂടുതൽ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി പണം ആവശ്യമായി വരിക എന്നത് സ്വാഭാവികമാണ്. പക്ഷേ അങ്ങനെചെലവാക്കപ്പെടുന്ന പണം പണപ്പെരുപ്പത്തിനു ഇടവരുത്താൻ പാടില്ല. ചുരുക്കിപ്പറഞ്ഞാൽ പദ്ധതിയിതര ചെലവുകൾക്ക് കടമെടുക്കപ്പെടുന്ന പണം വിനിയോഗിച്ച് പണപ്പെരുപ്പം ഉണ്ടാക്കുന്ന സ്ഥിതി വിശേഷം ഉണ്ടാകാൻ പാടില്ല എന്നുള്ളതാണ്. സർക്കാർചെലവാക്കുന്നപണവും, ലഭ്യതയും തമ്മിലുള്ള ബന്ധം മുറിച്ചു കളയണം. അതായത് ഉൽപ്പാദന മേഖലയിൽ പണം മുടക്കിയാൽ പണപ്പെരുപ്പം തടയാൻ സാധിക്കും. ഞാൻ മുൻപ് സൂചിപ്പിച്ച മൂലധന നിക്ഷേപത്തിലുണ്ടായ ശോഷണം പ്രധാനമായും കടമെടുക്കുന്ന പണത്തെ പദ്ധതിയിതര ചെലവുകൾക്ക് വിനിയോഗിക്കുന്നതു കൊണ്ടാണ്.

## നികുതി ഘടന

ഈ അവസരത്തിൽ നമ്മുടെ നികുതി ഘടനയെ ഒന്നു പരിശോധിക്കുന്നത് ഉചിതമായിരിക്കും. 1950-51-ൽ ആകെ നികുതി പിരിവ് ജി. ഡി. പി. യുടെ 6.69 ശതമാനം ആയിരുന്നു. എന്നാൽ 1989-90ൽ 17.7 ശതമാനം ആയി വർദ്ധിച്ചു. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട മറെറാരു വസ്തുതയുണ്ട്. 1950-51ൽ പ്രത്യക്ഷ നികുതികൾ ജി.ഡി.പി. യുടെ 2.4 ശതമാനം ആയിരുന്നത് 1963-64-ൽ 3.2 ശതമാനം ആയി വർദ്ധിച്ചുവെങ്കിലും 1988-89-ൽ അത് വീണ്ടും 2.4 ശതമാനമായി കുറയുകയുണ്ടായി എന്നതാണ് അത്. ഇത് കാണിക്കുന്നത് പ്രത്യക്ഷ നികുതികളിലുള്ള മുരടിപ്പാണ്. പ്രത്യക്ഷ നികുതി കൊടുക്കാൻ കഴിവുള്ളവരുടെ വരുമാനങ്ങളിൽ വൻതോതിലുള്ള വർദ്ധനവുണ്ടായിട്ടും, അവരുടെ നികുതി ശതമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. നികുതികൊടുക്കാൻ കഴിവുള്ളവരുടെ പക്കൽ നിന്നുംഅത് ഈടാക്കാനുള്ള സംവിധാനം ഇപ്പോഴത്തെ നികുതി ഘടനയിൽ ഇല്ല. വൻതോതിലുള്ള നികുതിവെട്ടിപ്പ് ഇവിടെനടക്കുന്നു. ഇതിന് സഹായകരമായ നികുതിഘടനയാണ് നമ്മുടേത്. ഇക്കാരണത്താൽ സമാന്തരസമ്പദ്ഘടനയുടെവളർച്ചയുടെ തോത്‌വർദ്ധിക്കുന്നു. 1950.51. ൽ വ്യക്തികളുടെ മേലുള്ള ആദായ നികുതി ആകെ നികുതിയുടെ 21 ശതമാനം ആയിരുന്നത് 1988-89 ൽ 5 ശതമാനമായി കുറഞ്ഞു. അതേസമയം പരോക്ഷ നികുതികൾ ആകെയുള്ള നികുതികളുടെ 85 ശതമാനമാണ്; പ്രത്യക്ഷ നികുതികളാകട്ടെ വെറും 15 ശതമാനവും, നികുതിയിനത്തിലുണ്ടായിട്ടുള്ളതായ വർദ്ധനവ് മുഴുവനും പരോക്ഷ നികുതികളിന്മേലാണ് ഉണ്ടായിട്ടുള്ളതെന്ന് സമർത്ഥിക്കാൻ കഴിയും. വൻകിടക്കാരെ നികുതിവർദ്ധനവിൽ നിന്ന് ഒഴിവാക്കിയതു കൂടാതെ അവർക്ക് പല ഇളവുകളും നേടാനും കഴിഞ്ഞു. ഇതുമൂലം നമ്മുടെ റവന്യൂ വരവുകൾ കുറഞ്ഞതുമാത്രമല്ല സമാന്തര സമ്പദ്ഘടനയുടെ വളർച്ച കുറെകൂടി വിപുലമാകുകയും ചെയ്തു. നമ്മുടെ സമ്പദ്ഘടനയിൽ ധാരാളം നിയന്ത്രണങ്ങളുണ്ടെന്നാണ് സങ്കല്പം. ഈ നിയന്ത്രണങ്ങൾ എല്ലാം തന്നെ പാലിക്കപ്പെടാതിരിക്കാൻ പഴുതുകളും ഏറെയുണ്ട്. ഒരു സാമ്പത്തിക ആസൂത്രണംനിലവിലുള്ള സമ്പദ്ഘടനയിൽ നിയന്ത്രണങ്ങൾ അത്യാവശ്യമാണ്. പക്ഷേ അത് വിപരീതഫലമാണ് ഉളവാക്കുന്നതെങ്കിൽ ആ ആസൂത്രണത്തെ അത് സാരമായി ബാധിക്കും. ഇതാണ് ഇവിടെ സംഭവിക്കുന്നത്.

1991-92 ലെ ബഡ്ജററിൽ പ്രത്യക്ഷ നികുതികളിലും പരോക്ഷ നികുതികളിലും വർദ്ധനവുണ്ടായിട്ടുണ്ട്, ഇവിടെയും പഴയ രീതിയിലുള്ള സമീപനം തന്നെയാണെന്ന് കാണാൻ കഴിയും. എക്സൈസ് ഇനത്തിൽ 70 ശതമാനത്തിലധികവും ഉല്പാദനത്തിനുപയോഗിക്കപ്പെടുന്ന വസ്തുക്കളിന്മേലുള്ള നികുതികളാണ്, അതും പല നിരക്കുകളിലും, പല തട്ടുകളിലുമാണ്. അതുകൊണ്ട് എക്സൈസ് നികുതിയിനത്തിൽ വരുന്ന വ്യതിയാനത്തിൻെറ പ്രത്യാഘാതങ്ങൾ ജന വിഭാഗങ്ങളെ ഏത് രീതിയിൽ ബാധിക്കുന്നു എന്ന് മനസ്സിലാക്കൻ പ്രയാസമാണ്. ഇതിനും പുറമേ, സംസ്ഥാന തലത്തിൽ ചുമത്തപ്പെടുന്ന വില്പന നികുതി, ഒക്ട്റോയ് മുതലായ നികുതികൾനിത്യോപയോഗ സാധനങ്ങളുടെ വിലകൾ വർദ്ധിക്കാൻ കാരണമായിട്ടുള്ളവയാണ്.

## ഇടവാ സർവ്വീസ്
## സഹകരണ ബാങ്ക്
## ക്ളിപ്തം നമ്പർ 3782

ഇടവാ P. O. ഫോൺ 2452

★ കാർഷിക–കാർഷികേതര വായ്പകൾ

★ ചിട്ടികൾ (സല 100000)
★ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
★ നിരക്ക് സ്വർണ്ണപ്പണയ വായ്പ

*വളം, കീടനാശിനി, കൊപ്രാസംഭരണം,*
*ഹയർ പർച്ചെസ് സ്കീം പ്രകാരം*
*ഗൃഹോപകരണങ്ങൾ*

പ്രസിഡൻറ് — N. ജനാർദ്ദനൻനായർ.

സെക്രട്ടറി — K. വിദ്യാധരൻ

*With Best Compliments From*

## YOUTH FORM BRASSIERES
**MUVATTUPUZHA**
**A POTTAS PRODUCT**

*Phone: 32242*

Best Compliments From :

## T.H.EBRAHIM KAREEM&CO

*Iron and Steel Merchant*

**MUVATTUPUZHA–686673**

Phone :32325

*With best compliments*

The Pathanamthitta District
Co–operative Bank Ltd,
Head Office, Pathanamthitta.

# എറണാകുളം ജില്ലാ സഹകരണ ബാങ്ക്
## ക്ലിപ്തം എറണാകുളം, കൊച്ചി - 16.

ജില്ലയിലെ സഹകരണ കേന്ദ്ര ബാങ്ക്, എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നിർവഹിച്ചുവരുന്നു. ആകർഷണീയങ്ങളായ വിവിധയിനം നിക്ഷേപ സൗകര്യങ്ങൾ, നിക്ഷേപങ്ങൾക്ക് ഇൻഷൂറൻസ് സംരക്ഷണം. ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലായി 30 ശാഖകൾ, ശാഖകളിൽ സേഫ് ഡെപ്പോസിററ് ലോക്കർ സൗകര്യം

## ജില്ലയുടെ സമഗ്രമായ വികസനത്തിന് വിവിധ വായ്പാപദ്ധതികൾ.

### സ്വർണ്ണ പണയ വായ്പയും ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക വായ്പാ സൗകര്യങ്ങളും.

കൂടുതൽ വിവരങ്ങൾക്ക് ഹെഡ് ഓഫീസിലോ ശാഖകളിലോ അന്വേഷിക്കുക

എം. എം. മോനായി,
പ്രസിഡൻറ്

പി. കെ. വാസു
ജനറൽ മാനേജർ

# HERE'S THE SIMPLEST WAY TO SECURE HIGH RETURNS

**HDFC INDIVIDUAL DEPOSITS**

- HDFC, a leading Housing Finance Company is offering a unique safe and high return investment with tax benefits.
-

| Period of Deposit (Months) | Rate of Interest (% p.a) |
|---|---|
| 25-35 | 14.0 |
| 36-47 | 14.5 |
| 48-84 | 15.0 |

- Earn interest semi-annually.
- Deposits can be placed in multiples of Rs. 1,000/- subject to a minimum of Rs. 2,000/- without any maximum limit.
- Individuals, **Minors** through guardians, Associations of Persons (AOP) and Hindu Undivided Family (HUF) can place the deposits.
- Preference is given for housing loans.
- Prompt, efficient and timely service offered.
- Send your application form to the nearest HDFC office along with remittance by cheque/cash/bank draft in favour of "Housing Development Finance Corporation Limited."
- Cumulative Scheme is also available.
- Monthly Income Plan at 14.5% and 2% bonus on maturity is also available.
- **Interest income is exempted under section 80L of the Income Tax Act, 1961 upto a maximum limit of Rs. 10,000/-.**
- **Deposits upto Rs. 5 lacs are exempted under section 5 (1) (xxvii) of the Wealth Tax Act, 1957.**

*This abridged advertisement appears further to the statutory advertisement published by the Corporation on August 1, 1991.*

**H·D·F·C**

HOUSING DEVELOPMENT FINANCE CORPORATION LIMITED

With you, right through.

**Regd. Office: Bombay**

**Branches in Kerala:**

**KOCHI** HDFC House, Post Bag No. 1667, Ravipuram Junction, M.G. Road, Kochi-682 015. Phone: 360925, 362302, 363819 Telex: 885-6296 Gram: HOUSCORP **THIRUVANANTHAPURAM** G-2, PRS Court, Ambujavilasom Road, Off GPO Junction, Thiruvananthapuram-695 001. Phone: 77593 Telex: 435-427.

## കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ചെലവുകൾ

കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരുകളുടെയും ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1980 കാലഘട്ടത്തിലെ വരവ് വർഷംതോറും 18 ശതമാനം വരും. എന്നാൽ റവന്യൂവരുമാന വർദ്ധനവ് 15.5 ശതമാനമേയുള്ളൂ. ഇരു സർക്കാരുകളുടെയും ചെലവുകൾ പരിശോധിച്ചാൽ രണ്ടുകൂട്ടരും ഒരേ ആവശ്യത്തിനായി പണം ചെലവാക്കുന്നതായി കാണാൻ കഴിയും. ഉദാഹരണത്തിന് വിദ്യാഭ്യാസ മേഖലയെതന്നെ പരിശോധിക്കാം. വിദ്യാഭ്യാസത്തിന്റെ ചുമതല ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള സംസ്ഥാന സർക്കാരുകളുടേതാണ്. എന്നാൽ കേന്ദ്രസർക്കാർ ഭീമമായ ഒരു തുക വിദ്യാഭ്യാസത്തിനുവേണ്ടി നേരിട്ട് ചെലവാക്കുന്നുണ്ട്. അതുപോലെതന്നെ മററു പല വകുപ്പുകളുടെ കാര്യത്തിലും സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. നമ്മുടെ ഭരണഘടനയിൽ വിഭാവന ചെയ്തിട്ടുള്ള ഫെഡറൽ സമ്പ്രദായത്തിനു വിപരീതമായിട്ടുള്ള ഒരു നിലപാടാണിത്. നികുതിപിരിവിന്റെ ശൈലി പരിശോധിച്ചാൽ ഏററവും വികസനസാദ്ധ്യതയുള്ള ഇനങ്ങളെല്ലാം തന്നെ കേന്ദ്ര സർക്കാരിന്റെ അധീനതയിലാണെന്ന് കാണാൻ കഴിയും. സംസ്ഥാന സർക്കാരുകളുടെ അധീനതയിൽ വില്പന നികുതികളല്ലാതെ മററു കാര്യമായ നികുതികളൊന്നും തന്നെയില്ല. ഇതുകാരണം നികുതിപിരിവ് നടത്തുന്നത് പ്രധാനമായും കേന്ദ്രസർക്കാരാണ്. ഈ നികുതിപിരിവ് ഫിനാൻസ് കമ്മിഷൻ മുഖേന സംസ്ഥാനഗവൺമെൻറുകൾക്ക് വീതിച്ചുകൊടുക്കപ്പെടുന്നുണ്ടെങ്കിലും, സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിന്റെ ദയാദാക്ഷിണ്യത്തിന് വിധേയരാണ്. അതുകൊണ്ട് സംസ്ഥാനങ്ങളുടെചെലവ് ക്രമമായിനിയന്ത്രിക്കുന്നകാര്യത്തിൽ പ്രയാസമുണ്ടാകുകയും, സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തെ കൂടുതൽ ആശ്രയിക്കേണ്ടിയും വരുന്നു. ഇത് ഫെഡറൽ സംപ്രദായത്തിന്റെ അന്തസ്സത്തയെ തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. ഇതും പ്രതിസന്ധിക്ക് കാരണമാണ്. അത്യാവശ്യമായി നടപ്പിലാക്കപ്പെടേണ്ടതൊന്നാണ് വികേന്ദ്രീകരണം. സംസ്ഥാനങ്ങൾക്ക് നികുതിപിരിച്ചെടുക്കുന്നതിനും കടം എടുക്കുന്നതിനും കുറെകൂടി വിപുലമായ അധികാരങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതേസമയം കേന്ദ്രസർക്കാരിന്റെ അധികാരങ്ങളിൽ ചിലതിന് കടിഞ്ഞാൺ ഇടേണ്ടതായുമുണ്ട്. ഉദാഹരണമായി കേന്ദ്രസർക്കാരിന് കടംവാങ്ങുന്ന കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ല. ഏത് ധൂർത്തു നടത്തുന്നതിനുവേണ്ടിയും പണം ചെലവാക്കാൻ വേണ്ടിവന്നാൽ കടം വാങ്ങുന്നതിനും ഈ അധികാരത്തെ ദുർവിനിയോഗം ചെയ്യുന്നു. ഈ ഇൻഡ്യയിലുണ്ടായിട്ടുള്ള വൻതോതിലുള്ള കടമെടുക്കൽ പ്രക്രിയ ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. ഭരണഘടനാപരമായ ഒരു നിയന്ത്രണം ഇതിലേക്ക് ആവശ്യമാണ്.

## സബ്സിഡി

കേന്ദ്ര സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട ചെലവിനമാണ് സബ്സിഡി. 1990-91 ലെ ബഡ്ജററ് എസ്റ്റിമേററിൽ 10,624 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ 4000 കോടിരൂപ വളത്തിനും, 2316 കോടി രൂപ കയററുമതി പ്രോൽസാഹനത്തിനും, 2200കോടി രൂപ ഭക്ഷ്യസബ്സിഡിക്കും 391 കോടി രൂപ പലിശ സബ്സിഡിക്കും, 279കോടി രൂപ റെയിൽവേയ്ക്കുമാണ്. ഇവയിലുമുപരിയായി വിദ്യാഭ്യാസം, ആരോഗ്യം, ജലസേചനം, വിദ്യുച്ഛക്തി, ഗതാഗതം മുതലായവയിൽ പരോക്ഷ സബ്സിഡികളും ഉണ്ട്. 1991-92 ലെ ബഡ്ജററിൽ സബ്സിഡി ഇനത്തിൽ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ഇതെഴുതുന്ന സമയത്തും ഏത് രീതിയിലാണ് അവയെ നടപ്പിൽ വരുത്താൻ പോകുന്നതെന്ന കാര്യങ്ങൾ വ്യക്തമായ രൂപം കിട്ടിയിട്ടില്ലാത്തതിനാൽ അക്കാര്യത്തിലേക്ക് കടക്കുന്നില്ല. എന്നാൽ ഒരു വസ്തുതഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളുടെ ക്ഷേമത്തെയും, രാജ്യത്തിന്റെ പൊതുതാല്പര്യത്തെയും അവഗണിച്ചുകൊണ്ട് നിക്ഷിപ്തതാല്പര്യക്കാരുടെ ആവശ്യാനുസരണം സബ്സിഡി ഉപയോഗിക്കപ്പെടുന്നു എന്നതാണത്. രാഷ്ട്രീയ ലാഭത്തിനുപരി, രാജ്യതാല്പര്യത്തെ കണക്കിലെടുക്കാൻ ശ്രമിക്കുന്നില്ലഎന്നതാണ് ഇതിനുള്ള കാരണം. ജനായത്ത ഭരണസമ്പ്രദായം നിലവിലുള്ള രാജ്യങ്ങളിൽ വോട്ടിനെ ലക്ഷ്യമാക്കി പല നടപടികളും എടുക്കാറുണ്ട്. ഇതിന് ഒരു പരിധിവരെ സാമ്പത്തികമാനദണ്ഡം നോക്കുന്നത് പൊതുജനങ്ങൾക്ക് പ്രയോജനകരമായിരിക്കും. ഇതേക്കുറിച്ച് എല്ലാ രാഷ്ട്രീയപാർട്ടികളും ആലോചിക്കേണ്ടിയിരിക്കുന്നു.

### പട്ടിക-4

### കേന്ദ്ര സർക്കാരിന്റെ സബ്സിഡി ഇനങ്ങൾ

(രൂപ കോടിക്കണക്കിൽ)

| ഇനങ്ങൾ | 1988-89 | 1989-90 | 1990-91 |
|---|---|---|---|
| 1. വളം | 3101 | 4601 | 4000 |
| 2. ഭക്ഷ്യം | 2200 | 2476 | 2200 |
| 3. കയററുമതി പ്രോൽസാഹനം | 1386 | 2089 | 2316 |
| 4 റെയിൽവേ | 207 | 234 | 279 |
| 5. പലിശയിനത്തിന് | 420 | 932 | 391 |
| 6. മററിനങ്ങൾ | 418 | 3451 | 1438 |
| ആകെ: | 7732 | 10677 | 10624 |

## 1985-ലെ ദീർഘകാല ഫിസ്കൽ നയം;

ഈ അവസരത്തിൽ ഇൻഡ്യാഗവൺമെൻറ് 1985-ൽ പ്രസിദ്ധപ്പെടുത്തിയ ദീർഘകാല ഫിസ്കൽ നയത്തെ

*Best compliments from*

# MODERN FLOORINGS
# M. D. COMMERCIAL CENTRE

**K. K. Road, Kottayam**

**Phone–563121**

## FACTORY AT KODIMATHA, KOTTAYAM

**Dealers in MARBLE, GRANITE, CUDDAPAH AND MOSAIC TILES**

*Best Compliments From*

## K. M. P. AGENCIES

**Stockists : Lipton India Ltd, Sheela Vanaspathy, Chase Washing Powder, & Komarla Feeds.**

**Market Road**
**MUVATTUPUZHA.**

**Phone. 32439**
**33439**
**Resi : 32530.**

## Institute of English and Maths

**(Near the railway gate)**
**Maithanam,**
Varkala.

We give efficient Coaching to Students in English and all Science Subjects for Pre-degree, degree and C B S E (classes X to XII) Examinations.

**Principal**
**Prof. S. Hajju Mohammed**
**M A. B Ed.**
**Retd. Prof. & Head of the Dept of English**
**S. N. College, Chempazhanthy**

പരിശോധനയ്ക്ക് വിധേയമാക്കുന്നത് ഉചിതമായിരിക്കും. ദാരിദ്ര്യം ഉന്മൂലനം ചെയ്യുക എന്നത് അതിൽ പ്രത്യേകം എടുത്തുപറഞ്ഞിരുന്ന ഒന്നാണ്. ഉല്പാദന വർദ്ധനവിൽകൂടി മാത്രമേ അത് സാദ്ധ്യമാകൂ എന്നും തീർത്തു പറഞ്ഞിരുന്നു. ഇതിനുവേണ്ടി ഫിസ്കൽ നയത്തിൽ ക്രമീകരണം നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി കാർഷിക-വ്യാവസായിക മേഖലകളിൽ വൻതോതിലുള്ള മുതൽ മുടക്ക് ഉണ്ടാകുമെന്നും, അത് തൊഴിൽ സാദ്ധ്യതകളിൽ വലിയ വർദ്ധനവുണ്ടാക്കുമെന്നും, അതോടൊപ്പം പണപ്പെരുപ്പം തടയപ്പെടുമെന്നുമുള്ള പ്രഖ്യാപനവുമുണ്ടായിരുന്നു. ഈ ദീർഘകാല ഫിസ്കൽ നയത്തെ അടിസ്ഥാനമാക്കി ഒരു എസ്റ്റിമേററും 1989-90വരെ തയ്യാറാക്കിയിരുന്നു. ആ എസ്റ്റിമേററും, വാസ്തവത്തിൽ സംഭവിച്ചതും തമ്മിൽ തട്ടിച്ചു നോക്കുമ്പോൾ വലിയ വ്യത്യാസമില്ല എന്ന് കാണാൻകഴിയും. ഉദ്ദേശലബ്ധിക്കനുസൃതമായി മുതൽമുടക്കിലും, തൊഴിൽ സാദ്ധ്യതയിലും വർദ്ധനവുണ്ടായില്ല. തൊഴിൽ സാധ്യതയിലുണ്ടായവർദ്ധവ് വെറും 1.5 ശതമാനം മാത്രമായിരുന്നു. സംഘടിത മേഖലയിലെ തൊഴിൽ സാദ്ധ്യതയിൽ 1960-ൽ 5.08ശതമാനം വർദ്ധനവുണ്ടായിരുന്നത് 1977-83 കാലഘട്ടത്തിൽ 2.4 ശതമാനമായി കുറയുകയാണുണ്ടായത്. 1983-88 ൽ അത് 1.4 ശതമാനമായി കുറഞ്ഞു. സ്വകാര്യ സംഘടിതമേഖലകളിൽ ഇതിന്റെ വർദ്ധനവ് 0.2ശതമാനം മാത്രമായിരുന്നു. ഇതേ കാലയളവിൽ പണപ്പെരുപ്പത്തിന്റെ തോത് വർദ്ധിച്ചുകൊണ്ടുമിരുന്നു. അത് ഇപ്പോൾ രണ്ടക്കമുള്ള 14 ശതമാനം ആയി ഉയർന്നു. ഇപ്രകാരം 1985ലെ ദീർഘകാല ഫിസ്കൽനയം വിജയിച്ചില്ല എന്നു മാത്രമല്ല, വിപരീതഫലം ഉളവാക്കുകയും ചെയ്തു.

## പൊതുമേഖലാ സ്ഥാപനങ്ങൾ:

ഇനി നമുക്ക് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പരിശോധിക്കാം. അവ നമ്മുടെ സംപദ്ഘടനയുടെ ഒരു പ്രധാനപ്പെട്ട ഭാഗമാണ്. ഇവയുടെ മുടക്കുമുതലും, തൊഴിലാളികളുടെ എണ്ണവും പരിശോധിച്ചാൽ ഈ പ്രാധാന്യം ശരിക്കും മനസ്സിലാക്കാൻ കഴിയും. ഇന്ന് ഇവയ്ക്ക് ജനങ്ങളുടെയിടയിലുള്ള മതിപ്പ് കുറഞ്ഞിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ സർക്കാരിന് മുതൽ കൂട്ടാൻ ഉപകരിക്കുന്നതിനുപകരം സർക്കാരിന്റെ റവന്യൂ ചെലവുകൾ വർദ്ധിപ്പിക്കാനേ ഉപകരിച്ചിട്ടുള്ളു എന്ന് മനസ്സിലാക്കാൻ കഴിയും. 50000 കോടി രൂപ മുതൽമുടക്കുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് നികുതി കൊടുക്കുന്നതിന് മുമ്പ് വെറും 6 ശതമാനം മാത്രമാണ് ലാഭം. ഇതിൽനിന്നും പെട്രോളിയം വിഭാഗങ്ങളെ എടുത്തുമാററിയാൽ വൻതോതിലുള്ള നഷ്ടമുണ്ടാകുന്നതും കാണാം. സംസ്ഥാനങ്ങളിലെ വിദ്യുച്ഛക്തി ബോർഡുകളും, ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും കൂടി 2956 കോടി രൂപയുടെ നഷ്ടം 1988-89-ൽ വരുത്തിവെച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ സാമ്പത്തിക വളർച്ചക്കായി വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുള്ളവയാണ് നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ. 2-ാം പഞ്ചവൽസര പദ്ധതി കാലത്ത് ഘനവ്യവസായങ്ങൾ പൊതുമേഖലയുടെ നിയന്ത്രണത്തിലായിരിക്കണമെന്നും, അത് വൻതോതിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് പ്രയോജനപ്പെടുമെന്നുമാണ് കണക്കാക്കപ്പെട്ടിരുന്നത്. നമ്മുടെ വ്യവസായങ്ങളുടെ വളർച്ചയ്ക്കായി ഇത് ഒരു പരിധിവരെ സഹായകമായി ഭവിച്ചെങ്കിലും അതിന്റെ ഉദ്ദേശ്യലബ്ധിയിൽ പല മാർഗ്ഗ തടസ്സങ്ങളും ഉണ്ടായി. സ്വകാര്യമേഖല മുതൽ മുടക്കാൻ മടിച്ചുനിന്നിരുന്ന പല മർമ്മ പ്രധാനമേഖലകളിലും പൊതുമേഖലാ നിക്ഷേപം ഉണ്ടാവുകയും, അത് നമ്മുടെ വ്യാവസായിക വളർച്ചയ്ക്ക് വൻതോതിൽ ഉപകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ഈരീതിയിൽ നടത്തികൊണ്ടു പോകുന്നത് യോജിച്ചതല്ല എന്ന അഭിപ്രായം പല കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവല്ക്കരണം എന്ന ആശയം സർക്കാരുൾപ്പെടെയുള്ള പല കേന്ദ്രങ്ങളിൽ നിന്നും നിർദ്ദേശിക്കപ്പെടുന്നത്. ഐ. എം. എഫും ഇതിനുവേണ്ടി ശക്തിയായി വാദിക്കുന്നു. ബഡ്ജററ് കമ്മിക്കു ഒരു പോംവഴിയായി കേന്ദ്ര ഗവൺമെൻറും ഈ വർഷത്തെ ബഡ്ജററിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. പൊതു മേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പ് മുഴുവൻ ശരിയായ രീതിയിലാണ് എന്ന് സമ്മതിക്കാൻ പ്രയാസമുണ്ട്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് രാഷ്ട്രീയ പാർട്ടികൾക്കും തൊഴിലാളി സംഘടകൾക്കും മാറി നിൽക്കാൻ കഴിയുകയില്ല. പക്ഷേ ചില കേന്ദ്രങ്ങളിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്നതായ സ്വകാര്യവല്ക്കരണം എന്ന ആശയം ഇതിനൊരു പ്രതിവിധിയല്ല. ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങൾ എല്ലാം നല്ല രീതിയിലാണ് നടക്കുന്നത് എന്ന വാദഗതിയോടു യോജിക്കാൻ കഴിയാത്തതുകൊണ്ടാണ്. ഒരു പൊതുമേഖലാ സ്ഥാപനം ഒരു സ്വകാര്യ മുതലാളി നടത്തുന്ന രീതിയിൽ നടത്താൻ കഴിയുകയില്ല. പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഒരു സാമൂഹ്യലക്ഷ്യമുണ്ട്. ആ ഉദ്ദേശ്യലബധിക്കായി അവയെ പ്രവർത്തിപ്പിക്കാൻ ബാധ്യസ്ഥമാകണം. ഒരു സ്വകാര്യ മുതലാളിക്ക് ഇതു ബാധകമല്ല. അതേസമയം പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഇന്നത്തെരീതിയിൽ തുടർന്നു കൊണ്ടുപോകുന്നതിനെ ന്യായീകരിക്കാനും കഴിയുകയില്ല. ഇവയുടെ മേൽനോട്ടത്തിൽ കാര്യമായ മാററം ഉണ്ടാകേണ്ടിയിരിക്കുന്നു. അവയുടെ നടത്തിപ്പ് മാനേജ്മെൻറ് വിദഗ്ദ്ധന്മാരെ ഏല്പിക്കണം. അതോടൊപ്പം അവയുടെ നടത്തിപ്പിലുള്ള ഉത്തരവാദിത്വം അവരുടേതാണെന്ന് ആ വിദഗ്ദർ മനസ്സിലാക്കുകയും എന്തെങ്കിലും പാളിച്ചകൾ ഉണ്ടാകുന്നുവെങ്കിൽ അതിനുത്തരം പറയേണ്ടത് അവർ തന്നെയായിരിക്കുകയും വേണം. അല്ലാതെ രാഷ്ട്രീയ പാരിതോഷികം കൊടുക്കുന്ന സ്ഥാപനങ്ങളായി അവയെ അധഃപതിപ്പിക്കരുത്.

അമിതമായ ആഭ്യന്തര കടം, താങ്ങാനാവാത്ത വിദേശ കടം, ഫോറിൻ എക്സ്ചേഞ്ച് റിസർവിൽ ഉണ്ടായിട്ടുള്ള വൻ തോതിലുള്ള കുറവ്, വർദ്ധിച്ച് രണ്ടക്കമുള്ളതായിത്തീർന്നിട്ടുള്ള പണപ്പെരുപ്പത്തിന്റെ നിരക്ക്,

# GURUKULAM COLLEGE FOR WOMEN

Varkala

***An ideal institution***

For girls only
For parallel classses only

We provide a galaxy of Professors

**Prof. Kummil Sukumaran**
**" N. Kuttan**
**" K. Devadas**
**" P. K. Divakaran**
**" C. N. Meenakshy**

Director,
**C. V. Anil kumar**
College of English
Varkala

Principal
**Prof. C. N. Meenakshy**
(Rtd. Principal
S. N. College, Kannoor

# College Of Arts & Science

(V. R. Buildings)
**VARKALA**

**Excellence of Tradition**
**Tradition of Excellence**

Classes

| | | |
|---|---|---|
| III DC | (Regular & Going) | |
| II DC | " | S. S. L. C.–Private |
| I DC | " | Std. X School going |
| II PDC | " | PDC & DC Private |
| I PDC | " | Practical only batches for PDC & DC |

Principal
S. Chandrababu

വിദേശ ഇൻഡ്യാക്കാരുടെ നിക്ഷേപങ്ങളിലുണ്ടായിട്ടുള്ള പിൻവലിയ്ക്കൽ (വിദേശ ഇൻഡ്യാക്കാരുടെ എൻ.ആർ. ഐ. അക്കൗണ്ട് 1988-89-ൽ 2179 കോടി രൂപ ആയിരുന്നത് 1990-91-ൽ 255 കോടി രൂപയായി കുറഞ്ഞു.) മുതലായകാരണങ്ങളാണ് ഇന്നത്തെ പ്രതിസന്ധിക്ക് മൂർച്ച കൂട്ടിയതെന്ന് മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് മനസ്സിലാക്കാം. പക്ഷെ ഈ സാമ്പത്തിക പ്രതിസന്ധി ഉടനെ ഉടലെടുത്ത ഒന്നല്ല. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നാം നടപ്പിലാക്കിവന്ന സാമ്പത്തിക നയങ്ങളുടെ ഭാഗമാണ്. മുൻ പ്രധാന മന്ത്രി ശ്രീ. വി. പി. സിംഗ് ഈ പ്രതിസന്ധിയെക്കുറിച്ചു നേരത്തെ അദ്ദേഹം തന്നെ സൂചിപ്പിച്ചിരുന്നു എന്ന് ഈ അടുത്തകാലത്ത് അഭിമുഖ സംഭാഷണത്തിൽ പറഞ്ഞിരുന്നു. അത് അദ്ദേഹമുൾപ്പെടെയുള്ള കേന്ദ്രമന്ത്രിസഭ ഗൗരവമായി കണക്കിലെടുത്തില്ല എന്നതാണ്. ഏതായാലും 1989-ൽ അദ്ദേഹം അധികാരത്തിൽവന്നശേഷവും ഈ പ്രതിസന്ധിയെ നേരിടാനായി ഒന്നുംതന്നെ ചെയ്തിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

ഏതായാലും 1985-86—മുതൽ വളരെ തീവ്രമായി നടപ്പിലാക്കിയ വികസന പാതയിലുണ്ടായ പിശകാണ് ഈ പ്രതിസന്ധിയുടെ കാരണം. 1980-ൽ ഇന്ദിരാഗാന്ധിയുടെ തിരിച്ചു വരവോടുകൂടി ലിബറലൈസേഷൻ നയത്തിന് ആരംഭം കുറിക്കപ്പെട്ടു. സാമ്പത്തിക അടിസ്ഥാനമില്ലാത്ത പല ജനപ്രീതിനേടുന്നതിനുള്ള നടപടികളുംആരംഭിച്ചു. 1985-86 ആയപ്പോഴേക്ക് ലിബറലൈസേഷൻ നയത്തിന്റെ ആക്കം വർദ്ധിപ്പിക്കുകയും, വൻതോതിലുള്ള ഇറക്കുമതി നടത്തുകയും ചെയ്തു. സുഖഭോഗവസ്തുക്കൾപോലും ഉൽപ്പാദിപ്പിക്കുന്നതിനായി വിദേശകൂട്ടുകെട്ട് വൻതോതിൽ ആരംഭിച്ചു. ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെ വരുന്ന ഉയർന്ന വരുമാനക്കാരുടെ ഉപഭോഗത്തിനുള്ള സാധനസാമഗ്രികളുടെ ഉല്പ്പാദനത്തിലുള്ള വർദ്ധനവാണ് ഇതുമൂലമുണ്ടായത്. 1980-81 മുതൽ 1988-89 വരെ ഉപഭോഗ വസ്തുതക്കളുടെ ഉൽപ്പാദനം 8 ശതമാനത്തിൽ നിന്ന് 22 ശതമാനമായി ഉയർന്നു. എന്നാൽ ഇത് 1989-90 ൽ 1.9 ശതമാനം ആയികുറയുകയാണുണ്ടായത്. ഇതാണ് ഈ നയത്തിന്റെപരാജയം. ബഹുഭൂരിപക്ഷം ജനങ്ങളെയും മാററി നിർത്തിക്കൊണ്ടുള്ളതായ ഒരു ഉല്പാദന രീതിയാണ് ഇവിടെ നടക്കുന്നത്. ഇത്തരത്തിലുള്ളതായ ഒന്നാണ് നമ്മുടെ വികസന പാത.

ഒരു വികസ്വര രാജ്യത്ത് വിദേശ കടവും ആഭ്യന്തര കടവും വേണ്ടിവരും. പക്ഷേ അതിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയിരിക്കും അതിന്റെ പ്രയോജനം. നമ്മുടെ സാമ്പത്തിക നയങ്ങളുടെ ഫലമായി ഉളവായിരിക്കുന്നത് പണക്കാരെ കൂടുതൽ പണക്കാരാക്കിയിരിക്കുന്നു എന്നതാണ്. പക്ഷേ അവരിൽ നിന്ന് തിരിച്ചു കിട്ടിയതാകട്ടെ വളരെ തുഛമായ സംഖ്യയുമാണ്. നമ്മുടെ സാമ്പത്തിക നയം കൊണ്ട് പ്രയോജനം ലഭിക്കാത്ത ജന വിഭാഗങ്ങളിൽ നിന്നാണ് സർക്കാർ ചെലവിനായുള്ള പണത്തിന്റെ സിംഹഭാഗവും ശേഖരിക്കപ്പെടുന്നത്. ഈ അനുഭവം തന്നെയാണ് ഐ. എം. എഫ്. വായ്പയെടുത്തിട്ടുള്ള പല വികസ്വര രാജ്യങ്ങളുടെ കാര്യത്തിലും.

കയററു മതിയ്ക്കു വേണ്ടി ഇറക്കുമതി വർദ്ധനവ് അനുവദിക്കപ്പെടുകയും, കയററുമതി വർദ്ധിക്കാതിരിക്കുകയുമാണ് ഉണ്ടായത്. 1990-91-ൽ ഇറക്കു മതി 43,170 കോടി രൂപയായിരുന്നപ്പോൾ കയററുമതി 32,527 കോടി രൂപമാത്രമായിരുന്നു. 1985-86-ൽ 5000കോടിരൂപയിലേറെ ഫോറിൻ എക്സ്ചേഞ്ച് റിസർവ് ഉണ്ടായിരുന്നത് 1991 ജൂൺ മാസമായപ്പോൾ 2651 കോടി രൂപയായി കുറഞ്ഞു.

ഇന്ന് നമുക്ക് ഏററവും പ്രയാസമുണ്ടാക്കിയിരിക്കുന്ന പ്രശ്നങ്ങൾ 71 ബില്ല്യൺ ഡോളറിന്റെ വിദേശ കടമോ, 2,40,000 കോടി രൂപയുടെ ആഭ്യന്തരകടമോ മൂലമല്ല. നേരെമറിച്ച് 6.5 ബില്യൻ ഡോളറിന്റെ ഹ്രസ്വകാല വായ്‌പയും, 10 ബില്യൻ ഡോളറിന്റെ വൻ പലിശ നിരക്കിൽ വിദേശ ഇൻഡ്യാക്കാരിൽ നിന്നെടുത്തിട്ടുള്ള വായ്പയുമാണ്.

വിദേശസാമഗ്രികളുടെ ഇറക്കുമതി 1980-81ൽ 19 10 കോടി രൂപയായിരുന്നു. 1989-90-ൽ 8831 കോടിരൂപയായി വർദ്ധിച്ചു. അതേ സമയം വിദേശത്തു നിന്നു. പണത്തിന്റെ വരവിൽ കുറവുണ്ടായി. ഡോളർ നിക്ഷേപം പിൻവലിക്കപ്പെടുകയും ചെയ്തു. ഇതിനൊക്കെ പ്രതിവിധി എന്ന രീതിയിലാണ് 1.8 ബില്ല്യൻ ഡോളർ സി.സി എഫ്. എഫ്. വഴി ഐ. എം. എഫ-ൽ നിന്ന് കടമെടുത്തതും, സ്വർണ്ണം കയററിയയച്ചതും, ഇപ്പോൾ വൻതോതിൽ ഐ. എം. എഫ്. വായ്പക്കുവേണ്ടി ശ്രമിക്കുന്നതും.

ഇതിന്റെ ഭാഗമാണ് രൂപയുടെ വിനിമയ നിരക്കിൻ വന്ന വ്യതിയാനം, പുതുക്കിയ വിദേശ വ്യാപാര നയം, പുതുക്കിയ വ്യാപാരനയം, 1991-92-ലെ ബഡ്ജററ് എന്നിവ. ഇനി ഏതെല്ലാം വ്യവസ്ഥകളാണ് ഐ. എം. എഫ്. മുന്നോട്ടു വെച്ചിട്ടുള്ളതെന്ന് ഇതുവരെയും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇതൊന്നും ഈ രാജ്യത്തെ ജനങ്ങൾക്ക് അറിയേണ്ട അധികാരമില്ല എന്നതാണ് സർക്കാരിന്റെ പക്ഷം. കടമെടുക്കുന്നത് ഫലപ്രദമായി ഉപയോഗിക്കാൻകഴിയാതെ കടവും, പലിശയും വീട്ടാൻവീണ്ടും കടമെടുക്കേണ്ടി വരുന്ന സ്ഥിതിവിശേഷത്തിലാണ് നാം എത്തി നിൽക്കുന്നത്. കേന്ദ്ര ധനകാര്യമന്ത്രിയുടെ നമ്മുടെ കമ്മിയും പണപ്പെരുപ്പവും കുറയ്ക്കാനായിട്ടുള്ള നിർദ്ദേശങ്ങളെ മുഖവിലയ്ക്കെടുക്കാൻ പ്രയാസമാണ്. കയററുമതി ഈ നിർദ്ദേശങ്ങൾ കൊണ്ട് വർദ്ധിക്കുമെന്ന് പറയാൻ കഴിയുകയില്ല. നമ്മുടെ കയററുമതിക്ക് മലേഷ്യ, തായ്‌ലണ്ട്, ഇൻഡോനേഷ്യ, പാകിസ്ഥാൻ, ബംഗ്ളാദേശ് മുതലായ രാജ്യങ്ങളിൽ നിന്ന് നല്ലമൽസരമുണ്ട്. ഇതിനെ അതിജീവിക്കാൻ കഴിയുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാമ്പത്തിക നയങ്ങൾ പണപ്പെരുപ്പത്തെ തടയുമോ അതോ വർദ്ധിപ്പിക്കുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ പ്രതിസന്ധിക്ക് ഇൻഡ്യാ സർക്കാരിന്റെ ഇപ്പോഴത്തെ സമീപനം അപകടം പിടിച്ചതാണെന്നും ഇത് ജനങ്ങളുടെ സാമ്പത്തിക പരമാധികാരത്തെപ്പോലും

*With best compliments from:*

## Radio Centre

**C. C. N. B. Road**
**P. B. No. 3833**

**Alapuzha**
**688010**
**Phone— 3834, 2098**

*With Best Compliments from :*

## Minu Enterprises

**C. C. S. B. Road**
**(East of Iron Bridge)**

**Alapuzha**
**688011**
**Phone 5911**

ഇൻഡ്യൻ

## നാളികേര ജേണൽ

കേരകൃഷിയേയും വ്യവസായത്തേയും സംബന്ധിച്ച് ഈ മാസിക നൽകുന്ന ഏററവും ആധുനികവും ആധികാരികവുമായ ശാസ്ത്രീയ വിവരങ്ങളും വാർത്തകളും മറെറാരു പ്രസിദ്ധീകരണത്തിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നതല്ല.

*വാർഷിക വരിസംഖ്യ — 10 രൂപ*
*ആയുഷ്കാല വരിസംഖ്യ — 250 രൂപ*

മററു പ്രസിദ്ധീകരണങ്ങൾ

ലാഭകരമായ തെങ്ങുകൃഷി 18 രൂപ, കേരകീടങ്ങൾ 3 രൂപ, കേരരോഗങ്ങൾ 3 രൂപ, കേരരക്ഷോല്പന്നങ്ങൾ 4 രൂപ. വെളിച്ചെണ്ണയും പിണ്ണാക്കും 3 രൂപ, കൊപ്ര 4രൂപ, തൊണ്ടും ചിരട്ടയും 5 രൂപ (തപാൽ കൂലി അടക്കം)

ചെയർമാൻ
നാളികേര വികസന ബോർഡ്
കൊച്ചി–682 011

**From The Royal Reserve of Nature**

## "Milma Cardamom Flavoured Milk"

Nothing comes near to Milk, when it is health that matters Enriched by mild Flavours of real cardamom plenty of fun added to Nourishment of Milk

*Its taste, its price ............ even its pack, That makes it asceptic, easy to preserve and easy to carry around.*

Sip it to the last drop Feel the cool dewy Splendour of Nature Enwrapping you.

**Nourished by nature – Made by milma**

ചോദ്യം ചെയ്യുന്നതാണെന്നും ഒരുവിഭാഗം ജനങ്ങൾ സംശയിക്കുന്നു. നമ്മുടെ ഇൻഡ്യാ മഹാരാജ്യത്തെ സിംഗപ്പൂരിനോടും, തായ്‌വാനോടും, ദക്ഷിണകൊറിയയോടും താരതമ്യപ്പെടുത്തുന്നത് ഉചിതമല്ല. നമ്മുടേത് ഒരു ഉപഭൂഖണ്ഡമാണ്. അതിന്റെ വികസനസാദ്ധ്യതകളും വളരെ വിപുലമാണ്. നമ്മുടെ പഞ്ചവൽസര പദ്ധതികളിൽ ഊന്നിപ്പറഞ്ഞിരിക്കുന്ന സ്വാശ്രയത്വത്തെ ഇല്ലാതെയാക്കുന്നരീതിയിലുള്ള ഒരു വളർച്ചയുടെ പാത സ്വീകരിക്കന്നത് ഉചിതമാകുമോ? ഈ ഒരു മാററത്തിന് ജനങ്ങളുടെ അംഗീകാരം വേണ്ടയോ എന്നതെല്ലാം ഗൗരവമായി പരിശോധിക്കേണ്ടതാണ്.

## ബദൽനയം:

ഈയവസരത്തിൽ ഇങ്ങനെയൊരു വികസനപാതമാത്രമേ ഒരു പോംവഴിയുള്ളോ, അതോ ഒരു ബദൽ നയം ഉണ്ടോ എന്ന് പരിശോധിയ്ക്കേണ്ടതാണ്. ഇടതു പക്ഷചായ്‌വുള്ള സാമ്പത്തിക വിദഗ്ധരുടെ നിർദ്ദേശങ്ങൾ ഒന്ന് പരിശോധിച്ചു നോക്കാം. ഈ വായ്പാ സംപ്രദായം ഇങ്ങനെ തുടർന്നുപോയാൽ നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അത് ഉപകരിയ്ക്കുകയില്ല എന്നുമാത്രമല്ല സാധാരണ ജനങ്ങളുടെ ജീവിത നിലവാരത്തെ അത് വീണ്ടും താഴേക്ക് നയിക്കും എന്നുമാണ് അവർ സമർത്ഥിക്കുന്നത്. അന്തർദേശീയ നാണയ നിധിയിൽ നിന്നും കടമെടുക്കുന്നതിനുപകരം നമ്മുടെ കമ്മി കുറയ്ക്കാനും, ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുമുതകുന്ന രീതിയി
ലുള്ള ഒരു ക്രമീകരണമാണ് ഇന്ന് ആവശ്യം. ഈ സാമ്പ
ത്തിക വിദഗ്ദ്ധർ ചില നിർദ്ദേശങ്ങൾ ഇതിലേക്കായി
ഉന്നയിച്ചിട്ടുണ്ട്. ആദായനികുതി വർദ്ധിപ്പിക്കുക (പ്ര
ത്യേകിച്ച് ഉയർന്ന വരുമാനക്കാരുടേത്), നിലവിലുള്ള
നികുതികൾ കർശനമായി പിരിച്ചെടുക്കുക, കുടിശിക
നികുതികൾ പിരിച്ചെടുക്കുക, കള്ളപ്പണം ഇല്ലാതാക്കുന്ന
തിനുള്ള ശ്രമങ്ങൾ നടത്തുക, കള്ളപ്പണം പിടിച്ചെടുക്കുക,
എല്ലാ മന്ത്രാലയങ്ങളുടേയും പദ്ധതിയിതര ചെലവുകൾ
വെട്ടികുറയ്ക്കുക, ഉയർന്ന വിഭവസമാഹരണലക്ഷ്യങ്ങ
ളും, ചെലവ് ചുരുക്കലും നടത്തുക, അധികാര വികേന്
ദ്രീകരണം നടപ്പിലാക്കുക, ഭരണഘടനയിൽ വിഭാവന
ചെയ്തിട്ടുള്ള ഫെഡറൽ സംപ്രദായം കേന്ദ്ര-സംസ്
ഥാന സാമ്പത്തിക ക്രമീകരണത്തിൽ കൊണ്ടുവരിക, ഇറക്കു
മതി കുറയ്ക്കുക, ഇറക്കുമതിയിലെ ഓരോ ഇനവും വെവ്വേ
റെ പരിശോധിച്ച് കയററുമതിയ്ക്ക് അത്യാവശ്യമല്ലാത്ത
ഇറക്കുമതി ഗണ്യമായ തോതിൽ വെട്ടിക്കുറയ്ക്കുക, വി
ദേശ ഇൻഡ്യാക്കുരുടെ നിക്ഷേപങ്ങൾ വൻതോതിൽ സമാ
ഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക
അതുഉപയോഗിച്ച് ഉൽപ്പാദനമേഖലകൾ വികസിപ്പിക്കുക
എന്നിങ്ങനെയുള്ളതാണ് അവ.

ഈ ബദൽ നിർദ്ദേശങ്ങളൊക്കെ നടപ്പിലാക്കണമെങ്കിൽ നമ്മുടെ കാർഷിക-വ്യാവസായിക മേഖലകളിൽ മൗലികമായ മാററങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള മാററങ്ങളുമായി ബന്ധപ്പെടാതെ നടപ്പിലാക്കപ്പെടുന്ന ഒരു സാമ്പത്തിക പരിഷ്ക്കാരവും ബഹുഭൂരിപക്ഷം വരുന്ന ഇൻഡ്യൻ ജനതയ്ക്ക് ഗുണം ചെയ്യുകയില്ല. ഞാൻ മുമ്പു സൂചിപ്പിച്ചതു പോലെ ജി. ഡി. പി. യുടെ വർദ്ധനവ് 5 5 ശതമാനം ആയിരുന്നിട്ടും, തൊഴിൽ സാദ്ധ്യതയുടെ വളർച്ച 1.5 ശതമാനം മാത്രമേ ആയിരുന്നുള്ളൂ. 850 ദശലക്ഷം ജനസംഖ്യയുള്ള ഈ രാജ്യത്ത് 26 ദശലക്ഷം തൊഴിലാളികളേ സംഘടിത മേഖലയിലുള്ളൂ. ഇതിൽ 7.4 ദശലക്ഷം തൊഴിലാളികൾ സ്വകാര്യ സംഘടിതമേഖലയിലാണ്. ലിബറലൈസേഷൻ നയം നടപ്പിൽ വരുത്തിയതോടുകൂടി 70000 തൊഴിലാളികളുടെ കുറവാണ് ഈ സ്വകാര്യസംഘടിത മേഖലയിലുണ്ടായത്. എന്നാൽ 1970 കാലഘട്ടത്തിൽ 800000 തൊഴിലാളികളുടെ വർദ്ധനവുണ്ടായി. ലിബറലൈസേഷൻ നയം തൊഴിൽ സാധ്യത വർദ്ധനവിന് സഹായകമായില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഈ നയം ഇനിയും കുറേക്കൂടി നടപ്പിലാക്കപ്പെട്ടാൽ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിയ്ക്കുമെന്ന കാര്യത്തിൽ എന്താണുറപ്പ്? ഈ വികസനപാതയുടെ അപാകതയാണ് ഇതിൽനിന്നും മനസ്സിലാക്കാൻകഴിയുന്നത്. 1989-ൽ ഒരു കോൺഗ്രസ്സിതര സർക്കാർ അധികാരത്തിൽ വന്നിട്ടുംലിബറലൈസേഷൻ നയം തുടർന്നുവരികയായിരുന്നു. അന്ന് വ്യാവസായ മന്ത്രിയായിരുന്ന അജിത്സിംഗ് ഇത് പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതുമാണ്.

ഇന്ന് നടപ്പിലാക്കി കൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങൾക്ക് ബദലായി ഒരു നയം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതും എല്ലാം വിശദാംശങ്ങളോടും കൂടി അതിന്റെ പൂർണ്ണ രൂപത്തിൽ തന്നെ. അതിനായി ഒരു ശ്രമം എല്ലാ ജനാധിപത്യ വിശ്വാസികളെയും യോജിപ്പിച്ചുകൊണ്ട് നടത്തേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെയും, റിസർവ് ബാങ്കിന്റെയും കൈവശമുള്ളതായ രഹസ്യരേഖകൾ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥിതിവിവരണക്കണക്കുകൾ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകണം. ഐ. എം. എഫ്-ന് ഇൻഡ്യാസർക്കാർ കൊടുക്കുന്ന രഹസ്യ രേഖകൾ ഈ രാജ്യത്തെ ജനങ്ങൾക്കും അറിയാൻ അധികാരമുണ്ടെന്ന് ജനങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തവാൻ ഇത്തരത്തിലുള്ള സെമിനാറുകൾ ഇടയാകട്ടെ എന്നാശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(1991 ആഗസ്ററ് 10,11 തീയതികളിൽ അടൂരിൽ നടന്ന എകെപിസിടിഎ പ്രവർത്തക ക്യാമ്പിൽ അവതരിപ്പിച്ച പ്രബന്ധം.)

ഗുണമേന്മയിലൂടെ നേടിയെടുത്ത
ജനവിശ്വാസം !

## നാഗാർജുന ആയുർവ്വേദ ഔഷധശാല

**H. O. തൊടുപുഴ**

*ഗുണമേന്മയുള്ള ആയുർവ്വേദ ഔഷധങ്ങൾ കേരളത്തിലുടനീളം 150-ൽപ്പരം ഏജൻസികളിലൂടെ ലഭിക്കുന്നു.*

*കേന്ദ്ര/സംസ്ഥാന ഗവൺമെൻറുകളുടെ റീഇംബേഴ്സ്മെൻറിന് അംഗീകൃതം*

നാഗാർജുന – പ്രകൃതിയുടെ
ഔഷധശക്തി



## COLLEGE OF SCIENCE

**Lyna Studio Lane**

Varkala

A PRIVATE TUITION CENTRE FOR
SCIENCE SUBJECTS ONLY

Classes I & II PDC (Going)
PDC (Private)

**B.Sc.** PHY/CHEM/MATHS/ZOOL/BOT/GEOL
Practical Only Batches For PDC & DC

Board of Directors



## The Ottapalam Co-operative Urban Bank Limited No. F. 1647,

## Ottapalam-679 101, Palghat District

P. B. No. 14

Phone: H. O: 4356
M & E : 4271
Lakkidi Br. 54

* Transacts all kinds of Banking businesses.
* Safe Deposit Locker facility at Head Office.
* We pay 1% higher interest on all types of deposits.
* Deposits upto Rs. 30,000/– are covered by deposit insurance.
* Financial assistance to members of all classes of society.

FINANCIAL POSITION AS ON 30.06.1990
(Rs. in lakhs)

1. Membership – 'A', class : 10573
2. Paid up capital : Rs. 22.71
3. Deposits : Rs. 527.63
4. Working capital : Rs. 558.34
5. Audit classification : 'A'

P. Gopakumaran,
Secretary.

Shri. K. M. C. Kurup.B.A., B. L.,
Advocate–President.

ഡോ. ധർമ്മരാജ് അടാട്ട്

# ചരിത്രപഠനത്തിൻെറ അനിവാര്യത

മുതലാളിത്തലോകത്തിലെ ബുദ്ധിജീവികൾക്കും പ്രചരണമാധ്യമങ്ങൾക്കും കിഴക്കൻ യൂറോപ്പിലേയും മററു ചില സോഷ്യലിസ്ററു നാടുകളിലെയും സംഭവവികാസങ്ങൾ അനന്തമായ സാധ്യതകളാണ് തുറന്നുകൊടുത്തിരിക്കുന്നത്. കൈ–മെയ് മറന്ന് അവർ ഒന്നടങ്കം ആ സാധ്യതകളെ അതിൻെറ പൂർണ്ണതയ്ക്കുമപ്പുറം ഉപയോഗപ്പെടുത്തുകയും ചെയ്തു. അതിൻെറ ഫലമായി 'കമ്മ്യൂണിസം മരിച്ചു' എന്നത് ഇന്ന് ഒരു സജീവ ചർച്ചാവിഷയമായിരിക്കുന്നു. അടുക്കളകളും കിടപ്പറകളും മൈതാനങ്ങളും സെമിനാർ ഹാളുകളും ചായക്കടകളും കടത്തിണ്ണകളും എന്തിനേറെ രണ്ടുപേർ കണ്ടുമുട്ടിയാൽ കുശലം ചോദിക്കുന്നതിനുമുമ്പ് കൈമാറുന്നത് കമ്മ്യൂണിസത്തിൻെറ ചരമവാർത്തയായിരിക്കുന്നു! കാപ്പിക്കട മുതൽ ക്യാബിനററ്‌വരെ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്ക് ഇടയാക്കുന്നതരത്തിൽ കമ്മ്യൂണിസ്ററ് പ്രത്യയശാസ്ത്രം വളർന്നുവികസിച്ചതിൽ തീർച്ചയായും നമുക്ക് അഭിമാനിക്കാം.

'കമ്മ്യൂണിസം' എന്നവാക്ക് ഇന്ന് മുഖ്യമായും മൂന്നുതലങ്ങളിൽ പ്രയോഗിച്ചുകാണുന്നുണ്ട്. മാർക്സിസ്ററ് ആചാര്യന്മാർ വിശേഷിച്ചും കാൾമാർക്സ്, എംഗൽസ്, ലെനിൻ, സ്ററാലിൻ, മാവോ എന്നിവർ ആവിഷ്കരിച്ച സാമൂഹ്യ പുരോഗതിയുടെയും സാമൂഹ്യപരിവർത്തനത്തിൻെറയും സാമാന്യവും ശാസ്ത്രീയവുമായ ആശയങ്ങളുടെ സംഹിത എന്ന അർത്ഥത്തിൽ 'കമ്മ്യൂണിസം' എന്ന വാക്ക് പ്രചാരത്തിലുണ്ട്. മുതലാളിത്തത്തിൻെറ തിരോധാനത്തോടെ മാനവരാശി എത്തിച്ചേരുന്ന, ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് അദ്ധ്വാനിക്കുകയും ആവശ്യമനുസരിച്ച് അനുഭവിക്കുകയും, ഒരുവൻെറവാക്കുകൾ മറെറാരുവന് സംഗീതംപോലെ ആസ്വദിക്കുവാൻ കഴിയുകയും, ഭരണകൂടമോ ചൂഷണമോ വർഗ്ഗങ്ങളോ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാമൂഹ്യവ്യവസ്ഥയെ 'കമ്മ്യൂണിസം'എന്നു പറയുന്നു. മാർക്സും എംഗൽസും മററാചാര്യന്മാരും വിഭാവനം ചെയ്ത കമ്മ്യൂണിസം ഇതാണ്. മൂന്നാമതൊരു അർത്ഥത്തിലും കമ്മ്യൂണിസമെന്ന വാക്ക് സർവ്വസാധാരണമായി ഉപയോഗിക്കുന്നുണ്ട്. മുതലാളിത്തത്തിൽ നിന്ന് കമ്മ്യൂണിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൻെറ ആദ്യഘട്ടത്തിലേയ്ക്കു പ്രവേശിച്ച സോഷ്യലിസ്ററ് രാജ്യങ്ങളെയും അവിടത്തെ ഭരണവ്യവസ്ഥയേയും പരാമർശിക്കുമ്പോൾ പലരും വ്യാപകമായും തെററിദ്ധാരണാജനകമായും ഉപയോഗിക്കുന്നത് 'കമ്മ്യൂണിസം' എന്ന വാക്കാണ്.

'കമ്മ്യൂണിസം മരിച്ചു''കമ്മ്യൂണിസം പ്രതിസന്ധിയിൽ' 'കമ്മ്യൂണിസം മ്യൂസിയത്തിലേക്ക്' എന്നെല്ലാം ആക്രോശിക്കുന്നവർ ഇതിൽ ഏത് അർത്ഥതലമാണ് വിവക്ഷിക്കുന്നത് എന്ന് സ്പഷ്ടമല്ല. എന്തായാലും ഒന്നാമത്തെയും രണ്ടാമത്തെയും അർത്ഥത്തിൽ കമ്മ്യൂണിസത്തിന് മരണമോ എന്തെങ്കിലും തരത്തിലുള്ള പ്രതിസന്ധിയോ സംഭവിച്ചിട്ടില്ല. കാരണം മുതലാളിത്തത്തിൽ നിന്ന് മാനവസമൂഹം സോഷ്യലിസത്തിലേയ്ക്കും കമ്മ്യൂണിസത്തിലേയ്ക്കും മുന്നോട്ടുപോകും എന്ന മാർക്സിസ്റ്റ് ആചാര്യന്മാ

# പയ്യന്നൂർ കോ-ഓപ്പറേററീവ് റൂറൽ ബേങ്ക് ലിമിററഡ്

*നമ്പർ എഫ്. 1234.*

ഹെഡ് ഓഫീസ് – പയ്യന്നൂർ

*(കണ്ണൂർ ജില്ലയിലെ പ്രമുഖ സ്പെഷ്യൽ ഗ്രേഡ് ബേങ്ക്)*

*ഹെഡ് ഓഫീസ് : ഫോൺ. 3004* *പ്രസിഡൻറ് : ഫോൺ . 2662*

ബ്രാഞ്ചുകൾ

1. പയ്യന്നൂർ ഫോൺ. 3004
2. കരിവെള്ളൂർ ,, 24
3. കാങ്ങ്കോൽ ,, 38
4. പെരുംബ ,, 2801
5. രാമന്തളി
6. കവ്വായി
7. സായാഹ്ന ശാഖ– പയ്യന്നൂർ ഫോൺ 3004
8. അന്നൂർ

'പ്രവർത്തന മൂലധനം 650 ലക്ഷം രൂപ'

* നിക്ഷേപങ്ങളിൽ ഉയർന്ന പലിശ നിരക്ക്
* കാർഷിക-കാർഷികേതര വായ്പകൾ മിതമായ പലിശ നിരക്കിൽ നൽകുന്നു.
* ചെറുകിട വായ്പകൾക്ക് കേഷ് ക്രഡിററ് വായ്പാ പദ്ധതി.
* സ്വയം തൊഴിൽ വായ്പാ പദ്ധതി.
* സെയ്ഫ് ഡെപ്പോസിററ് ലോക്കർ സൗകര്യം.
* 60 മാസം കൊണ്ട് ഇരട്ടിക്കുന്ന'അതുല്യ' നിക്ഷേപ പദ്ധതി.
* സായാഹ്ന ശാഖ പ്രവർത്തനം.

*വിശദ വിവരങ്ങൾക്ക് ഹെഡ്ഓഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.*

സി. കൃഷ്ണൻ (പ്രസിഡൻറ്)

# മാടായി കോ-ഓപ്പറേററീവ് റൂറൽ ബേങ്ക് ലിമിററഡ്. നമ്പർ എഫ്. 1233, പഴയങ്ങാടി

കേരളത്തിലെ ഏററവും വലിയ സ്പെഷ്യൽ ഗ്രേഡ് സഹകരണ റൂറൽ ബേങ്ക് മെമ്പറൻമാർക്ക് ക്ഷേമപദ്ധതി നടപ്പിലാക്കിയ കേരളത്തിലെ ഒന്നാമത്തെ സഹകരണ ബേങ്ക്

30,000ൽ പരം അംഗങ്ങൾ

നിക്ഷേപങ്ങൾ 11 കോടിയിലധികം

വായ്പ പിരിഞ്ഞു കിട്ടാനുള്ളവ 10 കോടി

ആകെ ശാഖകൾ 9.

ഓട്ടോറിക്ഷ വാങ്ങുന്നതിന് 30,000 ക. വരെ കടം കൊടുക്കുന്നു.

ഗൃഹോപകരണങ്ങൾ തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുന്നു.

*എല്ലാവിധ ബേങ്കിംഗ് പ്രവർത്തനങ്ങളും ചെയ്തുവരുന്നു*

*സെയ്ഫ് ഡപ്പോസിററ് ലോക്കർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.*

സെക്രട്ടറി

പ്രസിഡൻറ്

രുടെ നിഗമനത്തെ സൈദ്ധാന്തികമായോ പ്രായോഗികമായോ ചോദ്യംചെയ്യാനോ ബദൽ സിദ്ധാന്തമാവിഷ്കരിക്കാനോ ഒരു മുതലാളിത്തത ത്വശാസ്ത്രവിദഗ്ധനും നാളിതുവരെ കഴിഞ്ഞിട്ടില്ല. കമ്മ്യൂണിസം ഒരു സാമൂഹ്യ അവസ്ഥയായി ഇതുവരെ ലോകത്തിലെവിടെയും നിലവിൽ വന്നിട്ടില്ല. അത് ഇപ്പോഴും വിദൂരഭാവിയിൽ മാത്രം സാക്ഷാത്കരിക്കാൻ കഴിയുന്ന ഒരു മഹത്തായ ലക്ഷ്യമാണ്. നിലവിൽ വരാത്ത ഒരു സമൂഹത്തിന് പ്രതിസന്ധിയുണ്ടെന്നോ, അത് മരിച്ചുകഴിഞ്ഞെന്നോ പറയുന്നതിൽ യതൊരർത്ഥവുമില്ലല്ലോ.

എന്നാൽ ഇന്ന് നിലവിലുള്ള ചില സോഷ്യലിസ്റ്റ് നാടുകളിലെ ഭരണകൂടങ്ങൾ ആഴമേറിയ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കയാണെന്നതിൽ തർക്കമില്ല. ഈ സംഭവവികാസങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ടാണ് 'കമ്മ്യൂണിസം മരിച്ചു' എന്ന് മുതലാളിത്തത്തിൻെറ കുഴലൂത്തുകാർ പ്രചരണം നടത്തുന്നത്. ചില സോഷ്യലസ്റ്റ് ഭരണക്രമങ്ങളുടെ തകർച്ച കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ തകർച്ചയല്ലെന്ന തിരിച്ചറിവ് പുരോഗമന പ്രസ്ഥാനങ്ങളിലെ മുന്നണിപ്പോരാളികൾക്ക് ഇന്ന് ഒഴിച്ചുകൂടാനാവാത്ത അനിവാര്യതയാണ്.

പ്രതിസന്ധിയുടെ ആഴം കുറച്ചുകാണണമെന്ന് ഇതുകൊണ്ട് അർത്ഥമാകുന്നില്ല. പല സോഷ്യലിസ്റ്റ് നാടുകളിലെയും ഭരണക്രമങ്ങൾ ഗുരുതരമായ പ്രതിസന്ധികളെ അഭിമുഖികരിച്ചു കൊണ്ടിരിക്കുകയാണെന്നതിൽ രണ്ടുപക്ഷമില്ല. പല ഭരണക്രമങ്ങളും മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. പല നാടുകളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വന്തം. പേരിൽനിന്നും കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് എന്നീ പദങ്ങൾ തന്നെ മാറ്റിയിരിക്കുന്നു. ചില നാടുകളിൽ ചുവന്നകൊടികൾ ഉയർത്തിപ്പിടിക്കാൻ പോലും പലരും ധൈര്യം കാണിക്കുന്നില്ല. സോവിയറ്റ് യൂണിയനിലടക്കം വംശീയ-വിഘടന പ്രവണതകൾ തലപൊക്കിയിരിക്കുന്നു. സാമ്പത്തിക മാന്ദ്യം ചില സോഷ്യലിസ്റ്റ് ഭരണക്രമങ്ങളിൽ രൂക്ഷമായിരിക്കുന്നു. പല നാടുകളിലും പുത്തൻ കമ്പോളവ്യവസ്ഥയും സ്വകാര്യസ്വത്തും പുന:സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. തീർച്ചയായും ഇതെല്ലാം സംഭവിക്കാൻ പാടില്ലാത്തതായിരുന്നു മാർക്സിസ്റ്റാചാര്യന്മാരുടെസിദ്ധാന്തങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടു വരുന്നതിൽഉണ്ടായ ഗുരുതരമായ വീഴ്ചകളാണ് ഈ സംഭവവികാസങ്ങൾക്ക് നിദാനമായിട്ടുള്ളതെന്ന് അവയെ വിശകലനം ചെയ്യുന്ന ഒരാൾക്ക് മനസ്സിലാക്കാൻ വിഷമമില്ല. ഇക്കാര്യങ്ങളുടെ അടിവേരുകൾ മാർക്സിസ്റ്റ് ലെനിനിസ്റ്റ് ധാരണയുടെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് ആചാര്യന്മാർ വിശകലനം ചെയ്തു കൊണ്ടിരിക്കുന്നു.

ഏതൊരു ജനതതിക്കും മുന്നേറണമെങ്കിൽ അവരുടെ ഭൗതിക സഹചര്യങ്ങൾക്കൊപ്പം അനിവാര്യമായും വേണ്ട ഒരുഘടകമാണ് ഭാവിയെക്കുറിച്ചുള്ള സ്വപ്നം. സോഷ്യലിസ്റ്റ്—കമ്മ്യൂണിസ്റ്റ് സമൂഹം മാനവരാശിയുടെ സ്വപ്നമാണ്. ആ സ്വപ്നത്തിൻെറ സാക്ഷാൽക്കാരത്തിനുവേണ്ടിയാണ് പുരോഗമനശക്തികൾ തോളോടുതോൾചേർന്ന് പടപൊരുതിയതും പൊരുതികൊണ്ടിരിക്കുന്നതും. എന്നാൽ സോഷ്യലിസ്റ്റ് ചേരിയിൽപെട്ട ചില രാജ്യങ്ങളിലുണ്ടായകീഴ്മേൽ മറിച്ചിലുകൾ മാനവരാശിയുടെ ആ മഹത്തായസ്വപ്നത്തിന് മങ്ങൽ ഏല്പിച്ചിരിക്കുന്നു എന്നത് ഒരു വസ്തുതയത്രെ. അതുകൊണ്ടുതന്നെയാണ് പുരോഗമനശക്തികൾ, പ്രത്യേകിച്ചും അവരിലെ പുതിയതലമുറ അതിശക്തമായി വ്യഥിത ഹൃദയരായി മാറിയിട്ടുള്ളത്. ബൂർഷ്വാമാദ്ധ്യമങ്ങൾ പർവ്വതീകരിക്കുന്ന പോലെയുള്ള വൻപ്രതിസന്ധിയൊന്നും ഇല്ലെന്ന് ബോധ്യപ്പെട്ടിട്ടും അവരിൽ അസ്വാസ്ഥ്യം ഇനിയും പൂർണ്ണമയും നീങ്ങിയിട്ടില്ല. അതിനു കാരണം, മുഖ്യമായും, അനുഭവങ്ങളുടെ തീവ്രത പുതിയ തലമുറയ്ക്ക് അന്യമാണെന്നതത്രെ.

ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അതിൻെറ ഭാഗമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും വളർന്നത് ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടാണ്. ഒരു പക്ഷേ, ഇന്നത്തെ പ്രതിസന്ധിയേക്കാൾ ഗുരുതരമായ പ്രതിസന്ധികൾ ഈ പ്രസ്ഥാനത്തിന് അന്യമായിരുന്നിട്ടില്ലെന്ന് ചരിത്രം നമ്മെബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ചരിത്രം പഠിക്കുക എന്നതാണ് നാമോരോരുത്തരും ഏറ്റെടുക്കേണ്ട അടിയന്തിര കർത്തവ്യം. കാരണം ചരിത്രം മനുഷ്യനെ കൂടുതൽ ബുദ്ധിമാനും ഊർജ്ജസ്വലനും ആക്കുന്നു.

'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു–കമ്മ്യൂണിസമെന്ന ഭൂതം' എന്ന നിലവിളി (അതോ കൊലവിളിയോ?) കേട്ടുകൊണ്ടാണ് ഈ പുതിയ ആശയം പിറവിയെടുത്തത്. 1847 ജൂൺ മാസം 2-ാം തീയതി ലണ്ടനിൽ വച്ച് കമ്മ്യൂണിസ്റ്റ്ലീഗ് രൂപവൽകൃതമായി. 1847 നവംബർ 29 മുതൽ ഡിസംബർ 8 വരെ ചേർന്ന അതിൻെറ രണ്ടാമത്തെ കോൺഗ്രസിൻെറ തീരുമാനപ്രകാരം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ മാർക്സും എംഗൽസും ചേർന്ന് 1848-ൽ എഴുതിയുണ്ടാക്കി. നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവർക്ക്-തൊഴിലാളികൾക്ക്–അത് പുതിയൊരു ആശയും ആവേശവും നൽകി. മാർക്സിസം തൊഴിലാളികളുടെ സംഘടിത പ്രസ്ഥാനത്തിന് മൂർച്ചയേറിയ ആയുധമായിത്തീർന്നു.

ഒരു ഭാഗത്ത് ഭൂതമെന്ന് ആക്രോശിച്ച് പിന്തിരിപ്പൻ പ്രതിലോമകാരികൾ അതിനെതിരേകോട്ടകൾ തീർത്തപ്പോൾ മറുഭാഗത്ത് 'ഇതെല്ലാം ഒരു താടിക്കാരൻ ഭ്രാന്തൻെറ ജല്പനങ്ങൾ' എന്നു പറഞ്ഞ് അവർ അതിനെ അവഗണിച്ചു. ചെറുത്തുനില്പിൻെറ ബാലപാഠങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പഠിക്കുകയായിരുന്നു.

ലോകത്തെമ്പാടുമുള്ള പുരോഗമന പ്രസ്ഥാനങ്ങൾക്ക് ആവേശം നൽകിക്കൊണ്ടാണ്1871-മാർച്ച് 18-ാം തീയതി വെള്ളകീറിയത്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച് ഇരുപത്തഞ്ച്വർഷം തികയുന്നതിനുമുമ്പ് അത് ആയുധമാക്കി സംഘടിതതൊഴിലാളിവർഗ്ഗം ആദ്യമായി അധികാരം പിടിച്ചെടുത്തു-പാരീസ് കമ്മ്യൂൺ. പ്രതി ലോമകാരികൾക്ക് അതുണ്ടാക്കിയ

## കണ്ണൂർ സഹകരണ കാർഷിക വികസന ബേങ്ക് ലിമിററഡ്

നമ്പർ സി. 1006 : കണ്ണൂർ 2

(ബ്രാഞ്ച്:– ശ്രീകണ്ഠാപുരം,

സബ് ഓഫീസ്:– പിലാത്തറ

### കാർഷിക ദീർഘകാല വികസന പദ്ധതികൾ-വായ്പ!

*"പല പുതിയ പദ്ധതികളിലൂടെയുള്ള വായ്പകൾ ചുരുങ്ങിയ സമയംകൊണ്ട് നൽകുന്നു"*

സാധാരണ വായ്പകൾ (കയ്യാല വെക്കൽ, തട്ടുകളാക്കൽ മുതലായ ഭൂസംരക്ഷണ പ്രവർത്തനങ്ങൾക്ക്)

എല്ലാവിധ രേഖകളോടെ അപേക്ഷിക്കുക.

കാർഷിക വായ്പകൾ വേഗത്തിൽ തന്നെ ലഭിക്കാൻ വേണ്ട ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്.

ചില സ്കീമുകൾ പരിധിയെത്തിയാൽ തീരുന്നതാണ്. അതിനാൽ മുൻകൂട്ടി അപേക്ഷിക്കണം എന്ന് അറിയിക്കുന്നു.

പ്രസിഡണ്ട്: ഇ. പി. ജയരാജൻ M L A.

## പറവൂർ സഹകരണ ബാങ്ക്
## ക്ളിപ്തം നമ്പർ : 1759

എൻ. പറവൂർ — ഫോൺ : 2242

| | | |
|---|---|---|
| രജിസ്ററർ ചെയ്ത തീയതി | — | 4-9-1103 (M.E) |
| പ്രവർത്തനം ആരംഭിച്ച തീയതി | — | 20-10-1103 (M.E) |
| അധികൃത മൂലധനം | — | 51 ലക്ഷം |
| നിക്ഷിപ്ത മൂലധനം | — | 36 ലക്ഷം |
| പ്രവർത്തന മൂലധനം | — | 360 ലക്ഷം |
| അംഗങ്ങൾ | — | 10659 |

ആകർഷകമായ പലിശ നിരക്കിൽ വിവിധതരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. എല്ലാവിധ ബാങ്ക് ഇടപാടുകളും നടത്തി വരുന്നു. കൺസ്യൂമർ സ്റേറാറുകൾ, ചിട്ടികൾ, സേഫ്ഡെപ്പോസിററ്ലോക്കർ, സ്വർണ്ണപ്പണ്ട പണയം.

നിങ്ങളുടെ വലം കൈയ്യിനെപ്പോലെ വിശ്വസിക്കാവുന്ന വടക്കൻ പറവൂരിലെ പ്രമുഖ സഹകരണ സ്ഥാപനം

സമീപിക്കുക — സഹകരിക്കുക

K. A. രാധാകൃഷ്ണൻ (പ്രസിഡൻറ്)

N. വിഷ്ണുനമ്പൂതിരി (അ.സി: രജിസ്ട്രാർ-സെക്രട്ടറി)

**The South Indian Bank Ltd**
Regd Office Trichur Kerala

## നിഴലുപോലെ നിങ്ങളോടൊപ്പം

ചാരുകസേരയിലിരുന്ന് പോയ കാലത്തിന്റെ മാധുര്യത്തെ കുറിച്ചോർത്ത് വിശാലമായ ആകാശത്തിലേക്ക്, അലക്ഷ്യമായ് കണ്ണും നട്ട് .... തിരകളൊഴിഞ്ഞ് ശാന്തമായ സമുദ്രം പോലെ, അല്ലലൊഴിഞ്ഞ ജീവിതം....

സൗത്ത് ഇൻഡ്യൻ ബാങ്കുമായി ഒരിക്കൽ ബന്ധപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾക്ക് ബോദ്ധ്യപ്പെടും - കാരണം, ആവശ്യങ്ങൾക്കനുസൃതമായ നിരവധി പദ്ധതികൾ സൗത്ത് ഇൻഡ്യൻ ബാങ്കിനുണ്ട് എന്നതു തന്നെ!!

വരൂ, ഞങ്ങളുടെ ഏതെങ്കിലുമൊരു ശാഖയിലേക്ക്. നിങ്ങളുടെ പണത്തിന് നിങ്ങളോടൊപ്പം വളരാൻ കഴിയുമെന്ന് ഞങ്ങൾ ബോദ്ധ്യപ്പെടുത്താം.

എസ്. ഐ ബി. സേവനത്തിലൂടെ വളർച്ചയിലേക്ക്

നടുക്കം ചില്ലറയായിരുന്നില്ല. കമ്മ്യൂണിസ്ററ് പ്രസ്ഥാനങ്ങൾക്കെട്ടെ തങ്ങളുടെ സ്വപ്നസാക്ഷാത്കാര പ്രവർത്തനങ്ങൾക്ക് വീറും വീര്യവും നൽകുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തി.

എല്ലാം പെട്ടന്ന് പൊലിഞ്ഞു. പത്ത് ആഴ്ചകളുടെ ആയുസ്സ്. പാരീസ്. കമ്മ്യൂൺ തകർക്കപ്പെട്ടു! പിന്തിരിപ്പന്മാർ ഒററത്തൊണ്ടയിൽ വിളിച്ചലറി ;അതാ കഴിഞ്ഞു. തൊണ്ടിവർഗ്ഗം ഇനി തലപൊക്കില്ല. പുരോഗമനപ്രസ്ഥാനങ്ങൾ അതിശക്തമായ പ്രതിസന്ധിയെ നേരിട്ടു. ഇനിയൊരിക്കലും തല ഉയർത്താൻ കഴിയില്ലെന്നുവരെ അവരിൽ പലരും തിരുമാനിച്ചിരിക്കും. പക്ഷേ, ചരിത്രം അവിടം കൊണ്ടും അവസാനിച്ചില്ല. വീഴ്ചകളിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് കമ്മ്യൂണിസ്ററ് പ്രസ്ഥാനം മുന്നേറി.

പ്രതിസന്ധികൾ പിന്നെയും ചെറുതും വലുതുമായി പലതും മുന്നിൽ വന്നു. എന്നാൽ 1905-കളോടെ അത് മറെറാരു പതനത്തിൽ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തെ കൊണ്ടെത്തിച്ചു. റഷ്യൻ ബൂർഷ്വാവിപ്ലവത്തിന്റെ പശ്ചാത്തലത്തിലായിരുന്നുഅത്സംഭവിച്ചത്. ലെനിനെ കമ്മ്യൂണിസം എന്തെന്നുപഠിപ്പിച്ച പ്ലഹനോവടക്കമുള്ള പലപ്രമുഖരും ലെനിനെ തള്ളിപ്പറയുകയും റഷ്യൻ കമ്മ്യൂണിസ്ററ് പ്രസ്ഥാനം മെൻഷവിക്ക് എന്നും ബോൾഷവിക്ക് എന്നും രണ്ടായി പിളരുകയും ചെയ്തു. ലോക കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന് ഈ പിളർപ്പ് ഏല്പിച്ച ആഘാതം എത്ര ആഴമേറിയതായിരുന്നുവെന്നത് പറഞ്ഞറിയിക്കാനില്ല. ബൂർഷ്വാബുദ്ധിജീവികളും തദ്പ്രചാരകരും പൊട്ടിച്ചിരിക്കുകയും സന്തോഷനൃത്തം ചവിട്ടുകയും ചെയ്തു. എന്നാൽ ചരിത്രം അവിടെയും അവസാനിച്ചില്ല.

1917-ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്ററ് വിപ്ലവം കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന് പുളകച്ചാർത്തായിരുന്നു. ലോകകമ്മ്യൂണിസ്ററ് പ്രസ്ഥാനം തീയ്യിൽ കുരുത്തതാണെന്നും തളർച്ച എന്തെന്നറിയാത്തതാണെന്നുമുള്ള ആ ഉദ്ഘോഷണം, പക്ഷേ, മറെറാരു പ്രതിസന്ധിക്ക് വഴിമരുന്നിട്ടു. അത് ട്രോട്സ്കിയുടെ പുറത്തുപോകലിൽ അവസാനിച്ചു.

ലെനിന്റെ മരണശേഷം സ്ററാലിന്റെ നേതൃത്വത്തിൽ സോവിയററ് യൂണിയൻ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ അതിശക്തമായ കുതിച്ചുചാട്ടംതന്നെനടത്തി. അങ്ങനെ ഒന്നുമില്ലായ്മയിൽ പിറവികൊണ്ട ആദ്യത്തെ സോഷ്യലിസ്ററ് രാഷ്ട്രം വൻകിടമുതലാളിത്ത രാഷ്ട്രമായ അമേരിക്കയോടും മററും കിടപിടിക്കത്തക്ക നിലയിലേയ്ക്ക് ഉയർന്നു. ബൂർഷ്വാതാന്ത്രികന്മാർസോഷ്യലിസ്ററ് ശിശുവിനെ കഴുത്തുഞെരിക്കാനുള്ളമന്ത്രങ്ങളിൽ മുഴുകികൊണ്ടിരുന്നു. ഇക്കാലത്താണ് ജർമ്മനി ഹിററ്ലറുടെ രംഗപ്രവേശത്തോടെ ഫാസിസ്ററ് ശക്തിയായി അരങ്ങിലെത്തുന്നത്. ജർമ്മനി-ഇററലി-ജപ്പാൻസംഖ്യം അരങ്ങ് കൈയ്യടക്കി. അവരുടെ കണ്ണ് സോവിയററ് യൂണിയനാണെന്നുകണ്ട അമേരിക്കയും ബ്രിട്ടനുമടക്കമുള്ള മുതലാളിത്ത രാഷ്ട്രങ്ങൾ ഉൾപുളകമണിഞ്ഞു.

ഇക്കാലത്താണ് സ്ററാലിന്റെ വിദഗ്ധമായ രണപാടവം പ്രകടമാക്കിയ ഹിററ്ലർ-സ്ററാലിൻ അനാക്രമണസന്ധി രൂപംകൊണ്ടത്. ഹിററ്ലറുടെ പീരങ്കികൾ ബ്രിട്ടനും ഫ്രാൻസിനും മററുമുതലാളിത്തരാഷ്ട്രങ്ങൾക്കും നേരെ തിരിഞ്ഞു. മുതലാളിത്തലോകം അപ്പോഴാണ് അപകടം മനസ്സിലാക്കിയത്. ചുടലനൃത്തം ചവിട്ടിയ ഫാസിസ്ററ് ശക്തികൾ താമസിയാതെ അനാക്രമണസന്ധി പിച്ചിക്കീറി സോവിയററ് യൂണിയനിലേയ്ക്കും ഇരച്ചുകയറി. സോവിയററ് യൂണിയൻ അതിനകം തന്നെ സുസജ്ജമായിക്കഴിഞ്ഞിരുന്നു. അവർ മുതലാളിത്ത രാഷ്ട്രങ്ങളുമായി സഖ്യമുണ്ടാക്കി ഫാസിസത്തെ തുരത്തുന്നതിൽ വ്യാപൃതരായി. പുരോഗമന പ്രസ്ഥാനത്തിലെ പ്രവർത്തകർക്ക് കടുത്ത ആശയക്കുഴപ്പം ഉണ്ടാക്കിക്കൊണ്ടാണ് ഈ സഖ്യം രൂപപ്പെട്ടത്. ആ ജന്മശത്രുക്കളെന്ന് ഊണിലും ഉറക്കത്തിലും ഉരുവിട്ടു പഠിച്ച സോഷ്യലിസവും മുതലാളിത്തവും സഖ്യത്തിലേർപ്പെടുക—അതവർക്ക് ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. കാലം സ്ററാലിന്റെ പ്രവൃർത്തിയെ ഏററവും ബുദ്ധിപൂർവ്വം എന്ന് സാധൂകരിച്ചുവെങ്കിലും അത് കമ്മ്യൂണിസ്ററ് പ്രവർത്തകരിലുണ്ടാക്കിയ നടുക്കം ഇന്നും പൂർണ്ണമായും വിട്ടുപോയിട്ടില്ല.

ലോക കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന് നേരിടേണ്ടിവന്ന കടുത്ത വെല്ലുവിളികളിൽ മറെറാന്നാണ് സ്ററാലിൻ പ്രതിഭാസം. ഇന്നും അത് ഉണ്ടാക്കികൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ ചില്ലറയല്ല. സ്ററാലിനെ സമൂഹം തള്ളിപ്പറയുന്ന അവസ്ഥയിലേയ്ക്കുവരെ ഇന്ന് പല കമ്മ്യൂണിസ്ററ് പാർട്ടികളും നിപതിച്ചിട്ടുണ്ട്.

1960-കളിൽ സോവിയററ് യൂണിയനും കമ്മ്യൂണിസ്ററ് ചൈനയും തമ്മിൽ ചേരിതിരിഞ്ഞ് ജന്മശത്രുക്കളായി ഇരുധ്രുവങ്ങളിൽ വർത്തിച്ചത് ലോക കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മാച്ചാൽ മായാത്ത കളങ്കമാണുണ്ടാക്കിയത്. മഹത്തായ മാർക്സിസ്ററ്-ലെനിനിസ്ററ് പ്രത്യയശാസ്ത്രത്തെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയെയും മുറുകെ പിടിക്കുന്ന രണ്ടുസഹോദര പാർട്ടികൾ കീരിയും പാമ്പും കണക്കെ പോരടിച്ചത് ബൂർഷ്വാപ്രചരണ മാധ്യമങ്ങൾക്ക് എന്തുമാത്രം ഹരമാണ് ഉണ്ടാക്കിയതെന്നത് പറഞ്ഞറിയിക്കേണ്ടതില്ല.

ലോകകമ്മ്യൂണിസ്ററ് പ്രസ്ഥാനം ഓരോ കാലഘട്ടത്തിലും നേരിട്ട കടുത്ത വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും ഒരു വിഹഗവീക്ഷണമാണ് ഇവിടെ വിവൃതമാക്കിയത്. ഈ ഓരോ പ്രതിസന്ധിയെയും മുതലിളിത്തലോകം ഹർഷാരവത്തോടെയാണ് എതിരേററത്. ഓരോ തവണയും മാർക്സിസം മരിച്ചു മരിച്ചു എന്നവർ പ്രചണ്ഡമായി മുറവിളികൂട്ടി. പുരോഗമന ശക്തികളെ പലപ്പോഴും തളർത്തുകയും അവരുടെ പ്രവർത്തനങ്ങളിൽ ഇടർച്ചകൾ ഉണ്ടാക്കുകയും ചെയ്യുന്നതിൽ ഈ പ്രചരണങ്ങൾ ഇന്നത്തെപ്പോലെ തന്നെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ചരിത്രഗതി പിന്നെയും മുന്നോട്ടാണെന്ന് നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ട് വിമോചന

Phone: 49

# Koovappally Service Co-operative Bank

**KOOVAPPALLY – 686 518**
**KOTTAYAM Dt. KERALA**
**(Branch-26th Mile)**

*അംഗങ്ങൾ : 3131*
*ഓഹരിമൂലധനം : 1075877.50*
*നിക്ഷേപങ്ങൾ : 10342670*
*വായ്പകൾ : 8681927*

കുറഞ്ഞ പലിശയ്ക്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ.
നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ.

| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|
| **ശ്രീ K.O. വർക്കി** | **ശ്രീ N.M. ആന്റണി** | **ശ്രീ K.J. വർക്കി** |
| ക്രൂരമററത്തിൽ | നരിതൂക്കിൽ | കൊള്ളിക്കുളവിൽ |

**വൈവിദ്ധ്യമേറിയ**
**ഇംഗ്ലീഷ്–മലയാളം പുസ്തകങ്ങൾക്ക്**

# കറന്റ് ബുക്സ്

**കറന്റ് ബുക്സ്:**

കോട്ടയം (3 ശാഖകൾ), തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, ആലുവ, കോഴിക്കോട്, പാലക്കാട്, തലശ്ശേരി, കല്പററ.

*കൂടാതെ 27 ഏജൻസികളും.*

# കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ 3978**

*ഫോൺ : എരുമേലി 281* *കണ്ണിമല*

കാർഷിക കാർഷികേതര വായ്പകൾ, പ്രതിമാസ ലേല ചിട്ടികൾ വിവിധ നിക്ഷേപപദ്ധതികൾ, റബർ വ്യാപാരം, കൽപ്പകാ സ്റ്റോർ, വളം, തുരിശ്, ആസിഡ്, റേഷൻ വ്യാപാരം എന്നിവയും നടത്തുന്നു.

| | |
|---|---|
| *ശ്രീ റ്റി.ജെ. ജോസഫ്* | *തോമസ് പി. ജോസ്* |
| തടത്തിൽ | പൂപ്പവാലിൽ |
| പ്രസിഡന്റ് | സെക്രട്ടറി |

പ്പോരാട്ടം ഇന്ന് മൂന്നാം ലോകരാഷ്ട്രങ്ങളിലാകെ പിരിമുറുക്കം സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്. മുതലാളിത്ത പ്രചാരണ മാധ്യമങ്ങളുടെ ഗജനിമീലനത്തിന്നിരയായി വളരെ തമസ്കരിക്കപ്പെട്ടവയാണെങ്കിലും നമീബിയയുടെ സ്വാതന്ത്ര്യലബ്ധിയും, ബർമ്മയിലെയും നേപ്പാളിലേയും ജനാധിപത്യ പ്രസ്ഥാനങ്ങളുടെ മുന്നേറവും, സ്വജീവിതത്തിന്റെ സിംഹഭാഗവും ജയിലിൽ ഹോമിക്കേണ്ടിവന്ന നെൽസൺ മണ്ടേലയുടെ മോചനവും പുരോഗമന പ്രസ്ഥാനത്തിന്റെ പ്രവർത്തകരെ ആവേശം കൊള്ളിക്കുന്നു. ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാഷ്ട്രങ്ങളിൽ മാത്രമല്ല, വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലും വിമോചനത്തിന്റെ സമരകാഹളം തീവിതറിക്കൊണ്ടിരിക്കുന്നു. മാർക്സിസം-ലെനിനിസം മരിച്ചു എന്ന് ആക്രോശിച്ചിട്ടുള്ള ബൂർഷ്വാബുദ്ധിജീവികളുടെ നിരവധി തലമുറകൾ മണ്ണോടുചേർന്നെങ്കിലും അജയ്യമായ ഈ പ്രസ്ഥാനം, ഈ പ്രത്യയശാസ്ത്രം ചൂഷകന്റെ നേരെയുള്ള മിസൈൽ കണക്കെ അവനെ ഇന്നും കിടിലം കൊള്ളിച്ചുകൊണ്ടിരിക്കുന്നു.

താല്ക്കാലിക ഇടർച്ചകളിൽ പതറാതെ ചരിത്രം പഠിച്ച് കരുത്തുനേടി കൂടുതൽ ഊർജ്ജസ്വലരാകുവാൻ ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം നമ്മെ ആഹ്വാനം ചെയ്യുന്നു.

ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഉണ്ടാകുന്ന ഓരോ പ്രതിസന്ധിയും അതിന്റെ ഭാഗമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണല്ലോ. അതുകൊണ്ടു തന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലേയ്ക്ക് കൂടി കടക്കാതെ ഈ നിരീക്ഷണം പൂർണ്ണമാകുന്നില്ല. 1937-ൽ സംഘടിതമായ രൂപം കൈക്കൊണ്ട ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഏററവും ആദ്യം നേരിടേണ്ടിവന്ന ആശയക്കുഴപ്പം 1942-കളിലാണ് ഉണ്ടായത്-രണ്ടാം ലോകമഹായുദ്ധം. ഇക്കാലത്താണ് ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം അതിന്റെ പരമോന്നത ഘട്ടങ്ങളിലേയ്ക്ക് കാൽ ഊന്നിയത്. ബ്രിട്ടനെതിരെ ശക്തമായ വികാരവുമായി ഇന്ത്യൻ ജനതയോടൊപ്പം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും മുന്നേറിയ ഇക്കാലഘട്ടത്തിന്റെ ഒരു പ്രത്യേക അവസരത്തിൽ-റഷ്യ യുദ്ധത്തിൽ പ്രവേശിച്ചതോടെ-ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വല്ലാത്തൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവന്നു. യുദ്ധത്തിനെതിരെ, ബ്രിട്ടനെതിരെ, പ്രസംഗിച്ചു നടന്ന കമ്മ്യൂണിസ്റ്റുകാർ ഒരു സുപ്രഭാതത്തിൽ ജാപ്പ്‌വിരുദ്ധരും ബ്രിട്ടീഷ് അനുകൂലികളുമായി പ്രത്യക്ഷപ്പെട്ടു. ഈ കീഴ്മേൽ മറിച്ചിൽ എന്തുകൊണ്ടുണ്ടായി എന്ന് പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെപ്പോലും പറഞ്ഞു ബോധ്യപ്പെടുത്താൻ നേതാക്കൾക്ക് എത്രയോ സമയം ചെലവഴിക്കേണ്ടി വന്നുവെന്നോ! എന്നിട്ടും അത് സഫലമായോ എന്നതു മററൊരുകാര്യം! എന്നാൽ ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിച്ച ദുർഘടമായ പ്രതിസന്ധി അതൊന്നുമായിരുന്നില്ല. അവർ ഇന്ത്യൻ ജനതയിൽ നിന്നും പൂർണ്ണമായും ഒററപ്പെട്ടു. ധീരരായ സ്വാതന്ത്ര്യ സമര പോരാളികളെ സംഭാവനചെയ്ത, ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി അഹോരാത്രം പാടുപെട്ട കമ്മ്യൂണിസ്റ്റുകൾ ഒടുവിൽ ബ്രിട്ടീഷ് ചാരന്മാരായി മുദ്രകുത്തപ്പെട്ടു.! ഒരുപക്ഷേ ഇത്രയും ഭീകരമായ ഒററപ്പെടലിന്റെ വിഹ്വലത ഈ പ്രസ്ഥാനം അതിനുമുമ്പോ പിമ്പോ അനുഭവിച്ചിട്ടില്ലെന്നതാണ് യാഥാർഥ്യം.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം സ്വാതന്ത്ര്യത്തെ കുറിച്ചുള്ള അഭിപ്രായങ്ങളിലുണ്ടായ ഭിന്നതയും ചൈനീസ് ആക്രമണ കാലത്തുണ്ടായ ഒററപ്പെടലും, 1957-ൽ തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയതും 1959-ലെ വിമോചന സമരവും എല്ലാം ഇന്ത്യൻകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ടാക്കിയ കോട്ടങ്ങൾ ചില്ലറയല്ല. ഇതിൽ എടുത്തു പറയേണ്ട ഒന്നാണ് 1957-ലെ ഇ. എം. എസ്. മന്ത്രിസഭയുടെ രൂപവൽക്കരണം. കമ്മ്യൂണിസ്റ്റുകാർ സായുധവിപ്ലവം ഉപേക്ഷിച്ച് പാർലമെന്ററ് വ്യവസ്ഥയിലേയ്ക്ക് മടങ്ങിയെന്ന് മർക്സിസ്റ്റ് വിരുദ്ധശക്തികൾക്ക് പ്രചണ്ഡമായി പ്രചാരണം നടത്താൻ അത് അവസരം കൊടുത്തു.

എന്നാൽ ഇതിനേക്കാളെല്ലാം ശക്തമായ ആഘാതമായി മാറിയത് 1964-ലെ ഇന്ത്യൻകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭിന്നതയായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പിളരുക എന്നത് ഒരു പാർട്ടി പ്രവർത്തകന് ആലോചിക്കുവാൻപോലും അന്ന് കഴിഞ്ഞിരുന്നില്ല. എന്നാൽ പിളർപ്പ് യാഥാർത്ഥ്യമായി കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ കിംകർത്തവ്യതാ മൂഢരായി എത്രയെത്രപേർ പതറിപ്പോയി. പല സജീവ പ്രവർത്തകരും നിർവീര്യരായി രംഗംവിടാൻ പോലും ഇടയാക്കിയതായിരുന്നു ഈ ഭിന്നിപ്പ്. അക്കാലഘട്ടത്തിൽ ഒരു ഇടതുപക്ഷപ്രവർത്തകന്റെ ഹൃദയവികാരം എത്രമാത്രം കീഴ്മേൽ മറിഞ്ഞു എന്ന് ഇന്നത്തെ തലമൂത്ത ഇടതുപക്ഷ പ്രവർത്തകരോട് ചോദിച്ചാലറിയാം.

ഈ പശ്ചാത്തലത്തിലെല്ലാമാണ് ഇനിയൊരു നൂറു വർഷക്കാലത്തേയ്ക്ക് മാർക്സിസ്റ്റുകാർ കേരളം കണികാണില്ലെന്ന് പല കോണുകളിൽ നിന്നും ആരവമുയർന്നത്. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിലേയ്ക്ക് ഇനിതിരിച്ചുവന്നാൽ വിഷം കഴിച്ചുകളയുമെന്ന് ഉദ്ഘോഷിച്ചവരും, ഇനിയൊരിക്കലുംകമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിലെത്തില്ലെന്ന് ഗവേഷിച്ച് ഡോക്ടർ ബിരുദം നേടിയ അക്കാദമീയ പണ്ഡിതന്മാരും ഇക്കാലഘട്ടങ്ങളുടെ സംഭാവനയാണ്. അവരിൽ പലരും മണ്ണോടു ചേർന്നെങ്കിലും ഇടതുപക്ഷ പ്രസ്ഥാനം ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ദിശനിർണ്ണയിക്കുന്ന ശക്തിയായി വളർന്നുകൊണ്ടിരിക്കുകയാണ്. ആ വളർച്ചയെ മുന്നോട്ടുകൊണ്ടു പോകുവാൻ ചരിത്രത്തിൽ നിന്നും ആവേശമുൾക്കൊണ്ട് സ്വയം സന്നദ്ധരാകാൻ ഇടതുപക്ഷ പുരോഗമന ശക്തികൾക്ക് കഴിയണം. □

*With best compliments from*

# A.C.R. DISTRIBUTORS,

**(Handling Agents for Goodlass Nerolac Paints Ltd.,)**

## GAYATHRI BUILDINGS,

Power House Road, Chowka Junction,

THIRUVANANTHAPURAM — 695036

---

അതുല്യ ശില്പഭംഗിയും അസാധാരണ ഗുണമേന്മയും ഒത്തിണങ്ങിയ **സ്വർണ്ണാഭരണങ്ങൾ** ഉത്തരവാദിത്വത്തോടുകൂടി പണിഞ്ഞുകിട്ടുന്നതിനും

**വെള്ളി ഉരുപ്പടികൾക്കും**

## മഞ്ജു ജുവലറി

മെയിൻ റോഡ്,

**കടയ്ക്കൽ**

സർട്ടിഫിക്കറ്റ് നമ്പർ. 91/78

പ്രൊ: സി. നീലകണ്ഠൻആചാരി.

---

## *The Prestige Marketing Services*


Chempakassery

Aryasala


*THIRUVANANTHAPURAM—36*

**Phone : 75492**

**(Principal Wholesale Dealers for:**
**AVT PREMIUM TEA AND SPICES)**





സേവന ഭദ്രതയ്ക്കുവേണ്ടി 1968 ജനുവരിയിൽ തിരുവനന്തപുരത്തുനടത്തിയ പ്രകടനം




ഡയറക്ട് പേമെൻറിനായി 1971-ൽ സെക്രട്ടേറിയററു നടയിൽ നടത്തിയ കൂട്ടസത്യാഗ്രഹം. മേയർ കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്യുന്നു.





അന്യായമായ സ്ഥലംമാററങ്ങൾക്ക് എതിരേ ച
ശ്ശേരി എൻ. എസ്. എസ്. ഹെഡ് ഓഫീസ് പടിക്കൽ സമരം.



എസ്. എൻ. ട്രസ്റ്റാഫീസ് പടിക്കൽ നടത്തിയ കൂട്ടധർണ്ണ




1985 ൽ സേവനഭദ്രതയ്ക്കുവേണ്ടി വീണ്ടും സമരം





1986 ൽ നടന്ന പ്രീഡിഗ്രി ബോർഡ് വിരുദ്ധസമരം
അധ്യാപകരുടെ നിരാഹാരസത്യാഗ്രഹം പ്രൊഫ.
ഒ. എൻ. വി. കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.

1981 ലെ യു. ജി. സി. സമരം





തിരുവനന്തപുരം കൺവൻഷൻ—പ്രകടനം



തിരുവനന്തപുരം കൺവൻഷൻ—പ്രതിനിധികൾ




30-ാം കൺവൻഷൻ—തൃശൂർ പ്രകടനം




31-ാം കൺവൻഷൻ—തിരുവല്ല പ്രകടനം



പ്രൊഫ. പി. നരേന്ദ്രന്
യാത്രയയപ്പ്—മഞ്ചേരിയിൽ
നടന്ന സംസ്ഥാന സമ്മേളനം.

പ്രൊഫ. ജെ. പത്മകുമാരി

# നിഷേധത്തിന്റെ സന്ദേശം

പ്രൊഫസർ എം. പി. രാഘവക്കുറുപ്പ് പ്രൈവററ് കോളേജധ്യാ
പകർക്ക് മറക്കാനാവാത്തൊരു അധ്യാപകനേതാവായിരുന്നു. പ്രത്യുല്പന്നമ
തിയെന്നു ശത്രുക്കൾപോലും അംഗീകരിക്കുന്ന ആ ഗുരുനാഥൻ എൻ.എസ്
എസ് മാനേജുമെന്റിന്റെ ഒരുവിധം എല്ലാ കോളേജുകളിലും സേവനമനു
ഷ്ഠിച്ചിട്ടുണ്ട്. മഹാത്മാഗാന്ധികോളേജ്, നിലമേൽ, പന്തളം, ചങ്ങനാ
ശ്ശേരി, വാഴൂർ, ഒററപ്പാലം, മട്ടന്നൂർ എന്നീ കോളേജുകളിൽ, മാനേജു
മെൻറ് പന്തുതട്ടുംപോലെ അദ്ദേഹത്തെ അങ്ങോട്ടുമിങ്ങോട്ടും തട്ടിയ
പ്പോൾ വിജയം മാനേജർക്കല്ല, രാഘവക്കുറുപ്പിനാണ്, എന്നു വാദിച്ചയാ
ളാണ് രാഘവക്കുറുപ്പുസാറ്. മാനേജർക്ക് ഒരൊററനിർബന്ധമേയുള്ളു.
മാനേജരോടു ചോദിച്ചിട്ട് സ്വന്തം അഭിപ്രായങ്ങൾക്കു രൂപംകൊടുക്കാൻ
ഒരിക്കലും തയ്യാറാകാത്ത കുറുപ്പുസാറിന് സ്വന്തം വീട്ടിൽതാമസിച്ച്ജോലി
ക്കുപോകാൻ സാധിക്കരുത്. പക്ഷേ എവിടെയൊക്കെ സ്ഥലംമാററിയോ
അവിടെയൊക്കെ സ്വന്തം സ്ഥലമാക്കിമാററി കുറുപ്പുസാറ്. കുഞ്ഞിക്കുട്ടൻ
തമ്പുരാനെപ്പോലല്ല, ഉദ്യോഗസ്ഥയല്ലാത്ത ഭാര്യയെ ജോലിസ്ഥലത്തുകൊ
ണ്ടുചെന്നു താമസിപ്പിച്ച് അവിടെത്തന്നെ കുടുംബവുമായിട്ടങ്ങുകൂടാൻ
തീരുമാനിച്ചെന്നെല്ലാവരോടും പറഞ്ഞ് വീടിനുകുറച്ചു സ്ഥലം വാങ്ങി
ക്കാൻ ഏർപ്പാടുമാക്കും. അത്രയേവേണ്ടൂ, അടുത്തസ്ഥലംമാററ ഉത്തരവ്
കൈയ്യിൽ!

ഇക്കാര്യത്തിൽ മാത്രമല്ല, സാറ്, മാനേജുമെൻറിനെ 'വെകിളി'പിടിപ്പി
ച്ചിട്ടുള്ളത്. കോളേജുകളിൽ അധ്യാപനം നേരേനടക്കണമെന്ന ആഗ്രഹമി
ല്ലാതെ അധ്യാപകരെ നിയമത്തിന്റെ മുനയിൽനിറുത്തി ക്ലേശിപ്പിച്ചുരസി
ച്ചമാനേജരെയും പ്രിൻസിപ്പൽമാരെയും പരിഹസിക്കുന്നതിൽ അദ്ദേഹ
ത്തിനുയാതൊരു കൂസലുമില്ലായിരുന്നു. അവധിക്കു നേരത്തേഅപേക്ഷി
ക്കാത്തതിനു തട്ടിക്കയറിയ പ്രിൻസിപ്പലിനോട് 'കാഷ്വൽലീവിന്റെ' അർ
ത്ഥം പഠിക്കാൻ ശുപാർശചെയ്യുകമാത്രമല്ല, കവിതയിൽ അവധിയ്ക്കപേ
ക്ഷ എഴുതിക്കൊടുത്ത് വിഷമിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോളേജിൽ
വരുമ്പോഴും പോകുമ്പോഴും സമയംവച്ച് ഒപ്പിടാൻ പറഞ്ഞ പ്രിൻസിപ്പൽ,
കുറുപ്പുസാറ്പോയ സമയത്ത് ഒപ്പിടാഞ്ഞതിന് അടുത്തദിവസം സമാധാ
നം ആവശ്യപ്പെട്ടു. "ഞാനിന്നലെപോയില്ല. ഈ കോളേജിൽത്തന്നെ താമസി
ക്കുകയായിരുന്നു" എന്നായിരുന്നു മറുപടി.

ഏററവും രസകരമായ സംഭവം അദ്ദേഹത്തിന്റെ സർവ്വീസ്ബുക്കു
മായി ബന്ധപ്പെട്ടതാണ്. രാഘവക്കുറുപ്പുസാറ് സർവ്വീസിൽ പ്രവേശി
ച്ച് വർഷങ്ങൾ അനേകം കഴിഞ്ഞതിനുശേഷമാണ്, അദ്ദേഹം തന്നെ നേതൃ
ത്വം കൊടുത്ത് അനേകം സമരങ്ങൾ നടത്തിയതിനുശേഷമാണ് പ്രൈവ
ററുകോളേജധ്യാപകർക്കു സ്ഥിരമായ സർവ്വീസും അതുരേഖപ്പെടുത്താൻ
ഒരുബുക്കും നിലവിൽ വന്നത്. ഞാനുൾപ്പെടെ ഇന്നു സർവ്വീസിലുള്ള അനേ
കം അധ്യാപകർ ജോലിചെയ്തു തുടങ്ങിയ കാലത്ത്, ഓരോ ദിവസവും കോ
ളേജിലെത്തിയാൽ മേശപ്പുറത്തൊന്ന് ശ്രദ്ധിച്ച നോക്കിയിട്ടക്ലാസിൽപ്പോ
യാൽ മതിയായിരുന്നു, 'ഇന്നുമുതൽ നിങ്ങളെപിരിച്ചവിട്ടിരിക്കുന്നു' എന്നൊരു

## The Cannanore District Co–Operative Bank Ltd.,

**P. B. No. 35, CANNANORE–670 001.**

**Central Financing Agency for the Co-operatives in the District.**

**Branches all over Cannanore District**

**Transacting all kinds of Banking Business**

**Different kinds of deposit schemes on attractive rate of interest**

**Provides facilities on gold loans to individuals**

**Deposits covered by Insurance scheme**

*For further details*

Please visit any of our branches

**Safe Deposit Locker Facility Available at our cannanore main branch**

**T. V. Gopinathan Nambiar**
**General Manager**

**E. Narayanan**
**President**

---

*With best wishes*

PHONE : 851 66 99, 851 85 73, 86 57 88
GRAM : GULFTRAVEL
TLX : 11-76654 IAT IN
FAX : 8728859

## indo arab travels

**[Recognised by Govt. of India]**
Ministry of Labour Registration No. 000188.
106, Kambekar Street, Near Mohamedali Road,
**Bombay–400003.**

**Branch Offices**

**Narangapuram, Tellicherry, Kerala-670 101.**
Phone: 21284 * 21523 * 21856. Telex: 8002 202 IAT IN
GRAM : Indoarab

**Kingsway Bldg., Mavoor Road Junction**
***Calicut, Kerala-673001.***
Phone: 52919. Telex: 804 589 IAT IN. GRAM: INDOARAB

**V O. Road, Badagara, Kerala-673 101.**
Phone: 2804. GRAM: INDOARAB

തുണ്ടുകടലാസിൽകുറിച്ചവിടെ വച്ചിട്ടുണ്ടെങ്കിൽ, അതിനൊരുകാരണവും വേണ്ട, മിണ്ടാതെ വീട്ടിൽപ്പോകാം. ആ അവസ്ഥ മാററുന്നതിന് ഒട്ടും അപ്രധാനമല്ലാത്തൊരു പങ്കുവഹിച്ച കുറുപ്പുസാറ് സർവീസ്ബുക്കെഴുതിത്തുടങ്ങാൻ ആദ്യത്തെപേജുതന്നെ പൂരിപ്പിക്കാൻ തുടങ്ങിയപ്പോൾ ഒരു പാകപ്പിഴ, രക്ഷാകർത്താവിൻെറ പേരെഴുതണം. അക്കാലത്തുസാറ് ഭാര്യയുടേയും നാലഞ്ചുകുട്ടികളുടേയും രക്ഷാകർത്താവാണ്. അതുകൊണ്ട് സാറിനു വേറൊരുരക്ഷാകർത്താവില്ലെന്നു പറഞ്ഞു. അതുപററില്ലെന്നായി മാനേജർ. ഒട്ടും സംശയിക്കാതെ രാഘവക്കുറുപ്പുസാറെഴുതിക്കൊടുത്തു രക്ഷാകർത്താവിൻെറ പേരും മേൽവിലാസവും :

ഡോ : രാധാകൃഷ്ണൻ. രാഷ്ട്രപതി
ഇന്ത്യൻ റിപ്പബ്ളിക്

ഇതു കണ്ടവരൊക്കെ അമ്പരന്നു. രാഷ്ട്രപതിയുടെ പേരും ഇങ്ങനെ കുറുപ്പുസാറിൻെറ നേരമ്പോക്കിനു പ്രയോഗിക്കാമോ ? സാറ് ഇക്കാര്യം നേരമ്പോക്കായി ഉപേക്ഷിച്ചില്ല. രാഷ്ട്രപതിക്ക് അപേക്ഷ അയച്ച് സമ്മതപത്രം വരുത്തിയിരുന്നു. ഒരിന്ത്യൻ പൗരനും അനാഥനല്ല, മററാരുമില്ലാത്ത ഇന്ത്യാക്കാരൻെറ രക്ഷാകർത്താവ് രാഷ്ട്രപതിയാണ്, എന്ന നിയമപ്രകാരം; രക്ഷാകർത്താവിൻെറ പേരെഴുതിയില്ലെങ്കിൽ ജോലി നഷ്ടപ്പെടുമെന്ന അവസ്ഥയിൽ രാഷ്ട്രപതിയുടെ പേരുപയോഗിക്കാൻ അനുവദിച്ചുകൊണ്ടുള്ള സമ്മതപത്രം അമൂല്യനിധിയായി അദ്ദേഹം സൂക്ഷിക്കുകയും ചെയ്തു.

ചങ്ങനാശ്ശേരിയിൽ ഒന്നാം ഗ്രേഡു പ്രൊഫസ്സറായിട്ടാണദ്ദേഹം സർവീസിൽ നിന്നു വിരമിച്ചത്. എം. എ. കോഴ്സ് തുടങ്ങി, പ്രൊഫസ്സർ ചാർജ്ജെടുത്ത് അധികനാളാകും മുമ്പ് അവിസ്മരണീയമായൊരു സംഭവം: ക്ലാസുമുറികൾ പുതിയതൊന്നും ഉണ്ടാകാതെ ഏതുകോളേജിലും പുതിയ കോഴ്സുകളെത്ര വേണമെങ്കിലും ആരംഭിക്കും ഇന്നും. അന്ന് എം. എ. വിദ്യാർത്ഥികൾക്കിരിക്കാൻ സൗകര്യമുള്ളൊരുമുറിയില്ല. പ്രൊഫസ്സർ കുട്ടികളെ വിളിച്ചുകൊണ്ട് പ്രിൻസിപ്പലിൻെറ മുറിയിലെത്തി. നിവേദനം നല്കാനെന്നുകരുതിയ കുട്ടികളോട് അവിടെ ഇരിക്കാൻ പ്രൊഫസ്സർ കല്പിച്ചു. അവർ വിറച്ചുകൊണ്ടിരുന്നു. രാഘവക്കുറുപ്പുസാറ് കേരളപാണിനീയം പഠിപ്പിക്കാനും തുടങ്ങി. പ്രിൻസിപ്പലിനും പെട്ടെന്നുകാര്യം മനസ്സിലായില്ല. കുറുപ്പുസാറാണെങ്കിൽ പ്രിൻസിപ്പലിനെ ശ്രദ്ധിക്കുന്നേയില്ല. പഠിപ്പിക്കുന്നതിലാണു മുഴുവൻ ശ്രദ്ധയും. ഏതായാലും പ്രിൻസിപ്പൽ കാര്യമെന്താണെന്നന്വേഷിച്ചു. "ഒരാൾക്കിരിക്കാൻ ഇത്രയും സൗകര്യമുള്ള ഒരു വലിയ മുറിവേണ്ടല്ലോ. ഇവർക്ക് ഇരുന്നു പഠിക്കാൻ കൊള്ളാവുന്ന മുറിയുമില്ല" എന്നു പ്രൊഫസ്സർ ഒന്നും വിശേഷിച്ച് സംഭവിക്കാത്തമട്ടിൽ മറുപടികൊടുത്തു. ഒട്ടും താമസിയാതെ എം. എ ക്ലാസ്സു നടത്താൻ പററിയ മുറി അവിടുണ്ടായി എന്നുപറയേണ്ടതില്ലല്ലോ.

വിദ്യാർത്ഥികളോടും സഹപ്രവർത്തകരോടുമെന്നല്ല, മക്കളോടുപോലും ഇതേശൈലിയിലാണദ്ദേഹം പെരുമാറുക.

എം. ജി. കോളേജിൽ അദ്ദേഹം പ്രൊഫസ്സറായിരിക്കുമ്പോൾ എൻെറ ക്ലാസ്സിലിരുന്ന് പാട്ടുമൂളിയ ഒരുവിദ്യാർത്ഥിയെ ക്ലാസ്സുകഴിഞ്ഞപ്പോൾ താൻ തന്നെ സ്ററാഫ് റൂമിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. അകത്തുകടന്നയുടൻ ആ കുട്ടിയോട് എന്താണുപ്രശ്നമെന്നദ്ദേഹം അന്വേഷിച്ചു. അയാൾ സത്യം പറഞ്ഞു. പെട്ടെന്ന് കുറുപ്പുസാറ് പോക്കററിൽ നിന്നും പത്തുപൈസാ എടുത്തുകൊടുത്തിട്ട് ഇനി ശനിയാഴ്ച വന്നാൽ മതിയെന്നുപറഞ്ഞു ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ക്ലാസ്സിൽ കേററരുതെന്നു പറയുന്നതിനേക്കാൾ എത്രശക്തമായിരുന്നെന്നോ സരസമായ ഈ ശിക്ഷ! സാറിൻെറ മുഖത്തെ ഗൗരവം കണ്ട ഞങ്ങൾക്കാർക്കും ചിരിക്കാൻ പോലും കഴിഞ്ഞില്ല. പതിവുപോലെ ഏതാനും മാസങ്ങൾ മാത്രമാണ് അത്തവണയും അദ്ദേഹം എം. ജി. യിലുണ്ടായിരുന്നത്. അവിടുന്നു മട്ടന്നൂരേയ്ക്കു സ്ഥലം മാററം കിട്ടിപോയപ്പോൾ അവിടുന്ന് എനിക്കെഴുതി അയച്ച കത്തിലെ രസകരമായ ഭാഗങ്ങളാണു താഴെചേർക്കുന്നത്. ഞാനന്നുതെക്കൻ പാട്ടുകളിൽ ഗവേഷണം നടത്തിയിരുന്നു. ഓലകളിലെഴുതിയ പഴയപാട്ടുകൾ തമിഴ്മലയാളലിപിയിൽ നിന്നുമലയാളലിപിയിലാക്കി പകർത്തിയെടുക്കുന്ന വിവരം സാറിനറിയാം. അത് ഈ ഹാസ്യസന്ദേശത്തിൽ പരാമർശിക്കുന്നു. സാറ് രഘുവംശം മനോഹരമായിതർജ്ജിമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളപാണിനീയം വ്യാഖ്യാനിച്ചുകൊണ്ടിരിക്കുമ്പോഴാണ് അന്ത്യം സംഭവിച്ചത്. ഈ കത്തിലുമുണ്ട് മാനേജ്മെൻറിൻെറ അനീതിയ്ക്കെതിരേ ഉയരുന്ന ശബ്ദം.

കത്ത്– പഴശ്ശിരാജാ എൻ. എസ്. എസ്.
കോളേജ്. മട്ടന്നൂർ.
20-7-1967

പ്രിയപ്പെട്ടകുട്ടീ,

നിനക്ക് ഒരു എഴുത്തയയ്ക്കണമെന്ന് ഞാൻ കുറേനാളായി വിചാരിക്കുകയാണ്. തക്കസന്ദർഭംവരാഞ്ഞതുകൊണ്ട് അയയ്ക്കാത്തതാണ്. ഇപ്പോൾ അതുണ്ടായി.

കഴിഞ്ഞ ശനിയാഴ്ച ഞാനുൾപ്പെടെ അഞ്ചുപേർ ഇവിടെനിന്നും ബാംഗ്ലൂർക്ക് ഒരു സന്ദർശനയാത്രപോയിരുന്നു. വഴിക്കുവച്ച് എന്തോ ഒരു പഴയകാവ്യത്തിൻെറ ഏതാനും ഏടുകൾ കിട്ടി. ലിപിയുടെ വിഷമംകൊണ്ടു വായിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടായി. കുട്ടിക്ക് ഓലകൾ വായിക്കാനുള്ള താല്പര്യം എനിക്കറിയാവുന്നതുകൊണ്ട് അതിലെ ഏതാനും ശ്ലോകങ്ങൾ പകർത്തി അയയ്ക്കുകയാണ്. വായിച്ചിട്ട് അല്ലാതെയോ ഗോപാലപിള്ളയെ കാണിച്ചാൽ തരക്കേടില്ല.

അജ്ഞാൻ സന്ദേശം-ഭൂമികാ

1. പത്താമേയ്കും പ്രിയജന വിയോഗത്തി

നാലാർത്തിത്തേടാൻ
മട്ടന്നൂരിൽ, പ്രഥിതപഴശ്ശിത്തമ്പുരാൻ തൻെറനാട്ടിൽ
മുന്നൂറോളം മയിലകലെയക്കാമിയാം കേശികേന്ദ്രൻ
വാസം ചെയ്താൻ കുറുനരിവിരോധത്തിനാൽ-

(ക്ലിഷ്ടമോൻ

TEL: 2416, 2514
RESI: 2641

## Morning Star

**TRAVEL AGENCY**

Post Box· No· 13
Opp· K·S·R·T·C· Perumba
Payyanur· 670 307 Cannanore· Dt
Telex: No· 805-296 FSC in (Attn-115)
Cable: Subal Khair

Head Office:
63/4 Zakaria Masjid Street·
Opp· Kerala Muslim Jama-Ath·
1st Floor Bombay-400 009·
Tel 8519196, 8512907·

**Branch: TRIKARIPUR**

*With Compliments*

## NOBLE BOOKS & STATIONERY

***South Bazar***

PAYYANUR

## National Radio Electronics Co:

Main Road,
**TALIPARAMBA**

| *Br: CANNANORE,* | *PAYYANUR,* | *KANHANGAD* |
|---|---|---|
| *S.N. Park Road* | *Main Road* | *Kottachery* |
| *69211* | *3021* | *2011* |

**Authorised Dealers in:**
Philips Radios & Tape Recorders
Dyanora, Solidaire and Philips TVs.
Watches and Clocks
Usha Sewing Machines
All brands Table & Ceiling Fans
Johnson, Sumeet, Philips & Maharaja Mixies
Johnson and Vijay Home Appliances
Crompton Pumpsets
Kelvinator & Voltas Refrigerators
Everything in Electrical Goods

*With compliments from*

## PARIS RESTAURANT & PARIS LODGING HOUSE

## THALASSERY

**Phone: 20366 (3 Lines)**

2. അന്തർമ്മോദം പെരികെ വളരുന്നെങ്കിലും
ലോകബോധ്യം
സന്ധിപ്പിക്കാൻ പ്രൊഫസറവിടെ
കുണ്ഠിതത്തോടു വാണു
സ്വന്തംവർഗ്ഗം ദുരിതജലധിനിന്നുദ്ധരിക്കുന്ന യജ്ഞേ
ചിന്തിച്ചേയ്ക്കും നിഖില ജനവും രക്തസാക്ഷ്യം
വരിപ്പാൻ

3. വാസത്തിന്നായ് വിടുതിഗൃഹവും
ലഭ്യമല്ലായ്കയാലും
മര്യാദത്തം കിമപിരുചിയാം ഭോജ്യമില്ലായ്കയാലും
നേരംപോക്കാനൊരു വകപഠിപ്പിക്കുവാൻ ശൂന്യമായി
നട്ടുച്ചയ്ക്കും പെരുവഴി നടന്നീടിനാൻ
വിപ്രവര്യൻ

4. ആടിക്കാലത്തൊരു ദിനമവൻകൂട്ടരെല്ലാം പിരിഞ്ഞി
ട്ടീടിക്കൂടും മദനതുയിരാൽ വാടിയിൽ സഞ്ചരിക്കെ
കാണായ്‌വന്നാനൊരു ചെറുമൃഗം
രണ്ടുകുഞ്ഞിക്കരത്താൽ
വൃക്ഷച്ചോട്ടിൽ കടലമണിയും ഭക്ഷണം
ചെയ്തിരിപ്പൂ

5. കൂസാതൊട്ടും കറിയനയനംകൊണ്ടുചുറ്റുംകടാക്ഷി–
ച്ചാശങ്കപ്പെട്ടിടയിടയവൻ പുച്ഛമൊന്നുച്ചലിപ്പൂ
അഭ്യായാതം പുരുഷപി ശുനംകണ്ടു
കോപിച്ചു പിന്നെ
ച്ചാടിക്കേറിത്തരുവരപാലംബവും ചെയ്തിതേവം

6 (ഇവിടെ ഒരു ശ്ലോകം വ്യക്തമല്ല)

7. അണ്ണാൻകുഞ്ഞേ, പ്രിയസഖ, ഭവാനെൻെറ
പൂജ്യം ഗ്രഹിച്ചോ?
നിന്നാഹാരം കടലമണിഞ്ഞാനെന്നു തട്ടിപ്പറിച്ചോ?

......ഇനിയും ഏതാനും ശ്ലോകങ്ങൾ കൂടിയുണ്ട് കിട്ടിയ ഏടുകളിൽ. ഡിസൈഫർ ചെയ്തെടുക്കാൻ സമയം കൂടുതൽ വേണം. കാവ്യം പൊതുവേ മോശമാണ്. അതു കൊണ്ടു കൂടുതൽ ഡിസൈഫർ ചെയ്യേണ്ട ആവശ്യവും കാണുന്നില്ല.

എല്ലാവർക്കും ക്ഷേമാശംസകൾ
സ്നേഹപൂർവ്വം
എം. പി. രാഘവക്കുറുപ്പ്

വിട്ടുപോയ 6-ാം ശ്ലോകം കിട്ടി.
തിര്യക്കിന്നും പരിഭവ പരിഹാസമേറുന്നതോർത്താ–
ദ്ധീരോദാത്തൻ തനതുവിരൽ തൻ
മൂക്കിലർപ്പിച്ചുനിന്നു
ന്യായം വിട്ടും പ്രഭുവിനൊരുവൻ ധിഷ്ട–
നാകുന്ന നേരം
ചുറ്റിക്കൂടും പരിജനമുടൻ കൊഞ്ഞനം കുത്തുമേവം.

□


# MPEDA PUBLICATIONS

**PERIODICALS** — **ANNUAL SUBSCRIPTION**

| | | |
|---|---|---|
| 1. Seafood Newsletter | : | Rs. 60.00 |
| 2. Prime (Price indicator for marine products export) | : | Rs. 200.00 |

| PUBLICATIONS | PRICE PER COPY | POSTAGE |
|---|---|---|
| 1. Illustrated poster on Commercial Fishes of India | Rs. 60.00 | —— |
| 2. Indian Fisheries 1947-77 | Rs. 35.00 | Rs. 14.00 |
| 3; Product-wise Classified booklet of exporters of :- | | |
| I. Canned & Dried marine products | Rs. 10.00 | Rs. 7.00 |
| II. Frozen Cuttle fish squids and other fish | Rs. 15.00 | Rs. 8.00 |
| III. Frozen shrimps lobster tails & IQF shrimp | Rs. 18.00 | Rs. 8.00 |

*Remittance may be made by Money Order, Crossed Indian Postal Order or Demand Draft favour the Marine Products Export Development Authority, Panampilly Avenue, Cochin–682 015.*

## The Ernad Primary Co-operative Agricultural Development Bank Ltd.,

No. 4363, P.O. Karuvambram, Manjeri-676123

**Head Office : Manjeri — Phone : 6118**

*In the Service of the Agriculturists Through 3 Branches and 3 Sub-offices*

**Branch Offices**

Nilambur — Phone : 574
Kondotty — Phone : 2129
Manjeri — Phone : 6118

**Sub-Offices**

Edakkara
Karuvarakundu
Urangattiri

A Bank came into existence with effect from 1-4-1984

**Area of Operation : Ernad Taluk**

A bank devoted to serve you

A bank that caters the long term financial needs of farmers to improve the agricultural and allied activities. Rural Housing Loans upto Rs. 50,000/- and Rs. 30,000/- for construction and renovation of houses are being issued.

*Our Board of Directors*

1. Sri. C. Vijayagovindan Nair, President.
2. Prof P. Sreedhara Menon, Vice-President.
3. Prof. A.N. Sivaraman Nair, Director.
4. Sri. K.V. Sankara Narayanan, Director.
5. Sri. E.N. Mohandas, Director.
6. Sri. Varkey Maruthanamkuzhi, Director.
7. Sri. U. Uthaman, Director.
8. Sri. P. Muhammed Unni, Director.
9. Smt. T. Khadeeja, Director.

**C. Mohamed**
Secretary.

**C. Vijayagovindan Nair**
President.

## നിലമേൽ സർവീസ് സഹകരണ ബാങ്ക്

**നമ്പർ Q. 883. നിലമേൽ**

കാർഷികവും കാർഷികേതരവുമായ എല്ലാവിധ വായ്പകളും നൽകിവരുന്നു.
എല്ലാവിധ നിക്ഷേപങ്ങൾക്കും ഉയർന്ന പലിശനിരക്ക്.

*വളം ഡിപ്പോകൾ, മാവേലിസ്റ്റോർ, ഹാൻറക് വസ്ത്രാലയം എന്നിവ ബാങ്കിൻെറ മേൽനോട്ടത്തിൽ നടത്തി വരുന്നു.*

**എല്ലാവിധ ബാങ്കിടപാടുകൾക്കും സമീപിക്കുക.**

**എ.എ. സലീം**
പ്രസിഡൻറ്

**എൽ. മഹിളാമണി**
സെക്രട്ടറി

തോമസ് ജോർജ് ചെറിയത്ത്

# ഇന്ത്യൻ സാമ്പത്തിക പ്രതിസന്ധിക്കൊരു മുഖവുര


ഇന്ത്യാഗവൺമെന്റിന്റെ സാമ്പത്തിക സർവ്വേയിൽ ഗുരുതരമായ പ്രതിസന്ധിയുടെ കഥകളാണ്. കാർഷിക-വ്യാവസായിക മേഖലകളിലെ മാന്ദ്യമോ മുരടിപ്പോ ഈ അവസ്ഥാവിശേഷത്തിന് കാരണമാകുന്നില്ല. എന്തെന്നാൽ കാർഷിക മേഖലയിൽ 4.5 ശതമാനവും വ്യാവസായിക മേഖലയിൽ 8.4 ശതമാനവും വളർച്ചയുണ്ടായതായി 1990-91 ലെ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ദേശീയവരുമാനത്തിൽ 5 ശതമാനം വർദ്ധനവും ഈ കാലയളവിൽ രേഖപ്പെടുത്തുന്നുണ്ട്. പ്രതിസന്ധിക്കിടയാക്കിയ മററുകാര്യങ്ങളിലേക്കാണ് സർക്കാരിന്റെ റിപ്പോർട്ട് നമ്മുടെ ശ്രദ്ധതിരിക്കുന്നത്

— ഖജനാവുകമ്മി (Fiscal deficit) ദേശീയവരുമാനത്തിന്റെ 8 ശതമാനത്തിലേറെയായിരിക്കുന്നു.
— അടവുശിഷ്ടം (Balance of payment) ആറാം പദ്ധതിക്കാലത്ത് ദേശീയവരുമാനത്തിന്റെ 1.3% ആയിരുന്നത് ഏഴാം പദ്ധതിയിൽ 2.2% ആയിഉയർന്നു. ഇതിന്റെ ഫലമായി 1990-91-ലെ വിദേശക്കടം ദേശീയവരുമാനത്തിന്റെ 19.4 ശതമാനമായി.
— ബജററ്കമ്മി ഇരട്ടിയായതോടുകൂടി പണപ്പെരുപ്പം ഉണ്ടാവുകയും വർദ്ധിച്ച വിലക്കയററത്തിനു വഴിതെളിക്കുകയും ചെയ്തു.
— വിദേശനാണ്യശേഖരം ഗുരുതരമായ നിലയിലേയ്ക്കുതാഴുകയുണ്ടായി. 1990 ആഗസ്ററിൽ 5050 കോടിയായിരുന്നെങ്കിൽ 1991 ജൂണിൽ അത് വെറും 2366 കോടിയായി കുറഞ്ഞു.

ഈവക കാര്യങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധി ധനവ്യയരംഗങ്ങളിൽ കേന്ദ്രീകരിക്കുന്നുവെന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത്.

പ്രതിസന്ധി തരണംചെയ്യുവാൻ വിവിധ നയപരിപാടികൾ നരസിംഹറാവു ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞു. കറൻസിയുടെ മൂല്യം കുറയ്ക്കൽ, ബജററ്നയങ്ങൾ, പുതിയ വ്യവസായനയം എന്നിവ രാജ്യത്തുടനീളം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ ഇതഃപര്യന്തമുള്ള സാമ്പത്തിക നയങ്ങളിലും കർമ്മപരിപാടികളിലും സമഗ്രമായ മാററങ്ങൾ വരുത്തുകയും സാമ്പത്തിക പുരോഗതിയ്ക്ക് ഒരു പുതിയ പാത വെട്ടിത്തെളിക്കുകയും ചെയ്യുമെന്ന് ധനതത്വശാസ്ത്രജ്ഞൻ കൂടിയായ ഡോ. മൻമോഹൻസിംഗ് വാർത്താമാദ്ധ്യമങ്ങളിൽ കൂടി പ്രചരിപ്പിക്കുന്നുണ്ട്. ഈ പുതിയ വഴി രാജ്യത്തെ എവിടെ എത്തിക്കുമെന്ന ചോദ്യം നമ്മുടെ മനസ്സിൽ ശക്തമാകുന്നു ........!

# കേശസംരക്ഷണത്തിനുള്ള ആയുർവേദ ഔഷധം



## SDഫാർമസി നീലിഭൃംഗാദി തൈലം

മുടി പനംകുലപോലെ സമൃദ്ധമായി വളരണമെന്നാഗ്രഹിക്കുന്നവർ ഈ തൈലം പതിവായി തേച്ചു കുളിക്കുക. ഈ ഔഷധം മുടിക്ക് നല്ല കറുപ്പും ഉറപ്പും ഉളവാക്കും. മുടി കൊഴിച്ചിൽ, മുടി പൊട്ടിപ്പോകൽ, താരണം, തല പുകച്ചിൽ, തലവേദന മുതലായ രോഗങ്ങളെ ശമിപ്പിക്കും.

ഇത് S.D. ഫാർമസിയുടെ കേരളത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന 120ൽപരം ശാഖകളിൽനിന്നും നേരിട്ടുവാങ്ങാവുന്നതാണ്.



S.D. ഫാർമസി
നീലിഭൃംഗാദി തൈലം.

**SDഫാർമസി** 50-ൽ പരം വർഷത്തെ ഔഷധനിർമ്മാണ പാരമ്പര്യം

S.D PHARMACY, ALLEPPEY-688 011



**'ഞങ്ങൾ താങ്കളെ സഹായിക്കാം''**

സുഖത്തിലും ദുഃഖത്തിലും പങ്കുചേരുവാൻ ആത്മാർത്ഥ സുഹൃത്തുക്കളെ നിങ്ങൾ അന്വേഷിക്കാറില്ലേ?

നിങ്ങളെ മനസ്സിലാക്കുവാനും, നിങ്ങളുടെ കുറവുകൾ പരിഹരിക്കുവാനും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കുപരി സുഹൃത്തിന്റെ താല്പര്യങ്ങൾക്ക് വില കല്പിക്കുന്ന കൂട്ടുകാരെയല്ലേ താങ്കൾ തേടുന്നത്.

# തൂലികാ സൗഹൃദം
## (PENFRIENDS)

ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ഇന്ത്യ ഉൾപ്പെടെ നൂറോളം രാജ്യങ്ങളിൽ നിന്നും സ്ത്രീ–പുരുഷ ഭേദമെന്യേ അഭിരുചിയ്ക്കനുസരിച്ച് തിരഞ്ഞെടുക്കുവാനും വിനോദ വിജ്ഞാന കായിക മാസികകളുടെ ആജീവനാന്ത സൗജന്യ വരിക്കാരാകാനും ഇന്ത്യയിലെ ആദ്യത്തെ തൂലികാ സൗഹൃദ മാസിക നിങ്ങൾക്ക് അവസരമൊരുക്കുന്നു.

എഴുതുക

**MIRROR OF**
***EPOCH***

The Circulation Manager, Mirror of Epoch
Thottappally, 688 563 Alappuzha, Kerala
*(വിദേശത്തേയ്ക്കും മറുപടി അയയ്ക്കുന്നതാണ്)*



**എളിമയിലൂന്നിയ ജനസേവനം!**
**ഒരുമയിലൂന്നിയ മുന്നേററം!!**
**ഒരു പുത്തൻ ഉണർവിൻെറ കാഹളം!!.**

# ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തംനമ്പർ : 3576

*ഹെഡ്ഡാഫീസ് : കൂരാലി P. O. പൊൻകുന്നം*
*ഫോൺ : 294*

(ബ്രാഞ്ചുകൾ: കൂരാലി(മെയിൻ) വഞ്ചിമല, പനമററം, തച്ചപ്പുഴ എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു. ഞങ്ങളുടെ മററു പ്രവർത്തനമണ്ഡലങ്ങൾ : * സഹകരണ മാവേലിസ്റേറാർ. * റബർവ്യാപാരം : *കൺസ്യൂമർസ്റേറാർ, വളം, കീടനാശിനി എന്നിവയുടെ വില്പന നടത്തിവരുന്ന (കേരളത്തിലെ A Class)സഹകരണബാങ്ക്.

**പൂർണ്ണ സുരക്ഷിതത്വം! മികച്ച സേവനം!!**
**ഉയർന്ന പലിശനിരക്ക്!!!**

പ്രസിഡൻറ്
P.A. മദനമോഹനൻ കർത്ത

സെക്രട്ടറി
M. ഗോപിനാഥൻ നായർ

കറൻസിയുടെ മൂല്യശോഷണം ഈ നാടിന്റെ ഭാവിയെക്കുറിച്ചു താത്പര്യമുള്ള എല്ലാവരിലും ഉത്കണ്ഠയുളവാക്കിയിട്ടുണ്ട്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 26 ശതമാനത്തിലേറെ ഔദ്യോഗികമായ മൂല്യശോഷണം സംഭവിച്ച രൂപയുടെ നിലനില്പും രാഷ്ട്രീയസ്വാതന്ത്ര്യം നേടിയ നാടിന്റെ ഭാവിയും പരക്കെ ചർച്ച ചെയ്യപ്പെടുകയാണ്. രൂപയുടെ മൂല്യം കുറയ്ക്കുവാൻ നമ്മെ പ്രേരിപ്പിച്ച അടിയന്തിരകാരണങ്ങൾ എന്തെല്ലാമായിരുന്നു ? കഴിഞ്ഞ എത്രയോ കാലമായി അടവുശിഷ്ട പ്രതിസന്ധിയും അനൗദ്യോഗിക മൂല്യശോഷണവും അഭിമുഖീകരിച്ചിട്ടും ഇത്തരം നടപടികൾ സ്വീകരിക്കുവാൻ ഇന്ത്യാഗവൺമെന്റ് എന്തുകൊണ്ട് തയ്യാറായില്ല ? കഥകളുടെ ചുരുളഴിയുമ്പോൾ നാം എത്തിച്ചേരുന്നത് അന്താരാഷ്ട്ര നാണയനിധിയുടെ പടിവാതിലിലാണ്.

അന്താരാഷ്ട്ര നായണനിധിയും അതിന്റെ പോഷകവേദിയായി പ്രവർത്തിക്കുന്ന ലോകബാങ്കും വികസിതവും വികസ്വരവുമായ രാജ്യങ്ങളുടെ സാമ്പത്തികവും ആഭ്യന്തരവുമായ കാര്യങ്ങളിൽ കൈകടത്തുന്നുവെന്നത് ഒരു പുതിയ അറിവല്ല. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നട്ടംതിരിയുന്ന രാജ്യങ്ങളുടെ സംരക്ഷകരായി ഇവർ ഓടിയെത്താറുണ്ട്. അവികസിത രാജ്യങ്ങളുടെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് സമഗ്രമായ പഠനവും ശാസ്ത്രീയമായ വിശകലനവും പരിഹാരമാർഗ്ഗങ്ങളും നിർദേശിക്കുവാൻ ഇവർക്ക് ധനശാസ്ത്രജ്ഞന്മാരും വിചക്ഷണരും നിരവധിയാണ്. അവരുടെ നിർദേശങ്ങളും പ്രതിവിധികളും 'കാപ്സ്യൂൾ' രൂപത്തിൽ വർഷംതോറും പുറത്തിറങ്ങുന്ന ലോകവികസന റിപ്പോർട്ടിലും ഓരോ രാജ്യത്തെക്കുറിച്ചുള്ള സാമ്പത്തിക സർവ്വേയിലും പുറത്തുവരാറുണ്ട്. അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾക്ക് പുതിയ വേരുകൾ ഉറപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമായ ഇത്തരം നിയോകൊളോണിയൽ സംവിധാനങ്ങൾ ശിഥിലമാവുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പോലും പടർന്നുകയറുന്നതു കണുമ്പോൾ ഒരു പുത്തൻ ലോകത്തിന്റെ സ്വപ്നങ്ങൾ നെയ്തുകൂട്ടുന്ന ഒരു ജനതയുടെ മനസ്സുപിടയുന്നതു സ്വാഭാവികമാണ്.

ഇത് ഇവിടെയും സംഭവിച്ചിരിക്കുന്നു. ഇന്ത്യൻ സാമ്പത്തിക രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ ലോകബാങ്കും നാണയനിധിയും സജീവമായി രംഗത്തുവന്നിട്ടുണ്ട്. 1990-ലെ Trade Reforms Report ൽ ഇന്ത്യയുടെ വ്യാപാരരംഗം എങ്ങനെമെച്ചപ്പെടുത്താമെന്നതിനെപ്പറ്റി വിശദമായ പഠനമുണ്ട്. ഈ റിപ്പോർട്ടിന്റെ വിശദരൂപം നമുക്കുലഭ്യമല്ലെങ്കിലും 1991 ജൂൺ 5 6 തീയതികളിൽ പുറത്തിറങ്ങിയ ഇക്കണോമിക് ടൈംസിൽ വന്ന ഇതേപ്പററിയുള്ള ചർച്ചകൾ ഉള്ളടക്കത്തിന്റെ സംക്ഷിപ്തരൂപം നമുക്ക് നല്കുന്നു. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞന്മാരായ മൃണാൾ ദത്താ ചൗധരി, കിരിത് പരീഖ്, വൈ. കെ. അലക്, അമിയ ബക്ചി എന്നിവർ പങ്കെടുത്ത ചർച്ചകളിൽ ലോകബാങ്കിന്റെ നിർദ്ദേശങ്ങളുമായിയോജിച്ചുകൊണ്ട് ആദ്യത്തെ മൂന്നുപേരും അഭിപ്രായപ്രകടനങ്ങൾ നടത്തുമ്പോൾ ഇന്ത്യയുടെപരമാധികാരത്തിനും സാമ്പത്തിക സ്വാതന്ത്ര്യത്തിനും കടുത്ത വെല്ലുവിളിയായിട്ടാണ് അമിയ ബക്ചി ഈ റിപ്പോർട്ടിനേയും നിർദ്ദേശങ്ങളേയും കാണുന്നത്.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമിയിരുന്നു? ഏതൊരു ഇന്ത്യാക്കാരനും താത്പര്യപൂർവ്വം ചോദിക്കുന്ന ഈ ചോദ്യത്തിനുമതിയായ ഉത്തരമില്ല. സ്വാതന്ത്ര്യവും അവകാശങ്ങളും ഭരണഘടന അനുശാസിക്കുന്നുവെങ്കിലും ഭാരതീയന് ഇതേപ്പററിയുള്ള വിവരങ്ങൾ പൂർണ്ണമായി നിഷേധിച്ചിരിക്കുകയാണ് ഇവിടുത്തെ ഭരണാധികാരികൾ. ലഭ്യമായ വിവരങ്ങളനുസരിച്ച് ഇന്ത്യയുടെ വ്യാപാരരംഗം മെച്ചപ്പെടുത്തുവനുള്ള ലോകബാങ്കിന്റെ നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

— ഇറക്കുമതി കൂതൽ ഉദാരമാക്കുക.
— ഇറക്കുമതിച്ചുങ്കം കുറയ്ക്കുക.
— നാണയമൂല്യം 20 ശതമാനം കുറയ്ക്കുക.
— വിദേശ വ്യാവസായിക സംരംഭകർക്ക് അവസരം നല്കുക.

ഈ നിബന്ധനകൾ അനുസരിച്ചാൽ ഇന്ത്യൻ വ്യാപാരരംഗം കയററുമതിയ്ക്ക് കൂടുതൽ പ്രോൽസാഹനം നല്കികൊണ്ട് കരകയറുമെന്നാണു വിദേശസാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ നിഗമനം. 1990-ലെ ലോകബാങ്ക് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുവാൻ 1991-ൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെന്റ് ശ്രമിക്കുന്നതുകാണുമ്പോൾ ഇന്ത്യയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ നമ്മുടേതായ വഴികളെല്ലാം അടഞ്ഞുവോയെന്ന ചോദ്യം സ്വാഭവികമായുണ്ടാവും.

ഇന്ത്യൽ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം പരിശോധിക്കുമ്പോൾ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 40 വർഷക്കാലം ഭരിച്ച ഏകകക്ഷി ഗവൺമെന്റിന്റെ താളംതെററിയ സാമ്പത്തികാസൂത്രണവും പ്രവർത്തനങ്ങളുമാണ് ഈ അവസ്ഥയിലെത്തിച്ചതെന്ന വസ്തുത കക്ഷി ഭേദമന്യേ സമ്മതിച്ചെന്നുവരും. വിദേശവ്യാപാരരംഗം 1972-73 ലും 1976-77 ലും മാത്രമാണ് ഇന്ത്യയ്ക്കനുകൂലമായ പ്രവണതകൾ കാട്ടിയത്. 1950-51ൽ 49 കോടിയായിരുന്ന വ്യാപാരക്കമ്മി 1990-91 ൽ 10644 കോടി രൂപയായി ഉയർന്നു. രൂപയുടെ വിനിമയ മൂല്യം കുറയ്ക്കുന്നതുകൊണ്ട് കയററുമതി മെച്ചപ്പെടുകയും വ്യാപാരക്കമ്മി കുറയുകയും ചെയ്യുമെന്ന വാദം ശരിയാണെങ്കിൽ കഴിഞ്ഞ 44 വർഷങ്ങളിൽ നിത്യവും വിനിമയ മൂല്യം ഇടിഞ്ഞുകൊണ്ടിരുന്ന ഇന്ത്യൻ കറൻസിക്കു കയററുമതി മെച്ചപ്പെടുത്തി വിദേശവ്യാപാരരംഗം രക്ഷിക്കുവാൻ കഴിയുമായിരുന്നു. ഇതിനുപകരം രൂപയുടെ മൂല്യച്ചുതി ഇന്ത്യയെ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയാണെന്ന യാഥാർത്ഥ്യം ഡോ. മൻമോഹൻസിംഗിനുപോലും അവഗണിക്കാനാവുകയില്ല. അങ്ങനെയെങ്കിൽ കർശനമായ മൂല്യശോഷണം ഇന്ത്യൻ കറൻസിയുടെമേൽ അടിച്ചേല്പിച്ചതിന്റെ പൊ

*WITH COMPLIMENTS FROM*

# Pottakanayam Food Products

**Kayamkulam**

**Manufacturers of**
**"Boon" Biscuits**

ആശംസകൾ!

ഉത്തരവാദിത്വമുള്ള 22Ct സ്വർണ്ണാഭരണങ്ങൾക്കും,
വെള്ളി ആഭരണങ്ങൾക്കും

# ശ്രീധർ ജൂവലേഴ്സ്

(എയർകണ്ടീഷൻഡ് ഷോറൂം)

## അടൂർ

ഫോൺ 2881

## കായംകുളം

ഫോൺ 2184

രും എന്താണ്? രാജ്യത്തിന്റെ സാമ്പത്തികരംഗം അടിയറ വച്ചാണെങ്കിലും പ്രതിസന്ധിക്കു താത്കാലിക പരിഹാരം കാണുകയെന്ന കേവല ലക്ഷ്യം മാത്രം. ഇവിടെ ഹനിക്കപ്പെടുന്നത് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവുമാണെന്ന സത്യം ഏതൊരു ഭാരതീയന്റെയും ഹൃദയം മുറിപ്പെടുത്തുന്നു.


വിദേശ കറൻസി ശേഖരണത്തിലും ദയനീയമായ അവസ്ഥയിലാണു ഭാരതം. 1991 ജൂലായ് അവസാനിക്കുമ്പോൾ വെറും 2395 കോടി രൂപയായിരുന്ന വിദേശനാണയ ശേഖരമെങ്കിൽ 1990-ൽ ഇതേസമയം 5050 കോടി രൂപയുടെ വിദേശ കറൻസി റിസർവ് ബാങ്കിന്റെ പക്കലുണ്ടായിരുന്നു. ഒരുവർഷക്കാലംകൊണ്ട് ഇതിലുണ്ടായ ശോഷണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വിദേശ വ്യാപാര രംഗത്തുണ്ടായ പ്രതിസന്ധിയുടെ അനന്തരഫലമെന്നതിലുപരി ലോകബാങ്കിന്റെ ഇന്ത്യൻ വ്യാപാര പരിഷ്ക്കരണ റിപ്പോർട്ടിന്റെ സന്തതിയായി ഈ അവസ്ഥാവിശേഷത്തെ കാണുന്നതിൽ തെററില്ലെന്നു തോന്നുന്നു. ഇന്ത്യൻ സാമ്പത്തികരംഗം ഒരു പാപ്പരീകരണത്തിന്റെ വക്കിലാണെന്ന പ്രചാരണം ഈ റിപ്പോർട്ടിലൂടെ ലോക ബാങ്കു നടത്തിയതായിട്ടാണു കാണാൻ കഴിയുന്നത്. ഇതിന്റെ ഫലമായി വിദേശത്തു ജോലിചെയ്യുന്ന ഇൻഡ്യൻ വംശജരിലും ഇന്ത്യയിലെ വിദേശ നിക്ഷേപകരിലും വളരെ കൂടുതൽ ആശയക്കുഴപ്പം ഉണ്ടാവുകയും കോടിക്കണക്കിനു വിദേശ നിക്ഷേപങ്ങൾ പിൻവലിക്കപ്പെടുകയും ചെയ്തു. വ്യക്തമായ രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടു വിദേശ ഏജൻസികൾ നടത്തിയ ഗൂഢാലോചനയുടെ ഭാഗമായി മാത്രമേ ഈ സംഭവത്തെ കാണുവാൻ നമുക്കു കഴിയുകയുള്ളു.

സോഷ്യലിസ്ററു രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യവും രാഷ്ട്രീയ അനിശ്ചിതത്വവും ചൂഷണം ചെയ്ത് ദരിദ്രരാജ്യങ്ങളെ തങ്ങളുടെ ചേരിയിലേക്കു തിരിച്ചു പിടിക്കുകയെന്ന സാമ്രാജ്യത്വമോഹം ഉള്ളിൽ സൂക്ഷിക്കുന്ന മുതലാളിത്ത രാജ്യങ്ങൾ കരുതിക്കൂട്ടി നടത്തുന്ന പ്രചാരണവും രാഷ്ട്രീയ കച്ചവടവുമാണിതെന്നു മനസ്സിലാക്കുവാൻ നാം വൈകിക്കൂടാ. അധഃസ്ഥിതരുടെ മോചനത്തിനു ശക്തിപകരുവാൻ പ്രതിജ്ഞാബദ്ധമായ സോഷ്യലിസ്ററു രാജ്യങ്ങളിൽ അധികാരം കൈയാളിയ സാമ്രാജ്യത്വ ഏജൻറുമാർ സാമ്പത്തിക പുനഃസംഘടനയുടെ പേരിൽ കാട്ടികൂട്ടിയതെല്ലാം രാജ്യത്തിന്റെ ഐക്യവും അതിർത്തിയും തകർത്തു കഴിഞ്ഞപ്പോൾ ജി-7-ന്റെ പടിവാതിലിൽ ഭിക്ഷാംദേഹിയായി നില്ക്കുന്ന കാഴ്ച ദയനീയമാണ്. സോഷ്യലിസ്ററു വ്യവസ്ഥിതിയെ വിഴുങ്ങുവാൻ അട്ടഹാസം മുഴക്കുന്ന സാമ്രാജ്യത്വശക്തികൾ ദരിദ്രന്റെ പിച്ചച്ചട്ടിയിൽ എച്ചിൽ എറിഞ്ഞുകൊടുത്തു രാഷ്ട്രീയ മേൽക്കോയ്മ സ്ഥാപിക്കുവാൻ വെമ്പൽകൊള്ളുന്നു. ഈ പ്രക്രിയയുടെ അനന്തര ഫലമല്ലേ ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി......?!

ലോകബാങ്കിന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള തയ്യാറെടുപ്പിലാണു ഇന്ത്യയിലെ ഇന്നത്തെ ഗവൺമെൻറ്. 20% മൂല്യശോഷണം അവർ ആവശ്യപ്പെട്ടപ്പോൾ 26.25% മൂല്യശോഷണത്തിനു ഗവൺമെൻറു തയ്യാറായി. മററു നിർദ്ദേശങ്ങളുടെ നടപടിയും തുടങ്ങിക്കഴിഞ്ഞു. ഇറക്കുമതി ഉദാരമാക്കികൊണ്ടു വിദേശ നിക്ഷേപകർക്കു അവസരം കൊടുക്കുവാൻ തീരുമാനമെടുത്തു. ഇറക്കുമതിയുടെ ഉദാരവത്കരണത്തിന്റെ ഭാഗമായി ഇറക്കുമതിച്ചുങ്കം കുറയ്ക്കുമ്പോൾ വിദേശ നിർമ്മിത വസ്തുക്കൾ ഇഷ്ടംപോലെ ഇവിടേയ്ക്കു പ്രവഹിക്കും. അങ്ങനെയെങ്കിൽ ഇവിടുത്തെ ഉത്പന്നങ്ങളോ? കമ്പോളത്തിൽ തള്ളപ്പെടുമെന്നതിൽ സംശയം വേണ്ട. അതായത് ആഭ്യന്തര ഉത്പന്നങ്ങളുടെ ഉത്പാദനത്തിൽ മാന്ദ്യം സംഭവിക്കുകയും തൊഴിലില്ലായ്മ രൂക്ഷമാവുകയും ചെയ്യും. 1984-ൽ ശ്രീമാൻ രാജീവ്ഗാന്ധി അധികാരത്തിൽ വന്നപ്പോൾ രാജ്യത്തെ അത്യന്താധുനികമാക്കുന്നതിനു സ്വീകരിച്ച ഇറക്കുമതി ഉദാരവത്കരണ നടപടിയാണ് രാജ്യത്തിന്റെ വിദേശ വ്യാപാരക്കമ്മി ദുസ്സഹമാക്കിയതെന്ന വസ്തുത പരക്കെ സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. ഇതേ അവസ്ഥ തന്നെ ആവർത്തിക്കുവാൻ പോകുന്നു. വിദേശ ഏജൻസികൾ, പ്രത്യേകിച്ചു ബഹുരാഷ്ട്രകുത്തകകൾ യഥേഷ്ടം ഇവിടെ കയറിയിറങ്ങി നമ്മുടെ വിഭവസമാഹരണത്തിലും ഉത്പാദനപ്രക്രിയയിലും ആധിപത്യം സൃഷ്ടിക്കുവാൻ തയ്യാറെടുത്തു നില്ക്കുകയാണ്. ഇന്ത്യൻ കുത്തകകളേയും പരമ്പരാഗത വ്യവസായ മേഖലകളേയും ഗ്രസിക്കുവാൻ കഴിവുള്ള ജനറൽ മോട്ടോഴ്സും എസ്സെക്സും നമ്മുടെ സാമ്പത്തിക മേഖലയിൽ കൊടികുത്തിവാഴും. മർക്കന്റയിൽ ബാങ്കും ഷാങ്ഹായ് ബാങ്കും നമ്മുടെ ബാങ്കിങ് മേഖല അടക്കിഭരിക്കും. ചുരുക്കത്തിൽ അസ്തമിച്ച കൊളോണിയൽ വാഴ്ചയുടെ ഉദയം നാം അടുത്തുതന്നെ കാണേണ്ടതായി വരുമെന്നർത്ഥം.

ലോകബാങ്കിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതനുസരിച്ച് ഐ. എം. എഫ് കടവായ്പ നേടുവാൻ കഴിയുമെന്നാണു പ്രതീക്ഷ. കല്പനകൾക്കു വിധേയമായി 7000 കോടി രൂപ ലഭിക്കുമെന്ന് അധികൃതർ പറയുന്നു. ഗഡുക്കളായി ലഭിക്കുന്ന പ്രസ്തുതവായ്പ ലോകബാങ്ക് ടീമിന്റെ പരിശോധനയ്ക്കും വിലയിരുത്തലിനും ശേഷമേ പൂർണ്ണമായി ലഭിക്കുകയുള്ളു. ഈ വായ്പകൊണ്ടു പ്രതിസന്ധി തരണം ചെയ്യുവാനാകുമോ? കഴിയുകയില്ലെന്നാണു വിദഗ്ധർ പറയുന്നത്. 7000 കോടിരൂപ മൂന്നു മാസത്തേക്കുപോലും തികയുകയില്ല! അപ്പോൾ അതുകഴിഞ്ഞോ? വീണ്ടും കടം എടുക്കണം! അതായത് ഒരു കടക്കെണിയിൽനിന്നും മറെറാരു കടക്കെണിയിലേക്ക്! (''കടക്കെണി''യെന്നതിനുപകരം ''ഐ. എം. എഫ്. കെണി'' എന്നു പറയുന്നതാവും ഉത്തമം.) ഇതുമാത്രമല്ല, 1,50,000 കോടി രൂപയുടെ വിദേശക്കടവും 1,25,000 കോടി രൂപയുടെ ആഭ്യന്തരക്കടവും 43,330 കോടി രൂപയുടെ കമ്മിയുമുള്ള ഈ രാജ്യത്തിന്റെ കടബാദ്ധ്യതയിൽ നിന്നും മോചനം നേടുവാൻ ഐ. എം. എഫിനു മൗലിക സ്വാതന്ത്ര്യം പണയപ്പെടുത്തുന്നതിലൂടെ നമുക്കു കഴിയുമോ?!

കേശസംരക്ഷണത്തിനുള്ള
ആയുർവേദ ഔഷധം



**SDഫാർമസി**
**നീലിഭൃംഗാദിതൈലം**

മുടി പനംകുലപോലെ സമൃദ്ധമായി വളരണമെന്നാഗ്രഹിക്കുന്നവർ ഈ തൈലം പതിവായി തേച്ചു കുളിക്കുക. ഈ ഔഷധം മുടിക്ക് നല്ല കറുപ്പും ഉറപ്പും ഉളവാക്കും. മുടി കൊഴിച്ചിൽ, മുടി പൊട്ടിപ്പോകൽ, താരണം, തല പുകച്ചിൽ, തലവേദന മുതലായ രോഗങ്ങളെ ശമിപ്പിക്കും.

ഇത് S.D. ഫാർമസിയുടെ കേരളത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന 120ൽപരം ശാഖകളിൽനിന്നും നേരിട്ടുവാങ്ങാവുന്നതാണ്.



S.D. ഫാർമസി
നീലിഭൃംഗാദി തൈലം.

**SDഫാർമസി** 50-ൽ പരം വർഷത്തെ ഔഷധനിർമ്മാണ പാരമ്പര്യം

S.D PHARMACY, ALLEPPEY-688 011



## PROGRESS TO PERFECTION

# Roopam

**The Textile People**

**Central**

**ADOOR-691523.**



# സംഗീതാ

## *സാരി സെലക്ഷൻസ്*

**എസ്. ബി. കോളേജ് റോഡ്**
**ചങ്ങനാശ്ശേരി.**

നിങ്ങളുടെ തരത്തിനൊത്ത നിങ്ങളുടെ മനസ്സിനൊത്ത
ആഡംബരത്തിനനുയോജ്യമായ സാരികളുടെ

## അനുപമശ്രേണി

*ഞങ്ങളുടെ സഹോദര സ്ഥാപനങ്ങൾ:*
*സംഗീതാ ഗിഫ്റ്റ് ഹൗസ്-ചങ്ങനാശ്ശേരി*
*സംഗീതാ സിൽവർ ഹൗസ്*
&
*വാച്ചുകമ്പനി-ചങ്ങനാശ്ശേരി*

രൂപയുടെ മൂല്യശോഷണംകൊണ്ട് കയററുമതി വർദ്ധിക്കുമെന്ന സർക്കാരിന്റെ വാദഗതി അംഗീകരിക്കാൻ തയ്യാറായാൽതന്നെ സാമ്പത്തിക മേഖലയിലുണ്ടാകാവുന്ന മററ് പ്രശ്നങ്ങൾ നമുക്കു വിസ്മരിക്കാനാവില്ല. കയററുമതിമൂല്യത്തെ പാടേതകർത്തുകൊണ്ട് ഇറക്കുമതിച്ചെലവ് ഉയരും. അവശ്യവസ്തുക്കളായ പെട്രോളിയം ഉല്പന്നങ്ങൾ, കെമിക്കൽസ് എന്നിവയ്ക്കുള്ളചെലവ് ഇരട്ടിയായി ഉയരും. വരേണ്യവർഗ്ഗത്തിന്റെ ആഡംബര വസ്തുക്കളോടുള്ള കമ്പം പരിപോഷിപ്പിക്കുന്ന ഉദാരവത്കരണനടപടി ഇറക്കുമതിച്ചെലവു വർദ്ധിപ്പിക്കുന്നതിനു മാത്രമേ സഹായിക്കുകയുള്ളു. വിദേശനിർമ്മിത കാറുകളിൽ സായൂജ്യം കണ്ടെത്തുന്ന കേരളത്തിലെ മന്ത്രിമാരെപ്പോലെയുള്ളവരുടെ 'ഫോറിൻ കാർ പ്രേമം' ഇറക്കുമതിച്ചെലവു കുറയ്ക്കുമെന്നു കരുതാനാവില്ല. അതുമാത്രമല്ല, ലോകബാങ്കിന്റെ കല്പനകളിലൊന്നായ 'ഇറക്കുമതി ചുങ്കം കുറയ്ക്കൽ' നടപടി വിദേശഉല്പന്നങ്ങളുടെ ഒരു പ്രളയംതന്നെ ആഭ്യന്തരവിപണിയിൽ സൃഷ്ടിക്കുകയും നമ്മുടെ ഉത്പാദനകേന്ദ്രങ്ങളുടെ നട്ടെല്ലൊടിക്കുകയും ചെയ്യും. ഇവയെല്ലാംതന്നെ വിദേശവ്യാപാരക്കമ്മിയും അടവുശിഷ്ടവും കൂടുതൽ ഗുരുതരാവസ്ഥയിലേക്കുനയിക്കുമെന്നകാര്യത്തിൽ സംശയത്തിനുവകയില്ല.

കറൻസിയുടെ മൂല്യശോഷണം ആഭ്യന്തരവിപണിയിൽ വിലവർദ്ധനവ് ഉണ്ടാക്കുകയില്ലെന്നു സർക്കാർ ഏജൻസികൾ പറയുന്നു. നമ്മുടെ കഴിഞ്ഞ ദശകങ്ങളിലെ അനുഭവങ്ങൾ ഈ വാദഗതി തികച്ചും തെററാണെന്നു തെളിയിക്കുന്നുണ്ട്. 1966-ലെ ഡീവാല്യുവേഷനുശേഷം ആഭ്യന്തരവിപണിയിൽ വിലകുത്തനേ ഉയർന്നു. ഇതുതികച്ചും സ്വാഭാവികമാണ്. വിദേശവിനിമയരംഗത്തു നാം അധികമായി നല്കേണ്ടുന്നപണം ആഭ്യന്തരവിപണിയിലെ വിഭവസമാഹരണത്തെ നിരുത്സാഹപ്പെടുത്തുന്നതുവഴി ഉത്പാദന മാന്ദ്യമുണ്ടാവുകയും വിലക്കയററത്തിനിടയാവുകയും ചെയ്യും. വിദേശനിർമ്മിത വസ്തുക്കളുടെ വൻതോതിലുള്ള പ്രവാഹം ആഭ്യന്തര ഉല്പന്നങ്ങളുടെ നിലനില്പുതന്നെ അപകടപ്പെടുത്തിയേക്കാം. ഇതു വിലക്കയററത്തിനു വഴിതെളിക്കും. ഇതിനെല്ലാമുപരിയായി കയററുമതി ഉല്പന്നങ്ങളുടെ ഉത്പാദനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ നിഷ്കർഷിക്കുന്ന ഒരുനയം സ്വീകരിക്കുന്നതുമൂലം അവശ്യസാധനങ്ങളുടെ ഉത്പാദനത്തിൽ മാന്ദ്യം സംഭവിക്കുകയും വില കുതിച്ചുകയറുകയും ചെയ്യും. ഈ പ്രവണതകളെല്ലാംതന്നെ ഇന്ത്യൻ സാമ്പത്തികരംഗത്തു കണ്ടുതുടങ്ങിക്കഴിഞ്ഞു.

കറൻസിയുടെ മൂല്യശോഷണവും വിലക്കയററവുമായി ഐ. എം. എഫ്. പടിവാതിൽക്കലെത്തിയ രാജ്യങ്ങളുടെ അനുഭവങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. ലോകബാങ്കിന്റെ അടിമകളെന്നോ ചൂഷണവിധേയരെന്നോ നമുക്ക് ഈ രാജ്യങ്ങളെ വിശേഷിപ്പിക്കാം. മെക്സിക്കോ, ബ്രസീൽ, ചിലി എന്നീ ലാററിനമേരിക്കൻ രാജ്യങ്ങളുടെ അനുഭവങ്ങൾ നമുക്കു മറക്കാനാവില്ല.


ഡീവാല്യുവേഷനും ഐ. എം. എഫ് വായ്പയും ഇല്ലാതെ രാജ്യത്തുനിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാവുമോ? ഭരിക്കുന്നവരുടെ ഏകവഴി ഇതാണെങ്കിലും ഭരിക്കപ്പെടുന്നവർ മററു മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കുന്നുണ്ട്. തീരുമാനങ്ങൾ ഏകപക്ഷീയമായി കൈക്കൊണ്ടതുതന്നെ ജനാധിപത്യവിരുദ്ധമല്ലേയെന്നു ചിന്തിക്കുന്നവരും കുറവല്ല.

കറൻസിയുടെ മൂല്യം കുറച്ച് വിദേശത്തേക്കു കണ്ണും നട്ടിരിക്കുന്ന ഇവിടുത്തെ ഭരണാധികാരികൾ രാജ്യത്തിനകത്തുള്ള വിഭവസ്രോതസ്സുകളെ പൂർണ്ണമായി അവഗണിക്കുന്ന സമീപനമാണു പുലർത്തുന്നത്. കാർഷിക-വ്യാവസായിക-സേവനമേഖലകളുടെ പുനഃസംഘാടനത്തിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുകയും ചെയ്യുവാൻ നമുക്കു കർമ്മപരിപാടികളില്ല. ഉത്പാദനപ്രക്രിയയിൽ ഘടകങ്ങളുടെ പരസ്പരബന്ധം പുനർനിർണ്ണയം ചെയ്തു സമ്പത്തുവർദ്ധിപ്പിക്കുവാനും സമ്പത്തിന്റെ സാമൂഹ്യവത്കരണത്തിലൂടെ ജനജീവിതം അഭിവൃദ്ധിപ്പെടുത്തുവാനും ശക്തമായ നയപരിപാടികൾ നമുക്കില്ല. എന്തിനേറെ പറയുന്നു. നമ്മുടെ സാമ്പത്തിക മേഖലയെ തളർത്തുകയും വിലക്കയററവും അസന്തുലിതാവസ്ഥയും വളർത്തുകയും ചെയ്യുന്ന സമാന്തര സമ്പത്ഘടന നമ്മുടെ നിയന്ത്രണത്തിൽനിന്നും എത്രയോ അകലെയാണ്! ഏകദേശം ഒരുലക്ഷം കോടിരൂപ കള്ളപ്പണമായി ഒഴുകുന്ന നമ്മുടെ കമ്പോളത്തിൽ ഗവൺമെൻറിന് എന്തുനടപടിയാണു സ്വീകരിക്കാനുള്ളത്? ഏററവും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന പൊതുമേഖലയുടെ തകർച്ച, ഇന്ത്യൻ സമ്പത്വ്യവസ്ഥയുടെ ഘടനതകർക്കുവാൻ ഇടയാക്കുന്നതായി കാണാം. ഇതിനൊരു പരിഹാരം കാണുവാൻ ഭരണാധികാരികൾക്കു കഴിയുന്നില്ല! കാർഷിക-വ്യാവസായിക മേഖലകളിൽ വരേണ്യവർഗ്ഗത്തിന്റെ താത്പര്യങ്ങൾമാത്രം സംരക്ഷിക്കപ്പെടുന്നതുകൊണ്ട് തൊഴിലില്ലായ്മയും ജീവിതക്ലേശവും വർദ്ധിക്കുന്നു. വിദേശ വിനിമയചട്ടവും കുത്തകനിയന്ത്രണനിയമവും എടുത്തുകളയുവാനുള്ള നീക്കം ആരംഭിച്ചതോടുകൂടി വിദേശ ഏജൻസികളും സ്വകാര്യകുത്തകകളും കൊഴുത്തുതടിക്കുന്ന ഒരു മുതലാളിത്ത രാജ്യത്തിനുവേണ്ടുന്ന കരുക്കൾ നീക്കിത്തുടങ്ങിയിട്ടുണ്ട്. നരസിംഹറാവു ഗവൺമെൻറിന്റെ വരവോടുകൂടി ഇന്ത്യയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ രൂപവും ഭാവവും ഇത്തരത്തിലാണ്.

സാമ്പത്തികനയങ്ങൾ കൂടുതൽ സ്പഷ്ടമാക്കുന്ന ബജററാണ് പുതിയ ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്നത്. ബജററ് കേവലം വരവുചെലവുകണക്കുകളുടെ റിപ്പോർട്ടല്ല. സാമ്പത്തികമേഖലയും ജനജീവിതവും ഏതു ദിശയിലേക്കെന്നു കാണിക്കുന്ന ചൂണ്ടുപലകയോ വിവിധ മേഖലകളിലെ സമഗ്രമായ മാററങ്ങൾക്കു വേണ്ടുന്ന വിഭവസമാഹരണങ്ങളും കർമ്മപരിപാടികളും ഉൾക്കൊള്ളുന്ന രേഖയോ ആണ്. ജനാധിപത്യരാജ്യങ്ങളിൽ കാലാകാലങ്ങളിൽ അധികാരത്തിൽവരുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രത്യയശാസ്ത്രവും പ്രകടനപത്രികയും ബജററ് നയങ്ങളിൽ പ്രതിഫലിക്കുന്നതു സ്വാഭാവികമാണ്.

ധനമന്ത്രി അവതരിപ്പിച്ച ബജററിൽ 9724 കോടിരൂപയുടെ കമ്മിയാണു കാണിക്കുന്നത്. ഇതിൽനിന്നും 2005

## കേശസംരക്ഷണത്തിനുള്ള ആയുർവേദ ഔഷധം



## SDഫാർമസി നീലിഭൃംഗാദി തൈലം

മുടി പനംകുലപോലെ സമൃദ്ധമായി വളരണമെന്നാഗ്രഹിക്കുന്നവർ ഈ തൈലം പതിവായി തേച്ചു കുളിക്കുക. ഈ ഔഷധം മുടിക്ക് നല്ല കറുപ്പും ഉറപ്പും ഉളവാക്കും. മുടി കൊഴിച്ചിൽ, മുടി പൊട്ടിപ്പോകൽ, താരണം, തല പുകച്ചിൽ, തലവേദന മുതലായ രോഗങ്ങളെ ശമിപ്പിക്കും.

ഇത് S.D. ഫാർമസിയുടെ കേരളത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന 120ൽപരം ശാഖകളിൽനിന്നും നേരിട്ടുവാങ്ങാവുന്നതാണ്.



S.D. ഫാർമസി
നീലിഭൃംഗാദി തൈലം.

**SDഫാർമസി** 50-ൽ പരം വർഷത്തെ ഔഷധനിർമ്മാണ പാരമ്പര്യം

S.D. PHARMACY, ALLEPPEY-688 011



# The Kasaragod District Co-operative Bank Limited

## A Friend in Your Need

**Central Co–operative Financing Agency in the District.**

**We**

- ★ Undertake all Banking activities.
- ★ Offer better Service through regular and Evening Branches.
- ★ Extend Industrial Finance to Enterpreneurs.
- ★ Provide Housing Finance under Rural Housing Scheme.
- ★ Helping to acquire Fridge, T.V. etc.
- ★ Make available locker facilities.

Besides extending finance to Agricultural and allied activities to thousands of agriculturists of the District through affiliated Primaries and a net work of 16 Branches in the District.

**Details:**
**Pay a visit to our Branches or Head Office.**

The Kasaragod District Co-Op. Bank Limited.
H.O: P.B.No 48.
Kasaragod
GRAMS: 'DICO BANK'
PHONE: 20118 Office
21118 G.M.

**K. Purushothaman**
**President**

**P. Kunhiraman Nair**
**General Manager.**



# എരമം കുററൂർ സർവ്വീസ് സഹകരണ ബേങ്ക് Ltd.

**H. O.** മാതമംഗലം ബസാർ. ഫോൺ: 26
ബ്രാഞ്ചുകൾ:– 1. മാതമംഗലം 2. വെള്ളോറ
3. പെരുമ്പടവ് 4. എരമം 5. കുററൂർ

*ഓഡിററ് ക്ലാസ് 'A' യിലുള്ള ഒരു പ്രമുഖ ക്ലാസ് 1 ബേങ്ക്*

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്. 5വർഷം കൊണ്ട് മുതൽ ഇരട്ടിക്കുന്ന 'സുരക്ഷ' നിക്ഷേപ പദ്ധതി. മാതമംഗലം മെയിൻ ബ്രാഞ്ചിൽ ലോക്കർ സൗകര്യം. പരിപൂർണ്ണ ഉത്തരവാദിത്വം—കാര്യക്ഷമമായ സേവനം.

കെ. കൃഷ്ണൻ
(പ്രസിഡൻറ്)

കെ. വി. ഗോപാലൻ
(സെക്രട്ടറി)

കോടിരൂപയുടെ പുതിയ നികുതി വരവുകുറച്ചാൽ അവശേഷിക്കുന്ന കമ്മി 7719 കോടി രൂപയാവും. അപ്പോഴും ഖജനാവുകമ്മി (Fiscal deficit) 37,727 കോടി രൂപയുണ്ടെന്നാണു കണക്ക്. ബജററുകമ്മിയും കടവായ്പയും ചേർന്നാണു ഖജനാവുകമ്മി കണക്കാക്കുന്നത്.

ബജററു നിർദ്ദേശങ്ങളിൽ ശ്രദ്ധേയമായവ താഴെപ്പറയുന്നവയാണ്.

— പാചകഗ്യാസ്, പെട്രോൾ, വ്യോമയാന ഓയിൽ എന്നിവയ്ക്കു 20% വിലവർദ്ധനവ്.
— സിഗരററ്, പഞ്ചസാര, വളം എന്നിവയുടെ വില കൂടി.
— ഫ്രിഡ്ജ്, വി. സി. ആർ, കളർ ററി. വി. എന്നിവയ്ക്കും വിലവർദ്ധനവ്.
— സ്വത്തുനികുതിക്കും ആദായനികുതിക്കും മാററമില്ല.
— ഉത്പാദന നികുതിയിൽ വർദ്ധനവ്.
— ഇറക്കുമതിതീരുവകുറയും.
— വിദേശ ഇന്ത്യാക്കാരോട് ഉദാരമായ സമീപനവും നിക്ഷേപങ്ങൾക്കു ആകർഷകമായ വ്യവസ്ഥകളും.

ഈ നിർദ്ദേശങ്ങൾ രാജ്യത്തെ ഒരു പുതിയ സാമ്പത്തിക ക്രമത്തിലേക്കും വളർച്ചയിലേക്കും നയിക്കുമെന്നു വിശ്വസിക്കുന്ന അക്കാദമിക് സമൂഹവും സ്വകാര്യമേഖലയുടെ വക്താക്കളും അവരുടെ പ്രചാരണ വേലക്കാരായ വാർത്താ മാദ്ധ്യമങ്ങളും ശ്രീമാൻ മൻമോഹൻസിംഗ് രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ രക്ഷിക്കുവാൻവന്ന മശിഹായാണെന്നുപോലും വിശ്വസിക്കുന്നതായി തോന്നുന്നു.

ബജററിലെ നയപരിപാടികളുടെ പരിണിതഫലമെന്തായിരിക്കും? പാവപ്പെട്ടവരെ നോവിക്കാത്ത ബജററെന്നു ചിലർ പറയുമ്പോൾ ഇടത്തരക്കാരന്റെ നട്ടെല്ലു തകർക്കുന്ന ബജററാണിതെന്നു മററു ചിലർ പറയുന്നു. ആഡംബര വസ്തുക്കളുടെ നികുതി കൂട്ടിയതുകൊണ്ടു വരേണ്യവർഗ്ഗത്തെ മാത്രമേ ഇതു ബാധിക്കുകയുള്ളുവെന്നു പറയുന്നവരും കുറവല്ല. ഒടുവിൽപ്പറഞ്ഞ അഭിപ്രായഗതിയോടെ നമുക്കെങ്ങനെ യോജിക്കുവാനാകും? പെട്രോൾ, പഞ്ചസാര, വളം എന്നിവയുടെ വിലവർദ്ധനവ് സാധാരണക്കാരെ വളരെ ഞെരുക്കുമെന്നതു കേവലയുക്തിയാണ്. പെട്രോളിന്റെ വിലവർദ്ധനവ് അവശ്യസാധനങ്ങളുടെ വിലക്കയററത്തിനു വഴിവയ്ക്കും. വളത്തിന്റെ വിലയിലുള്ളമാററം കാർഷിക രാജ്യമായ ഇന്ത്യയിൽ കൃഷിക്കാരെ എത്രമാത്രം ബാധിക്കുമെന്നു എടുത്തുപറയേണ്ടതില്ലല്ലോ. ഇതുമാത്രമല്ല, ഉത്പന്നനികുതിവർദ്ധനവ് ഇട അവശ്യസാധനങ്ങളുടെ വില വളരെ ഉയർത്തുവാൻ ഇടനല്കുകയും ചെറുകിട വ്യാവസായികളെ വ്യവസായിക രംഗത്തുനിന്നും തുടച്ചു മാററുകയും ചെയ്യും.

ഇടത്തരം വരുമാനക്കാരെ തളർത്തിയ ബജററാണിത്. നഗരങ്ങളിലെ ഇരുണ്ട വാടകവീട്ടിൽ പാചകഗ്യാസ് ഒരു ആഡംബരവസ്തുവല്ല; അവശ്യസാധനമാണ്. ഒരു സിലണ്ടറിൽപോലും 20 രൂപയുടെ വർദ്ധനവുണ്ടായതായിട്ടാണു കാണുന്നത്. ഒരു ലിററർ പെട്രോളിൽ 2 രൂപ 60 പൈസയുടെ വർദ്ധനവ്! ബീഡി, സിഗരററ്, പഞ്ചസാര എന്നിവയുടെ വിലക്കയററം മദ്ധ്യവർഗ്ഗത്തിന്റെ ജീവിതം ക്ലേശപൂർണ്ണമാക്കുമെന്നതിൽ സംശയമില്ല.

തൊഴിലില്ലായ്മയും ദാരിദ്ര്യവും സ്വാതന്ത്ര്യഭാരതത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളാണ്. 400 ലക്ഷംപേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി തൊഴിലന്വേഷിക്കുന്ന നാടാണിത്. അതുപോലെതന്നെ 60% ജനങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയാണിവിടെ. (ദാരിദ്ര്യരേഖ കണക്കാക്കുന്നതു ഭക്ഷണംമാത്രം അടിസ്ഥാനമാക്കിയാവരുത്. പാർപ്പിടം, വസ്ത്രം, ഭക്ഷണം, ആരോഗ്യം, പ്രാഥമിക വിദ്യാഭ്യാസം എന്നീ അഞ്ചു സൂചികകൾ കണക്കിലെടുക്കണം.) തൊഴിലില്ലാത്തവർക്കോ പട്ടിണികിടക്കുന്നവർക്കോ ആശ്വാസംപകരുന്ന ഒരു പദ്ധതിയും സാമ്പത്തിക ശാസ്ത്രജ്ഞന്റെ ബജററിലില്ല. സ്വകാര്യവത്കരണത്തിലൂടെ കൂടുതൽ വ്യവസായശാലകൾ പ്രവർത്തിപ്പിക്കുമ്പോൾ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാനാവുമെന്ന ക്ലാസ്സിക്കൽ സിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു സമീപനമാണിതെന്നുതോന്നും.

ഡോ സിംഗിന്റെ ബജററ് ഉയർത്തുന്ന ആശങ്കകളോടൊപ്പം നമ്മെ ഞെട്ടിക്കുന്ന മറെറാരു നയപ്രഖ്യാപനവും പുറത്തുവന്നിട്ടുണ്ട് — ഇൻഡ്യയുടെ പുതിയ വ്യവസായ നയം. 1956-ൽ നെഹ്റു ഗവൺമെൻറ് സ്വീകരിച്ചനയം പില്ക്കാലങ്ങളിൽ വ്യാവസായിക വളർച്ചയ്ക്കു മാതൃകയായിരുന്നെങ്കിൽ പ്രസ്തുതനയം പാടേ അട്ടിമറിക്കുന്ന പരിപാടികളുമായിട്ടാണു പുതിയ വ്യവസായനയം ആവിഷ്ക്കരിച്ചിരിക്കുന്നത്. പുതിയ ഗവൺമെൻറിന്റെ സ്വഭാവവും വീക്ഷണവും പ്രകടമാക്കുവാൻ ഈ നയത്തിനു കഴിയുമെന്ന് ഇതിന്റെ സൃഷ്ടാക്കൾക്ക് അഭിമാനിക്കാം. വ്യവസായ നയത്തിലെ പ്രധാന ഇനങ്ങൾ താഴെപ്പറയുന്നവയാണ്.

— 18 മേഖലകളിൽമാത്രം ലൈസൻസിംഗ്.
— വൻകിട വ്യവസായങ്ങൾക്ക് കുത്തകനിയന്ത്രണത്തിൽ നിന്നുള്ള മോചനം.
— വിദേശ നിക്ഷേപത്തിനും ബഹുരാഷ്ട്ര കുത്തകകൾക്കും അനുമതി.
— പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ പൊതു വിപണിയിലെത്തിക്കാനുള്ള നടപടി.
— സ്വകാര്യ വ്യവസായവത്കരണത്തിന് ഊർജ്ജിത പദ്ധതികൾ.

ഈ നടപടികൾകൊണ്ട് ഇന്ത്യൻ വ്യവസായരംഗം കൂടുതൽ ഉറപ്പുള്ളതും കിടമത്സരത്തെ അതിജീവിക്കുവാൻ ശക്തിയുള്ളതുമാകുമെന്നാണ് ഭരണം നടത്തുന്നവരുടെ കണക്കുകൂട്ടൽ. സ്വകാര്യ ഏജൻസികളും ബഹുരാഷ്ട്രകുത്തകകളും നമ്മുടെ രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും മോചിപ്പിക്കുമെന്ന തരത്തിലാണു കാര്യങ്ങളുടെ പോക്ക്. മൊട്ടുസൂചി മുതൽ കപ്പൽവരെ നിർമ്മിക്കുവാൻ കഴിവുള്ള ബഹുരാഷ്ട്രകുത്തകകൾ യഥേഷ്ടം വിഹരിക്കുന്ന ഒരു നാടായാൽ നമ്മുടെ സ്വദേശ വ്യവസായികളുടെ സ്ഥിതി എന്താവും? ആഭ്യന്തരരംഗത്തു വിഭവസമാഹരണ

# P N S

**LEADING TEXTILE DEALERS**

**PUNALUR**

# GAYATHRI

**THE BEST AND BIGGEST**

**TEXTILE SHOW ROOM**

**PUNALUR**

**PH. 2677,2377**

---

*Best compliments from*

# S. ABDULVAHEED

## Govt. Contractor

**Bilal Nagar**

**Vallakkadavu**

**Trivandrum–8.**

**Phone : 77204**

ത്തിന്റെ താക്കോൽകൂടി അവർ ഏറെറടുത്താൽ രാജ്യത്തിന്റെ രാഷ്ട്രീയ പരമാധികാരം ആരുടെ കയ്യിലാവും? പണ്ടു കച്ചവടത്തിനുവന്നവർ രണ്ടുനൂററാണ്ടു ഭരിച്ച ചരിത്രം നമുക്കു മറക്കുവാനാകുമോ? പുത്തൻ കൊളോണിയലിസത്തിന്റെ മുഖങ്ങൾ കണ്ടില്ലെന്നുനടിക്കുവാൻ നമുക്കെങ്ങനെ കഴിയും? സിദ്ധാന്തങ്ങളുപേക്ഷിച്ച് പ്രായോഗിക നയങ്ങൾ നടപ്പിലാക്കുകയാണു വേണ്ടതെന്ന് ഡോ. സിംഗ് അഭിപ്രായപ്പെടുന്നു. അതിനായി സോഷ്യലിസ്ററു സ്വപ്നങ്ങൾ നാം ഉപേക്ഷിക്കണമെന്നും അദ്ദേഹം പരോക്ഷമായി ആവശ്യപ്പെടുന്നു. ഒരു സത്യം നമുക്കു നിഷേധിക്കാനാവില്ല. വ്യക്തമായ സിദ്ധാന്തങ്ങളിൽനിന്നും മോചനം നേടുന്നവർ ചെന്നെത്തുന്നതു തികഞ്ഞ അരാജകത്വത്തിലാണ്. അത് മുതലാളിത്ത സംവിധാനത്തിലാണ് ഒടുവിൽ എത്തിച്ചേരുന്നത്. പെരിസ്ട്രോയിക്കയുടെ പേരിൽ തകർന്നടിയുന്ന സോവിയററു യൂണിയനിലെ വിഘടനവാദവും ശൈഥില്യവും അരാഷ്ട്രീയവാദികൾക്ക് എന്നും ഒരു പാഠമായിരിക്കട്ടെ. ഏതു വ്യവസ്ഥിതിയിലായാലും ജനജീവിതം സംരക്ഷിച്ചാൽപോരേ എന്ന വാദഗതി താത്കാലികമായി അംഗീകരിച്ചുകൊണ്ട് നമുക്കുചോദിക്കാം. 85 കോടി ജനങ്ങളിൽ 51 കോടിയും പട്ടിണികിടക്കുന്ന ഈ നാട്ടിൽ സ്വകാര്യവത്കരണവും മുതലാളിത്ത ഉത്പാദനരീതിയുംകൊണ്ട് ജനജീവിതം മെച്ചപ്പെടുത്താനാവുമോ? തൊഴിലില്ലായ്മയും അസന്തുലിതമായ വരുമാനഘടനയും വളർച്ചാരീതിയുമുള്ള ഈ രാജ്യത്തിന്റെ വികസനം സുഗമമാക്കുവാൻ സ്വകാര്യ സമ്പത്‌വ്യവസ്ഥയ്ക്കു കഴിയുമോ?

വൈവിധ്യംമാത്രം കൈമുതലായുള്ള ഒരു ജനതയെ കോർത്തിണക്കുവാൻ ഒരു സ്വകാര്യ സമ്പദ്‌വ്യവസ്ഥയ്ക്കു കഴിയുകയില്ലെന്നു മാത്രമല്ല, താത്പര്യമുണ്ടാവുകയുമില്ല. ലാഭേച്ഛയും വ്യക്തിഗത താത്പര്യങ്ങളും പോഷിപ്പിക്കുന്ന ഈ സംവിധാനം ജനകോടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമൂഹ്യ പ്രതിബദ്ധത ഏറെറടുത്തിട്ടുള്ള ചരിത്രമില്ല. അതുകൊണ്ടുതന്നെ നമുക്കന്യമാവുന്ന പുതിയ സാമ്പത്തിക സംവിധാനം നാടിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും കൂടുതൽ മുറിവേല്പിക്കുന്ന സംഭവങ്ങളിലേക്കുവഴിതെളിക്കും. രാജീവുഗാന്ധിയുടെ ഉദാരവത്കരണ നടപടികൾ അടവുശിഷ്ടപ്രതിസന്ധി സൃഷ്ടിച്ചെങ്കിൽ സ്വകാര്യവത്കരണം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുകയും സ്വകാര്യ ഏജൻസികൾക്കും വിദേശ കുത്തകകൾക്കും രാജ്യം തീറെഴുതുകയും ചെയ്യുന്ന അവസ്ഥാവിശേഷത്തിലെത്തിക്കുകയും ചെയ്യും. ഇതിനെതിരെ സാമൂഹ്യ പ്രതിബദ്ധതയുള്ള ജനത സംഘടിച്ചെങ്കിലേ മതിയാവൂ.

□


*With best compliments from*

**T. M. Prabhakaran Nair**

**Premier Mosaics**

Chathanad

**Alappuzha–688 001**

Phone: Office. 4589

Resi. 4131

***Manufacturers of:***

**Quality Mosaic Tiles**

**AND**

**Flooring Contractors**

Mosaic-Marble-

Glased Tiles-

**Spartek - Cuddapah**

*With best compliments from*

## Vaikom Urban Co-operative Bank

**Ltd. No. 1193.**

**Head Office. Vaikom. P. B. 10. Phone. 2354**

| | | | |
|---|---|---|---|
| **Branches** | 1. | Vaikom. (Main) | 2354 |
| | 2. | Vechoor | ,, 5131 |
| | 3. | Thalayolaparambu | — |
| | 4. | Brahmamangalam | — |

**For a Bank it is a phenomenon**

**President**
**K. Narayana Panicker. B.A.B.L.**

**Secretary**
**D.K.K.Kartha**

*With the best compliments from*

*Everything in foot wear and*

**Anything in travellite**

**RAJAS**

**Mullackal**

**Alappuzha.**

**Phone: 4552**

# A MAN AND HIS PASSION

*Theres a magic in her touch that just comes shining through:*
*she's the one who stole my heart away.*

**ESCORTS YAMAHA**
**RX 100**

**THE INTERNATIONAL FAVOURITE**

**Authorised Dealer**

**Jayasree Motors**
**N.H. 47**
**Thiruvampady**
**Alleppey – 3**
**Phone: 2693**

അമൃത

# വരപ്രസാദം

എന്റെ മൗനത്തിന്റെ വല്മീകമുടയ്ക്കുവാൻ,
എൻ ജഢാലസ്യത്തിന്റെ രാത്രികൾ ഒടുക്കുവാൻ,
അസ്ഥിയിൽ മഞ്ഞായ്, ചിന്താധാരയിൽ മരവിപ്പായ്,
ഉറയുമീ മൃതശൂന്യ കാളിമയകറ്റുവാൻ,
മുത്തുപോലുതിർന്നുതിർന്നൊഴിയുമെൻ കാലത്തിന്റെ—
രാപ്പകലുകൾതോറും ജീവനം നിറയ്ക്കുവാൻ,
ഒന്നിനുമാവാത്തൊരീ നിഷ്ക്രിയത്വത്തിൽപ്പോലും,
ചെയ്യുവാനെന്തോ ബാക്കിയാവുന്നുവെന്നോർക്കുവാൻ,
ഒരു താമരനൂലിൻ മാർദ്ദവക്കടുപ്പം പോൽ,
പൊട്ടിക്കാനരുതാത്ത ബന്ധത്തിൻ ദൗർബല്യമായ്,
ജനനാന്തരങ്ങളിൽപ്പോലും പിൻതുടരുന്ന—
പൂർവ്വമാം നിയോഗത്തിൻ വാസനാ ബലമായി,
ഏതനുഗൃഹീതമാം മാത്രയിലുണരുമോ
വീണ്ടുമെൻ സിരാതന്തുതോറുമാ പ്രഭാപുഞ്ജം?
സൃഷ്ടിയും സ്ഥിതിയും സംഹാരവുമായി, കാലാ—
തീതമാം പ്രഭാവമായ്, കാരുണ്യസമുദ്രമായ്,
പ്രളയമായനന്തരശ്ശാന്തിയുമായി, ച്യുതി—
യില്ലാത്ത തേജോമയ നിസ്തുലസ്വരൂപമായ്,
എന്റെയജ്ഞതകളിൽ, അല്പമാമറിവിലും,
എന്നഹംബോധത്തിലും നീയുയിർക്കൊണ്ടീടുക.
എന്റെ കൈവിരലുകൾ നീ ചലിപ്പിക്ക, ശൈത്യം—
മൂടിയ ഞരമ്പുകൾ ഊഷ്മളമാക്കീടുക,
ശൂന്യമെൻ സർഗ്ഗാത്മകബോധത്തിൽ ഭാവോദ്ദീപ്ത—
വർണ്ണപുഷ്പങ്ങൾ കൈതൊട്ടുണർത്തൂ കാവ്യാത്മികേ!


Visit:

**Swapna Foot Wear**

**Mullakkal**

**Alappuzha**

**Tel.. 4238**

***Dealers of V.I.P., Safari & 'Aristocrat' Luggages.***

# STYLES FOR ALL AGES

**SHOBHA**

Coimbatore

***One of The Largest***

***Tex-Style Show Rooms***

**IN INDIA**

Best compliments from

## N. S. S. College Consumer Co-operative Society Ltd. No. A - 729

**K. R. Puram P. O.,**

**Cherthala.**

## കടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക്

ഹെഡ്ഓഫീസ്: കടയ്ക്കൽ **Phone 35**

കൊല്ലം ജില്ലയിലെ ഏററവും മികച്ച സർവ്വീസ് സഹകരണ ബാങ്ക്

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തി വരുന്നു. വാഹനങ്ങൾക്കും, T. V, ഫ്രിഡ്ജ് തുടങ്ങിയ ഗൃഹോപകരണങ്ങൾക്കും, ഹയർ പർച്ചേയിസ് ലോൺ. നിക്ഷേപങ്ങൾക്ക് ഏററ വും ഉയർന്ന പലിശയും പരിരക്ഷയും.

S. ശശി
സെക്രട്ടറി

K. കമലാസനൻ
പ്രസിഡന്റ്

## Releasing in November 1991 in
## All Centres of Kerala

Cinemascope

FILM : 'സൂര്യ'

**Produced by K. P. Venugopal**

## Chandini Films

**Distributed by Chandrakanth Films.**

*With best wishes from*

**N. Chandrasekharan Nair**
**Professor of Botany**
**S. D. College**
**Alapuzha-3.**

Dear Doctor,

**'At Your Services Always'**

In Your Constant Battle Against Diseases

We supply you
The most trusted weapons
Highest quality drugs
At the cheapest prices
Drugs that you can always trust

# Kerala State Drugs And Pharmaceuticals Ltd.

Kalavoor : 688 522

## Alappuzha

**Kerala (South India)**

S. SIDHARTHAN

# IS SCIENCE CLASS NEUTRAL ?

The human intellect has a way of ensnaring itself with ideas forged within itself. When enquiring into the obstacles to knowledge Francis Bacon had enumerated five types of "idols". By "idols" he meant, "... bad habits of mind that cause peoples to fall into error."

It is well known that both the ancient and the medieval people had been under the spell of many a mythical belief. To us now, what was axiomatic to them then, has all the appearance of the result of a silly naivete, from which all our forefathers somehow seem to have suffered. We congratulate ourselves for having finally cured mankind of this unhappy trait, hardly realising that this self congratulatory mood itself is quite symptomatic of the good old malady! We have rejected the old myths, there is no doubt about that. At least most of the silliest of the old myths have been rejected. But this has been done only as a prelude to seeking solace in the mind-stunning comfort of fresh myths of our own fabrication. As in the case of the legendary Naranath the Lunatic, the filarial bulge has merely been transferred from the right to the left leg. Human history seems to be a programme of abandonment of old myths for new ones.

I am not suggesting that the condition is incurable, that we shall have our intellect always clutted with "idols". What I am suggesting is that even if the condition is incurable, it in no way absolves us from the duty of throwing away from our intellect ideas we clearly recognise as rubbish. It is paradoxical but true that to be true to history and tradition we must reject the old. And, some of the old myths deserve to be rejected very urgently. In what follows, I have made an attempt to expose a dearly cherished myth of the modern mind, which to my mind, deserves urgent jettisoning. This myth is concerned with science. To be precise, it is the belief that Science is class neutral, that is to say, the blessings it bestows are universally beneficial.

In what follows no distinction is made between 'pure sciencee' and 'applied science.' Also, the usual distinction between Science and Technology is disregarded. It is considered that these distinctions are valid only for the sake of technical

*With best compliments from:*

## Kannatt Opticals

**Opp: M. C. Hospital**

**Palace Road**

**Alapuzha**

**Phone : 3368**

*With the best compliments from*

# S. D. College Employees Co-op: Credit Society

**Ltd., No. A–753**

Alappuzha

**Phone: 5817**

Estd. 14.08.1981

**Share Capital – Rs. 1,88,540.00**

*Prof. K. Gopinathan* — **President**

*Sri. P.P. Balachandran* — **Secretary**

**കൃഷിമരുന്നുകൾക്ക്**

# ആഗ്രോ സെയിൽസ്

# കോർപ്പൊറേഷൻ

പിച്ചു അയ്യർ ജംഗ്ഷൻ

**ആലപ്പുഴ**

ഫോൺ:2647

# മണലിഷ്ടിക

## SAND LIME BRICKS

ഭവന നിർമ്മാണരംഗത്തെ ആധുനിക സങ്കല്പങ്ങൾക്കനുസരിച്ച് വീണ്ടും ഉപയോഗപ്പെടുത്താവുന്നത്ര ഉറപ്പും ഭംഗിയുമുള്ള ലാഭകരമായ ഒരുൽപ്പന്നം.

സിമൻറിൻെറ ഉപയോഗത്തിലും പണിക്കൂലിയിലും ഗണ്യമായ ലാഭം.

നാടൻ ഇഷ്ടികയേക്കാൾ മൂന്നിരട്ടി ബലവും പകുതി വലിപ്പക്കൂടുതലും

കെട്ടിട നിർമ്മാണ ചെലവ് കുറയ്ക്കുന്നു.

സമയം ലാഭിയ്ക്കുന്നു.

ഭിത്തിതേയ്ക്കേണ്ട ആവശ്യമില്ല.

മണലിഷ്ടിക (SAND LIME BRICKS) ഇപ്പോൾ വിവിധ തരങ്ങളിൽ ആവശ്യാനുസരണം ലഭ്യമാണ്.

നിർമ്മാതാക്കൾ :-

**കേരളാ കൺസ്ട്രക്ഷൻ കംപോണൻസ് ലിമിററഡ്**

(ഒരു കേരളാസർക്കാർ സ്ഥാപനം)

**കെ.ആർ. പുരം. പി. ഒ. ചേർത്തല**

*ഫോൺ : ചേർത്തല 2302*

*പള്ളിപ്പുറം 231*

fastiditiousness Pure Science is nevertheless admitted as a theoretical possibility, but its actualisation is possible only in a world where the main contradiction is between man and Nature and not between human beings stratified into antagonistic classes as is the case with the present world. In a class divided society, if pure science is to become an actuality the dominant class must comprise of Plato's philosopher kings. Those who suppose that in a class divided world, Science can freely look into the mysteries of Nature are harbouring too much faith in the benevolence of the worshipers of money. The worshipping of money-Capitalism-leaves nothing to flourish for its own sake, nothing is left to develop in harmony with its own dynamism. On the contrary, as has been pointed out way back in 1848 itself, all things are made either its simple tools and all human beings, its paid servents. 'Pure Science' is no exception.

Class neutrality of Science is axiomatic with most critics of modern life. When it comes to scientists teachers and students of science, excepting of course a microscopic minority, the question concerning the class nature of science hardly ever forces it self to be felt in their conscious mind. To their thinking it is an act of sacrileg to question the universality of the blessings of modern science. For one thing, they are deeply immersed in the subject either for the purpose of learning or for disseminating what has already been learnt. For another thing they have no chance whatever to wear off the, indoctrination concerning the class neutrality of science to which they are subject in all their waking moments.

So in the depth of their studies they remain, lost without bearings. Theorising about Science is not felt by them to be part of their business. Hence their unwillingness to take a step away from their own activity and view it critically. If they happen to have any qualms of conscience at all concerning the ultimate social worth of science, the boldest among them would not dare go beyond Toynbee and the like. Toynbee and co. would at once reassure them of the class neautrality and universality of Science by pointing out that Science is morally neutral. According to Toynbee Science is neither good nor evil in itself. But it is both; it all depends on how man makes use of it.

Such an assurance would take a load off the chest of those rare souls who might have some disturbing feelings regarding the ultimate social worth of their chosen scientific pursuits, be it learning or teaching or research. They immerse themselves in what they consider their sole task, leaving it to the politician and his confederates to sort out the issue, and lend kindly light. And, the politician, totally incapable of seeing beyond his nose, i. e., the next election, leads the whole lot to hell. Thus, we have not only the Naplam and Neutron Bombs, but also industrial and agricultural practices that turn the good earth barren, that bloat the rivers menting and reeking pollutants, that oppress the people and make their lives all the more conflict ridden, impoverished and miserable in the consumarist heavens of their making, ruled in the name of democracy and freedom by the tyrannical dominant classes.

This is not to be construed as to mean that Science and Technology (here after, only 'Science', implying both) has come thus far in history, totally uncriticised by any one. There had been men like Thoreau and M. K. Gandhi who were aware of the need to criticise Science and scrutinize its doings and monitor their effects on both man and Nature. Critics of a similar *persuasion* are not at all scarce in the world even now; if any thing, their, kind have been proliferating of late. These critics move in an anti—Science rut and are determinedly headed toward primitivism. They deserve nothing but contempt as what they advocate is nothing but idealistic escapades from the world of actuality. Besides these idealistic dreamers there are materialistic critics of Science who are committed to fight its evil side effects while defending with all their might what they call its blessings, which to their thinking are universally beneficial. To their mind, the problem is not with Science but with the class that is weilding it. Thus their sole concern centres itself around governmental power. This absorption with goverment and the consequent neglect of State makes them positivists in their approach to Science. They are no better than the idealist dreamers.

Those critics of Science, who base their critique on the premise of class neutrality of Science, no matter how vehement night be their out-pourings against Science, are dealing out hard blows

*Best compliments from*

## Kurikkal Pipe Lines

**Kozhikodu Road,**

**Manjeri - 1**

**Sales Depot**

**Cherooty Road,**

**Kozhikodu–1**

**Dealers in :** *Neycer, Parry ware, Spartek flooring, Tiles, Grp, Polycon water tanks, Acc Cement etc.*

BEST WISHES

## Zam Zam College

Manjeri

***Br : Malappuram.***

## Paravathani

**Nilambur Road,**

**Manjeri.**

**Phone : 3431**

*Best compliments from*

## Deemah Bakery
## Deemah Cool Bar
## Deemah Medicals.

Manjeri

at a mere shadow. The premise of class neutrality is false and perfidious. This has been abundantly made clear by Christopher Cauldwell. His "Studies in a dying culture", and, "Crisis in Physics" contain strong indigments against the positivist approach to Science. Though Cauldwell's works had given rise to a serious debate in the fiftees. ultimately there came to prevail the positivist stance not only in Britain where the debate had its origin but all the world over. In this debate J. B. S. Haldane and George Thomson were on the side of Cauldwell. J. D. Bernal, Confoith and Palme Dutt were the advocates of positivism which denied the reality of any sort of ideological limitation at the base of physical Science.

During the second world war, the class nature of Science had become a hotly debated topic in Russia. Stalin did make a clear distinction between proletarian Science and bourgeois Science. But since he could not correctly spell out the specificity of both, the distinction, though correct, came to an inglorious ending in Russia itself. The consequences of this failure are unfolding themselves in Gorbachov's Russia. The socialist relations of production have recieved a crushing jolt and, the capitalist relations are now back in their place. Why?—Those who do not seek to hide the truth behind clever explanations ask in wonder. The answer is simple. Knowledge has a *crystalite like nature* It transforms the medium, it is put into, after its own pattern. Knowledge concerning natural and social phenomen adoes not spring up all of a sudden from vacuity. It is always engendered by a specific society with specific relations of production. That is to say knowledge has an economic base. And, the sole function of that knowledge is to reinforce its economic base. In a class divided society the economic base serves the interests of the dominant class. Hence, knowledge serves the class that rules. It may be supposed that, if this plain truth is broadcast to the people may be, they would not be as docile as we find them today. But the fact is, the vast majortiy of the people would, owing to the massive cultural indoctrination to which they have been subject for so long, remain not a wee bit any the wiser even after all the broadcasting one could wish for. Even then the ruling class is unwilling to take any risks, for their stakes are so great. Therefore, they propagate the idea that the knowledge that serves them, serves the whole mankind, the Science that serves them serves the entire humanity. In this subterfuge there is nothing new. It is an adaptation of the technique used by their predecessors, the Kings who traced their lineage to no less a personage than Vishnu, Zeus or the Sun etc. That which is evil survives by sanctifying itself. The sole hope of mankind lies in this one fact: evil needs a mask to rule.

A class critique of Science is an act of unmasking. Unmasking is the most unplesant thing to the masked. But if our commitment is not to the masked but to equity, we cannot but go along and enquire into the parentage of Science.

When the methodology of dialectical and historical materialism is applied to the study of the history of Science, it becomes clear that profit motive and war were the real progenitors of modern Science. And what is more, they continue to be its guardian angels. In technology there is a constant pressure to introduce cost saving methods. The so called pure Science too gets roped in to serve this end, however indirectly it might be. Some theorists would have us believe that scientific discovery is an autonomous process, outside the turbulant realm of class struggle, inspired solely by the mystery of natural phenomena. This is a mischevious lie. Even the wonder of the scientist is ideologically determined—that indeed is the wonder that is ideology. Curiosity is not a free phenomenon, no matter how far removed it might appear from the interests of trade and industry. In a class society this cannot but be so; of course, rare exceptions are not ruled out, but even these would find themselves the handmaid of capitalism before long.

Cutting through the jungle of high sounding phrases sung in praise of the existing Science, we must discern its true nature, its specificity which alone reveals its class nature.

Its most important characteristic must be identified as its heirarchical nature. Itself the child of a heirarchical society, it is through and through heirarchical and acts in a chrystalite like fashion by perpetuating its structure wherever it exerts its influence. This anti—people structure is the direct result of the lack of link the knowledge it produces has with the knowledge of the people. In this paradym, as scientific knowledge advances, people's knowledge gets transformed into people's ignorance. Thus, the age-old techniques of agricultural practices developed through centuries of hard-earned experience which had sharpened these practices to a very high de-

gree of specificity are declared unscientific by the new-hatched agricultural scientists. And they impose their pesticidal—herbicidal—chemical practices on the people in the guise of serving them, all the while serving their own masters in the developed nations.

The dichotomy between people's knowledge and expert knowledge is inevitable till the people themselves become experts. This fusion of the two is undoubtedly a distant reality now. But that in no way justifies scheming to perpetuate this dichotomy. By creating experts and imposing them on the people, modern Science, true to its crystalite like nature, reproduces its own heirarchical structure in society.

The heirarchical structure in the very antithesis of true democracy. The heirarchical model might be a historical necessity. Even when heirarchical, it can be deemed democratic provided it is controlled in such a way as to progressively narrow down the gap between the stratas of the heirarehy. If anything, modern Science does just the contrary; its super-specialisations distance the stratas evermore.

Another feature of its diabolic visage is that it looks down on both man and Nature as mere tool and source of plunder. Indeed, it would be quite against the ethics of capitalism not to do so. For, it is a loveless ethics. But the bourgeoisie mystifies love and lifts it out of the mundane plane by declaring love to be divine. Their poets compose endless poems in praise of love. Their dramatists, novelists and movie makers, through their own medium, emulate the poets. But all their painstaking labours not withstanding, no one is made any the wiser regarding the nature of love. So, they tread on love and trample upon it, all the while glorying it. The relationship between modern Science and Nature must be identified as a relationship of consumption. The use-and-throw-away consumer culture from the West is a child of this loveless wedlock between capitalism and the unwilling Nature.

The third feature is its topsy—turvy order of priority. Prodigous amounts of intelligence and resources are spent, not for discovering solutions to the real problems of mankind, but for generating new wants (for the purpose of creating new thrills) in the affluent sections of society. In the ultimate analysis the monstrous War Machine is also a *contraption* meant to thrill the Capitalist.

Its fetishism of Machine is another noteworthy feature. This is actually a corollary of its consumptive relationship with Nature. If it is made heirarchical by its expert-centredness, its mechine-centredness makes it really misanthropic. It is a puerail joke to say that this "Science [is] for social progress." It actually stands for its own progress, the progress of the machines, the experts, the heirarchy.

There are critics of modern Science who advocate a going back to Nature. I am not one of them. As man can never again go back to his primitive innocence, this slogan, "back to Nature", is absurd. Nevertheless it has been aired as though representing the very acme of wisdom. The relation between man and Nature is a dialectical relation: man is both a part of Nature and also an entity distinct from Nature. Capitalism and its profit mongering culture distorts the dialectical poise of this relationship to the side of distinction. This has given rise to the boast of man conquering Nature. The term 'conquering' results from an exaggerated notion of the contradiction between man and Nature. This exaggeration is inherent in both Capitalism and the mechanistic world view. These two masterminds behind modern Science have brought about such a havoc in the world that some sensitive souls are compelled to cry out, "back to Nature!"

Their sensitivity is no doubt praise worthy. But the same thing cannot be said about their cerebral power. The going back they envisage does not mean correcting the distortion wrought earlier, but it simply means introducing another distortion in the opposite direction; it means exaggerating the identity of man with Nature. This pendulam like swinging back and forth from an exaggerated notion of difference between man and Nature to an exaggerated notion of identity is mechanistic. Thanks to dialectics we do not have to ride on this pendulam. Of course, the going back advocated by the sensitive souls shall never happen on a grand scale but it is always a probability in the retreats of solitary men. Thoreau in his Walden exemplifies the point. If at all mankind goes back to Nature, it would be a forced going back subsequent to a holocaust. Only a dialectical materialist intervention in history can bring about and maintain the equillibrium between man and Nature. The development of a proletarian Science is an indispensable element of such an intervention. ◻

പരുത്തിപ്പള്ളി കൃഷ്ണൻകുട്ടി

# ആഗസ്റ്റിലെ ചിന്തകൾ

ഇന്ന്-ആഗസ്റ്റ് പതിനഞ്ച്
ഇൻഡ്യതൻ തിരുനെറ്റിക്കുറിയായ്
വിളങ്ങുമൊരു ശുഭദിനം!
പുനർജ്ജനി ദിനം!
അന്ന്—

ആ അഭിശപ്തനാളുകളിൽ
അങ്ങു പടിഞ്ഞാറുനിന്നും തുഴഞ്ഞെത്തി
ഒരു സാർത്ഥവാഹകസംഘം
അവരന്നു പാടിയൊരു പാട്ടിൽ മുഴങ്ങി
പുതുമയുടെ, പെരുമയുടെ രാഗം....
ഒരു കൈയിലിത്തിരി ഗരിമയുടെ ഭാണ്ഡവും
മറുകൈയിലാർക്കുന്ന തോക്കും
അവർ മണ്ണിൽ നൃത്തം ചവുട്ടിക്കുഴച്ചിവിടെ
അടിമത്തമെങ്ങും വിതച്ചു
    കരളൊന്നു പിടയുമെൻ
    നാട്ടിന്റെ വിളികേട്ട്
    മക്കൾ സടകുടഞ്ഞെത്തി.
    ആവേശമെങ്ങും നുരഞ്ഞു
    ബലിപീഠമാകെയുയർന്നു.
    അയുതങ്ങൾ ചുടുചോരയിറ്റി
    അമ്മയ്ക്ക് പാരണ വീട്ടി.
    അങ്ങനെ സ്വാതന്ത്ര്യസൂര്യൻ
    ഇൻഡ്യയ്ക്കുമേൽ വെള്ളകീറി.
പിന്നെ—

അഭിമാന ഹർഷോന്മദങ്ങൾ
കതിർചൂടിയെങ്ങും വിളഞ്ഞു
പുതിയ ഭഗീരഥന്മാരായ്
തൊഴിലാളി വർഗ്ഗമുണർന്നു.
ആ കർമ്മവീഥികളിൽ നമ്മെത്തുണയ്ക്കുവാൻ
കൈതന്നു കേറ്റുവാനെത്തി
ദുരമൂത്ത കാർമേഘമതിർതെറ്റിയെത്തിയാൽ
ആട്ടിയകറ്റുവാനെത്തി.
ഇങ്ങ്, കിഴക്കിന്റെ ശക്തിദുർഗ്ഗം
എന്നും അഹന്തയ്ക്ക് പേടിസ്വപ്നം
എങ്ങും അശരണർക്കാത്മമിത്രം
ആ രക്തതാരകാ പൊൻവിളക്ക്.

ഇന്ന് —
ഈ പിഴവുററനാളുകളിലിൻഡ്യതന്നാത്മസഖി
അടിതെററിവീണുപോയെന്നോ?
'ഹാകഷ്ട'മെന്നേ പറയേണ്ടൂ....
ഇൻഡ്യതൻ ഹൃത്തടം വിങ്ങുന്നുവോ?
''ഹാസോദരീ! യിവളെങ്ങനെ താങ്ങുമോ
ആകണ്ഠം മുങ്ങുമീവീഴ്ച?
എന്നാളുമെന്നാത്മ ശക്തിയെന്നോർത്തുഞാൻ
എന്നാത്മ മിത്രമേ നിന്നെ
ആലംബഹീനർക്കു വഴികാട്ടിയെന്നല്ലേ
ലോകങ്ങൾ നിന്നെ പുകഴ്ത്തി
ആപോയനാളുകൾ വീണ്ടുമെത്താൻ
ആ തപ്ത നിശ്വാസമാറിടുവാൻ
ആശിപ്പൂ—ഞാനുമീനാളിൽ—എൻതിരുനാളിൽ
ഇടനെഞ്ചിൽ കണ്ണീരുമായി.
നിൻപ്രതാപൈശ്വര്യം വീണ്ടുകിട്ടും ദിനം
എൻ ദഗ്ദ്ധ ഹൃദയാഭിലാഷം.''
ഇന്ന്—ആഗസ്ററ് പതിനഞ്ച്
ഇൻഡ്യതൻ തിരുനെററിക്കുറിയായ്
വിളങ്ങുമൊരു ശുഭദിനം
പുനർജ്ജനി ദിനം.

□


With best compliments from

S. RADHAKRISHNAN,

**Swaminathan Fashion Jewellery,**

**Quilon,**

**Phone 78107**

*Best wishes from*

# Menon and Krishnan

**Kollam**

**Parallel, Private and Going Classes :**

**S. S. L. C. to M.A., M. Com.**

**Principal**

K. VIJAYAKRISHNAN

# SOVIET DEVELOPMENTS -A SET BACK TO INDIA

What is our response to the developments in the Soviet Union? Have we the foresight and the imagination to see what these changes portend for India and the rest of the Third World? There are many in this Country, who are jubilant over the fall of the world's first socialist state like a 'house of cards'. Unfortunately, they are blinded by their ideological blinkers. They are in an ecstatic mood because they have got in handy a stick to beat the Indian Communists with.

But how can they or anyone play down the stellar role played by the Soviet Union in the anti-imperialist and anti-colonial struggles of the people of Asia, Africa and Latin America, including our own freedom movement.

Ever since the Bolshevik Revolution, Soviet Union had been the most trusted and Understanding friend of India. Having developed a viable alternative to the capitalist system and Tsarist autocracy, Soviet Union identified herself with the liberation struggles the world allover. Even as early as 1918, India's special significance and her leading role in these struggles, was also recognized. In that year, the Blue Book on India published by the U. S. S. R. Foreign Ministry noted: "There can be no general peace without a free, independent India".[1] It is difficult to find a stronger affirmation of sympathy for India's freedom aspirations at that time.

The leaders of the Indian freedom movement also correctly assessed the significance of the Bolshevik Revolution and the Soviet Socialist example. Jawaharlal Nehru had written: "I have no doubt that the Soviet Revolution had advanced human society by a great leap and had lit a bright flame which could not be smothered and that it had laid the foundations for that new civilization towards which the world could advance"[2] As early as 1927, long before India gained independence, Nehru, analysing the conflicts in the international scene, during which the imperialist powers sought to weaken and crush the world's first socialist state, wrote a letter to Abdul kalam Azad on February 22, 1940, pointing out that the policy of imperialism had always been aimed at " trying to weaken Russia ". Nehru went on: "Therefore it is very important that we should be clear in our minds about the present British policy towards Russia and that we should declare that we are against it and in no event can we support or approve of it."[3]

For the past 44 years we have had diplomatic relations with the Soviet Union. Economic relations began soon afrer independence. Soviet Union has given vital assistance to India's search for economic self-sufficiency. Our public sector is predominantly a Soviet creation. Soviet Union has also made significant coutributions to the vital, sectors of steel, heavy machinery and power. The co-operation extended to our space programme also. It reached new heights when a joint Indo-soviet team of cosmonauts went on a space flight.

In the field of defence, Soviet Union has been our most dependable ally. The Indo-Soviet Treaty of Peace, Friendship and Co-operation, signed on 9th August, 1971, facilitated the liberation of Bangladesh. The U. S. Seventh Fleet was restrained from intervening on behalf of Pakistan just because of the Soviet warning and countermeasures of navy deployment in the same region. It is common Knowledge that soviet Union exercised the Veto power on umpteen occasions to thwart the nefarious attempt of Pakistan to internationalise the Kashmir Issue, with the Connivance of the western bloc.

It is a pertinent question whether the Indo-Soviet Treaty, despite its ritualistic renewal, is relevant here after, for any meaningful economic and defence co-operation between India and the Soviet Union. One point we have to bear in mind is that some shared qualities and ideologies, for instance, the anti-imperialist stand, have always been of some importance in bringing about the world views of Soviet Union and Third world Countries like India. It is worthwhile to ask whether the Soviet Union under the new dispensation and these countries will continue to have a common attitude to the gameplans of U. S. imperialism and forces abetted by it. It is most unlikely, going by the experience of the Gulf war and the change in Soviet policy towards Cuba. Gorbachev has already indicated that the Soviet Union intended to shift its relations with Cuba from military to a political and commercial basis. The special relationship with India is not likely fo be spared.

The practical end of the special relationship with the Soviet Union will mean that India will be subject to the pressure tactics of the U. S. and her allies. The tragedy is that the Third world Countries are practically orphened. In the past we had been able to reject the hegemonistic ambitious and pressures of the imperialists because we had the Soviet Union to bank on for a counterveiling influence. World Capitalism and imperialism had been effectively Checkmated by the Soviet Union. The upsetting of the world balance of power is certainly not going to be in the interests of India and other Third world Countries.

It is time for us to sit up and think. We should not be blind to the realities of international situation with the eclipse of Soviet power, what the world Scenario most glaringly presents is our ineffectiveness. We are at the most momentous crossroads of history. The world is in for the recrudesscence of those forces which want to turn back the clock. Our very freedom is in danger. Political freedom has no meaning without economic independence. That we have been forced to mortgage our independence. has been amply demonstrated in the new industrial policy and our meek surrender to the dictates of the I. M. F.

We must draw our lessons from the soviet events We must be on our guard against the machinations of the neo-colonialists. There is nothing in Soviet developments over which we can rejoice. Instead, there are many a lesson for us and many a warning for us. The Sucess which the western capitalist powers could not achieve 70 years ago, and the fascists 50 years ago, has now come in handy for Bush and company thanks to the mismanagement of perestroika by Gorbachev. There might have been many ills and evils in the Communist party and well- intentioned democratic reforms necessary. But democracy has no meaning without political and economic independence. Gorbachev has caused the dismemberment of the world's first Socialist state. He has destroyed the hopes and aspirations of millions and millions of people the world all over. But we must not be disheartened. We have to carry on the struggle. As E. M. S. has said, Soviet Union will ever remain an ideal and will continue to inspire generation'ins their struggle against all forms of exploitation and in their fight for social justice.

1. Quoted by Vinod Bhatia, *Indo-Soviet Relations*. Panchsheel Publishers, New Delhi, 1984, P. 10.
2. Jawaharlal Nehru, *Discovery of India*, Calcutta, 1946, P. 29.
3. Jawaharlal Nehru, *A Bunch of Old Letters*, Bombay, 1958, P. 419.

B. SALIM

# FLOWERS

In the garden
Of the green earth
Flowers of different colours
Bloom and wither.
Unique in nature
The things of beauty
A charming sight.
Can one snub them?
The fragrance
At odd hours
Of the day
Lures you to the skies.
Once they bloom
They are to doom
With the drooping sun.
Bats suck them dry
But the bees are gentle.
Brutes prick them out
Librans lull them.
The immeasurable pleasure
Make life worth living.
Born to please
Always willing to please
The token of love
Deck the earth.


## സ്വപ്നാ

**വീഡിയോ & ഏജൻസീസ്**

ഉദിയൻകുളങ്ങര–നെയ്യാറ്റിൻകര Ph: 466, 566

ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നും ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വില്പനയുള്ള BPL, Dyanora, Onida, Philivision തുടങ്ങിയ പ്രമുഖകമ്പനിക്കാരുടെ T. V. സെറ്റുകളും V. C. R. V. C. P. Audios, Kelvinator Refrigerator, Maharaja Washing Machine, Mixi, Minumix, Crompten greaves Food Processor, Khaitan Fan, Sree Ram Honda generator, C. P. C grinder, C. P. C. Mono and Jet pumpsets V guard Stabilizer and Clocks, V-stab, KEmatics Stabilizer NIG Booster എന്നീ ഗാർഹികോപകരണങ്ങൾ റൊക്കമായും തവണ വ്യവസ്ഥയിലും ലഭ്യമാണ്.

# രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക് (ക്ലിപ്തം)

നമ്പർ 7721 പോസ്റ്റ്: ഫാറൂക്ക്കോളേജ്
ഫോൺ 422385

ബ്രാഞ്ച്: രമാനാട്ടുകര

നിക്ഷേപങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം.

തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ജില്ലയിലെ ഒരു ക്ലാസ് I ബേങ്ക്.

മെമ്പർമാരുടെ എല്ലാ ആവശ്യങ്ങൾക്കും കടം കൊടുക്കുന്നതിനു പുറമെ എല്ലാവിധ ബേങ്കിംഗ് ഇടപാടുകളും നടത്തുന്നു.

നിക്ഷേപങ്ങൾക്ക് ദേശസാൽകൃത ബേങ്കുകളേക്കാൾ 2½% വരെ പലിശ കൂടുതൽ.

1½ കോടി രൂപ പ്രവർത്തന മൂലധനം.

ഞങ്ങളുടെ മുദ്രാവാക്യം: ഭദ്രത—ഹൃദ്യമായ സേവനം.

സെക്രട്ടറി
എം. അപ്പുക്കുട്ടൻ.

പ്രസിഡണ്ട്
പള്ളിയാളി ശ്രീധരൻ

*With compliments from*

**Mini Agencies**

**Dealers in Home Appliances**

**Phone: 377**

**Modern·Electricals**

**Dealers in Wiring Materials**

**Nemmara.**

*With best compliments from*

**HOTEL PALACE**

Temple Road,

***Varkala-695141***

Phone: 2049

ടി. ഗിരിജ

# ആരംഭം

ശില്പി ഞാൻ ശിലതേടിയലയ്വൂ
ശില്പമാകുവാൻ വെമ്പുമൊരു ശിലയെന്റെ മുന്നി-
ലെൻ വരവോർത്തു, സ്പർശനമോർത്തിരിപ്പൂ.
ഒരു ശിലാഖണ്ഡമില്ലെന്നോ, നാളെ-
യ്ക്കിന്നിനായൊരു ശില്പമേകാൻ.
മിഴികളിൽ കത്തുന്ന സൂര്യനും, കരമതിൽ
സുപ്തമാമാഗ്നേയശക്തി പ്രകാണ്ഡവും
രുധിരമതുണങ്ങിയൊരു പാടെന്റെ നെഞ്ചിലും
ശൂന്യമാം പോടെന്റെ യാത്മാവിനുള്ളിലും.
മാറാപ്പുപോലെന്റെ ദേഹവും പേറിഞാ-
നലയുന്നിതജ്ഞാത ശില്പി
നാളെയുടെ വാഗ്ദാന ഭൂമിതൻ സ്രഷ്ടാവു-
ഞാൻ തന്നെ, ഞാൻ തന്നെ ശില്പി.
മമ മനസ്സിന്നും തുടിയ്ക്കാത്തതെന്തേ?
ഒരു ശിലാഖണ്ഡം തപിയ്ക്കാത്തതെന്തേ?
കറുകറുത്തീശിലയിതുരുകാത്തതെന്തേ?
അടരുന്ന കണ്ണീരിലായിരം നെഞ്ചുകൾ വിണ്ടുകീറുന്നതും
ആക്രന്ദനങ്ങളിൽ വീണുറങ്ങുന്നതും.
ജീവനെ ജീവൻ ഹനിപ്പതും, നേടുവാ-
നാവാത്തതെല്ലാം തകർത്തങ്ങെറിവതും
കണ്ടിട്ടുമിന്നും ഉറക്കമെന്തേ?
മനം വിങ്ങാൻ മടിയ്ക്കുന്നതെന്തേ?
ഒരു തേങ്ങലുള്ളിലായലറീ
കൊച്ചു കിളിവാതിലാരേയടച്ചൂ.
മരവിച്ചൊരഴികളിൽ തലതല്ലിയെൻ
മുഗ്ദ്ധ ചേതനമൂർച്ഛിച്ചുവീണോ?
ഉയരുമെൻ ചുററികയിതെവിടെ പതിയ്ക്കാൻ?
പാപശിലയൊരു പുനർജ്ജന്മത്തിലുണരാൻ?
വിണ്ടുകീറുന്നതും, മരവിച്ചപാളികൾ
തെറിപ്പതും കണ്ടുകണ്ടെൻ മന-
സ്സുന്മത്തമാവാൻ?
കൽവിളക്കിൽ തിരികത്തിച്ചതിലെന്റെ-
മിഴിനീരിലെണ്ണയിററിയ്ക്കാൻ?
ആത്മാവിലെ കൊച്ചുദീപമെന്നുയിരിന്റെ-
യുയിരിനായൊന്നു കത്തിയ്ക്കാൻ?

ജന്മാന്തരങ്ങളാലൊന്നും സമമാവാ–
ത്തെൻ പാപപുണ്യച്ചുമടീ–
പാപശിലകൾക്കു നടുവിലിറക്കിയീ–
ശില്പിയൂഴം കാത്തിരിപ്പൂ.
ഏതുശിലയാദ്യം പൊളിയ്ക്കാൻ?
ആർദ്രതയുടൂറ്റുചുരത്താൻ?
ഒരു രേഖയായി, ച്ചൊഴുക്കായതിൽപിന്നെ
നദിയായ്, പ്രചണ്ഡമാം കടലായിമാറുന്ന
ബിന്ദുക്കളെനോക്കി, നോക്കി യൂറ്റംകൊണ്ടു–
വാനിറയെയൊന്നു പറയാൻ?
ഈ കബന്ധങ്ങളിലെൻ താണ്ഡവച്ചുവ–
ടെവിടെവിടെയാദ്യം പതിയ്ക്കാൻ?
സൗഹൃദം മരവിച്ചൊരീവേദിതന്നിലോ?
മാതൃത്വമുറയുമീ ക്രൂരതയ്ക്കുള്ളിലോ?
പുൽത്തുമ്പുനക്കുമാ മുയലിൻെറ വെണ്മയതി–
ലീക്കറെ വീഴ്ത്തുന്നൊരാസുരത്വത്തോടോ?
ആരോടു പകതീർത്തു മുന്നേറിടാൻ ജീവ.
ബലിതന്നെയീ ബലിക്കല്ലിലർപ്പിച്ചിടാൻ
കേഴും സഹോദരിയ്ക്കുടയാടനീട്ടുവാ–
നരുതാതകലുന്ന കാടത്തനെഞ്ചിലോ?
എവിടെയെൻ ചുറ്റികയിതാദ്യം പതിയ്ക്കാൻ?
ഏതുശിലയാദ്യം പൊളിയ്ക്കാൻ
നവ്യജീവനതിലുണരുന്ന കാണാൻ?
'പരശു'പോലൊരു നവോത്ഥാന മതുണർത്താൻ.
ഹൃദയം പൊതിഞ്ഞൊരീ യസ്ഥിഖണ്ഡത്തിനെ–
ചുറ്റികയായെടുത്തൊന്നു വീശട്ടെ ഞാൻ?
ഏതോയുഗാന്തരബോധം പൊലിഞ്ഞൊരീ–
യസ്ഥിമാടത്തിൻെറ മുന്നിൽ.
എങ്ങും നരിച്ചീറതിൻ മൂർച്ചയേറിയാ–
ച്ചുണ്ടിനാൽ മൗനം പൊളിയ്ക്കേ....
ഏതോ പരിത്യജ്യ സീതതന്നലമുറയ–
തുയരത്തിലാഞ്ഞടിയ്ക്കുമ്പോൾ
സ്ത്രീത്വമീ മണ്ണിലൊരു ധൂളിയായലിയുമ്പോ–
ളെത്തിഞാൻ വിഗ്രഹഭഞ്ജകനായീ
മോക്ഷദായകനായിതാ ശില്പി.
തളരുമെൻ സിരകളിലൂർജ്ജം നിറയ്ക്കൂ....
നന്മതൻ ശംഖെൻെറ കൈയിലേല്പിയ്ക്കൂ....
ഒരു പാഞ്ചജന്യമുണരട്ടെൻെറ ജോലിയുട–
നാരംഭമാകുവാനുള്ള നിമിഷമാ–
യെങ്കിലും സംശയം ബാക്കിനിൽപ്പൂ ...
കൂടമെവിടാദ്യം പതിയ്ക്കാൻ?
പാപശിലജീവൻ തുടിയ്ക്കുന്ന നന്മത–
ന്നവതാരമായി പുനർജ്ജനിയ്ക്കാൻ.

□

പി. നാരായണൻകുട്ടി

# അക്ഷരം

അറിവിൻെറ അക്ഷയ നിധികളൊക്കെ
പ്രകൃതിയിൽ നിന്നത്രെ നമ്മൾ കൊയ്തു.
ആയിരമായിരമനുഭവങ്ങൾ
അറിവായിത്തിരിവായി പരിണമിച്ചു.
പലരുടെയറിവുകൾ പങ്കുവച്ചങ്ങിനെ–
യിവിടൊരു ശാസ്ത്രം വളർന്നുവന്നു.
അറിവുകൾ നിരവധി നേടിനമ്മൾ
പലപല ശാസ്ത്രങ്ങൾക്കുടമകളായ്.

അനവധികാലം കടന്നുപോയി
ഒരുപാടുശാസ്ത്രം വളർന്നുപൊങ്ങി.
ഇതിനിടെയറിവിൻെറ വിളകളെല്ലാം
ഇവിടുത്തെ ചിലരുടെയറകളിലായ്
അവരതു പൂഴ്ത്തിവരേണ്യവർഗ്ഗ–
ത്തിരുമേനിമാരായ് വളർന്നുവന്നു.
അറിവിൻെറ ദീപങ്ങളറകളിലായപ്പോൾ
ഇരുളിൽ വളർന്നൊരു വർഗ്ഗമുണ്ടായ്.
അറിവും നിരീക്ഷണയുക്തിയും പ്രകൃതിത–
ന്നനുഭവസമ്പത്തും പങ്കിടാതെ,
അതു വളച്ചക്ഷരമുണ്ടാക്കിയങ്ങിനെ–
'യക്ഷര'മൊരുകൂട്ടർ സ്വന്തമാക്കി.
ഓലയും നാരായമുനയും പിടിച്ചവ–
രോതുന്നതൊക്കെയും വേദമായി.

പലപല നൂററാണ്ടുതിർന്നുവീണു
പിഴവുകളൊട്ടും തിരുത്തിടാതെ.
അറിവിൻെറ മാളികമേലേയിരുന്നവർ
അതിലൂടെ യതിബുദ്ധി കാട്ടിമെല്ലെ,
അനവധി 'യരുതു'കൾ ചെയ്തുചെയ്ത്
അമിതമായ് സമ്പത്തു കൈവരിച്ചു.
അവരുടെ തോപ്പിലും വയൽനിലത്തും
അദ്ധ്വാനസമ്പത്തു ചിലവഴിച്ചോർ–
ഗതികെട്ടു; നാടിൻ ദരിദ്രരേഖ
ഒരുപാടു താഴേക്കു മൂക്കുകുത്തി.

പനയോല പൊന്നോലയാക്കുവോരെ
എഴുതുവാൻ പൊന്നാണി തീർക്കുവോരെ,

വയലേല പലമേനി കൊയ്യുവാനായ്—
പണിചെയ്തു ജീവിതം തള്ളിയോരെ,
വരുകിനി, നിങ്ങളീക്കളരിയിലൊന്നായി—
ട്ടൊരുമിച്ചിരുന്നു പഠിച്ചീടുവാൻ.
വരുകിനി, നിങ്ങളീ സമരാങ്കണത്തിലേ-
യ്ക്കൊരുമിച്ചു നിന്നിനിപ്പൊരുതിനേടാൻ.
തെളിയട്ടെ ജീവിതം 'ചിന്താമണി'മന്ത്ര-
മുരുവിട്ടു നമ്മുടെ ഗ്രാമാന്തരങ്ങളിൽ
വിരിയട്ടെ യായിരം വിജയദശമികരം പൂത്തു-
നിറയട്ടെ യായിരം ജീവിതഗന്ധികരം.

**അനുബന്ധം:**

അക്ഷരം ശൂദ്രനന്നാദ്യം നിഷേധിച്ച
തത്വം മഹത്തരമെന്നു കരുതിനാം,
എത്രയോകാലം കളഞ്ഞു ചരിത്രത്തി-
ന്നദ്ധ്യായമെത്രയിരുളിൽ കറുത്തുപോയ്.
സാക്ഷരയഞ്ജത്തിലൂടായിരുളിന്റെ
രൂക്ഷത, നീക്കാൻ തിരികൊളുത്തീടുവാൻ
പുത്തനറിവിന്റെ മന്ത്രം പഠിച്ചുവ-
ന്നെത്തുക നാളെ കരുത്തുനേടിടുവാൻ.

□


**The Kizhathadiyoor Service Co-operative Bank Ltd.**

NO. 1995, PALAI
Post Box : 26

Head Office : Ph. 2192 Main Branch : Ph. 2192
Town Branch : Ph. 2413 M & E Branch : Ph. 2413

★ Higher Rates of Interest for Deposits very Attractive Deposit Schemes
★ Ambulance service
★ Co-operative Maveli Store
★ Safe Deposit Locker -**Head office & Town Branch**
★ Death Relief Fund -**For Members**

Service and Security
Please Bank With Us

President : **George C. Kappen.**
Treasurer : **M. C. Abraham Moozhayil,**
Secretary : **M. J. Kuriakose,**

*WORKING HOURS*

**Head Office, Main Branch & Town Branch**
10.00 a. m. — 1.00 p. m., 2.00 p. m. — 3.00 p.m
Saturdays 10.00 a. m. — 1.00 p. m.

**വസ്ത്രങ്ങൾക്ക്**
**കണ്ണൂർ ജില്ലയിലെ പ്രമുഖ വ്യാപാരികൾ**

**സി. മമ്മുഹാജി & കമ്പനി**
Whole Sales & Retail Phone. 2338, 2576
തളിപ്പറമ്പ്

**ജാസ്മിൻ ടെക്സ്റ്റയിൽസ്**
Phone. 2376, 2476
തളിപ്പറമ്പ്

**തേജസ് വസ്ത്രാലയ**
Phone. 2638, 2938
പയ്യന്നൂർ

**For all School-College Text Books & Guides**

**Medical and Engineering Books**

**Competitive Examination Guides**

**Dictionaries and for all other Books**

# V-Publishers Book Stall

***(Book Sellers and Library Suppliers)***

**C. M. S. College Road, Kottayam**

**Phone : 4470, 4471**

# വി. ടി. എം. എൻ. എസ്. എസ്. കോളേജ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ T. 439

## ധനുവച്ചപുരം

★ 60 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കത്തക്കവണ്ണം 15000 രൂപ വരെ ഓരോ അംഗത്തിനും സാധാരണവായ്പ അനുവദിക്കുന്നു

★ ഉടനെ ചിട്ടി ആരംഭിക്കുന്നു.

★ അംഗങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഉയർന്ന പലിശ നിരക്കിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുന്നു.

1 വർഷത്തിനു മുകളിൽ 2 വർഷത്തിനു താഴെ 12%

2 വർഷത്തിനു മുകളിൽ 3 വർഷത്തിനു താഴെ 13%

3 വർഷത്തിനു മേൽ 14%

**'മിച്ചംവച്ചു ശീലിക്കുക സമ്പാദിച്ചു വളരുക'**

പ്രൊഫ. ജി. ഉണ്ണികൃഷ്ണപ്പണിക്കർ
പ്രസിഡൻറ്

പ്രൊഫ. എം. ആർ. സുരേന്ദ്രനാഥ്
സെക്രട്ടറി

(11-ാം പേജിന്റെ തുടർച്ച)

മെന്റിനെ ചെറുത്തു നില്ക്കുന്നതിൽ അസാമാന്യമായ ധീരതയും കർമ്മശേഷിയും പ്രകടിപ്പിച്ചവരാണ് ഫാത്തിമയിലെ സുഹൃത്തുക്കൾ. നാലും അഞ്ചും കൊല്ലം സർവ്വീസുള്ള ചില സ്ഥിരാദ്ധ്യാപകരെ പിരിച്ചുവിട്ട മാനേജ്മെണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മണ്ഡലത്തെ ആകെ നിശ്ചേതനമാക്കിയ അദ്ധ്യാപക സമരത്തെ മതവികാരങ്ങളുണർത്തി ഗുണ്ടകളെ വിട്ട് തച്ചൊതുക്കുവാൻ ശ്രമിച്ചു. പക്ഷെ കൊല്ലം നഗരത്തിലെ ആദർശധീരരായ വിദ്യാർത്ഥികളും സംഘടിതതൊഴിലാളി പ്രസ്ഥാനങ്ങളും സ്നേഹസമ്പന്നരായ പൊതുജനങ്ങളും ദിനപ്പത്രങ്ങളും നമ്മോടൊപ്പം നിന്ന് പോരാടി. അവസാനം 74 ദിവസം നീണ്ടുനിന്ന ഈ സമരം ഒത്തുതീർപ്പിലെത്തി. പിരിച്ചു വിട്ട അദ്ധ്യാപരെയെല്ലാം തിരിച്ചെടുക്കുമെന്ന് ഉറപ്പു നൽകുന്ന ഒരു തീരുമാനം അന്നത്തെ ഗവർമെണ്ട് മുൻകയ്യെടുത്തുകൊണ്ട് നടത്തിയ ഒത്തുതീർപ്പിന്റെ ഫലമായി ഉണ്ടായി.

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക്സിലെയും പ്രശ്നം അദ്ധ്യാപകനെ പിരിച്ചുവിടാൻ വേണ്ടി കോഴ്സ് നിർത്തലാക്കിയതായിരുന്നു. സുറിയാനി ഒരു പഠനഭാഷയാക്കേണ്ട ആവശ്യമില്ലെന്ന് ഏകപക്ഷീയമായി തീരുമാനിച്ച ക്രൂസ്തീയപുരോഹിത മാനേജ്മെന്റ് അത് പഠിപ്പിച്ചിരുന്ന വൈദികനായ ഒരദ്ധ്യാപകനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. റവ: ഫാദർ ജോസഫ് നെടും തകിടിയോട് ഒരു കാത്തലിക് മാനേജ്മെണ്ട് കാണിച്ച ഈ അനീതിക്കെതിരായി A.K.P.C.T.A. യുടെ നേതൃത്വത്തിൽ ഐതിഹാസികമായ ഒരു സമരം നടന്നു. കത്തോലിക്കാ മാനേജ്മെണ്ട് സ്ഥാപനങ്ങളിലെ അഴിമതികളുടെ 'ഹല്ലേലുയ്യ' കൾ കൊച്ചു കൊച്ച് ഇടവകകളിൽ ഇരുന്ന് കേൾക്കേണ്ടിവന്നതിൽ'' ദുഃഖിച്ച വൈദികർ, റവ: ഫാദർ ജോർജ് വെള്ളക്കളത്തിന്റെ നേതൃത്വത്തിൽ ഈ സമരത്തിന്നനുകൂല്യമായി പേരുവച്ച പ്രസ്താവന പുറപ്പെടുവിച്ചു. അദ്ധ്യാപകന്റെ അഭ്യുന്നതികാംക്ഷിക്കുന്ന എല്ലാപേരുടേയും ശബ്ദം A. K. P. C. T. A. യുടെ മുദ്രാവാക്യത്തിന് ആക്കം നൽകി. മാനേജ്മെണ്ടിന് റവ:ഫാദർ നെടും തകിടിയെ ജോലിയിൽ തിരിച്ചെടുക്കാതെ നിർവ്വാഹമില്ലാതായി.

'വർക്കിസമര'മെന്ന പേരിൽ പ്രസിദ്ധമായ കോലഞ്ചേരി സമരം സെന്റ് പീറേറർസ് കോളേജിലെ ശ്രീ. എം. എം. വർക്കി എന്ന അദ്ധ്യാപകനെ അന്യായമായി പിരിച്ചുവിട്ടതിനെതിരായി നടത്തിയതായിരുന്നു. കേരളത്തിലെ ധനാഢ്യരായ ഒരു കോൺട്രാക്ടർ വ്യൂഹം നയിച്ചിരുന്ന മാനേജ്മെന്റ് സാമൂഹ്യ വിരുദ്ധന്മാരുടെ ഗുണ്ടാപ്പടയെ രംഗത്തിറക്കി. നാം അതിനെ ശക്തിയായി നേരിട്ടു. ജോലിസ്ഥിരതയ്ക്കു വേണ്ടി മുറവിളി കൂട്ടിയ അവിടത്തെ അദ്ധ്യാപക സുഹൃത്തുക്കൾക്ക്, 'ആചാര്യദേവോഭവ:' എന്ന് ഉൽഘോഷിക്കപ്പെട്ട ആർഷഭാരതത്തിൽ ദൈവത്തിന്റെ പ്രതിപുരുഷന്മാരെന്ന് സ്വയം അഭിമാനിക്കുന്ന ഒരുപററം മനുഷ്യർ അദ്ധ്യാപകരേയും അവർക്ക് പിൻതുണനൽകാനെത്തിയ വിദ്യാർത്ഥികളെയും വാടകക്കെടുത്ത നരാമന്മാരെ കൊണ്ട് മർദ്ദിച്ചൊതുക്കുവാൻ മടിയേതുമില്ലാതെ മുന്നോട്ടു വന്ന സംഭവം നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ കറുത്ത അദ്ധ്യായമായി അവശേഷിക്കും. സംഘടിത ശക്തി എന്ന ഉരുക്കു മുഷ്ടിയുടെ കരുത്തും, ആദർശധീരതയിൽ നിന്ന് ഉടലെടുത്ത ഹൃദയ ദാർഢ്യവുമുള്ള അദ്ധ്യാപക പ്രസ്ഥാനത്തിനുമുമ്പിൽ അധർമ്മത്തിന്റെ മാത്രം പിൻബലമുള്ള കാളികൂളിപ്പടകൾ നിസ്തേജരായി. എ. കെ. പി. സി. ടി. എ. വിജയിച്ചു. വർക്കി വീണ്ടും സെന്റ് പീറേറർസിലെ അദ്ധ്യാപകനായി.

സാമാന്യനീതിക്ക് നിരക്കാത്തവിധം, സ്വജനപക്ഷപാതപരവും, നീതിരഹിതവുമായ രണ്ടു നിയമനങ്ങൾക്കെതിരായി 1970 ഏപ്രിലിൽ കോട്ടയം സി. എം. എസ്. കോളേജിലെ A. K. P. C. T. A. യൂണിററിന് 56 ദിവസം നീണ്ടുനിന്ന ഒരു സമരം നടത്തേണ്ടിവന്നു. ഈ നിയമനങ്ങൾ നീതിക്കും, നിയമത്തിനും നിരക്കാത്തവയാണെന്ന് കാണിച്ച് A. K. P. C. T. A. നൽകിയ മെമ്മോറാണ്ടങ്ങൾക്ക് സാമാന്യ മര്യാദയനുസരിച്ച് ഒരു മറുപടിപോലും തരാൻ മാനേജ്മെന്റ് കൂട്ടാക്കാതിരുന്ന സാഹചര്യത്തിലാണ് നമുക്ക് സമരമാർഗ്ഗം അവലംബിക്കേണ്ടിവന്നത്. വിവിധ രാഷ്ട്രീയ ട്രേഡ്‌യൂണിയൻ പ്രസ്ഥാനങ്ങളുടേയും വിദ്യാർഥി സംഘടനകളുടേയും പിൻതുണയോടെ നടത്തിയ ഈ സമരം കോട്ടയം പട്ടണത്തിന്റെ ചരിത്രത്തിൽ തന്നെ അഭൂതപൂർവ്വമായ ഒന്നാണ്. സത്യാഗ്രഹപന്തൽ കത്തിച്ചും, ഗുണ്ടകളെ ഇറക്കുമതി ചെയ്തും, ഒരു വിഭാഗം അദ്ധ്യാപകരെ കരിങ്കാലികളാക്കി അവരെക്കൊണ്ട് ക്ലാസുകൾ നടത്താൻ വിഫലശ്രമം നടത്തിയും, സമരത്തെ നേരിട്ട മാനേജ്മെന്റ് ഒടുവിൽ മുട്ടുകുത്തി. കൺസിലിയേഷന് മാനേജ്മെന്റ് തയ്യാറായി. കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ പ്രശ്നം വളരെ പെട്ടെന്നുതന്നെ പരിഹരിക്കപ്പെട്ടു. എന്നാൽ ഭരണഘടനയിലെ 30(1) വകുപ്പ് എന്ന വൈതരണി കടക്കാനാവാതെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ പ്രശ്നം നമുക്കനുകൂലമായി പരിഹരിക്കപ്പെടാതെപോയി. രണ്ടുമാസത്തോളം നീണ്ടുനിന്ന ഈ സമരം പ്രൈവററ് കോളേജ് മാനേജർമാരുടെ അനീതികൾ പൊതുജന സമക്ഷം തുറന്നുകാട്ടുന്നതിന് വളരെയധികം പ്രയോജനകരമായി.

A. K. P. C. T. A. യ്ക്ക് നിരന്തരമായി മാനേജ്മെന്റിനെതിരായി പോരാടേണ്ടിന്നവട്ടുള്ള ഒരു കോളേജാണ് കാലടി ശ്രീശങ്കരാകോളേജ്. യാതൊരു തത്വദീക്ഷയുമില്ലാതെ അദ്ധ്യാപക വിരുദ്ധനടപടികൾ അനുസ്യൂതം അനുവർത്തിച്ചുപോന്ന ഈ മാനേജർക്കെതിരെ പലഘട്ടങ്ങളിലും പണിമുടക്കുകൾ ഉൾപ്പെടെയുള്ള പ്രത്യക്ഷമായ സമരപരിപാടികൾ സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. ഓരോതവണയും ഒത്തുതീർപ്പ് വ്യവസ്ഥകൾ താമസം വിനാ ലംഘിക്കുക എന്നത് ഒരു നയമാക്കി സ്വീകരിച്ച മാനേജർക്കെതിരെ ഈ വ്യവസ്ഥകൾ നടപ്പാക്കി കിട്ടുന്നതിനായി തുടരെത്തുടരെ സമരപരിപാടികൾ നമുക്ക് ആവിഷ്കരിക്കേണ്ടിവന്നു.

അന്യായമായി പിരിച്ചുവിട്ട ഒരദ്ധ്യാപകനായ ശ്രീ. അമീർ ആലിയെ തിരിച്ചെടുക്കുക, ശമ്പള കുടിശ്ശിക നൽകുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി നടത്തിയ നിവേദനങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ കൊല്ലം ടി. കെ. എം. കോളേജിലെ അംഗ

With best compliments from

## Prince Roller & Flour Mills,

**Anapuramkadu,**

***Kinassery,***

**Palakkad.**

*With best compliments from*

## Pozhickal Auto Mobiles

**Chertallai**

**(Bajaj Authorised Service Dealer)**

*With best compliments from*

## MINI AGENCIES

***NEMMARA***

Best compliments from

## ATHULYA BOOKS

**THALASSERY**


ങ്ങൾക്ക് ഒരു പ്രത്യക്ഷസമരത്തിലേക്ക് നീങ്ങേണ്ടിവന്നു. ഇതിനെത്തുടർന്നു 'ജനസ്വാധീന'വും ധനസ്വാധീനവും ഉള്ള കടും പിടിത്തക്കാരനായ മാനേജർ അദ്ധ്യാപകരെ കള്ളക്കേസുകളിൽ കുടുക്കുകയും ധിക്കാരത്തോടുകൂടി അനിശ്ചിതകാലത്തേക്ക് കോളേജ് അടച്ചിടുകയും ചെയ്തു. പക്ഷേ, പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സഹായസഹകരണത്തോടെ പണിമുടക്കിയിരുന്ന അദ്ധ്യാപകർ കോളേജിൽ പ്രവേശിച്ച് ഒരാഴ്ചക്കാലത്തോളം അദ്ധ്യാപനം നടത്തി. സമാധാനപരമായി തൊണ്ണൂറ് ശതമാനത്തിലധികം വിദ്യാർത്ഥികളും ഹാജരായി തുറന്നു പ്രവർത്തിച്ചുപോന്ന ആ കോളേജിൽ ഒരു ദിവസം ഗുണ്ടകളെ ഉപയോഗിച്ച് മാനേജ്മെണ്ട് മനഃപൂർവ്വം സംഘർഷാവസ്ഥ സൃഷ്ടിക്കുകയും വീണ്ടും അദ്ധ്യാപനം മുടക്കുകയും ചെയ്തു. ശിക്ഷണ നടപടികൾക്കെതിരായി ശ്രീ. അമീർ ആലി ട്രൈബ്യൂണലിൽ കൊടുത്തിരുന്ന കേസ്സിന്റെ വിധിയെ മാനിക്കാമെന്ന് മാനേജർ ഗവർമെണ്ടിന്റെ മദ്ധ്യസ്ഥതയുടെ ഫലമായി രേഖാമൂലം ഉറപ്പു തന്നതിനാൽ നാം സമരം നിർത്തിവെച്ചു, ട്രൈബ്യൂണലിന്റെ വിധി ശ്രീ. അമീർ ആലിക്ക് അനുകൂലമായിരുന്നു. എന്നാൽ ഒത്തുതീർപ്പു വ്യവസ്ഥകൾ കാററിൽ പറത്തിക്കൊണ്ട് മാനേജർ ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. പക്ഷെ ഹൈക്കോടതി, ട്രൈബ്യൂണലിന്റെ വിധി ശരിവെക്കുകയാണുണ്ടായത്. എന്നാൽ ഹൈക്കോടതി വിധയെപോലും മാനിക്കാൻ തയ്യാറാവാത്ത മാനജർ അമീർ ആലിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ചു. കോടതി വിധി നടപ്പാക്കികിട്ടുന്നതിനായി നമ്മുടെ പിന്നീടുള്ള ശ്രമങ്ങൾ, യൂണിവേഴ്സിററി സമിതികളിലും മററും നമ്മുടെ പ്രതിനിധികൾ പ്രശ്നം ഉന്നയിച്ചു. ഇതു കൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. അവസാനം സ്വന്തം വിധി നടപ്പാക്കിച്ചു തരണമെന്നഅഭ്യർത്ഥനയുമായി ശ്രീ. അമീർ ആലി കോടതിയെതന്നെ സമീപിച്ചു. കോർട്ടലക്ഷ്യക്കുററത്തിന്ന് വിധേയനാകേണ്ടിവന്ന മാനേജർ മുട്ടുമടക്കി. 1975 അവസാനം ശ്രീ. അമീർ ആലിയെ ജോലിയിൽതിരിച്ചെടുത്തു.

പ്രശ്നങ്ങൾ നിറഞ്ഞ മറെറാരു കോളേജായിരുന്നു പെരിങ്ങമല ഇക്ബാൽ കോളേജ്. ശമ്പളക്കുടിശ്ശികയ്ക്കുവേണ്ടിയും, ഒപ്പിടുന്നതുകതന്നെ ശമ്പളമായി ലഭിക്കുന്നതിനും, അകാരണമായ പിരിച്ചുവിടലിന് എതിരായും മററും പല സമരങ്ങളും ഇവിടെ നടന്നിട്ടുണ്ട്. കള്ളക്കേസുകളുണ്ടാക്കി അദ്ധ്യാപരെ പിരിച്ചുവിടുകയും, ഭാരിച്ച കോഴവാങ്ങി പുതിയ ആളുകളെ നിയമിക്കുകയും ആ കോളേജിൽ ഒരു നിത്യസംഭവമായിരിന്നു. ഇവയ്ക്കെല്ലാം എതിരായി നാം നടത്തിയ വിവിധ സമരങ്ങളുടെ പരിസമാപ്തിയിൽ ഉണ്ടാകുന്ന ഒത്ത്തീർപ്പുകൾ പാലിക്കുവാൻ ബാദ്ധ്യതയില്ലാത്ത വിധത്തിൽ എന്നും മാനേജർ മാറിക്കൊണ്ടിരിക്കുക എന്നത് അവിടെ ഒരു പ്രതിഭാസമായിരുന്നു. കേരളയൂണിവേഴ്സിററി നിയമത്തിന്റെ പരിരക്ഷ ലഭിച്ചതോടെ പലപ്പോഴായി പിരിച്ചുവിടപ്പെട്ടിരുന്ന അദ്ധ്യാപകർക്ക് കോടതികളിലൂടെ ജോലി തിരിച്ച്കിട്ടി. സേവനസ്ഥിരതയും കൈവന്നു. നമ്മുടെ നിരന്തരസമരങ്ങളിലൂടെയും മദ്ധ്യസ്ഥതീരുമാനങ്ങളിലൂടേയു, ശമ്പളത്തിന്റെ കാര്യത്തിലും ചില്ലറ ആശ്വാസങ്ങൾ ഈ കോളേജിലെ അദ്ധ്യാപകർക്ക് കൈവന്നിരുന്നു. ഡയറക്ട്പേമെന്റ് നടപ്പായതോടെ കൃത്യമായി ശമ്പളം കിട്ടുക എന്ന ശാശ്വത സംവിധാനവും നിലവിൽ വന്നു.

വടക്കാഞ്ചേരി ശ്രീവ്യാസാ എൻ. എസ് എസ്. കോളേജിൽ ഒരു പ്രിൻസിപ്പാളുടെ സ്വേച്ഛാപരമായ അദ്ധ്യാപക വിരുദ്ധ നടപടികൾ മൂലം A. K. P C. T. A. യുടെ നേതൃത്വത്തിൽ അദ്ധ്യാപകസമരം നടക്കുകയുണ്ടായി. മാത്ത്മെററിക്സ് വിഭാഗത്തിലെ ശ്രീ കൃഷ്ണനുണ്ണിയെ അന്നത്തെ പ്രിൻസിപ്പൾ ആയിരുന്ന ശ്രീ. സി. പി. ജനാർദ്ദനൻപിള്ള ധിക്കാരപരമായി കള്ളക്കേസ് ഉണ്ടാക്കി സസ്പെൻഡു ചെയ്തു. ഇതിന്നെതിരായി ചെറിയൊരു യൂണിററായിരുന്നിട്ടും ശ്രീ വ്യാസയിലെ ധീരരായ നമ്മുടെ സുഹൃത്തുക്കൾ പ്രത്യക്ഷസമരമാരംഭിച്ചു. നാട്ടുകാരുടേയും വിദ്യാർത്ഥി ബഹുജന പ്രസ്ഥാനങ്ങളുടേയും പൂർണ്ണസഹകരണത്തോടെ അദ്ധ്യാപകസമരം മുന്നോട്ട് പോയപ്പോൾ വിറളിപൂണ്ട പ്രിൻസിപ്പൾ കോളേജ് സംരക്ഷിക്കാനെന്നപേരിൽ ഗുണ്ടകളെ ഇറക്കുമതിചെയ്തു. തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ അടിപിടിയും, കത്തിക്കുത്തും വരെ നടന്നു. മർദ്ദനത്തിനു വിധേയരായ അദ്ധ്യാപകരുടെ പേരിൽ ക്രിമിനൽ കുററങ്ങൾ ചുമത്തി കള്ളക്കേസുകളുണ്ടാക്കി. A K. P. C. T. A യുടേയും പൗരമുഖ്യന്മാരുടേയും നേതൃത്വത്തിൽ മാനേജ്മെണ്ടുമായി ഒത്തു തീർപ്പു സംഭാഷണങ്ങൾ നടന്നു തൽഫലമായി ശ്രീ. കൃഷ്ണനുണ്ണിയുടെ സസ്പെൻഷൻ നിരുപാധികം റദ്ദാക്കുകയും അന്ന് സർവ്വീസിലുള്ള അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വ്യാസാ എൻ. എസ്. എസ്. കോളേജിനെ ഒരു പ്രത്യേക യൂണിററായി എക്കാലവും കണക്കാക്കാം എന്ന കരാർ ലഭിക്കുകയും ചെയ്തു. ഈ സംഭവവികാസങ്ങൾക്കൊക്കെ കാരണക്കാരനായ ശ്രീ. സി. പി, ജനാർദ്ദനൻ പിള്ളയ്ക്ക് പ്രിൻസിപ്പൽ സ്ഥാനം വെച്ചൊഴിഞ്ഞ് പോകേണ്ടതായും വന്നു.

സേവനഭദ്രതയ്ക്കുവേണ്ടിയും, മററു നീതിനിഷേധങ്ങൾക്കെതിരായും മൂവാററുപുഴ നിർമ്മല കോളേജ്, ദേവസ്വം ബോർഡ് കോളേജുകൾ തുടങ്ങി നിരവധി കോളേജുകളിൽ A. K. P. C T. A. യുടെ നേതൃത്വത്തിൽ നിരന്തരം സമരങ്ങൾ നടന്നിട്ടുണ്ട് ഈ സമരങ്ങളിലെല്ലാം അറിയുന്നവരും, അറിയപ്പെടാത്തവരുമായ അനേകം അദ്ധ്യാപക സുഹൃത്തുക്കളുടെ സമർപ്പണ ബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ട്. നാം നേടിയ വിജയങ്ങളെല്ലാം ഇമ്മാതിരിയുള്ള നിസ്വാർത്ഥപ്രവർത്തകരുടെ കയ്മെയ് മറന്നുള്ള അദ്ധ്വാനത്തിന്റെയും, ത്യാഗ സന്നദ്ധതയുടെയും ഫലമാണ്. നമുക്കവരെ ആദരിക്കുക.

നിയമദത്തമായ സേവനവ്യവസ്ഥകൾ • നമുക്കില്ലാതിരുന്നതിനാലാണ് സേവനഭദ്രതയ്ക്കുവേണ്ടി ദീർഘമായ സമരങ്ങൾ നമുക്ക് നടത്തേണ്ടിവന്നത്. ഏറെ പ്രതീക്ഷിച്ച്, ഏറെ ത്യാഗങ്ങൾ അനുഭവിച്ച് നാം നേടിയെടുത്ത'69 ലെ കേരളയൂണിവേഴ്സിററി നിയമം ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും പരിശോധനയ്ക്കുശേഷം പുറത്തുവന്നപ്പോൾ പലതും നമുക്കു നഷ്ടപ്പെട്ടു. ഭരണഘടനയുടെ



# duroflex

സ്വാഭാവിക റബ്ബറും നാരിൻ സ്പ്രിങ്ങും ചേർത്ത് നിർമ്മിച്ച കിടക്ക. ആരോഗ്യവും സുഖകരമായ നിദ്രയും duroflex കിടക്ക പ്രദാനം ചെയ്യുന്നു. ഒരോ വീട്ടമ്മമാരും ഇഷ്ടപ്പെടുന്നത് duroflex കിടക്ക.

**duroflex. C. I. (P) Ltd**
**KANNUR ROAD**
**NEAR 4th GATE JUNCTION**
**KOZHIKODE-1.**
**Phone : 55458, 66236**

# കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം. നമ്പർ. പി. 373
പി. ഒ. മണ്ണാർക്കാട് കോളേജ്

**മണ്ണാർക്കാട് താലൂക്കിലെ ഏററവും വലിയ സർവ്വീസ് സഹകരണ ബാങ്ക്**

**എല്ലാവിധ ബാങ്കിങ്ങ് ഇടപാടുകളും നടത്തുന്നു.**

**നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ സുരക്ഷിതത്വം**

**N. കുട്ടിശങ്കരൻ**
സെക്രട്ടറി

**V.M. ശ്രീധരൻ നായർ**
പ്രസിഡന്റ്

K.G.S.T No. 11111465/86
SSI Reg: No. 09/10/03568
**Phone: 448394**

# Jai Kerala Saw Mills & Timber Merchants

**CHEMPAZHANTHI**

**Thiruvananthapuram**

Dealers in all Kinds of Timber Roundlogs and Kattady poles, Sawn Sizes etc

*With best compliments from*

# P.M.S. (Agencies)

**Dealers in all Kinds of Water Supply & Sanitary Fittings**

**Station Road,**

**Trivandrum.**

**Phone : 79486, 74949, 70982 & 75403**

ശരശയ്യയിൽ വീണുപിടഞ്ഞു മരിച്ച വകുപ്പുകളെ നോക്കി നമുക്ക് നെടുവീർപ്പടക്കി നില്ക്കേണ്ടിവന്നു കോടതി വിധി വന്നപ്പോഴ് ബ്രഹുദൂരമോടിയിട്ടും തുടങ്ങിയേടത്തു തന്നെ എന്നതായി നമ്മുടെ സ്ഥിതി. 1974 ൽ 1969 ലെ നിയമത്തിൽ കോടതികൾ നിലനിർത്തിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളയൂണിവേഴ്സിററി ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. പഴയനിയമത്തിലെ 63-ാം വകുപ്പ് (ദുർഭരണം നടത്തുന്ന മാനേജ്മെണ്ടുകളുടെ കോളേജുകൾ താല്ക്കാലികമായെങ്കിലും ഏറെറടുക്കുവാൻ ഗവർമ്മെണ്ടിന്ന് അധികാരം നൽകുന്ന വകുപ്പ്) പുനഃസ്ഥാപിക്കുന്നതിന്നും, യൂണിവേഴ്സിററി സമിതികളിൽ അദ്ധ്യാപകർക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, നാം നിയമസഭാ കവാടത്തിൽ 1974 ഏപ്രലിൽ അഞ്ചുദിവസത്തെ അഖണ്ഡസത്യാഗ്രഹവും, നിരാഹാരവും നടത്തി. പ്രൈവററ് കോളേജ് അദ്ധ്യാപക സമുദായത്തിന് നിയമദത്തമായ സംരക്ഷണം നല്കുന്ന ചില വകുപ്പുകൾ എങ്കിലും ഈ നിയമത്തിൽ പുനഃസ്ഥാപിച്ചു കിട്ടി. എന്നാൽ ഇന്നിപ്പോൾ പല 'വിധി' കൾക്കും ശേഷം, കേരള—കാലിക്കററ് സർവ്വകലാശാലാ നിയമങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം കരചരണങ്ങളുറച്ചു കിടക്കുന്ന കബന്ധങ്ങളാണ്. □

---

(16-ാം പേജിൻെറ തുടർച്ച)

യിരിക്കുന്നു. ഈ പദ്ധതി യു. ജി. സി. ആവിഷ്കരിച്ചത് ഒരു ലക്ഷ്യത്തോടെയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയ്ക്ക് ഒരു പരിഹാരം എന്ന നിലയിലാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. മെച്ചപ്പെട്ട വേതനത്തിലൂടെ പ്രതിഭകളെ ഈ രംഗത്തേക്കാകർഷിക്കുകയും, ഈ രംഗത്തുള്ളവർ തങ്ങളുടെ കടമകൾ പൂർണ്ണമായും നിർവ്വഹിക്കുന്നുവെന്നുറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ലക്ഷ്യം. യു. ജി. സി. പദ്ധതിയിൽ രണ്ടുഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം വേതന പരിഷ്കരണവും, രണ്ടാം ഭാഗം അദ്ധ്യാപകരും വിദ്യാർത്ഥികളും മററു ഘടകങ്ങളും അനുവർത്തിക്കേണ്ട കടമകളും. ഇതിലൊന്നിനെ തള്ളിപ്പറഞ്ഞ് മററത് മാത്രം സ്വീകരിക്കാൻ നമുക്കു കഴിയില്ല. യു ജി സി. പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്, സ്കെയിലുകളല്ല എന്നു നാം മറക്കരുത്. ആഴ്ചയിൽ 10 മണിക്കൂർ കാംപസിലുണ്ടാവണം അദ്ധ്യാപകർ എന്നാണ് സ്കീമിൽ പറഞ്ഞിരിക്കുന്നത്. 9 മുതൽ 4 വരെ അദ്ധ്യാപകർ കോളേജുകളിൽ ഉണ്ടാവണമെന്ന ഉത്തരവു വന്നപ്പോഴുണ്ടായ അസഹിഷ്ണുത അദ്ധ്യാപകർ കാര്യങ്ങൾ എങ്ങനെ കാണുന്നു എന്നുള്ളതിനു തെളിവാണ്. ഇതിനു മാററമുണ്ടാവണം. നമ്മുടെ ഖജനാവിൽനിന്നും നമുക്ക് നൽകുന്ന പണം ഇവിടത്തെ സാധാരണക്കാരൻെറ കൂടെ പണമാണ്, അവൻെറ കുട്ടികൾക്ക് ഇന്ന് ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട അദ്ധ്യയനം ലഭിക്കുമെന്നവൻ പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷ അസ്ഥാനത്താവാൻ നാം അനുവദിക്കാൻ പാടില്ല. യു. ജി. സി. സ്കെയിലുകൾക്ക് നമുക്ക് അർഹതയുണ്ടെന്ന് നാം നമ്മുടെ പ്രവർത്തിയിലൂടെ തെളിയിക്കേണ്ടിയിരിക്കുന്നു.

അദ്ധ്യാപനത്തിൽ മാത്രമല്ല നമ്മുടെ കോളേജുകളുടെ പാഠ്യേതര പ്രവർത്തനങ്ങളിലും നാം സജീവമായി പങ്കെടുക്കണം. കോളേജുഭരണത്തിൻെറ ഒരു തലത്തിൽ നിന്നും നമ്മെ ഒഴിവാക്കാൻ കഴിയില്ലെന്നുള്ള സാഹചര്യം നമ്മുടെ പ്രവർത്തനങ്ങളിലൂടെ നാം സൃഷ്ടിക്കണം.

മെച്ചപ്പെട്ട സംഘടനാ പ്രവർത്തനത്തിലൂടെ അദ്ധ്യാപക താൽപര്യങ്ങൾ സംരക്ഷിക്കുവാൻ നമുക്കു മാത്രമേ കഴിയൂ എന്ന് അദ്ധ്യാപകരെയും സമൂഹത്തെയാകെയും നാം ബോദ്ധ്യപ്പെടുത്തണം സംഘടനാ തീരുമാനങ്ങൾ പൂർണ്ണമായും കലവറയില്ലാതെയും നടപ്പാക്കുന്നതിലൂടെ നമ്മുടെ ആത്മാർത്ഥതയും സത്യസന്ധതയും മററുള്ളവർക്കു മനസ്സിലാക്കാൻ കഴിയണം.

അദ്ധ്യാപക-രക്ഷാകർതൃ സമിതികളിലെ സജീവമായ പങ്കാളിത്തം, പാഠ്യേതരവിഷയങ്ങളിലെ താൽപര്യം, എല്ലാ വിഭാഗം വിദ്യാർത്ഥികളും, കഴിയുമെങ്കിൽ അവരുടെ രക്ഷിതാക്കളുമായുള്ള അടുപ്പവും സഹകരണവും, വിദ്യാർത്ഥികൾക്ക് അവരുടെ ഭാവിജീവിതം കരുപ്പിടിപ്പിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ, കോളേജിൻെറ പൊതു നടത്തിപ്പിൽ ഗുണപരമായ ഇടപെടൽ എന്നിവയിലൂടെ സംഘടനാ പ്രവർത്തകരുടെ സജീവ സാന്നിദ്ധ്യം എല്ലാ മേഖലകളിലുമുണ്ടാവുകയും അങ്ങനെ കോളേജ് സ്ഥിതി ചെയ്യുന്ന പ്രദേശത്തിൻെറയാകെ നേതൃത്വത്തിലേക്ക് സംഘടനാ അംഗങ്ങൾ ഉയർന്നുവരുകയെന്നുമുള്ളതാണ് ഇന്നത്തെ നമ്മുടെ സാമൂഹ്യ കടമ. സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിൽ നാം ഏറെറടുത്തതുപോലെ സമൂഹത്തിൻെറ പ്രശ്നങ്ങൾ നമ്മുടെ പ്രശ്നങ്ങളായി കാണുകയും അവയുടെ പരിഹാരത്തിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമാണ് നാം ചെയ്യേണ്ടത്.

കുഴഞ്ഞുമറിഞ്ഞ വർത്തമാനകാല ഇന്ത്യൻ സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ ഏററവും ഭംഗിയായി അപഗ്രഥിക്കുകയും ഇതിലേക്കു നയിച്ച വർഗ്ഗനയങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തുകയും ചെയ്യാൻ ഏററവും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നവരിൽ പ്രമുഖസ്ഥാനംതന്നെ എ. കെ. പി. സി. ടി. എ. പ്രവർത്തകർക്കുണ്ട്.

അങ്ങനെ ഏററവും നല്ല അദ്ധ്യാപകരായി, വിദ്യാർത്ഥികളുടെ മാർഗ്ഗദർശികളും രക്ഷിതാക്കളുമായി, ഏററവും നല്ല പോരാളികളായി, സാമൂഹ്യമാററത്തിൻെറ പ്രചാരകന്മാരും, പ്രവാചകന്മാരുമായി സമൂഹത്തെയാകെ നയിക്കാൻ പ്രാപ്തരാകുക എന്നുള്ളതാണ് എ. കെ. പി. സി. ടി. എ. പ്രവർത്തകരുടെ ഇന്നത്തെ സാമൂഹ്യ കടമയായി ഞാൻ കാണുന്നത്. □

## വിവാഹസാരികൾക്കും മററു കമനീയ വസ്ത്രങ്ങൾക്കും സന്ദർശിക്കുക

# ശോഭാടെക്സ്റ്റയിൽസ്

മെയിൻറോഡ്
ഉദിയൻകുളങ്ങര

N.B വിമൽ, സിയറാംസ്, കിറെറക്സ്, പ്രിമിയർ എന്നീ പ്രമുഖ മില്ലുകളുടെ തുണിത്തരങ്ങൾ വളരെ തുച്ഛമായ വിലയ്ക്ക് ലഭിക്കുന്നു

*With best compliments from*

PARTNERS

**Charankattu**

**Cini House**

**Cherthala**

## Maurya Enterprises

6/893Q Y.M.C.A. Shopping Complex

**Calicut**

*Dealers in: Optonica, Videocon, Nelco, Solidaire–Televisions.*

*Godrej & Kelvinator Refrigerators,*

പ്രൊ. മാമൻവർക്കി

# എ. കെ. പി. സി. ടി. എ. യ്ക്ക് ഒരു വിദ്യാഭ്യാസരേഖ

1. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ എ.കെ.പി.സി.റ്റി.എ. യുടെ സംസ്ഥാന സമ്മേളനങ്ങളിൽ ജനറൽ സെക്രട്ടറിമാർ അവതരിപ്പിച്ച പ്രവർത്തന രേഖകളും യു.ജി.സി. പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനോട് അനുബന്ധിച്ച് എ. കെ. പി. സി. റ്റി. എ. എടുത്തിട്ടുള്ള നിലപാടുകളും പരിശോധിച്ചാൽ ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച നമ്മുടെ സംഘടനയുടെ പൊതുവായ സമീപനം വ്യക്തമാകും. ആ സംവിധാനത്തിന്റെ സുപ്രധാന ഘടകങ്ങൾ ഇവയാണ്. (1). വിദ്യാഭ്യാസം കേവലമായ സ്വാതന്ത്ര്യത്തോടു കൂടെയുള്ള ഒരു സാംസ്കാരിക പ്രവർത്തനമല്ല. അത് രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക പ്രക്രിയകളോട് ബന്ധപ്പെട്ട് മാത്രം നടക്കുന്ന ഒന്നാണ്. (2). സാമൂഹിക വിമോചനവും സാമൂഹിക വികസനവും വിദ്യാഭ്യാസ പ്രക്രിയയിലെ അവശ്യ ധർമ്മമാണ്. (3) പാഠ്യ പദ്ധതി, പരീക്ഷ, വിദ്യാഭ്യാസ മാനേജുമെന്റ് തുടങ്ങിയവ അടങ്ങിയ, വിദ്യാഭ്യാസ സംഘടനയുടെ എല്ലാ ഭാഗങ്ങളുടെയും സമഗ്രമായ പുനഃസൃഷ്ടി അടിയന്തിരമായുണ്ടാകണം. ഈ പുനഃസംവിധാന പ്രവർത്തനത്തിന് ആരംഭമിടാനും മുൻപോട്ടു കൊണ്ടുപോകാനും താൽപര്യങ്ങളുള്ള ശക്തികളോടൊപ്പം എ.കെ.പി.റ്റി എ. യ്ക്കും കഴിയണം. (4) സാമൂഹിക പ്രതിജ്ഞാ ബദ്ധതയോടെ കൂടെ നിർവഹിക്കേണ്ട ധർമ്മമാണ് അദ്ധ്യാപനം.

ഇത്തരമൊരു നിലപാട് ആവശ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളിലേക്കും ശ്രദ്ധ തിരിക്കാനുള്ള ശ്രമം എം.കെ.പി. സി.ടി.എ നടത്തിക്കൊണ്ടിരിക്കയാണ്. അതിന്റെ ഭാഗമായി ആണ് അക്കാദമിക് മേഖലയിലെ പ്രവർത്തനങ്ങളുടെ സവിശേഷ ശ്രദ്ധയ്ക്കായി ഒരു ഘടകം രൂപീകരിച്ചിട്ടുള്ളത്.

2. അക്കാദമിക് കമ്മറ്റിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലായതുകൊണ്ട് അതിന്റെ പ്രവർത്തന മേഖല നിർവചിക്കേണ്ടതുണ്ട്.

## പൊതുവായ ലക്ഷ്യങ്ങൾ

1. എ. കെ. പി. സി. ടി. എ. യുടെ വിദ്യാഭ്യാസ ദർശനവും നയസമീപനങ്ങളും അംഗങ്ങളുടെയും പൊതുജനങ്ങളുടെയും ഇടയിൽ പ്രചരിപ്പിക്കുക.
2. ഉന്നത വിദ്യാഭ്യാസ രംഗത്തിന് പൊതു വിദ്യാഭ്യാസക്രമത്തിലും സാമൂഹിക വികസനത്തിലും ഉള്ള പങ്കിനെക്കുറിച്ച് നിരന്തരവും വിമർശനാത്മകവുമായ പഠനം നടത്തുക.
3. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിദ്യാഭ്യാസ നയങ്ങളെയും പരിഷ്കാരങ്ങളെയും വിശകലനത്തിനും വിമർശനത്തിനും വിധേയമാക്കുകയും അവയോടുള്ള എ.കെ.പി.സി.ടി.എ. യുടെ പ്രതികരണവും സമീപനവും രൂപപ്പെടുത്തുന്നതിന് സഹായകരമായ പശ്ചാത്തല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
4. പൊതുവെ വിദ്യാഭ്യാസ രംഗത്തിന്റെയും പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസത്തിന്റെയും പരിവർത്തനത്തിന് സമാന ശക്തികളുമായി പങ്കുചേർന്നുകൊണ്ട് പരിപാടികൾക്ക് രൂപം നൽകുക.
5. ഉന്നത വിദ്യാഭ്യാസ ക്രമത്തിന്റെ ഓരോ അംശത്തെയും-പരീക്ഷ, സിലബസ് വിദ്യാഭ്യാസ മാനേജ്മെന്റ് തുടങ്ങിയവ- കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും അതിന്റെ പുനഃസംവിധാനത്തിനുള്ള നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക.
6. ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങൾക്ക് — അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയ - തങ്ങളുടെ ചുമതലകൾ കൂടുതൽ സമർത്ഥമായി നിർവഹിക്കുവാൻ സഹായകരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
7. ആഗോള വ്യാപകമായി വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മൗലിക ചിന്തകളെയും പരീക്ഷണങ്ങളെയും വിമർശനാത്മകമായി വിലയിരുത്തുകയും ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുകയും ചെയ്യുക.

3. 1. കലാശാലകളുടെ അക്കാദമിക് പ്രവർത്തനം - അധ്യയനത്തിന്റെയും ഗവേഷണത്തിന്റെയും ഊർജ്ജസ്വലവും ഉന്നതവുമായ പ്രവർത്തനം പ്രവേശന, നിയമനരീതികൾ, ഭരണശൈലി, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഇക്കാര്യങ്ങളെയെല്ലാം ബന്ധപ്പെടുത്തിയ സമഗ്ര ചർച്ചകളാണ് ഉണ്ടാകേണ്ടത്. അവയുടെ ഗുണകരമായ പരിവർത്തനത്തിനുതകുന്ന ദീർഘകാല പരിപാടികൾ ഉണ്ടാകണം. അക്കാദമിക് പ്രവർത്തനങ്ങളുടെ ലക്ഷ്യത്തെ സംബന്ധിച്ചും, രീതികളെയും സാങ്കേതികതകളെയും കുറിച്ച് അന്വേഷണം ഉണ്ടാകണം. അതിന് പല വർഷങ്ങളിലേക്ക് നീളുന്ന പദ്ധതികളേ പ്രാപ്തമാകു.

2. അതേ സമയം ഇന്ന് നിലവിലുള്ള സാഹചര്യങ്ങളിൽ തന്നെ അക്കാദമിക് പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണം.

ഇപ്പോഴും തന്നെ ചില പ്രവർത്തനങ്ങൾ തുടക്കമിട്ടുകൊണ്ട് മൗലിക പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്ന സമീപനമായിരിക്കും പ്രായോഗികവും അഭിലഷണീയവും.

ഈ വർഷം തന്നെ (1) ഒരു വിദ്യാഭ്യാസ നയരേഖ പ്രസിദ്ധീകരിക്കുക. ആ പ്രക്രിയയിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രസ്ഥാനങ്ങളെ ബന്ധിപ്പിക്കുക. വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു പുതിയ അവബോധത്തിന്റെ വഴി ആയിരിക്കണം ഈ രേഖയുടെ കാതൽ.

2. പരീക്ഷയെ സംബന്ധിച്ച് ഒരു സെമിനാർ നടത്തി നിർദ്ദേശങ്ങൾ സർവകലാശാലകൾക്ക് സമർപ്പിക്കുക.

3. മാതൃകാ സിലബസുകൾ തയ്യാറാക്കുക. ഹിസ്റ്ററി, ഇക്കണോമിക്സ്, ഒരു ശാസ്ത്രവിഷയം.

4. അധ്യയന ധർമ്മം സമർത്ഥമായി നിർവഹിക്കുന്നതിനുപയുക്തമായ ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് ഒരു ശില്പശാല ക്രമീകരിക്കുക.

5. അക്കാദമിക് രംഗം മെച്ചപ്പെടുത്തുന്നതിനെസംബന്ധിച്ച ചർച്ചകൾ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കുക.

5. 1. വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തനത്തിൽ താൽപര്യമുള്ള പ്രസ്ഥാനങ്ങളുടെയും സഹകരണപൂർണമായ ശ്രമങ്ങളിലൂടെ മാത്രമേ മൗലികമായ മാറ്റങ്ങൾ സാധ്യമാകൂ. എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ടുള്ള ആസൂത്രിതമായ പരിപാടികളാണു നാം നടത്തേണ്ടത്.

2. അക്കാദമിക് രംഗത്തെ പ്രവർത്തനങ്ങളിൽ നിർണായകമായത് അധ്യാപകരുടെയും പ്രത്യേകിച്ച് നമ്മുടെ തന്നെ അംഗങ്ങളുടെയും മൗലികമായ ഒരു അവബോധവും നൂതനമായ ഒരു സമീപനവും ആണ്. പുതിയൊരു തൊഴിൽ സംസ്കാരത്തിന്റെ അടിസ്ഥാനത്തിലേ അക്കാദമിക് രംഗത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് ആത്മാർത്ഥമായി യത്നിക്കാനാവൂ. □


# BHAGATH
## COLLEGE

**CHEMPAZHANTHY PHONE: 438861**

PDC All groups

DC All subjects

English and Second Languages

Parallel Classes


For IIIrd IVth Groups

**Well Equipped Laboratories**

PRINCIPAL

**S. Ramachandran, M. Sc.**

Office: 4839
Phone : 2196
Res: 4026




# Jomin Travels

***Colour Video Coach***

**A. C. Stores**

Shreekumar Buildings,

C.C.S.B. Road, ALAPPUZHA-688011.

# വിശ്വഭാരതി

## നെയ്യാററിൻകര & ഉദിയൻകുളങ്ങര

377 – ഫോൺ – 277

**ക്ലാസ്സുകൾ:**

- **GOVT. of INDIA 'O' Level Computer Courses**
- **SSLC, PDC** (എല്ലാ പാർട്ടുകളും ഗ്രൂപ്പുകളും)
- **I DC, II DC, III DC** (എല്ലാമെയിനുകളും)

(കോളേജ് ഗോയിംഗ്, പാരലൽ & പ്രൈവററ്)

**M.A.; M.Com.**

- **M.B.B.S & ENGG ENTRANCE CLASSES**

**ഒരു ഫസ്ററ് ഗ്രേഡ് കോളേജിനോടു കിടപിടിക്കത്തക്ക അത്യാധുനിക ലബോറട്ടറികൾ**

വി. വേലപ്പൻനായർ

പ്രിൻസിപ്പൽ

കഥ

# സാന്ദീപനി

**എസ്. വി. വേണുഗോപൻനായർ**

ഇംഗ്ലീഷ് പ്രൊഫസർ സാന്ദീപനി മേനോൻ ഏതോ ഉത്തരേന്ത്യൻ യൂണിവേഴ്സിറ്റിയിലെ ഒന്നാം റാങ്കുകാരനാണെന്ന വസ്തുത അദ്ദേഹംതന്നെ ഇടയ്ക്കിടെ സഹ അദ്ധ്യാപകരായ ഞങ്ങളേയും പ്രിയ വിദ്യാർത്ഥികളേയും ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. സൗമ്യനും സസ്യഭുക്കുമായ അദ്ദേഹത്തിന്റെ പ്രസ്താവത്തിന്റെ സത്യസന്ധതയെ ഞങ്ങൾ സംശയിച്ചുമില്ല. ഷെല്ലിക്കും കീറ്റ്സിനും ശേഷം ഇംഗ്ലീഷിൽ സാഹിത്യമുണ്ടെന്ന് മേനോൻ വിശ്വസിക്കുന്നില്ല. 'ഷേക്സ്പിയർമേനോൻ' എന്നൊന്നു വിളിച്ചു കേൾക്കാനൊരു കൊതിയുണ്ടദ്ദേഹത്തിന്. കുറഞ്ഞപക്ഷം ഒരു 'വേഡ്സ്വർത്ത്' എന്നെങ്കിലും. എല്ലാമോഹങ്ങളും പൂവണിയുക സാദ്ധ്യമല്ലല്ലോ.

ഏറിയകാലമായി കണ്ടകശ്ശനി ബാധിക്കാതെയും, സ്ഥലംമാറ്റം, ഡൈസ്നോൺ തുടങ്ങിയവ തീണ്ടാതെയും സാന്ദീപനി കോളേജിനടുത്തുള്ള സ്വന്തം വില്ലയിൽ സഭാര്യനായി സസുഖം വാണരുളുന്നു. ക്ലാസ്സിൽ പോകുന്നതിലും, പുരാതന വിശുദ്ധമായ നോട്ടുകൾ കൃത്യമായിത്തന്നെ പറഞ്ഞുകൊടുക്കുന്നതിലും യാതൊരലംഭാവവുമില്ലാത്ത ശ്രീ മേനോന് താല്പര്യമുള്ള ഒരേ ഒരു പാഠ്യേതര പ്രവർത്തനം കോളേജ് അഡ്മിഷനാകുന്നു. ആക്കാലം മേനോൻസാറിനെത്തേടി സന്ദർശകരുടെ പടയണി എത്തുന്നു. ഒക്ടോബറിൽ മൂവാറ്റുപുഴയിലെ ഇലക്ട്രിക്കമ്പിയിൽ പറവകളെന്നപോലെ അവർ ഡിപ്പാർട്ടുമെന്റു വരാന്തയിൽ പേക്കാറുന്നു. വീട്ടിലെ സന്ദർശക ഗ്യാലറിയിലും ഒഴിവുണ്ടാവുകയില്ല.

മേനോൻ വശ്യമായ പുഞ്ചിരിയുമായി ആവശ്യക്കാരോടു ഹൃദയസംവാദം നടത്തും. തൽക്കാലം അദ്ദേഹം ക്ലാസ്സുകൾ മറക്കും. ഓഫീസിലും പ്രിൻസിപ്പാളിന്റെ മുറിയിലും വട്ടം കറങ്ങും. തന്നെത്തേടി വന്നവർക്ക് വേണ്ടത് യഥോചിതം നേടിക്കൊടുക്കും. ദുർഗന്ധം വമിക്കുന്ന ഈ ഉപതൊഴിലിനെപ്പറ്റി ഉററവരാരെങ്കിലും ചോദിച്ചാൽ സാന്ദീപനി ചിരിക്കും. ശബ്ദം താഴ്ത്തി ചോദിക്കും; "പാവം കോളേജ് വാദ്ധ്യാർക്ക് ഇതല്ലാതെ വേറൊരു ചാൻസുണ്ടോ? ഞാനാരേയും പററിക്കുന്നില്ല. നാട്ടുകാരനാകുമ്പോൾ പ്രഫസറുടെ ഗമയിൽ കണ്ണുമടച്ച് ഇരിക്കാനാവില്ല. എല്ലാം എനിക്കു വേണ്ടപ്പെട്ടവരാണെന്നേ. പ്രിൻസിപ്പാളും മാനേജ്മെന്റും സീനിയറായ എന്നെ ലേശം പരിഗണിക്കുന്നു. അത്രേയുള്ളൂ"

പാരിററിക്കുവേണ്ടിയുള്ള സമരം നടന്നകാലം, തൊണ്ണൂറുശതമാനം അദ്ധ്യാപകരും സമര സന്നദ്ധരായി. അന്ന് സംഘടനകൾ പലതുണ്ടായിരുന്നില്ലല്ലോ. ഗവൺമെൻ്റ് കോളേജ് അദ്ധ്യാപകർക്കു കിട്ടുന്ന ഉയർന്ന വേതനത്തെപ്പററി നിരന്തരം നെടുവീർപ്പിട്ടു പുലമ്പിയിരുന്ന സാന്ദീപനി സമരത്തിന്റെ മുൻനിരയിൽത്തന്നെ ഉണ്ടാവുമെന്നാണ് എല്ലാവരും പ്രതീക്ഷിച്ചത്. പക്ഷേ യൂണിററ് സെക്രട്ടറി സമരനോട്ടീസിൽ ഒപ്പിടണമെന്നപേക്ഷിച്ചപ്പോഴൊക്കെ തല ഇടതുവശം ചരിച്ച്, മൃദുവായി 'നോ' പറഞ്ഞ് അദ്ദേഹം കടന്നുപോയി. അവസാനം ഒരു സംഘം മേനോനെ വളഞ്ഞു. "സാർ, സാർ മാത്രം ഇങ്ങനെ......"

മേനോൻ പൊട്ടിത്തെറിച്ചു—നിങ്ങൾ യംഗ്സ്റ്റേഴ്സ് ഈ പ്രൊഫഷന്റെ ഡിഗ്നിററി കളയുകയാണ്. അദ്ധ്യാപകനും അണ്ടിത്തൊഴിലാളിയും തമ്മിലൊരു വ്യത്യാസമുണ്ട്. ഡോണ്ട് ഫർഗററ് ദാററ്. കൊടിയും പിടിച്ച് തെരുവിലിറങ്ങി അലറിവിളിക്കണം അല്ലേ—സമരം പോലും! നാം സ്റ്റുഡൻസിന് മാതൃകയായിരിക്കേണ്ടവരല്ലേ? വിദ്യാദാനം എന്നല്ലേ പറയാറ്. ഇംപാർട്ടിങ്ങ് എന്നാലെന്താ അർത്ഥം? പത്തുകാശിനുവേണ്ടി അന്തസ്സുകളയാൻ ഞാനില്ല. പാരിററിപോലും! ഈ ലോകത്ത് എന്തിനാ പാരിററിയുള്ളത്?"

മേനോന്റെ പ്രസംഗം തീരും മുമ്പേ സമരസംഘം പിൻവാങ്ങി. അദ്ദേഹം ശൂന്യതയെ നോക്കി പുഞ്ചിരിച്ചു. പാരിററിയനുവദിച്ചു കിട്ടിയപ്പോഴാകട്ടെ അതിലേറെ ഹൃദ്യമായി ചിരിച്ചു. പുതിയ ശമ്പളം വാങ്ങി പേഴ്സിൽ തിരുകുമ്പോൾ ഒച്ചതാഴ്ത്തിപ്പറഞ്ഞു—"ഇപ്പോഴാ നമുക്കും ഒരന്തസ്സുണ്ടായത്".

അടുത്തു നിന്ന ഒരാൾ ചോദിച്ചു—"സമരം അന്തസ്സുകെട്ട പണിയല്ലേ സാറേ" മേനോൻ ശാന്തനായി ചൊല്ലി. ഐ ബിലോങ്ങ് റു ദ ഓയഡ്സ്ക്കൂൾ ഓഫ് ടീച്ചേഴ്സ്. അതുകൊണ്ട് ഈ സമരമെന്നൊക്കെപറയുമ്പോ ഒരെപ്പ്. അത്രയുള്ളൂ. എനി വേ വിഹാവ് ഒൺ ദഗയി."

ചുററും നിൽക്കുന്ന അവജ്ഞ തിരണ്ട മുഖങ്ങളെ നോക്കി ഒരുവട്ടംകൂടി ചിരിച്ച് മേനോൻ നടന്നു.

സാന്ദീപനിയുടെ തൊപ്പിയിൽ അടുത്ത തൂവൽപൊന്തിയത് ഡയറക്ട് പേമെന്റ് സമരം വന്നപ്പോഴാണ്.

With best compliments from

# SADHUJEN'S

**Stadium Road**

**Thiruvalla**

**Classes in English, Hindi, and all Subjects**

**PDC, BA, BSc, BCom.**



With the best compliments from

# CHETTINAD CEMENT

## CORPORATION LIMITED

**The house of Qulity Cement**

**Regd. Office**

**Rani Seethai Hall Buildings**
**Post BoX No: 748**
**No. 603 ANNA SALAI**
**MADRAS - 600 006**
**S.INDIA**

വിദ്യാഭ്യാസ മേഖലയിൽ കൊടുങ്കാററുതന്നെവീശി. മാനേജ്മെൻറ് ചന്ദ്രഹാസം ചുഴററി വട്ടംകറങ്ങിനിന്നു. പല തരം ഭീഷണികൾ ഇടിനാദംപോൽവന്നു, കോളേജ് അദ്ധ്യാപകർക്കത് നിലനില്പിൻെറ മഹായുദ്ധമായി.

മേനോൻ ഈ കുരുക്ഷേത്രത്തിൻ നടുവിലൂടെ തൻെറ ശീലക്കുടയുമേന്തി നടന്നു. നിരന്നിരുന്നു മുദ്രാവാക്യം വിളിക്കുന്ന സഹജീവികളുടെ മദ്ധ്യത്തിലൂടെ കുട്ടിച്ചാത്തൻെറ മുഖവുമായി നടന്നുചെന്ന് ഹാജരുപുസ്തകത്തിൽ തൻെറ വിലയേറിയ ഒപ്പുപതിച്ചിട്ട് ഒരു കസാലയിലമർന്നിരുന്നു. മണിക്കൂറുകൾ ഉറങ്ങിത്തള്ളി. നാണം, അഭിമാനം തുടങ്ങിയ പദങ്ങൾ അദ്ദേഹത്തിൻെറ നിഘണ്ടുവിൽനിന്ന് പൊഴിഞ്ഞുപോയിരുന്നു

ഈ വിചിത്രജീവിയെ അദ്ദേഹം ഒരു നിയോഗമെന്നോണം അനുഷ്ഠിക്കുന്ന വർഗ്ഗദ്രോഹത്തെപ്പററി ബോധവാനാക്കുവാൻ സമരസഖാക്കളുടെ ഒരുസംഘം ഒരുമ്പെട്ടിറങ്ങി. ഒരു ത്രിസന്ധ്യക്ക് അവർ പ്രൊഫസറുടെ ഭവനപ്പടിയിൽ മണിമുട്ടി. സാന്ദീപനി നിർവികാരനായി ഇറങ്ങിവന്നു. പക്ഷേ ഒരദ്ധ്യാപകൻ രണ്ടുവാക്കു സംസാരിച്ചപ്പോഴേക്കും അദ്ദേഹം പൊട്ടിത്തെറിച്ചു. "നിങ്ങൾ എന്നെ വർഗ വഞ്ചകനെന്നും, ദ്രോഹിയെന്നുമൊക്കെ വിളിച്ചില്ലേ? നിങ്ങളാണു ദ്രോഹികൾ. ഈ സമരം എന്തിനാണ്? മാനേജുമെൻറിനെ നശിപ്പിക്കാൻ അതായത് സ്വന്തം സമുദായത്തെ ചുട്ടുകരിക്കാൻ. മനുഷ്യരായാൽ നന്ദിവേണം. ഒരു ഡിഗ്രിയും തൂക്കി തെണ്ടിനടന്നപ്പോൾ ഉദ്യോഗംതരാൻ ഈ സമുദായമേ ഉണ്ടായിരുന്നുള്ളൂ. ഇരിക്കുന്ന കൊമ്പുവെട്ടുന്ന നിങ്ങളല്ലേ നന്ദികെട്ട ദ്രോഹികൾ ? സമുദായ വഞ്ചകർ ?..." മേനോൻ നിന്നു കിതച്ചു.

"ഇതൊരവകാശ സമരം മാത്രം. ആരെയും ദ്രോഹിക്കാനല്ല."

"എന്നെ പഠിപ്പിക്കണ്ടാ" അദ്ദേഹം ഒരു കുതിക്ക് അകത്തു കയറി വാതിലടച്ചു.

നാണക്കേടിൻെറ കരിമ്പടം പുതച്ച് ശമ്പളത്തിൻെറ ചൂടു പരിരക്ഷിച്ചുകൊണ്ട് അദ്ദേഹം സമുദായ സ്നേഹം വെളിപ്പെടുത്തി.

സാന്ദീപനിമാർ നിഷേധിച്ചിട്ടും ഡയറക്ട് പേമെൻറ് നടപ്പിലായി. സമരം തീർന്ന ദിവസം തന്നെ മേനോൻ സംഘടനാ നേതാക്കളെക്കണ്ട് അഭിനന്ദനം രേഖപ്പെടുത്തി. അവർ തെല്ലൊന്നമ്പരന്നുപോയി. ആ അമ്പരപ്പിൽ നിന്നു മോചനം നേടി ഒരാൾ ചോദിച്ചു—"സാറിന് മാനേജരുടെ ശമ്പളമല്ലേ പ്രിയം"

ആ ഇംഗ്ലീഷ് പ്രൊഫസർ ക്രൂസലെന്യേ ചോദിച്ചു—"സമരം ചെയ്യാത്തവർക്ക് ഇതു ബാധകമല്ലായെന്ന് സർക്കാര് ഉത്തരവിറക്കുമോ? നിങ്ങളിത്രയും പേർ സമരത്തിൽ ഉറച്ചുനിന്നില്ലേ? ഞാനൊരുത്തൻ സമരം ചെയ്താലെന്ത്, മാറി നിന്നാലെന്ത്? അതൊരു ഇഷ്യൂവാക്കുന്നതിലെന്തർത്ഥം"? പ്രതികരണത്തിനു കാത്തുനിൽക്കാതെ അദ്ദേഹം ഉഴഞ്ഞുപോയി.

സാന്ദീപനിയുടെ ധർമ്മസങ്കടങ്ങൾക്കും വല്ലായ്മകൾക്കും അന്ത്യം കുറിച്ചുകൊണ്ട് പുതിയ മിനി സംഘടനകളുണ്ടായി. മെമ്പർഷിപ്പും മാസവരിയും വോട്ടെടുപ്പും ആവശ്യമില്ലാത്ത ആൾക്കൂട്ടങ്ങൾ. അതിലൊരു സംഘടനയിലെ സങ്കൽപ്പാംഗമായി സ്വയം പ്രഖ്യാപിച്ച് മേനോൻ തലയുയർത്തിനടന്നു. "സമരവും പിരിവും കൊണ്ടുനടക്കുന്നവരെ എനിക്കു വെറുപ്പാണ്" എന്ന് നാലാംകേൾക്കുമാറ് സ്വയം സാധൂകരിക്കുകയും ചെയ്തു. മേനോൻെറ കാൽ നഖേന്ദു മരീചികളെ പിന്തുടരുവാനും ചിലരുണ്ടായി. ഈ കൂടമാററം കണ്ടു നിന്ന ഒരു രസികൻ "ദൈവങ്ങൾക്കിടയിലും തെണ്ടികൾ" എന്നു പാടിപോലും.

ആത്മസംതൃപ്തിയോടെ അഹോരാത്രം ട്യൂഷനെടുത്ത് സുരക്ഷിതനായി സാന്ദീപനി വാണരുളുന്ന കാലത്താണ് യു. ജി. സി. സമരം അലയടിച്ചെത്തിയത്. പ്രതികരണശേഷി ബാക്കിയുള്ള അദ്ദേഹം ഉച്ചൈസ്തരം മൊഴിഞ്ഞു "നമുക്ക് ഈ യു. ജി. സിക്ക് എന്താണ് അർഹത? ഇപ്പോകിട്ടുന്നതു തന്നെ അധികമല്ലേ? ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനാണ് ശീലിക്കേണ്ടത്. യു. ജി. സി വന്നാൽ ഇപ്പോഴുള്ള പല ആനുകൂല്യങ്ങളും പോകും. ടേക് ഇററ് ഫ്രം മീ—ഈ സമരം ഒരിക്കലും വിജയിക്കാൻ പോകുന്നില്ല"

ഒരു യു. ജി. സി. സമരത്തിൻെറ ധനാശിയിൽ ഒന്നാം ഗ്രേഡ് പ്രൊഫസർ സ്ഥാനം കിട്ടിയപ്പോൾ സാന്ദീപനി ആരോടെന്നില്ലാതെ പുലമ്പി—"ദിസ് ഈസ് ഇനഫ്. മോർ ദാൻ ഇനഫ്" മേനോൻെറ വെളിപാടുകൾക്ക് എതിരൊലിയുണ്ടാകാത്ത നിലയെത്തിയിരുന്നു.

യു.ജി.സി. വേതനത്തിനു വേണ്ടി നടന്ന എല്ലാ സമരങ്ങളേയും ഒരുപരിഹാസചിരിയോടെ വീക്ഷിച്ചു കൊണ്ട് അദ്ദേഹം മാറിനിന്നു. ഇവിടെയെത്തിയപ്പോൾ മേനോൻ തനിച്ചായിരുന്നില്ല. അദ്ദേഹത്തിൽ തളിർത്തു പടർന്ന ആലിൻെറ തണലിലൊതുങ്ങുവാൻ ചില അനുയായികളും ഉൽഭവിച്ചു കഴിഞ്ഞിരുന്നു.

സുദീർഘമായ സമര പരമ്പരകളുടെ അവസാനം ഇവിടെയും യു.ജി.സി. ഒരു യാഥാർത്ഥ്യമായി, സർക്കാർ ഉത്തരവുകൾ വന്നു. മേനോൻ ഒട്ടും വൈകാതെ ഒരു ഉയർന്ന നേതാവിനെ സമീപിച്ച് സ്വകാര്യമായി പറഞ്ഞു - "ദിസ് ഈസ് എ മാർവലസ് അച്ചീവ്മെൻറ്. നോ ഡൗട്ട്, ബട്ട് യു സീ... യു.ജി.സി. ഈസ് എ പാക്കേജ് സ്കീം. അതു മുഴുവൻ നടപ്പാക്കാതെ, ഐ മീൻ- പെൻഷൻ പ്രായം അറുപതാക്കാതെ സമരം പിൻവലിച്ചത് കടുത്ത വഞ്ചനയായിപ്പോയി."

ശ്രോതാവ് ഉത്തരമൊന്നും പറയാതെ നടന്നുതുടങ്ങിയപ്പോൾ സാന്ദീപനി വിളിച്ചു കൂവി - "പ്ലീസ്. പിണങ്ങണ്ട. ഞാൻ നാളെ റൂമിലേക്ക് വരുന്നുണ്ട്. അരിയേഴ്സ് ഒന്നു കാൽക്കുലേററു ചെയ്തു തരണം." □

Best compliments from

# P.V. Sreedhara Panicker & Co,

**Punalur.**

## Sea Food Cold Storage,

**Punalur**

Phone: 2570, 2342 & 2756

*With best compliments from :-*

**Tel. Off : 85 6926 Ernakulam**
**Res : 2309 Alwaye**

## Chavara Pipe Industries

**(Manufacturers of Rigid PVC Pipes)**

**Muppathadom P.O.**

***Alwaye - 683 102 Kerala***

*With best compliments:*

# DATTA TIN WORKS PRIVATE LIMITED

**Ernakulam, Kochi - 682 016**

**Manufacturers of:**

**ALUMINIUM PILFER-PROOF CAPS;**

**TIN CONTAINERS;**

## 'NUTAN'

**Kerosene Wick Stoves**

# The Co-operative College

## ATTINGAL

Sponsored by Govt. of Kerala

Phone: 2797

***Classes for:***

**M. A. (Eng, Mal, Hist, Ecos, Sociology, Pol.)**
**M.Sc. (Maths). & M.Com.**
**B.A (Eng, Mal, Hist, Ecos. & Sociology)**
**B.Com. (Co–operation, Accounting)**
**P.D.C. (III, IV, V)**

A Govt. of India
Course in
**Data Preparation**
AND
**Computer Software**

## *The Co-operative ITC*

**PANDAKASALA–CHIRAYINKIL.**

OTHER COURSES:– Diploma in Computer Applications
Diploma in Computerised office Management
Computerised Telex.

*Best compliments*

**Shines Tourist Hotel,**

**Shines Fashion Fabrics,**

**Shines Saree Centre,**

**P.O. Box 5; Pandalam 689501.**

**Telephone Off: 2305/2701/2702/2703/2704**
**Res: 2307**

---

*With best compliments from :*

**കോ-ഓപ്പറേററീവ് കോളേജ്**
**പത്തനംതിട്ട**

(ഒരു കേരളാ ഗവ: സംരംഭം)
*ഫോൺ: 2903*

**Classes for:**
**P.D.C, B A (Ecom; Hist)**
**B.Com (Cost Accounting-Co-Operation)**
**M.A & M.Com.**

***റഗുലർ, സെഷൻ & ട്യൂഷൻ***

*സയൻസ് വിഷയങ്ങൾക്ക് ശാസ്ത്രവൈദഗ്ധ്യം സഞ്ചിതമാക്കിയ മികച്ച ലാബുകൾ*

**Board of Directors**

Phone: 2323

# S. H. BOOK STALL

***PANDALAM-689501***

**COLLEGE, SCHOOL GUIDES**

**DICTIONARIES**

**REFERENCE BOOKS**

**PERIODICALS.**

With best compliments from

## HARI MEDICALS

**OPP: NSS BHS**

PANDALAM.

*Best compliments from*

## NSS College Co-operative Stores No. A. 200

**Pandalam**

*With the best compliments from*

# A WELL WISHER

# വരുമാനത്തിന്റെ ആ ചെറിയ അംശം നിങ്ങൾ അവഗണിച്ചേക്കാം



എന്നാൽ ഞങ്ങളുടെ
ഫെഡറൽ
സേവിംഗ്സ് ഫണ്ടിൽ
നിക്ഷേപിച്ചാൽ അത്
വിലപ്പെട്ടതാക്കാം

ഫെഡറൽ സേവിംഗ്സ്
ഫണ്ട് ചെറിയ ചെറിയ
നിക്ഷേപങ്ങൾ നിശ്ചിത
കാലയളവുകൊണ്ട് വലിയ
വലിയ തുകകളാക്കി മാററുന്നു.

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് രജി. ഓഫീസ്, ആലുവ

കാര്യക്ഷമത അതിന്റെ മികച്ച രൂപത്തിൽ

designers-824



The first retail paint shop in
India to offer computer-aided
customer service

SPH

**Santha Paint House**

THE HOUSE OF BUILDING COSMETICS

PULIMOOD JUNCTION TRIVANDRUM 695001

Estd: 1960 Phone: 69452, 64057, 64910

ADWORKS SPH 0885



With best compliments from

## Bhima Jwellers

Jwell Junction
Kochi
phone 366789

Mullackal
Alappuzha
phone 2288

opp: S.L. Theatre
Thiruvananthapuram
phone 77645

*With best compliments from :-*

# Hycount Plastics Chemicals

**Quilon-5**

**Manufacturers of isi approved PVC Pipes**

# The Pathanamthitta District Co-operative Bank Ltd.,

**P. B. NO. 45**

Head Office : Pathanamthitta

Telegram : Padcob

Phone : 2271, 2365

BRANCHES AT 30 IMPORTANT CENTRES IN THE DISTRICT
ACCEPTS ALL KINDS OF DEPOSITS
ON ATTRACTIVE TERMS. LENDING FOR AGRICUL-
TURAL PURPOSES, HOUSING, PUBLIC CARRIERS,
VEHICLES, INDUSTRIAL UNITS AND FOR
PURCHASE OF CONSUMER DURABLES
SAFE DEPOSIT LOCKERS AT - ADOOR
PANDALAM, AYROOR, TIRUVALLA, MARAMON, KAREELAMUKKU
KADAMPANADU BRANCHES

FOR DETAILS CONTACT OUR BRANCHES

**ADV. K. S. MANIMOHAN**
PRESIDENT

**P. BHASKARAN PILLAI**
GENERAL MANAGER

For 22 ct fashion gold ornaments :—

# Fashion Jewellers

(Post Office Junction)

Punalur

| | Punalur | Pathanamthitta | Alleppey |
|---|---|---|---|
| Phone: | 2849 | 2517 | 3109 |



Phohe: 445644

## JAYARAM BAKERY

&

GENERAL STORES

**Opposite To Men's Hostel**

**Medical College P. O.,**

**Thiruvananthapuram-11**

No Branches

Monday Holiday



## പാപ്പനംകോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ 1108

തിരുവനന്തപുരം-695018 ഫോൺ: 79608

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്കുകൾ. സ്ഥിരനിക്ഷേപങ്ങൾക്ക് 15½% വരെ പലിശ. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് ഗ്യാരണ്ടി, സർക്കാർ ഗ്യാരണ്ടി.

ശക്തി നിക്ഷേപ പദ്ധതി:— ഒരു നിശ്ചിത തുക 6 മാസത്തേയ്ക്ക് നിക്ഷേപിച്ചാൽ കാലാവധിയ്ക്കു ശേഷം ഇരട്ടി തുക നൽകുന്നു.

പെൻഷൻ നിക്ഷേപ പദ്ധതി, ദർശനാനിക്ഷേപ പദ്ധതി, വളരുന്ന സമ്പാദ്യം മുതലായ ആകർഷകങ്ങളായ പുതിയ നിക്ഷേപ പദ്ധതികൾ. ഇരട്ടി തുകലഭിക്കുന്ന വിവിധങ്ങളായ നിക്ഷേപ പദ്ധതികൾ.

സ്വർണ്ണപ്പണയ വായ്പകൾ നൽകുന്നു.

സേഫ് ഡിപ്പോസിററ് ലോക്കർ സൗകര്യം.

കാർഷികവും കാർഷികേതരവുമായ എല്ലാവിധ വായ്പകളും നൽകുന്നു.

നബാർഡ് സ്കീം-പദ്ധതി വായ്പകൾ

ദർശനാ ആഡിറേററിയം (കല്ല്യാണമണ്ഡപം) ഉത്ഘാടനം ഡിസംബറിൽ. വിശദവിവരങ്ങൾക്ക് ബാങ്കിൽ ബന്ധപ്പെടുക.

ജി. ഗോപിനാഥൻ
സെക്രട്ടറി

കെ. എം. ഖാദർ
പ്രസിഡന്റ്

# The Trivandrum Co-operative Urban Bank Ltd.

H. O. M G. Road, Trivandrum–1

Estd. : 1932

H. O. Phone : 77205

BRANCHES:

MAIN BRANCH : 79228

| Manacaud | Vattiyoorkavu | Thycaud | Valiyasala |
| --- | --- | --- | --- |
| 74165 | 65902 | 67554 | 76612 |

Our rates of interest on Deposits are higher by 1% than all Nationalised Banks, Deposits Insurance Cover up to Rs. 30,000/-

* Safe Deposit Locker available at our Main Branch and Valiasala Branch
* For further details please step in at our Head Office or Branch

S. Krishnan Nair, Kandamath
General Manager

Prof. R. Lekshmana Iyer
President

---

Phone : 391

# SAUGAR COLLEGE

**Neyyattinkara & Udiyankulangara**

Classes for:–

P.D.C, B.A, B.Sc, B.Com.
M.A(Mal, Hist, Eco) & M.Com.
(Parallel, Going & Private)
M.B.B.S. ENGG & L.L.B.
entrance

Principal

# The Thiruvananthapuram District Co-operative Bank Ltd.

**Head Office: Fort: Trivandrum - 23.**

* A Bank devoted to serve you
* Transact all kinds of Banking Business
* Deposits are insured just as in any other Commercial Bank
* Accept Deposits under a variety of attractive Scheme
* A net work of 42 branches at Taluk Head Quarters and important Centres of the District

*Safe Deposit Lockers at our Fort Main, Fort M&E, Attukal, Attingal M&E, Nedumangad M&E, Kesavadasapuram, Pozhiyoor, Aruvippuram, Kanjiramkulam, Vanchiyoor and Kunnukuzhy Branches.*

## MOBILE BANK

**An Unique Venture in South India**

**The Thiruvananthapuram District Co–Operative Bank Ltd.**

**"Opens the path to your Prosperity"**

**R Parameswaran Pillai, EX.M.L.A.**
President.

**B Soman Nair,**
General Manager

*With the best compliments from:*

# Hydro Tech

## Engineers and Contractors

**Up 12/719**

**Shawvallace Lane**

***Nalanchira***

Thiruvananthapuram 695015

Telephone Office. 63052

Res. 432144

With best compliments from:

# P. N. S.-Textile Dealers, Punalur

*Our Associates:*

**GAYATHRI** — **Wedding Saree House, Punalur.**

**SELECTIONS** — **Bombay Dyeing Show Room, Punalur.**

**Phone: 2677 Resi: 2277 & 2773**

ശംസകൾ

NSS കോളേജ്

കോ-ഓപ്പറേററീവ്

സ്റേറാർ

നിലമേൽ

പ്രൈവററ് കോളേജധ്യാപകരുടെ

സംഘടിത ശബ്ദം

കേരളാ പ്രൈവററ്

കോളേജ് ടീച്ചർ

AKPCTA

മുഖപത്രം

വായിക്കുക, വരിക്കാരാവുക

സർവ്വീസിലിരിക്കെ അന്തരിക്കുന്ന അധ്യാപകരുടെ

ആശ്രിതർക്ക്

## പതിനായിരം രൂപയിൽ കുറയാത്ത

## ധനസഹായം

# A K P C T

# വെൽഫെയർ ട്രസ്റ്റ്

അംഗങ്ങളാവുക

General Secretary
A K P C T A
State Committee Office
T. C. 28/406 Ambujavilasom Road
Thiruvananthapuram.

Printed and Published by V. Narayanan kutty at Chempaka Printers Trivandrum.



കേരളാ പ്രൈവറ്റ് കോളേജ് ടീച്ചർ

# വിദ്യുച്ഛക്തി അപകടം ഒഴിവാക്കാൻ

1. ഒരു ചെടി നടുമ്പോൾ ഭാവിയിലത് ഇലക്ട്രിക് ലൈനിനെ സ്പർശിക്കുകയില്ലായെന്ന് ഉറപ്പുവരുത്തുക.
2. നിങ്ങളുടെ പുരയിടത്തിലെ മരക്കൊമ്പ് ഇലക്ട്രിക് ലൈനിൽ സ്പർശിക്കുമ്പോൾ അടുത്തുള്ള ഇലക്ട്രിക്കൽ സെക്ഷനാഫീസിലറി[illegible]ക്കുക.
3. ഇലക്ട്രിക് ലൈനുകൾക്കു സമീപം കൊടികൾ, തോരണങ്ങൾ, ആർച്ചുകൾ ബാനറുകൾ എന്നിവ നാട്ടുകയോ കെട്ടുകയോ ചെയ്യരുത്.
4. ഇലക്ട്രിക് പോസ്റ്ററുകളിലോ സ്റ്റേ വയറുകളിലോ കന്നുകാലികളെ കെട്ടരുത്.
5. ഇലക്ട്രിക് പോസ്റ്ററുകളുടെയും സ്റ്റേ വയറുകളുടെയും ചുറ്റിൽ മൂത്രമൊഴിക്കരുത്.
6. ഇലക്ട്രിക് ലൈനുകൾക്കു സമീപം കുട്ടികളെ പട്ടം പറ[illegible] കളിക്കാൻ അനുവദിക്കരുത്.
7. ഇലക്ട്രിക് ലൈനുകളിന്മേൽ ഞാന്നു കിടക്കുന്ന മരക്കൊമ്പുകളും മററും നിങ്ങൾ സ്വയം വെട്ടിമാററാൻ ശ്രമിക്കരു[illegible] അവ മുറിച്ചുമാററാൻ വരുന്ന ബോർഡ് ജീവനക്കാരെ തടയരു[illegible].
8. നിങ്ങളുടെ കോമ്പൗണ്ടിലുള്ള ഏതെങ്കിലും വൃക്ഷത്തിന്റെ ശിഖരം ഇല: ലൈനിൽ സ്പർശിച്ചിട്ടുണ്ടെങ്കിൽ ആ വൃക്ഷത്തിനു സമീപം പോകരുത്. സമീപത്തുള്ള ഇലക്ട്രിക്കൽ സെക്ഷനാഫീസിൽ വിവ[illegible] മറിയിക്കുക.
9. നനഞ്ഞ കൈകൊണ്ട് സ്വിച്ചുകളും പ്ലഗ്ഗുകളും തൊടരുത്.
10. കഴിവതും ഒരേ പ്ലഗ്ഗു പോയിൻറിൽനിന്നും ഒന്നിലധികം കണക്ഷനെടുക്കാതിരിക്കുക.
11. മെയിൻ സ്വിച്ച് ഓഫ് ചെയ്തതിനുശേഷം മാത്രമേ ബൾബുകളും ഷേഡുകളും കൈകാര്യം ചെയ്യാവു.
12. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടേബിൾ ഫാനിനു സമീപത്തു നിന്ന് വസ്ത്രം ധരിക്കുകയോ തലമുടി ഉണക്കുകയോ ചെയ്യരുത്.

*പബ്ലിക് റിലേഷൻസ്, വൈദ്യുതി ബോർഡ്*

Kerala Private College Teacher—100th issue Special
R. No. M.-36025/81 Regd. No. KL/TV (N) 35


# THE KOTTAYAM DISTRICT CO-OPERATIVE BANK LTD KOTTAYAM

- Provide Finance for Agriculture and Rural Development through Primary Co-operatives.
- Accepts deposits under a variety of Attractive schemes.
- Transacts All kinds of Banking Business.
- Deposits are insured just as in any other commercial Bank.
- 39 Branches are situated in important centres of the District.

"Bank with us and be partners to the prosperity of the State."

MATHEN T. ABRAHAM,
General Manager,

K. K. JOSEPH.
President.


PRINTED AT CHEMPAKA PRINTERS, Thiruvananthapuram-4 Phone : 442127